

പട്ടിത്തറ ഗ്രാമപഞ്ചായത്ത്


ജനകീയാസൂത്രണം
വികസന റിപ്പോർട്ട്

1996


98-5

ഒൻപതാം പദ്ധതി ജനകീയ പദ്ധതി


പട്ടിത്തറ ഗ്രാമപഞ്ചായത്ത്
വികസന റിപ്പോർട്ട് - 1996



പട്ടിത്തറ ഗ്രാമപഞ്ചായത്ത് ഭരണസമിതി



പ്രസിഡണ്ട്



വൈസ് പ്രസിഡണ്ട്

1.	വി. കെ. പുരുഷോത്തമൻ	പ്രസിഡണ്ട്
2.	വി. അബ്ദുള്ള മാസ്റ്റർ	വൈസ് പ്രസിഡണ്ട്
3.	അംബികാ ശ്രീധരൻ	സ്റ്റാൻറിംഗ് കമ്മിറ്റി ചെയർ പേഴ്സൺ
4.	എം. വിലാസിനി	
5.	എം. കെ. ഉണ്ണികൃഷ്ണൻ	
6.	ടി. അബൂബക്കർ	
7.	പി. ശ്രീദേവി	
8.	പി. വി. സെയ്താലിക്കുട്ടി	
9.	എം. ചന്ദ്രിക	
10.	ടി. പി. മുഹമ്മദ് മാസ്റ്റർ	
11.	പി. ബാലൻ	

	ആമുഖം	5
1.	കൃഷിയും ജലസേചനവും	12
2.	മൃഗസംരക്ഷണവും മത്സ്യബന്ധനവും	23
3.	വിദ്യാഭ്യാസം	27
4.	ആരോഗ്യം	34
5.	വ്യവസായം	40
6.	ഗതാഗതം ഊർജ്ജം	44
7.	ഭവനനിർമ്മാണം	58
8.	സംസ്കാരം	63
9.	വനിത	67
10.	സഹകരണമേഖല	70
11.	പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം	73
12.	വിഭവസമാഹരണം	77

വികസനരേഖ തയ്യാറാക്കിയ കോർഗ്രൂപ്പ്

സാംസ്കാരികചരിത്രം : ആമുഖം
കെ. വി. കൃഷ്ണൻ മാസ്റ്റർ
സി. കമ്മുണ്ണി
വി. എം. സുനിൽ
പി. വി. സെയ്താലിക്കുട്ടി
പി. അബ്ദുള്ള മാസ്റ്റർ

1. കൃഷി ജലസേചനം
എം. കെ. ഉണ്ണികൃഷ്ണൻ
വി. പി. ജയപ്രകാശ്
ടി. പി. നൂറുദ്ദീൻ
അബ്ദുൾ റഷീദ്
ഉമ്മർ. ഇ
ബാലൻ. എം
പരമേശ്വരമേനോൻ
നാരായണൻ നായർ
ഇസ്മയിൽ. വി
ഉണ്ണികൃഷ്ണൻ
പി. പി. വാസുദേവൻ

2. മത്സ്യമേഖല-മൃഗപരിപാലനം
വിലാസിനി
നന്ദകുമാർ എ. കെ.
കുട്ടികൃഷ്ണൻ. എം. എം
ഷാഹുൽ.എ.വി.

3. വിദ്യഭ്യാസം
വി. എം. ബീന
കെ. വി. കൃഷ്ണൻ മാസ്റ്റർ
കുട്ടികൃഷ്ണൻ മാസ്റ്റർ
പരമേശ്വര കുറുപ്പ്
സുലോചന ടീച്ചർ
ഉഷ ടീച്ചർ

4. ആരോഗ്യം കുടിവെള്ളം, പരിസര ശുചിത്വം
ബാലൻ
ഡോ. ഫ്രാൻസിസ്
ഡോ. രാമചന്ദ്രൻ
സക്കീർ. വി.
ടി. ടി. സെയ്ദുട്ടി മാസ്റ്റർ
സുമതി കെ. കെ.
രാജൻ മേനോൻ
സുരേന്ദ്രനാഥ്
കുമാരൻ. വി. പി

5. വ്യവസായം
ടി. പി. മുഹമ്മദ് മാസ്റ്റർ
ധനഞ്ജയൻ സി. വി
പി. ഗോപാലകൃഷ്ണൻ
ഒ. സി. സ്കറിയ
നാരായണൻ. ഐ
ബഷീർ. കെ. വി

6. റോഡുകൾ ഊർജ്ജം
വി. കെ. പുരുഷോത്തമൻ
വി. എം. രാജീവ്
ടി. കെ. വിജയൻ
പി. രാധാകൃഷ്ണൻ
സുബ്രമണ്യൻ. കെ. പി
മുഹമ്മദ്കുട്ടി മാസ്റ്റർ

7. ഭവനനിർമ്മാണം, ക്ഷേമപ്രവർത്തനം
ചന്ദ്രിക. എം
മോഹനൻ. എ. വി
ദേവയാനി
സുലൈമാൻ. പി. പി

8. സംസ്കാരം
സുനിൽ. വി. എം
വി. വി. മാധവൻ
രാജേഷ്. വി
അംബിക ശ്രീധരൻ
ഷൈലജ. വി
പ്രേമ. കെ. പി
ഓമന. എം

9. വനിത
ശ്രീദേവി
പ്രേമലത ടീച്ചർ
ശ്രീലത. ടീച്ചർ
ഗീത. എം
രാധ. ടി. പി.
സൗദാമിനി. കെ
പത്മിനി അമ്മ
പാഞ്ചാലി. കെ. വി
ആനന്ദവല്ലി. കെ. വി

10. സഹകരണമേഖല
അബു
ജനാർദനൻ.പി
സുബ്രമണ്യൻ. സി
മണികണ്ഠൻ. വി

11. പട്ടികജാതി പട്ടികവർഗ്ഗം
അനിൽ കുമാർ. എ. പി
വി. കൃഷ്ണൻ
സി. പി. ചന്ദ്രിക
പി. ബാലകൃഷ്ണൻ
വേലായുധൻ
ശിവദാസൻ.കെ.പി

12. വിഭവസമാഹരണം
സി. കമ്മുണ്ണി
പദ്മാവതി
പരമേശ്വരൻ
പത്മിനി അമ്മ

ജനകീയാസൂത്രണ പ്രസ്ഥാനം–ആമുഖം

ശക്തമായ ഒരു ഇന്ത്യകെട്ടിപ്പടുക്കുന്നതിന്
രാഷ്ട്രത്തിന്റെ അടിസ്ഥാനഘടകങ്ങളായ
ഗ്രാമങ്ങളുടെ വികസനത്തിലൂടെ മാത്രമെ കഴിയൂ
ഗാന്ധിജി

ഈ പശ്ചാത്തലത്തിലാണ് നമ്മുടെ രാഷ്ട്ര ശിൽപ്പികൾ അധികാര വികേന്ദ്രീകരണത്തെകുറിച്ച് ചിന്തിക്കാൻ തുടങ്ങിയത്. 1996ലെ 73-74 ഭരണഘടനഭേദഗതി നിലവിൽ വരുന്നതുവരെ അധികാരവികേന്ദ്രീകരണം കടലാസിൽ മാത്രം ഒതുങ്ങിനിന്നു. കേരളത്തിൽ 1957ൽ അധികാരത്തിൽ വന്ന ഗവൺമെന്റ് അധികാരവികേന്ദ്രീകരണം സംബന്ധിച്ച നിയമമുണ്ടാക്കാൻ ശ്രമിച്ചു. പക്ഷെ ഇതുസംബന്ധിച്ച ബിൽ പാസാകുന്നതിന് മുൻപ് ആ ഗവൺമെന്റ് പിരിച്ചുവിടപ്പെട്ടു. പിന്നീട് മാറി മാറി വന്ന സർക്കാരുകളൊന്നും തന്നെ ഈ രംഗത്ത് ഒന്നും ചെയ്തില്ല. കേരളത്തിൽ 1991ൽ അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ഉണ്ടായ ജില്ലാ കൗൺസിലുകൾ ക്ഷണത്തിൽ അപ്രത്യക്ഷമായി സ്വതന്ത്ര്യം ലഭിച്ച് 49 വർഷത്തിനുശേഷം കേന്ദ്രസർക്കാർ 73,74 ഭരണഘടനഭേദഗതിയിലൂടെ അധികാര വികേന്ദ്രീകരണം സാധ്യമാക്കി.

കഴിഞ്ഞ എട്ടുപദ്ധതികളുടെ ഭാഗമായി പല രംഗത്തും നമ്മുക്ക് പുരോഗതിയുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്–വിദ്യഭ്യാസരംഗത്തുണ്ടായ നേട്ടം, ഏതൊരു വികസിതരാഷ്ട്രത്തിനോടും കിടപിടിക്കാവുന്ന ആരോഗ്യസൂചികകൾ. പക്ഷെ കേരളത്തിൽ തൊഴിലില്ലായ്മ കൂടുന്നു. അഭ്യസ്തവിദ്യരോ അല്ലാത്തവരോ ആയി 44 ലക്ഷത്തോളം പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേർ രജിസ്റ്റർ ചെയ്ത്കഴിയുന്നു. നമ്മുടെ വിളകളുടെ കാര്യമെടുത്താലോ, നെൽകൃഷി നാമാവശേഷമായി കൊണ്ടിരിക്കുന്നു. വാണിജ്യവിളകളിൽ റബ്ബറൊഴികെ മറ്റൊന്നിനും ആദായകരമായ വില ലഭിക്കുന്നില്ല. നമ്മുടെ ആഭ്യന്തര ആവശ്യങ്ങൾക്കായി അയൽ സംസ്ഥാനങ്ങളെ നാം കൂടുതൽ ആശ്രയിക്കുന്നു. നമ്മുടെതിലും മോശമായ കാർഷികസാഹചര്യങ്ങളുള്ള അയൽ സംസ്ഥാനങ്ങളിൽ എല്ലാ കൃഷിയിലും നമ്മുടെ ഇരട്ടിവിളവ് ലഭിക്കുന്നു. വ്യവസായരംഗത്തോ എണ്ണത്തിലാണെങ്കിൽ വളരെകുറവ്. ഉള്ളവ തന്നെ കടുത്ത പ്രതിസന്ധി നേരിടുന്നു. പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികൾ അഷ്ടിക്കു വകയില്ലാതെ നരകിക്കുന്നു.

നമുക്ക് എവിടെയാണ് പിഴവ് പറ്റിയത്? പ്രധാനമായും ആസൂത്രണരംഗത്തു തന്നെ. എന്താണിന്ന് നമ്മുടെ ആസൂത്രണരംഗത്തെ അവസ്ഥ. പരസ്പര ബന്ധമില്ലാത്ത വകുപ്പുകളുടെ പ്രയോഗികതയേക്കാളും മറ്റെന്തിനൊക്കെയോ പ്രാധാന്യം നൽകിയുള്ള പദ്ധതികൾ, പദ്ധതിനടത്തിപ്പിലെ കാലതാമസം, ഇതുമൂലമുണ്ടാകുന്ന ധനനഷ്ടം, ഇതിനൊരു പരിഹാരം കണ്ടേതീരൂ.

ഈ സാഹചര്യത്താലാണ് കേരളസർക്കാർ ജനകീയാസൂത്രണപ്രസ്ഥാനം എന്നൊരു പുതുപുത്തൻ ആസൂത്രണപ്രക്രിയക്ക് രൂപം നൽകുന്നത്. ഒരു സമൂഹത്തിന് യഥാർത്ഥ പുരോഗതി ഉണ്ടാകണമെങ്കിൽ അവർക്ക് വേണ്ട പദ്ധതികൾ രൂപകൽപ്പന ചെയ്യുന്നതും നടപ്പിലാക്കുന്നതും അവരുടെ പരിപൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. അതാണ് ജനകീയാസൂത്രണ പ്രക്രിയയിലൂടെ സാധ്യമാവാൻ പോകുന്നത്. ഇതിന്റെ പരിപാടികൾ ചിങ്ങം ഒന്നിന് കേരളത്തിൽ ഉദ്ഘാടനം ചെയ്യപ്പെട്ടു. ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ വിജയകരമായ പ്രവർത്തനത്തിന് മുഖ്യമന്ത്രി ശ്രീ. ഇ. കെ. നായനാർ രക്ഷാധികാരിയായും, ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് അധ്യക്ഷനായും ഒരു ഉന്നതതല മാർഗ്ഗനിർദേശ സമിതി രൂപികരിച്ചു.

മുൻമുഖ്യമന്ത്രിമാരായ കെ. കരുണാകരൻ, എ. കെ. ആന്റണി, പി. കെ. വാസുദേവൻ നായർ മുൻപ്രതിപക്ഷനേതാവ് വി. എസ്. അച്യുതാനന്ദൻ, സുകുമാർ അഴിക്കോട്, വി. ആർ. കൃഷ്ണയ്യർ, കെ. എൻ. രാജ് എന്നിവർ സമിതിയുടെ ഉപാധ്യക്ഷന്മാരാണ്. രാഷ്ട്രീയനേതാക്കൾക്ക് പുറമെ സാംസ്കാരിക നായകന്മാരെയും വിദഗ്ദന്മാരെയുമൊക്കെ ഉൾപ്പെടുത്തിക്കൊണ്ടുള്ള വിശാലമായ ഒരു സമിതിയാണ് രൂപീകരിച്ചിരിക്കുന്നത്.

ആഗസ്റ്റ് 16മുതൽ 24വരെ തിയ്യതികളിൽ കേരളത്തിലെ മൂന്നുഭാഗങ്ങളിലായി 370പേർ സംസ്ഥാനതല പരിശീലനത്തിൽ പങ്കെടുത്തു. സെപ്തംബർ 12,13,14 തിയ്യതികളിലായി പട്ടാമ്പി നെല്ലു ഗവേഷണകേന്ദ്രത്തിൽ വെച്ചുനടന്ന ഒന്നാംഘട്ട ജില്ലാ പരിശീലനത്തിൽ പഞ്ചായത്തിൽ നിന്ന് 8 പേർ പങ്കെടുത്തു. പഞ്ചായത്തുതല പരിശീലനത്തിന്റെയും ഗ്രാമസഭകളുടെയും വിജയകരമായ നടത്തിപ്പിനായി 21.9.96ന് പഞ്ചായത്താഫീസിൽ വിളിച്ചുചേർത്ത സ്വാഗതസംഘത്തിൽ വിവിധ രാഷ്ട്രീയ,സാമൂഹ്യ സന്നദ്ധസംഘടനാ പ്രതിനിധികൾ പങ്കെടുത്തു. ഒന്നാംഘട്ട പഞ്ചായത്തുതല പരിശീലനം 27.9.96ന് ആലൂർ എ. എം. യു. പി. സ്കൂളിൽ വെച്ച് നടന്നു. ഇതിൽ 92പേർ പങ്കെടുത്തു. സെപ്തംബർ 29മുതൽ ഒക്ടോബർ 6വരെ തിയ്യതികളിലായി 11 വാർഡുകളിലേയും ഗ്രാമസഭകൾ നടന്നു. ആകെ 1312 പേർ ഗ്രാമസഭകളിൽ പങ്കെടുത്തു. ഗ്രാമസഭകളിൽ വിവിധ വിഷയങ്ങളെ കുറിച്ച് ചർച്ച ചെയ്ത് ക്രോഡീകരിച്ചു. പഞ്ചായത്ത്തല ആസൂത്രണത്തിനാവശ്യമായ വിവരങ്ങൾ പല ഓഫീസുകളിൽ നിന്നായി ശേഖരിച്ചു.

രണ്ടാം ഘട്ട പഞ്ചായത്തുതല പരിശീലനം 3.11.96ന് ആലൂർ എ. എം. യു. പി. സ്കൂളിൽ വെച്ച് നടന്നു. വികസന റിപ്പോർട്ട് തയ്യാറാക്കേണ്ടത് എങ്ങനെ എന്ന് ക്ലാസുകളിലൂടെയും, വീഡിയോ പ്രദർശനത്തിലൂടെയും വിശദീകരിച്ചു. പന്ത്രണ്ട് ഗ്രൂപ്പുകളെ സംബന്ധിച്ച വികസന റിപ്പോർട്ട് തയ്യാറാക്കാൻ ആവശ്യമായ കോർഗ്രൂപ്പുകൾ രൂപീകരിച്ചു. നവംബർ 6, 10 തിയ്യതികളിലായി നടന്ന ക്യാമ്പിൽ വെച്ച് വികസന റിപ്പോർട്ടിന് രൂപം നൽകി. ഈ പഞ്ചായത്തിലെ ജനങ്ങളുടെ പ്രശ്നങ്ങളും, പരിഹാര നിർദേശങ്ങളും സാധ്യതകളും അടങ്ങിയ ഈ റിപ്പോർട്ട് യാഥാർത്ഥ്യമാക്കാൻ നമുക്ക് ഒറ്റക്കെട്ടായി പ്രവർത്തിക്കാം. ■

പഞ്ചായത്ത് പൊതുവിവരണം.

പഞ്ചായത്തിന്റെ പേര് ഉൾപ്പെടുന്ന	:	പട്ടിത്തറ ഗ്രാമപഞ്ചായത്ത്
റവന്യൂവില്ലേജ്	:	പട്ടിത്തറ
ബ്ലോക്ക് പഞ്ചായത്ത്		
ഡിവിഷൻ	:	പട്ടിത്തറ
ബ്ലോക്ക് പഞ്ചായത്ത്	:	തൃത്താല
താലൂക്ക്	:	ഒറ്റപ്പാലം
ജില്ല	:	പാലക്കാട്
അസംബ്ലി മണ്ഡലം	:	തൃത്താല
വിസ്തീർണം	:	27.27 ച. കി. മീ.
ജനസംഖ്യ	:	26968
വാർഡുകളുടെ എണ്ണം	:	പതിനൊന്ന്
പ്രസിഡണ്ടിന്റെ പേര് വൈസ്	:	വി. കെ. പുരുഷോത്തമൻ
പ്രസിഡണ്ടിന്റെ പേര്	:	പി. അബ്ദുള്ള മാസ്റ്റർ

1.1.1962നാണ് പട്ടിത്തറ പഞ്ചായത്ത് രൂപീകരിച്ചത്. കിഴക്ക അതിര് ഇപ്പോഴത്തെ തൃത്താല റസ്റ്റ് ഹൗസിന്റെ പടിഞ്ഞാറുവശം പടിഞ്ഞാറെ അതിര് ആനക്കര, കപ്പൂർ പഞ്ചായത്തുകളും തെക്ക അതിര് പടിഞ്ഞാറങ്ങാടി-കൂറ്റനാട് റോഡും വടക്ക് ഭാരതപ്പുഴയുമായിരുന്നു പഞ്ചായത്ത് അതിർത്തികൾ. 1963മുതൽ 1979വരെ ഒ. കെ. ഗോവിന്ദമേനോൻ പ്രസിഡണ്ടും, ടി. പി. മുഹമ്മദ് വൈസ് പ്രസിഡണ്ടും, കെ. വി. അയ്യപ്പൻ, പി. പി. വാസുദേവൻ, സി. പി. കുഞ്ഞു, സി.പി.കുഞ്ഞറമ്മു ഹാജി, എം.രാഘവൻ നമ്പ്യാർ, എം. കുഞ്ഞിരാമ മേനോൻ, സി.പി. ദേവയാനി എന്നിവർ അംഗങ്ങളുമായ ഭരണസമിതിയാണ് പഞ്ചായത്ത് ഭരിച്ചത്. പഞ്ചായത്തംഗങ്ങളിൽ ഒരാളായ ശ്രീ. സി.പി. കുഞ്ഞറമ്മുഹാജി സൗജന്യമായി നൽകിയ സ്ഥലത്താണ് പഞ്ചായത്ത് ഓഫീസ് നിലനിൽക്കുന്നത്. ഈ പഞ്ചായത്തിന്റെ അതിർത്തിയിൽ മാറ്റം വന്നു. പുതിയ അതിരുകൾ കിഴക്ക് തൃത്താല പഞ്ചായത്ത്, പടിഞ്ഞാറ് കപ്പൂർ, ആനക്കര പഞ്ചായത്തുകളും തെക്ക് പടിഞ്ഞാറങ്ങാടി-കൂറ്റനാട് റോഡും, വടക്ക് ഭാരതപ്പുഴയുമാണ്. നമ്മുടെ പഞ്ചായത്തിൽ നിന്ന് നഷ്ടമായ ഭാഗങ്ങൾ ഇപ്പോൾ തൃത്താല പഞ്ചായത്തിൽ ആണ്.

1979ൽ രണ്ടാമത്തെ ഭരണസമിതി നിലവിൽ വന്നു. വി. എം. ബാലൻമാസ്റ്റർ പ്രസിഡണ്ടും, ടി.പി. നൂറുദ്ദീൻ വൈസ് പ്രസിഡണ്ടും, കെ. വി. അയ്യപ്പൻ, സി. ചേക്കു, കെ. കെ. അബ്ദുൾഖാദർ, കെ.വി. ബാലൻ, എ. പി. പരമേശ്വരമേനോൻ, പി.കെ. മുഹമ്മദ്, പി. പി. രാധപിഷാരസ്യാർ എന്നിവർ അംഗങ്ങളുമായ ഭരണസമിതി 1984വരെ പഞ്ചായത്തിന്റെ ഭരണം കയ്യാളി. പിന്നീട് നാലുവർഷകാലം തിരഞ്ഞെടുക്കപ്പെട്ട ഭരണസമിതി ഉണ്ടായിരുന്നില്ല.

പിന്നീട് 1988ൽ വി. എം. ബാലൻമാസ്റ്റർ പ്രസിഡണ്ടും, ഒ. സി. സ്കറിയ വൈസ് പ്രസിഡണ്ടും, കെ. വി. കൃഷ്ണൻകുട്ടി, എം. വി. കുഞ്ഞിപ്പാത്തു ടീച്ചർ, കെ. പി. വാസു, കെ. പി. രാധാകൃഷ്ണൻ, പി. വി. വൈസനബ, ടി.പി. മുഹമ്മദ്, വി. കെ. ബാലകൃഷ്ണ മേനോൻ, കെ. കെ. ഗോപാലകൃഷ്ണൻ എന്നിവർ അംഗങ്ങളുമായി ഭരണസമിതി അധികാരത്തിൽ വന്നു.

1995 ഒക്ടോബർ 4-ാം തിയ്യതി പി. വി. സെയ്താലികുട്ടി പ്രസിഡണ്ടും, പി. അബ്ദുള്ള മാസ്റ്റർ വൈസ് പ്രസിഡണ്ടും അംബികാശ്രീധരൻ, എം. വിലാസിനി, എം. കെ. ഉണ്ണികൃഷ്ണൻ, ടി. അബൂബക്കർ, പി. കെ. പുരുഷോത്തമൻ, പി. ശ്രീദേവി, എം. ചന്ദ്രിക, ടി.പി. മുഹമ്മദ്, പി. ബാലൻ എന്നിവർ അംഗങ്ങളുമായ ഭരണസമിതി നിലവിൽ വന്നു. ഇടക്കാലത്ത് വെച്ച് പുതിയ പ്രസിഡണ്ടായി ശ്രീ. വി.കെ. പുരുഷോത്തമനെ തിരഞ്ഞെടുത്തു.

നിലവിലുള്ള പഞ്ചായത്ത് അതിർത്തികൾ

കിഴക്ക്	:	തൃത്താല പഞ്ചായത്ത്
പടിഞ്ഞാറ്	:	കപ്പൂർ, ആനക്കര പഞ്ചായത്തുകൾ
തെക്ക്	:	പടിഞ്ഞാറങ്ങാടി കൂറ്റനാട് റോഡ്
വടക്ക്	:	ഭാരതപ്പുഴ

സാമൂഹിക സാംസ്കാരിക ചരിത്ര പശ്ചാത്തലം

ഒരു ഭൂഭാഗത്തിന്റെ ചരിത്രപരവും ഭൂമിശാസ്ത്രപരവുമായ പശ്ചാത്തലങ്ങൾ ആ പ്രദേശത്തിന്റെ ഭൗതികവും ആത്മീയവുമായ പുരോഗതിയിൽ ഗണ്യമായ സ്വാധീനം ചെലുത്തുന്നുണ്ട്. ഇന്ന് പട്ടിത്തറ പഞ്ചായത്ത് എന്ന് വിളിക്കപ്പെടുന്ന ഈ പ്രദേശവും പരിസരഗ്രാമങ്ങളും ചരിത്രാതീതകാലം മുതൽ വൈദികസംസ്കാരത്തിന്റെയും, വിഗ്രഹാരാധനയുടെയും കളിത്തൊട്ടിലായിരുന്നു. ശങ്കരാചാര്യരുടെ പിൻമുറക്കാരായ വൈദിശശ്രേഷ്ഠന്മാർ യാഗാദികർമ്മങ്ങളിൽ വ്യാപൃതരായി വർത്തിച്ചിരുന്ന നിരവധി ക്ഷേത്രങ്ങൾ ഈ പ്രദേശത്ത് നിലനിന്നിരുന്നു. അന്ന് ക്ഷേത്രങ്ങൾ വെറും ആരാധനാലയങ്ങൾ മാത്രമായിരുന്നില്ല. രാജ്യഭരണത്തിന്റെയും നീതിന്യായ നടപടികളുടെയും സിരാകേന്ദ്രം കൂടിയായിരുന്നു. അങ്ങനെ വൈദികാചാര്യന്മാരുടെ, ഭട്ടികളുടെ തറയാണ് പിന്നീട് പട്ടിത്തറയായി മാറിയതെന്ന് വിശ്വസിക്കപ്പെടുന്നു.

പരിപാവനമായ നിളാനദി ഈ പഞ്ചായത്തിനെ തൊട്ടുതഴുകി കടന്നുപോകുന്നു. മേളത്തോൾ അഗ്നിഹോത്രി, പാക്കനാർ തുടങ്ങി പറയിപെറ്റ പന്തിരുകുലത്തിലെ പല പ്രമുഖന്മാരുടെയും ആസ്ഥാനമായ തൃത്താല ഈ പഞ്ചായത്തിന്റെ കിഴക്കേ അതിർത്തിയിലാണ്. വരാഹമൂർത്തിയെ പ്രതിഷ്ഠിച്ച പന്നിയൂർ ക്ഷേത്രവും, പഴയ ഭരണസംവിധാനത്തിലെ ഒരു ഘടകമായ പന്നിയൂർ ഗ്രാമവും ഈ പ്രദേശത്തിന്റെ പൂർവ്വചരിത്രവുമായി കെട്ടുപിണഞ്ഞുകിടക്കുന്നു. പഴയ പന്നിയൂർ ഗ്രാമത്തിന്റെ ഭരണ തലസ്ഥാനമായിരുന്ന തലക്കച്ചേരിയാണത്രെ ഇന്നത്തെ തലക്കശ്ശേരി (പഞ്ചായത്ത് ഭരണകേന്ദ്രവും തലക്കശ്ശേരിയിലായത് തികച്ചും യാദൃശ്ചികം മാത്രം) ഇവിടുത്തെ പ്രസിദ്ധമായ ക്ഷേത്രത്തോടനുബന്ധിച്ച് വൈദികരും, സ്വാർത്തന്മാരുമായ നിരവധി ബ്രാഹ്മണന്മാർ വൈദികവും, ഭരണപരവുമായ കാര്യങ്ങളിൽ വ്യാപൃതരായി വർത്തിച്ചിരുന്നുവത്രെ. നികുതിപിരിവ് നീതിന്യായം കാർഷികവൃത്തി തുടങ്ങി ജീവിതത്തിന്റെ എല്ലാ മേഖലകളെയും ബാധിക്കുന്ന ഭരണ സംവിധാനങ്ങൾ അക്കാലത്ത് ഇവിടെ നിലവിലുണ്ടായിരുന്നു എന്ന് പറയപ്പെടുന്നു.

പുഴയും കായലുകളും, ആമ്പൽക്കുളങ്ങളും കൈത്തോടും നിറഞ്ഞ പ്രകൃതി മനോഹരവും, ഫലഭൂയിഷ്ഠവുമായ ഈ ഭൂവിഭാഗം പ്രാചീനകാലം മുതൽക്കുതന്നെ ഒരു കാർഷികമേഖലയായിരുന്നു. ഹിന്ദുക്കളും മുസ്ലീങ്ങളും വളരെ സ്നേഹത്തോടെ രമ്യമായി കഴിയുന്നു. ക്ഷേത്രങ്ങളും, മുസ്ലീം ദേവാലയങ്ങളും മതമൈത്രിയുടെ മകുടോദാഹരണങ്ങളായി വിരാജിക്കുന്നു. ഇതിന് ഉദാഹരണമാണ് അതിപുരാതനമായ കുണ്ടുകാട് പള്ളിയും അതിനടുത്തുള്ള ചാമുണ്ഡിക്കാവ് ക്ഷേത്രവും. പഴയ മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന മലബാറിലെ പൊന്നാനിതാലൂക്കിലാണ് മുമ്പ് ഈ പ്രദേശം ഉൾപ്പെട്ടിരുന്നത്. 1956ലെ സംസ്ഥാനപുനഃസംഘടനയെ തുടർന്ന് രൂപം കൊണ്ട കേരളത്തിൽ പാലക്കാട് ജില്ലയിലെ അങ്ങാടി, മല, പട്ടിത്തറ തുടങ്ങിയ അംശങ്ങൾ കൂടിചേർന്നാണ് ഇന്നത്തെ പട്ടിത്തറ പഞ്ചായത്ത്. ശ്രീ. ഇ. എം.എസ്സിന്റെ നേതൃത്വത്തിലുള്ള രണ്ടാമത്തെ മന്ത്രിസഭയുടെ കാലത്ത് 1968ൽ മലപ്പുറം ജില്ല രൂപീകൃതമായപ്പോൾ ഈ പഞ്ചായത്ത്പ്രദേശം പൊന്നാനിതാലൂക്കിൽ നിന്ന് വേർപ്പെടുത്തി ഒറ്റപ്പാലം താലൂക്കിന്റെ ഭാഗമാക്കി.

ഇന്നത്തെ പട്ടിത്തറ പഞ്ചായത്തും പരിസര പ്രദേശങ്ങളുമടങ്ങിയ ഭൂഭാഗത്തിന് സമ്പന്നമായ ഒരു സാംസ്കാരിക പാരമ്പര്യമുണ്ട്. കവികൾ, സാമൂഹ്യപ്രവർത്തകർ, സ്വതന്ത്ര്യസമരസേനാനികൾ തുടങ്ങിയവരുടെ ജീവിതം കൊണ്ട് ധന്യമായ നിരവധി പ്രദേശങ്ങൾ നമ്മുടെ പഞ്ചായത്തിനോട് ചേർന്ന് കിടപ്പുണ്ട്. സാമൂഹ്യപരിഷ്കർത്താവും സാഹിത്യകാരനുമായ ശ്രീ. വി. ടി. ഭട്ടതിരിപ്പാട് ആദ്യകാലത്ത് താമസിച്ചിരുന്ന രസികസദനം പഞ്ചായത്തിന്റെ ഹൃദയഭാഗമായ ആലൂരിലായിരുന്നു. പ്രസിദ്ധമായ ഗുരുവായൂർ ക്ഷേത്രപ്രവേശനത്തിനാധാരമായ സവർണ്ണ ഹിന്ദുഗൃഹങ്ങളിലെ ഹിതപരിശോധനയുടെ (റഫറണ്ടം പൊന്നാനി താലൂക്കിൽ ചാവക്കാടുൾപ്പെട്ടത്) കേന്ദ്രം ആലൂരിലുള്ള രസികസദനം ആയിരുന്നു. വി. ടി.യെയാണ് കെ. പി. സി. സി. അതിന്റെ ചുമതല ഏൽപ്പിച്ചിരുന്നത്. റഫറണ്ടം പ്രചരണത്തിനായി ഒട്ടേറെ ദേശീയനേതാക്കൾ രസികസദനത്തിൽ എത്തിയിരുന്നു. രാജഗോപാലാചാരി, കസ്തൂർബാഗാന്ധി, ഊർമ്മിളാഗാന്ധി എന്നിവർ അവരിർ ചിലർ മാത്രം. ഭാരതപ്പുഴയുടെ തീരത്തുവെച്ച് അവർക്കന്ന് നൽകിയ സ്വീകരണവും വമ്പിച്ച പൊതുയോഗവും ഓർക്കുന്നതുതന്നെ പഴയ ആളുകൾക്ക് ഹൃദ്യമായ അനുഭൂതിയാണ്.

പ്രസിദ്ധമായ പന്തിഭോജനത്തിനും രസികസദനം സാക്ഷിയായിട്ടുണ്ട്. എല്ലാ ജാതിക്കാരെയും ഒന്നിച്ചാരു പന്തലിലിരുത്തി നടത്തിയ പന്തിഭോജനം കേരളത്തിലെ അയിത്തോച്ചാടന പ്രവർത്തനങ്ങളിലെ ഒരു നാഴികക്കല്ലായിരുന്നു. മാറുമറക്കാതെ മറക്കുടക്കുള്ളിൽ മാത്രം കഴിഞ്ഞുകൂടിയിരുന്ന അന്തർജ്ജനങ്ങൾ കേരളത്തിലാദ്യമായി ബ്ലൗസിട്ട് മറക്കുട വലിച്ചെറിഞ്ഞത് ഇന്നത്തെ ആലൂർ സ്കൂൾ സ്ഥിതിചെയ്യുന്ന സ്ഥലത്തുവെച്ചാണ്. ഈ വാർത്ത കേട്ട് അമ്പരന്ന ഗ്രാമീണർ ഈ കാഴ്ച കാണാനായി ഓടിയെത്തിയത്രേ.

അതുപോലെ കേരളത്തിലെ ആദ്യത്തെ ബ്രാഹ്മണ വിധവാ വിവാഹം നടന്നതും ആലൂരിലാണ്. വി. ടി. യുടെ നേതൃത്വത്തിൽ വി. ടി. യുടെ പത്നി ശ്രീദേവി അന്തർജ്ജനത്തിന്റെ സഹോദരി ആര്യ അന്തർജ്ജനം എന്ന വിധവയെ വിവാഹം ചെയ്തത് വി. ടി.യുടെ സഹപ്രവർത്തകനായ എം. ആർ.ബി. എന്നറിയപ്പെടുന്ന എം. ആർ. ഭട്ടതിരിപ്പാടാണ്. കേരളത്തിലാകെ കോളിളക്കം സൃഷ്ടിച്ച ഈ വിധവാവിവാഹം സാമൂഹ്യപരിഷ്കരണ പ്രവർത്തകർക്ക് ആവേശം

നൽകി. ഇ. എം. എസ്, കെ. കേളപ്പൻ, സഹോദരൻ അയ്യപ്പൻ, മന്നത്തു പദ്മനാഭൻ തുടങ്ങിയ മഹാരഥന്മാരെല്ലാം ഈ വിവാഹത്തിന് സാക്ഷികളായിരുന്നു. ആ വിവാഹത്തിൽ പങ്കെടുത്ത എല്ലാവരേയും ഗുരുവായൂർ ക്ഷേത്രത്തിൽ പ്രവേശിക്കുന്നതിൽ നിന്ന് സാമൂതിരി വിലക്കി. ചുരുക്കിപറഞ്ഞാൽ പണ്ടുമുതലേ സാംസ്കാരിക മുന്നേറ്റങ്ങൾക്കും പുരോഗമനപ്രവർത്തനങ്ങൾക്കും മുൻപന്തിയിലായിരുന്നു ഭട്ടിത്തറയെന്ന ഈ പട്ടിത്തറ.

നാടുവാഴിത്തവും, ബ്രാഹ്മണ മേധാവിത്വവും കൊടികുത്തിവാണിരുന്ന പഴയ ഫ്യൂഡൽ വ്യവസ്ഥിതിയിൽ കൃഷിഭൂമി ജന്മിയുടെയും, കൃഷി ചെയ്തിരുന്നത് കുടിയാന്മാരുമായിരുന്നു. വിളവിനെന്തു സംഭവിച്ചാലും ജന്മിയുടെ വിഹിതം നിർബന്ധമായി കൊടുക്കണമായിരുന്നു. ഇത് കർഷകന് എന്നും പട്ടിണിയും തീരാദുരിതവും മാത്രമെ സമ്മാനിച്ചിരുന്നുള്ളൂ. സമഗ്രഭൂപരിഷ്കരണ നിയമം വയലിലിറങ്ങി പണിയെടുത്തിരുന്നവനെ വയലിന്റെ ഉടമയാക്കി. ജന്മിമാർ ഈ നിയമത്തെ എതിർത്ത് തോൽപ്പിക്കുന്നതിന് വേണ്ടി കൃഷിക്കാരെ കൃഷിഭൂമിയിൽ നിന്നൊഴിക്കാൻ ശ്രമിച്ചു. പക്ഷെ അധ്വാനിക്കുന്നവരെല്ലാം ഒറ്റക്കെട്ടായി ഇതിനെ എതിർക്കുകയും കൃഷിഭൂമി കൃഷിക്കാരന്റെ സ്വന്തമാവുകയും ചെയ്തു. ഇതിനെ തുടർന്ന് കാർഷികരംഗത്ത് ഒരു ഉണർവും ഉത്സാഹവും കൈവന്നു. ഇത് സമൂഹത്തിന്റെ എല്ലാ മണ്ഡലങ്ങളിലെയും ഉയർച്ചക്ക് കാരണമായി.

20-ാംനൂറ്റാണ്ടിന്റെ തുടക്കത്തിൽ തന്നെ പട്ടിത്തറയിൽ ഒരു സകൂൾ സ്ഥാപിതമായിരുന്നു. സമൂഹത്തിന് സംഭവിച്ച മാറ്റത്തിന്റെ ഫലമായി ഏവരും കുട്ടികളെ സ്കൂളിൽ പഠിപ്പിക്കാൻ സന്നദ്ധരായതിനെ തുടർന്ന് പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലായി ഏഴു സ്കൂളുകൾകൂടി സ്ഥാപിക്കപ്പെട്ടു.

പഴയതിൽ നിന്നും വലിയൊരു പുരോഗതി പാർപ്പിടരംഗത്ത് ഉണ്ടായിട്ടുണ്ട്. വലിയ ജന്മി ഗൃഹങ്ങളും, അവിടുത്തെ കുടിയാന്മാരുടെ ചാളകളുമായിരുന്നു പഞ്ചായത്താലുണ്ടായിരുന്നത്. ജന്മിവ്യവസ്ഥിതി അവസാനിച്ചതോടെ സമൂഹത്തിന്റെ ജീവിതനിലവാരം ഉയരുകയും പാർപ്പിടരംഗത്ത് ഒരു കുതിച്ചുചാട്ടം ഉണ്ടാവുകയും ചെയ്തു. ഇന്ന് പഞ്ചായത്തിലെ മിക്കവീടുകളും ഓടിട്ടവയോ, കോൺക്രീറ്റോ ആണ്. ഓല കുടിലുകൾ ഏകദേശം 400 എണ്ണമാണെന്നാണ് കണക്കുകൾ കാണിക്കുന്നത്. 80% വീടുകളിലും കിണറും, കക്കൂസും ഉണ്ടെന്ന് കണക്കുകൾ പരിശോധിച്ചാൽ അറിയാം.

വസ്ത്രാധാരണരീതിയിലും വലിയൊരു മാറ്റം ഉണ്ടായിട്ടുണ്ട്. ആദ്യകാലങ്ങളിൽ പുരുഷന്മാർ തോർത്തുമുണ്ടും, സ്ത്രീകൾ ഒറ്റമുണ്ടുമാണ് ധരിച്ചിരുന്നത്. സമൂഹപുരോഗതി വസ്ത്രധാരണത്തേയും പുരോഗമിപ്പിച്ചു. ഇന്ന് എല്ലാവിധ വസ്ത്രാധാരണരീതികളും ജനങ്ങളുടെയിടയിലുണ്ട്. യുവതീയുവാക്കൾ കൂടുതലായും റെഡിമെയ്ഡ് വസ്ത്രങ്ങളെയാണ് ആശ്രയിക്കുന്നത്.

ടിപ്പുസുൽത്താൻ നിർമ്മിച്ചുവെന്ന് പറയപ്പെടുന്ന കാങ്കപ്പുഴ-തൃത്താലറോഡും, പൊന്നാനി തൃത്താല റോഡുമാണ് പഞ്ചായത്തിലെ ആദ്യറോഡുകൾ. പിന്നീട് വട്ടത്താണി മല റോഡും ആലൂർ ചിറ്റപ്പുറം റോഡും പഞ്ചായത്ത് നിർമ്മിച്ചു. തുടർന്നങ്ങോട്ട് റോഡുകളുടെ കാര്യത്തിൽ സമഗ്രമായ ഒരു വികസനമാണ് നടന്നത്. പഞ്ചായത്തിലുണ്ടായിരുന്ന നിരവധി ഇടവഴികൾ റോഡുകളായി മാറി. റോഡുകളുടെ കാര്യത്തിൽ ഇത്രയധികം പുരോഗതി നേടിയ മറ്റൊരു പഞ്ചായത്ത് പാലക്കാട് ജില്ലയിൽ ഉണ്ടോ എന്നുതന്നെ സംശയമാണ്. ആദ്യകാലങ്ങളിൽ കാൽനടയും, കാളവണ്ടിയിലുമായി യാത്രകൾ നടത്തിയിരുന്ന ജനങ്ങൾക്ക് ഇന്ന് എല്ലാ വിധത്തിലുമുള്ള യാത്രാസൗകര്യങ്ങളും പഞ്ചായത്തിൽ ലഭ്യമാണ്. പഞ്ചായത്തിനുള്ളിൽ ഓടികൊണ്ടിരിക്കുന്ന നൂറുകണക്കിന് ഓട്ടോറിക്ഷകളും, കാറുകളും ജീപ്പുകളും റോഡ് നിർമ്മാണരംഗത്ത് പഞ്ചായത്ത് കൈവരിച്ച നേട്ടങ്ങൾക്ക് മറ്റൊരു ഉദാഹരണമാണ്.

ഇങ്ങനെ എല്ലാ മേഖലകളിലും പുരോഗതി ഉണ്ടായിട്ടുണ്ടെങ്കിലും പഞ്ചായത്തിൽ ആവശ്യാനുസരണമായ പുരോഗതി ഉണ്ടായിട്ടില്ല. പഞ്ചായത്ത് പല രംഗങ്ങളിലും ഒരു മുരടിപ്പിനെ നേരിട്ടുകൊണ്ടിരിക്കയാണ്. പ്രത്യേകിച്ചും കാർഷികരംഗത്ത്. വിദ്യാസമ്പന്നരുടെ ചില മിഥ്യാധാരണകളും, ഗൾഫ് പണത്തിന്റെ പ്രവാഹവും ക്രമേണ ജനങ്ങളുടെ തൊഴിൽ മനോഭാവത്തിൽ മാറ്റം വരുത്തി തുടങ്ങി. കൃഷി ആദായകരമല്ലാത്ത തൊഴിലായി മാറി. പാരമ്പര്യമായി കാർഷികവൃത്തിയിൽ ഏർപ്പെട്ടിരുന്ന കുടുംബങ്ങൾപോലും കൃഷിഭൂമി കൈവിട്ടുതുടങ്ങി. പണ്ട് നെല്ലോലകൾ തലയാട്ടി നിന്നിരുന്ന വയലുകളിൽ ഇന്ന് ഉയർന്നു നിൽക്കുന്നത് പടുകൂറ്റൻ മണിമാളികകളാണ്.

വ്യവസായികമായി യാതൊരു പുരോഗതിയും പണ്ടുമുതൽക്കേ ഈ പ്രദേശത്തിനില്ല. ഗൾഫിൽ നിന്ന് ഒഴുകിയെത്തുന്ന പണം അധികവും ഉപയോഗിക്കുന്നത് നേരത്തെ പറഞ്ഞതുപോലുള്ള മണിമാളികകൾ തീർക്കാനാണ്. ഈ പണത്തിന്റെ ഒരു പങ്ക് വ്യവസായിക മേഖലയിലേക്ക് തിരിച്ചുവിട്ടിരുന്നെങ്കിൽ തൊഴിൽ രഹിതരായ നിരവധി ചെറുപ്പക്കാരുടെ ജീവിതം പച്ചപിടിക്കുമായിരുന്നു.

കാർഷികരംഗത്തെ തകർച്ചയും വ്യവസായരംഗത്തേക്ക് ആരും പ്രവേശിക്കാതിരുന്നതും പഞ്ചായത്തിലെ ഉൽപ്പാദനമേഖലയുടെ മുരടിപ്പിനും സാമ്പത്തിക ഭദ്രതയുടെ തകർച്ചക്കും കാരണമായി. ദയനീയമായ ഈ അവസ്ഥക്ക് ഒരു മാറ്റം വരുത്താൻ ജനകീയാസൂത്രണപ്രസ്ഥാനത്തിന് സാധിക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം. ഏതു മേഖലയിലും ആസൂത്രണം ആവശ്യമാണ്. അത് താഴെ തട്ടിൽ നിന്നുതന്നെ തുടങ്ങുന്നതാണ് ഉത്തമം. പട്ടിത്തറ പഞ്ചായത്തിലെ അടുത്ത അഞ്ചുവർഷകാലത്തെ നിർമാണ പ്രവർത്തനങ്ങൾ ബഹുജനപങ്കാളിത്തത്തോടെ ആസൂത്രണം ചെയ്യാനും അത് വിജയകരമായി നടപ്പിലാക്കാനും നാം പ്രതിജ്ഞാബദ്ധരാണ്. ■

ഭൂപ്രകൃതിയും വിഭവങ്ങളും

വടക്കതിർത്തിയിൽ നിന്നും തെക്കോട്ട് പോകും തോറും ഉയരം സാവധാനത്തിൽ കൂടുന്ന ഭൂപ്രകൃതിയാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. കരണപ്ര കുന്ന്, കുറുങ്ങാട്ട് കുന്ന്, വെങ്കരകുന്ന്, പാതിരക്കാട് കുന്ന്, പുലേരി കുന്ന്, പറക്കുളം കുന്ന് തുടങ്ങിയ കുന്നുകളും ചെരിവുപ്രദേശങ്ങളും, സമതലപ്രദേശങ്ങളും പട്ടിക്കായൽ, പുളിയപ്പറ്റ കായൽ തുടങ്ങിയ കായലുകളും കൂമ്പ്രത്തോട് കൂമാൻതോട് തുടങ്ങിയ തോടുകളും അടങ്ങിയതാണ് നമ്മുടെ പഞ്ചായത്ത്. ഭാരതപുഴയോടടുത്തുള്ള പ്രദേശങ്ങളിൽ മണലിന്റെ അംശം കൂടുതലുള്ള മണ്ണാണ് കണ്ടുവരുന്നത്. പൊതുവെ ഫലഭൂയിഷ്ഠത കുറഞ്ഞ മണ്ണാണെങ്കിലും നീർവാർച്ചയുള്ള പ്രദേശങ്ങളാണിത്. ഭാരതപ്പുഴയുടെ തീരത്ത് ചിലയിടങ്ങളിൽ ചരൽമണ്ണും കാണപ്പെടുന്നു. നെല്ലിനേക്കാളേറെ വാഴയാണ് പ്രധാനമായും ഇവിടങ്ങളിൽ കൃഷി ചെയ്യുന്നത്. ഇടവിളയയായി പച്ചക്കറിയും, പയറും, എള്ളും ഇവിടുത്തെ പാടശേഖരങ്ങളിലും പള്ളിയാലുകളിലും കൃഷി ചെയ്യുന്നു. ഒരു പ്രധാന നേന്ത്രവാഴ കൃഷി മേഖലയാണ് ഭാരതപ്പുഴയുടെ തീരപ്രദേശം. തെക്കോട്ടുപോകുന്തോറും മണ്ണിന്റെ ഘടനയിലും മാറ്റം വരുന്നു. കുന്നിൻപുറങ്ങളിലും, ചരിവുകളിലും, സമതലപ്രദേശങ്ങളിലും വെട്ടുകൽ മണ്ണ്, ചരൽ മണ്ണ്, ചുവന്ന മണ്ണ് എന്നീ തരത്തിലുള്ള മണ്ണുകളാണ് പ്രധാനമായും കാണപ്പെടുന്നത്. കുറുങ്ങാടുകുന്ന് പഞ്ചായത്തിലെ പ്രധാന കരിങ്കൽ ഖനനകേന്ദ്രമാണ്. പണ്ടുകാലത്ത് മധുരകിഴങ്ങും, മരച്ചീനിയും ധാരാളമായി കൃഷിചെയ്തിരുന്ന കുന്നിൻപുറങ്ങളും ചെരിവുകളും ഇന്ന് കുറെ റബ്ബറിനായി വഴിമാറിയിട്ടുണ്ട്. ഏതാണ്ട് എല്ലാ ഭാഗത്തും കവുങ്ങും തെങ്ങും കൃഷിചെയ്യുന്നു.

കൃഷിക്കാർ പ്രധാനമായും മഴയെ ആശ്രയിച്ചാണ് കൃഷിചെയ്യുന്നത്. പഞ്ചായത്തിൽ ലഭിക്കുന്ന മഴയിൽ ഭൂരിഭാഗവും ജൂൺ-ജൂലായ് മാസങ്ങളിൽ ലഭിക്കുന്ന കാലവർഷത്തിലൂടെയാണ്. മഴ ലഭ്യതയിൽ കേരള ശരാശരിയേക്കാൾ താഴെ നിൽക്കുന്ന പാലക്കാട് ജില്ലയിൽതന്നെ മഴ കുറവ് ലഭിക്കുന്ന പ്രദേശങ്ങളിലാണ് നമ്മുടെ പഞ്ചായത്ത് ഉൾപ്പെടുന്നത്. ഇടമഴയുടെയും തുലാവർഷത്തിന്റെയും കാര്യത്തിലും നാം പുറകിൽ തന്നെയാണ്. വേനൽകാലത്ത് കടുത്തചൂടാണ് ഇവിടെ അനുഭവപ്പെടുന്നത്. ചിലപ്പോൾ കാറ്റുമൂലം കൃഷിനാശം സംഭവിക്കാറുണ്ട്.

മഴക്കാലത്ത് നിറഞ്ഞൊഴുകുന്ന ഭാരതപ്പുഴയിലും തോടുകളിലും, കുളങ്ങളിലും തുലാവർഷം പിൻവാങ്ങുന്നതോടെ ജലം കുറഞ്ഞുതുടങ്ങിയിരിക്കും. ജനുവരി അവസാനത്തോടെ പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേങ്ങളും വരൾച്ചയുടെ പിടിയിലമർന്നിരിക്കും. നമ്മുടെ പഞ്ചായത്തിൽ പെയ്യുന്ന മഴയുടെ സിംഹഭാഗവും പ്രധാനപ്പെട്ട രണ്ട് തോടുകളിലൂടെ ഒഴുകി (കൂമ്പ്രതോട്, കൂമാൻതോട്) ഭാരതപ്പുഴയിലൂടെ അറബികടലിൽ എത്തിച്ചേരുന്നു. പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളും ഭാരതപ്പുഴയോടും രണ്ടുകായലി നോടും ബന്ധപ്പെട്ടാണ് കിടക്കുന്നതെങ്കിലും വരൾച്ച അനുഭവിക്കുന്നവയാണ് മിക്കവാറും. ഇത് നമ്മുടെ ഭൂഗർഭജലത്തിന്റെ ദുർബലമായ അവസ്ഥയാണ് വെളിപ്പെടുത്തുന്നത്. നമ്മുടെ ജലദൗർലഭ്യം പരിഹരിക്കുന്നതിന് ഭൂഗർഭജലസമ്പത്ത് വർദ്ധിപ്പിച്ചേ തീരൂ. ഇതിന് നമ്മുടെ പഞ്ചായത്തിലുള്ള സാദ്ധ്യതകൾ നാം ഉപയോഗപ്പെടുത്തണം. ഉപരിതലജലം സംരക്ഷിക്കുന്നതിനാവശ്യമായ ഫലപ്രദമായ ജലമാനേജ്മെന്റ് പദ്ധതികളാണാവശ്യം. തരിശുപ്രദേശങ്ങളിലും മറ്റും വമ്പിച്ചതോതിൽ വനവൽക്കരണം നടത്തി മഴകാലത്ത് മണ്ണിലേക്ക് ഊഴ്ന്നിറങ്ങുന്ന ജലത്തിന്റെ അളവ് വർദ്ധിപ്പിക്കലാണ് പ്രധാനമായ മറ്റൊരു കാര്യം. മണ്ണാലിപ്പ് പരിഹരിക്കുന്നതിനാവശ്യമായ കോണ്ടൂർ ബണ്ടുകളും മണ്ണിലേക്ക് ഊഴ്ന്നിറങ്ങുന്ന ജലത്തിന്റെ അളവ് വർദ്ധിപ്പിക്കാൻ സഹായിക്കുന്നു. ഇത്തരത്തിൽ ഭൂഗർഭജലത്തേയും ഉപരിതലജലത്തേയും സംരക്ഷിക്കാനുള്ള പദ്ധതികൾ ആരംഭിച്ചല്ലാതെ നമ്മുടെ ഉത്പാദനരംഗത്തെ മുരടിപ്പ് മാറ്റി നമുക്ക് മുന്നോട്ടു പോകാൻ കഴിയില്ല. അത്തരത്തിലുള്ള പദ്ധതികൾക്കാണ് നാം മുൻതൂക്കം കൊടുക്കേണ്ടത്. ഗ്രാമസഭകളിൽ നിന്ന് ഒട്ടേറെ നിർദേശങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. ഇവയുടെ സാക്ഷാൽക്കാരത്തിനായി നമുക്കൊരുമിച്ച് മുന്നേറാം.

തൊഴിൽ സമ്പത്തിന്റെ കാര്യത്തിൽ താരതമ്യേന മോശമല്ലാത്ത ഒരു സ്ഥിതിയാണ് നമ്മുടെ പഞ്ചായത്തിനുള്ളത്. മറ്റുപ്രദേശങ്ങളിൽ നിന്ന് വ്യത്യസ്തമായി നമ്മുടേത് മാത്രം എന്നവകാശപ്പെടാവുന്ന തൊഴിൽ സമ്പത്തൊന്നും നമുക്കില്ല.

1996 ലെ സെൻസസ് പ്രകാരം നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യ 26963 ആണ്. ഇതിൽ 12864 പുരുഷന്മാരും 14104 സ്ത്രീകളുമാണ്. 6 വയസ്സിന് താഴെ പ്രായമുള്ള 2868 ആൺകുട്ടികളും 3002 പെൺകുട്ടികളുമുണ്ട്. 968 കൃഷിക്കാരുണ്ട്. കാർഷിക തൊഴിലാളികളിൽ 1553പേർ പുരുഷന്മാരും, 1117പേർ സ്ത്രീകളുമാണ്. ഖനനമേഖലയിൽ 279 പുരുഷന്മാരും 39 സ്ത്രീകളും ജോലി ചെയ്യുന്നു. നിർമ്മാണരംഗത്ത് 245 പുരുഷന്മാരും 10 സ്ത്രീകളും ജോലി ചെയ്യുന്നു. എല്ലാ മേഖലകളിലുമായി 5416 പുരുഷന്മാരും 1568 സ്ത്രീകളുമുണ്ട്.

പഞ്ചായത്തിൽ ഉയർന്നവിദ്യഭ്യാസ നിലവാരമാണുള്ളത്. പഞ്ചായത്തിൽ വിദ്യഭ്യാസമുള്ള ചെറുപ്പക്കാർ തൊഴിൽരഹിതരായി കഴിയുന്നുണ്ട്. ഇവരുടെ പ്രശ്നം പ്രധാനമാണ്. പഞ്ചായത്തിലെ ജനങ്ങൾ സന്നദ്ധപ്രവർത്തനങ്ങളിൽ താൽപര്യമുള്ളവരാണ്. ഇവരെ വികസനപ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി ജനകീയാസൂത്രണപ്രസ്ഥാനത്തിലൂടെ നമ്മുടെ പഞ്ചായത്തിന് വികസനരംഗത്തും, ഉൽപ്പാദനരംഗത്തും ഒരു വൻമുന്നേറ്റം നടത്താൻ കഴിയുമെന്ന് നമുക്ക് പ്രത്യാശിക്കാം. ●

വികസന മേഖലകൾ

1

കൃഷിയും ജലസേചനവും

കൃഷി

നിളയുടെ തീരത്തുനിന്ന് തെക്കോട്ട് പരന്ന് കിടക്കുന്ന പ്രകൃതിഭംഗികൊണ്ട് അനുഗ്രഹീതമായ സ്ഥലമാണ് പട്ടിത്തറ പഞ്ചായത്ത്. ഫലഭൂയിഷ്ഠമായ വയലു കളിലും, പറമ്പുകളിലും പലതരം കാർഷിക വിഭവങ്ങൾ ഉണ്ടാക്കി അത് വ്യാപാരവിനിമയം നടത്തിയായിരുന്നു പണ്ടുകാലത്ത് ഭൂരിഭാഗം ആളുകളും ജീവിച്ചിരുന്നത്. മുൻകാലങ്ങളിൽ ദേവസ്വങ്ങളുടെയും ബ്രഹ്മസ്വങ്ങ ളുടെയും അധീനതയിലായിരുന്നു മുഴുവൻ കൃഷിഭൂമിയും. ഭൂപരിഷ്കരണ നിയമത്തിന്ശേഷം ഭൂരിഭാഗം ഭൂമിയും കർഷകരുടെ ഉടമസ്ഥതയിലായി. മുൻകാലങ്ങളിൽ ഉണ്ടായിരുന്ന ശ്രദ്ധ ഇന്ന് കാർഷികമേഖലയിൽ ജനങ്ങൾ കാണിക്കുന്നില്ല. ഗൾഫ് രാജ്യങ്ങളിൽ നിന്നുള്ള വരുമാനം സാമൂഹ്യജീവിതത്തിൽ വരുത്തിയ മാറ്റം ഇതിനൊരു പ്രധാനകാരണമാണ്. സാങ്കേതികമായ മറ്റു പല കാരണങ്ങൾകൊണ്ടും ജനം ഈ രംഗത്തുനിന്ന് പിൻതിരിഞ്ഞുനിൽക്കുന്ന ഒരു പ്രവണതയാണ് ഇന്ന് കാണുന്നത്.

ആദ്യകാലങ്ങളിൽ മഴയെയും, കുളങ്ങളെയും, പുഴയെയും, കിണറുകളെയും ആശ്രയിച്ചായിരുന്നു കർഷകർ കൃഷിചെയ്തിരുന്നത്. ചക്രം ഉപയോഗിച്ച് വെള്ളം പുഴയിൽ നിന്ന് കായലുകളിലേക്കും, തോടുകളിലേക്കും, ബണ്ടുകളിലേക്കും കയറ്റിനിർത്തി വളരെ വിജയകരമായി പുഞ്ചകൃഷി ചെയ്തിരുന്നു. കായൽ പാടങ്ങളിൽ ആ കാലഘട്ടത്തിൽ 45 മേനിവരെ വിളവുണ്ടായിരുന്നു. സമതലപ്രദേശങ്ങളിൽ രണ്ടു പൂവലും, ചിലയിടങ്ങളിൽ മൂന്നുപൂവലും കൃഷി ചെയ്യാൻ സാധിച്ചിരുന്നതുകൊണ്ട് അന്ന് നെൽകൃഷി മേഖല സമ്പന്നമായിരുന്നു.

ആദ്യകാലങ്ങളിൽ നിലം ഉഴാനും ജലസേചന പ്രവർത്തനങ്ങൾക്കുമായി കർഷകർ കാളകളേയും, പോത്തുകളേയും ഉപയോഗിച്ചിരുന്നു. മിക്ക കൃഷിയുടമകൾക്കും സ്വന്തമായി ഉരുക്കൾ ഉണ്ടാ യിരുന്നു. യന്ത്രവൽക്കരണത്തിന്റെ ഭാഗമായി ട്രാക്ടറു കളും ടില്ലറുകളും രംഗത്തെത്തിയതോടെ കൃഷി ഭൂമിയിൽ നിന്ന് ഉരുക്കൾ അപ്രത്യക്ഷമാവാൻ തുടങ്ങി. ജലസേചനയന്ത്രങ്ങൾ രംഗത്തെത്തിയതോടെ ഈ രംഗത്തുനിന്നും ഉരുക്കൾ അപ്രത്യക്ഷരായി. ഇന്ന് പഞ്ചായത്തിൽ ഇരുപത്തഞ്ചു ജോടി ഉരുക്കളെ ഉള്ളൂ എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. അതുപോലെ കർഷകർ വിളവർദ്ധനവിനായി ഉപയോഗിച്ചിരുന്നത് ചാണകവും, പച്ചിലവളവും ആയിരുന്നു. ഉരുക്കളുടെ എണ്ണം കുറഞ്ഞതോടെ ചാണകത്തിന്റെ ലഭ്യതക്കും പറമ്പുകളിലെ മരമെല്ലാം വെട്ടി വീടുകൾ വെച്ചതോടെ പച്ചിലതോലിന്റെ ലഭ്യതക്കും കുറവു വന്നു. രാസവളത്തിന്റെ ലഭ്യതയും ഉപയോഗിക്കാനുള്ള സൗകര്യവും ജൈവവളങ്ങളുടെ പ്രയോഗം കുറയാൻ കാരണമായി. ഇരുപത്തഞ്ച് വർഷങ്ങൾക്ക് മുൻപ് രാസവളങ്ങളുടെയും കീടനാശിനികളുടെയും ഉപ യോഗം നാമമാത്ര മായിരുന്നു. ഇന്ന് കൃഷിഭൂമിയിൽ ഉപയോഗിക്കപ്പെടുന്ന രാസവളത്തിന്റെയും കീടനാ ശിനി കളുടെയും അളവ് നമ്മെ അമ്പരിപ്പിക്കുന്നതാണ്.

വയലുകളിലെന്നപോലെ ആദ്യകാലങ്ങളിൽ പറമ്പുകളിലും, പള്ളിയാലുകളിലും മോടൻ, ചാമ, മുതിര, പയർ, ഉഴുന്ന് എന്നീ വിളകൾ എടുത്തിരുന്നു. മുന്നൂറോളം പഴയതരം നെൽവിത്തുകൾ പഞ്ചായ ത്തിന്റെ വിവിധ ഭാഗങ്ങളിലായി കൃഷിചെയ്യപ്പെട്ടിരി ന്നിടത്ത് ഇപ്പോൾ ചിറ്റ്യാനി, ആര്യൻകാളി, ആര്യൻ, കൊക്കൻ തുടങ്ങിയ വിത്തുകളെ കൃഷിക്കുപ യോഗിക്കുന്നുള്ളൂ. പള്ളിയാൽ കൃഷിയായി ചെയ്തിരുന്ന നവര എന്ന ഔഷധഗുണമുള്ള നെൽവിത്ത് ഇപ്പോൾ തീരെ ഇല്ല.

പറമ്പുകളിൽ പ്രധാനമായും കവുങ്ങ്, തെങ്ങ്, എന്നിവയുടെ കൃഷിയാണ് നടന്നിരുന്നതും നടക്കുന്ന തും. ഒരു നാണ്യവിളയായ അടക്ക വലിയതോതിൽ തന്നെ പഞ്ചായത്തിൽ കൃഷിചെയ്തിരുന്നു. പച്ച അടക്ക

പഞ്ചായത്തിലെ ഭൂമി സംബന്ധിച്ച വിവരങ്ങൾ

ഇനം	വിസ്തീർണം.
നിലം	840.46 ഹെക്ടർ
പുരയിടം	1672.02 ഹെക്ടർ
പുറമ്പോക്ക്	189.32 ഹെക്ടർ
കൃഷിയോഗ്യ തരിശ്	20 ഹെക്ടർ
കൃഷിയോഗ്യമല്ലാത്ത തരിശ്	18.00 ഹെക്ടർ (കരിങ്കൽ കോറി)
ആകെ	2739.80 ഹെക്ടർ

പറിച്ചെടുത്ത് ചാലിശ്ശേരി മാർക്കറ്റിലാണ് പണ്ട് കർഷകർ വിറ്റഴിച്ചിരുന്നത്. ഇന്നും അടക്കാവിപണിയിൽ ചാലിശ്ശേരി പഴുക്കടക്കയുടെയും കൊട്ടടക്കയുടെയും മാർക്കറ്റാണ്. അതുകൊണ്ട് കവുങ്ങു കൃഷിക്കാർ അടക്ക പഴുക്കയാക്കി കൊടുക്കുകയും ചെയ്യുന്നു. കൊട്ടടക്ക ഒരുവിധം നല്ല വിലയുള്ളതുകൊണ്ട് ആളുകൾ കവുങ്ങുകൃഷിയിൽ അതീവ താത്പര്യം കാണിക്കുന്നു. തെങ്ങുകൃഷിയും വളരെ മുൻപു മുതലെ പഞ്ചായത്തിലുണ്ടായിരുന്നു. അതിൽനിന്നുകിട്ടുന്ന തേങ്ങ ഭക്ഷണാവശ്യത്തിനും, ബാക്കി സാമ്പത്തികാവശ്യങ്ങൾക്കുമായാണ് ഉപയോഗിച്ചിരിക്കുന്നത്.

ഇഞ്ചി, മഞ്ഞൾ, ചേന, ചേമ്പ്, തുടങ്ങിയവയും ആളുകൾ കൃഷിചെയ്തിരുന്നു. പലപ്പോഴും സ്വന്തം ആവശ്യത്തിനുവേണ്ടി മാത്രമെ ഉൽപ്പാദിപ്പിച്ചിരുന്നുള്ളു. മധുരക്കിഴങ്ങും ആദ്യം മുതലെ പട്ടിത്തറയിൽ കൃഷിചെയ്തിരുന്നു. വയലുകളിലും പറമ്പുകളിലും ഇടവിളയായി കപ്പകൃഷിയും നടത്തിയിരുന്നു.

ജല ലഭ്യത ഏറെ കൂടുതൽ ഉള്ള പ്രദേശമായ തിനാൽ സജീവമായി പലതരം വാഴകളും കൃഷിചെയ്തിരുന്നു. വീട്ടുവളപ്പിൽ തൈമസൂരി, പൂവൻ, കുന്നൻ തുടങ്ങിയ ഇനങ്ങൾ കൃഷി ചെയ്തിരുന്നു. നേന്ത്രവാഴ കൃഷിയും നടന്നിരുന്നു. പട്ടിത്തറയുടെ പുഴയോരങ്ങളിലും, കൊയ്ത്തു കഴിഞ്ഞ പാടങ്ങളിലും വേനൽകാലത്ത് പച്ചക്കറി കൃഷിചെയ്തു വന്നിരുന്നു.

പഞ്ചായത്തിലെ നെൽകൃഷിഭൂമി വിസ്തീർണ്ണം

നാമമാത്ര കർഷകർ (1ഹെക്ടർ താഴെ)	2881
ചെറുകിട കർഷകർ (1–2 ഹെക്ടർ)	1208
വൻകിട കർഷകർ (2 ഹെക്ടറിനു മുകളിൽ)	147

പഞ്ചായത്തിലെ കാർഷികരംഗം ഗുരുതരമായ ഒരു പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഒരു കാലത്ത് കാർഷികവൃത്തി പ്രധാന തൊഴിലായി സ്വീകരിച്ചിരുന്ന ജനങ്ങൾ ഇന്നതിന് പ്രാധാന്യം കൊടുക്കാത്തത് തന്നെയാണീ പ്രതിസന്ധിക്കു കാരണം. ഇന്ന് പഞ്ചായത്തിൽ നടക്കുന്ന കൃഷികളെ കുറിച്ചും ഓരോ കൃഷിയും എത്ര സ്ഥലത്തു പെയ്യുന്നുവെന്നും, ഉല്പാദനമെത്രയെന്നും ഉള്ള കണക്കുകൾ ചുവടെ നൽകുന്നു. കൃഷിഭവനിൽ നിന്ന് ശേഖരിച്ച ഈ വിവരങ്ങൾ ശരിയെന്നാണ് വിശ്വസിക്കുന്നത്. ഈ പട്ടിക പരിശോധിച്ചാൽ നമ്മുടെ ഉൽപാദനക്ഷമതയിലുള്ള മുരടിപ്പിനെപ്പറ്റി ഒരു ഏകദേശരൂപം നമുക്ക് മനസ്സിലാക്കാവുന്നതാണ്. റബ്ബർ കൃഷി പഞ്ചായത്തിൽ ഉണ്ടെങ്കിലും ഉൽപാദനം അടുത്തകാലത്ത് മാത്രമാണ് ആരംഭിച്ചത് എന്നതുകൊണ്ട് ഉൽപ്പാദന ക്ഷമതയെ കുറിച്ചുള്ള കണക്കുകൾ ഇതിൽ ചേർക്കാൻ കഴിഞ്ഞിട്ടില്ല.

പഞ്ചായത്തിലെ വിള വിസ്തീർണവും, ഉൽപ്പാദനവും

വിള	വിസ്തീർണം	മൊത്തം ഉത്പാദനം	ഉത്പാദനക്ഷമത/ഹെക്ടർ
നെല്ല് (ഒന്നാം വിള)	242 ഹെക്ടർ	5,56,600 Kg	2,300 Kg
നെല്ല് (രണ്ടാം വിള)	402 ഹെക്ടർ	10,05,000 Kg	2,500 Kg
നെല്ല് (മൂന്നാം വിള)	77 ഹെക്ടർ	2,69,500 Kg	3,500 Kg
പയർ	20 ഹെക്ടർ	10,000 Kg	500 Kg
എള്ള്	10 ഹെക്ടർ	1,500 Kg	150 Kg
കവുങ്ങ്	190 ഹെക്ടർ	8,55,000 Kg	4,500 Kg
മധുരകിഴങ്ങ്	75 ഹെക്ടർ	26,25,000 Kg	35,000 Kg
പച്ചക്കറികൾ	10 ഹെക്ടർ	50,000 Kg	5,000 Kg
തെങ്ങ്	604 ഹെക്ടർ	33,92,000 Nuts	8,000 Nuts
വാഴ	80 ഹെക്ടർ	19,20,000 Kg	24,000 Kg
മരച്ചീനി	15 ഹെക്ടർ	2,81,250 Kg	18,750 Kg
കുരുമുളക്	12 ഹെക്ടർ	4,800 Kg	400 Kg
പ്ലാവ്	20 ഹെക്ടർ	1,25,000	15 Kg/ ചക്ക
കശുമാവ്	85 ഹെക്ടർ	61,200 Kg	720 Kg
മാവ്	52 ഹെക്ടർ	4,16,000 Kg	8,000 Kg
റബ്ബർ	40 ഹെക്ടർ		

കൃഷിഭവൻ

1987 ൽ നിലവിൽവന്ന കൃഷിഭവന്റെ പ്രവർത്തനം കർഷകന്റെ പ്രതീക്ഷക്കൊത്ത് ഉയർന്നിട്ടില്ല. കൃഷി ഓഫീസറും കൃഷി അസിസ്റ്റന്റും ഉള്ള കൃഷിഭവന്റെ പ്രവർത്തനം പൂർണ്ണമായ തോതിൽ കൃഷിക്കാരന് ലഭിക്കണം. ഒട്ടേറെ കാർഷിക വികസന പദ്ധതികൾ കൃഷിഭവൻ മുഖേന നടപ്പാക്കുന്നുണ്ട്. പലതും നടീൽ സമയത്ത് ആവശ്യക്കാരന് ലഭിക്കുന്നില്ല. കൃഷി ഭവനിലൂടെ നൽകുന്ന വിത്ത്, കീടനാശിനികൾ, വളങ്ങൾ, കാർഷിക ഉപകരണങ്ങൾ, ഉൽപ്പാദന ബോണസ്, ഇവ യഥാസമയം കർഷകർക്ക് ലഭിക്കാനുള്ള സംവിധാനം ഉണ്ടാക്കേണ്ടതാണ്.

നടീൽ വസ്തുക്കൾ - വിതരണം - പട്ടിക

ഇനം	എണ്ണം		
	1993-94	1994-95	1995-96
തെങ്ങ്	680	585	400
കശുമാവ്	960	-	800
കുരുമുളക്	2000	-	2000
കവുങ്ങ്	200	200	250
മാവ്	150	186	-
ചേന തെത	60	15	-
വാഴ	-	1105	-
സപ്പോട്ട	-	39	20
ജാതി	-	50	125

കാർഷികോപകരണങ്ങൾ-സബ്സിഡി-മുഖാന്തിരം വിതരണം

ഉഴവുപകരണങ്ങൾ			മരുന്നുതെളി ഉപകരണങ്ങൾ			തെതി യന്ത്രം	തെങ്ങു കയറ്റ യന്ത്രം	പോർട്ടബിൾ പമ്പുസെറ്റ്
ട്രാക്ടർ	ട്രില്ലർ	നാടൻ കലപ്പ	റോക്ക് സ്പ്രെയർ	നാപ് സ്റ്റോക്ക് സ്പ്രെയർ	മറ്റുള്ളവ			
7	3	300	5	120	പവർ സ്പ്രെയർ 3	ഇല്ല	ഇല്ല	380 വില്ലേഴ്സ്

ദുരിതാശ്വാസ വിതരണം

വർഷം	പ്രശ്നബാധിത പ്രദേശത്തിന്റെ വിസ്തീർണം				ധനസഹായം ലഭിച്ചവരുടെ എണ്ണം	വിതരണം ചെയ്ത തുക
	വെള്ള പ്പൊക്കം	വരൾച്ച	കൊടുങ്കാറ്റ്	ഉരുൾപൊട്ടൽ		
1993-94	-	-	-	-	-	-
1994-95	21.09	-	-	-	74	21,090
1995-96	-	-	26 വാഴ, കവുങ്ങ്	-	-	-

നെൽകൃഷി

പഴയ കാലങ്ങളിൽ കൃഷിചെയ്തിരുന്ന തിന്റെ വളരെ ചെറിയൊരു ഭാഗത്തേ ഇന്ന് നെൽകൃഷി നടക്കുന്നുള്ളൂ. യന്ത്രവൽക്കരണം നെൽകൃഷിയിൽ വന്നിട്ടുണ്ട്. കൊയ്യാനും, മെതിക്കാനും, നടാനുമെല്ലാം ഇന്ന് തൊഴിലാളികളെ തന്നെയാണ് ആശ്രയിക്കുന്നത്. പുതിയ വിത്തിനങ്ങൾ കൃഷിചെയ്യുന്നുണ്ട്. പഴയ കാലത്തെ അപേക്ഷിച്ച് കീടങ്ങളുടെ ശല്യം കൂടുതലാണ്. രാസവളവും, കീടനാശിനികളും അമിതമായി ഉപയോഗിക്കുന്നുണ്ട്. ഇതുകൊണ്ടുതന്നെ ഭൂമിയുടെ ഫലഭൂയിഷ്ടത കുറഞ്ഞുവരുന്നു. ഇത് പഞ്ചായത്തിലെ രാസവള, കീടനാശിനി വിൽപന കേന്ദ്രങ്ങളിലെ കണക്കുകൾ പരിശോധിച്ചാൽ മനസ്സിലാക്കാവുന്നതാണ്. ജൈവ വളങ്ങളുടെ ലഭ്യത ക്കുറവാണ് രാസവളത്തിന്റെ അമിതോപയോഗത്തിന് കാരണം.

1987 ൽ ഗ്രൂപ്പ്ഫാമിംഗ് സമ്പ്രദായം വന്നപ്പോൾ നെൽ കൃഷിയിൽ ചെറിയൊരു മുന്നേറ്റം ഉണ്ടായിരുന്നു. വീണ്ടും ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം നടപ്പിൽ വരുത്തേണ്ടതുണ്ട്. പഞ്ചായത്തിൽ ഇന്ന് 12 പാട ശേഖരസമിതികളുണ്ട്. അതിന്റെ പട്ടിക താഴെ ചേർക്കുന്നു.

പഞ്ചായത്തിലെ രാസവള-കീടനാശിനി വിപണനം

സ്ഥാപനത്തിന്റെ പേര്	1993–94			1994–95			1995–96		
	രാസ വളം	കീടനാശിനി		രാസ വളം	കീടനാശിനി		രാസ വളം	കീടനാശിനി	
		ദ്രവം	ഖരം		ദ്രവം	ഖരം		ദ്രവം	ഖരം
സഹകരണബാങ്ക്	8250 kg	–	–	29417kg.	-	-	1270 kg.	-	-
സ്വകാര്യകച്ചവട സ്ഥാപനങ്ങൾ	48300kg.	62 Ltr.	124kg.	40150kg.	65 Ltr.	136 kg.	58650 kg.	81ltr.	120kg.

പാടശേഖര സമിതികൾ

നം	പാടശേഖര സമിതികൾ	കൺവീനർ
1.	വേങ്ങശ്ശേരി	കെ. ബാലകൃഷ്ണൻ
2.	ഒതളൂർ	കെ. വി. ചമ്മിണി
3.	പട്ടിക്കായൽ	സി. പി. രാമചന്ദ്രൻ
4.	തലക്കശ്ശേരി	എം. ബാലകൃഷ്ണൻ
5.	പട്ടിപ്പാടം	വി. കെ. ദിവാകരൻ
6.	കോട്ടപ്പാടം	എം. എം. രാമകൃഷ്ണൻ
7.	വട്ടേനാട്	കെ. നാരയണൻനായർ
8.	ചെർളപാടം	പി. പി. നാരായണൻ
9.	കക്കാട്ടിരി	കെ. പി. എം. കുഞ്ഞിമോൻ
10.	മല–വട്ടേനാട്	പി. ജി. സുരേഷ്കുമാർ
11.	ആര്യേമ്പാടം	കെ. പി. രാധാകൃഷ്ണൻ
12.	ചേറാംചിറ	ഗോവിന്ദൻ കുട്ടി

നൽകൃഷിക്ക് ഒഴിച്ചുകൂടാനാവാത്ത ഒരു ഘടകമാണ് ജലം. ക്രമം തെറ്റിവരുന്ന മഴ നൽകൃഷിയെ ദോഷമായി ബാധിക്കുന്നുണ്ട്. ജലസേചന സൗകര്യങ്ങൾ മെച്ചപ്പെട്ടാൽ നൽകൃഷി മാത്രമല്ല മറ്റു കൃഷികളും മെച്ചപ്പെടും.

പ്രശ്നങ്ങൾ

1. ജലസേചന സൗകര്യങ്ങളുടെ പോരായ്മ
2. ഉൽപ്പാദന ചെലവിലുണ്ടാകുന്ന ആനുപാതിക മല്ലാത്ത വർദ്ധന
3. ആവശ്യമായ സമയത്ത് തൊഴിലാളികളെ ലഭ്യമല്ലാത്ത അവസ്ഥ
4. കർഷക തൊഴിലാളികൾ മറ്റു മേഖലയിലേക്ക് പോകുന്ന അവസ്ഥ
5. കൃഷിയിടങ്ങളിലേക്ക് വിത്ത്, വളം, ട്രാക്ടർ എത്തുന്നതിനുള്ള റോഡ് സൗകര്യമില്ലായ്മ
6. തുടർച്ചയായ രാസവളപ്രയോഗത്തിൽ മണ്ണിന്റെ ഘടനക്ക് വന്ന മാറ്റം
7. അനിയന്ത്രിതമായ കീടരോഗശല്യം.
8. അമിതമായ കീടനാശിനി പ്രയോഗം
9. ഉൽപ്പാദന ചെലവിനനുസരിച്ച് നെല്ലിന് വിലകിട്ടാത്ത അവസ്ഥ
10. സബ്സിഡിയും, മറ്റാനുകൂല്യങ്ങളും കിട്ടാതിരിക്കുന്ന അവസ്ഥ
11. തൊജവ പച്ചില വളങ്ങളുടെ ലഭ്യതകുറവ്

സാധ്യതകൾ

1. നിലവിലുള്ള ലീഫ്റ്റ് ഇറിഗേഷനുകളുടെ ശേഷിയും, പ്രവർത്തനക്ഷമതയും കാര്യക്ഷമമാക്കുക
2. തൃത്താല എൽ.പി.എസ്, പട്ടിത്തറ എൽ.പി.എസ് തുടങ്ങിയവ രാത്രിയും, പകലും പ്രവർത്തിപ്പിക്കാനാവശ്യമായ ജോലിക്കാരെ നിയമിക്കുക.
3. എൽ. പി. എസ്സിൽ എല്ലാ കാർഷിക വിളകളെയും ഉൾപ്പെടുത്തുക
4. തൃത്താല എൽ. പി. എസ്സിൽ പുളിയപറ്റ കായലിനെയും കൂടി ഉൾപ്പെടുത്തുക.
5. ഉൽപ്പന്നങ്ങൾക്ക് മതിയായ വില ഉറപ്പുവരുത്തുക
6. സബ്സിഡി വർദ്ധിപ്പിക്കുക
7. മെതിയന്ത്രം, നടീൽ യന്ത്രം, ട്രാക്ടർ മുതലായ ആധുനിക കൃഷി ഉപകരണങ്ങൾ ലഭ്യമാക്കാനാവശ്യമായ സംവിധാനം ഏർപ്പെടുത്തുക.
8. കൃഷിക്ക് ഉപകാരപ്രദമായ റോഡുകൾ മുൻഗണന നൽകി നിർമ്മിക്കുക
9. തൊജവ വള പ്രയോഗത്തിന്റെ പ്രാധാന്യ ത്തെകുറിച്ച് കർഷകരെ ബോധവാന്മാരാക്കുക.
10. ഡെയ്ഞ്ച, തൊഴിഞ്ഞിൽ, പയർ, ഉഴുന്ന് എന്നിവയുടെ വിത്തുകൾ യഥാസമയം കൃഷിഭവനിലൂടെ നൽകുക.
11. സർക്കാർ തരിശുഭൂമികളിൽ സഹകരണാടിസ്ഥാനത്തിൽ പച്ചിലവള കൃഷി പ്രോത്സാഹിപ്പിക്കുക
12. അമിതമായ കീടനാശിനിപ്രയോഗവും, രാസവളപ്രയോഗവും നിയന്ത്രിക്കുക
13. തൊജവവളങ്ങളുടെ ലഭ്യതക്ക് മൃഗപരിപാലനം പോഷിപ്പിക്കുക
14. പാടശേഖര കമ്മറ്റികൾ പുനർജീവിപ്പിക്കുകയും ഫലപ്രദമാക്കുകയും ചെയ്യുക
15. ഇൻഷൂറൻസ്പദ്ധതി വ്യാപകമായി ഏർപ്പെടുത്തുക
16. മണ്ണുപരിശോധനാ തൊതെബൽ സ്കാഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക.
17. നൽവയലുകൾ നികത്തുന്നത് സർക്കാർ മുൻകൈയ്യെടുത്ത് കർശനമായി തടയുക
18. പട്ടിത്തറ സർവ്വീസ് സഹകരണ സംഘത്തിലൂടെ വളം, കീടനാശിനി കാർഷിക ഉപകരണങ്ങൾ തുടങ്ങിയവ ലഭ്യമാക്കാനുള്ള സൗകര്യം ഏർപ്പെടുത്തുക

കവുങ്ങുകൃഷി

കവുങ്ങുകൃഷി ഇപ്പോഴും നന്നായി പഞ്ചായത്തിൽ നടക്കുന്നുണ്ട്. സർക്കാരിൽ നിന്ന് ഇതിന് പ്രത്യേകിച്ച് സഹായമൊന്നും കിട്ടുന്നില്ല. ഈ പ്രദേശത്ത് ശരാശരി ഒരു കവുങ്ങിൽ നിന്നും 250 മുതൽ 300 വരെ അടക്ക കിട്ടുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത് അടക്കയുടെ വിപണനസൗകര്യം ഉള്ളതുകൊണ്ട് മെച്ചപ്പെട്ട വില കൃഷിക്കാർക്ക് ലഭ്യമാണ്. കവുങ്ങുകൃഷിക്കാർ കച്ചവടക്കാരാൽ അധികം ചൂഷണം ചെയ്യപ്പെടുന്നില്ല. ഇതെല്ലാം തന്നെ ഉണ്ടെങ്കിൽ കൂടി ചില മാരകരോഗങ്ങൾ ചില കാലങ്ങളിൽ അനുഭവപ്പെടാറുണ്ട്. ഉദാഹരണമായി മഹാളിരോഗം. അത്യുൽപ്പാദനശേഷിയുള്ള മംഗള, സുമംഗള മുതലായ വിത്തിനങ്ങൾ ഈ പ്രദേശങ്ങളിൽ തീരെയില്ലെന്നുതന്നെ പറയാം. പുതിയ ഇനങ്ങൾ ഈ പ്രദേശത്തുകാർ തീരെ ഇഷ്ടപ്പെടുന്നില്ല. കാരണം രോഗങ്ങളെ ചെറുക്കുവാനുള്ള ശേഷിയില്ലാത്തതുതന്നെ. ജലദൗർലഭ്യത്തെ നേരിടാൻ പുതിയ ഇനങ്ങൾക്ക് കഴിയുന്നില്ല എന്നും, കുറച്ചുകാലം മാത്രമെ അത്യുൽപ്പാദനശേഷി കാണിക്കുന്നുള്ളൂ എന്നും കർഷകർ പറയുന്നു. അടക്കയുടെ ഗുണനിലവാരത്തെ രാസവളപ്രയോഗം ബാധിക്കുന്നുണ്ട്. തൊജവവളം കവുങ്ങിന് കൂടുതലായി നൽകണമെന്നാണ് ഇത് കാണിക്കുന്നത്.

പ്രശ്നങ്ങൾ

1. കവുങ്ങിന് ബാധിക്കുന്ന രോഗങ്ങൾ
2. ജലസേചന സൗകര്യകുറവ്
3. ബോർഡോ മിശ്രിതം വലിയ വിലകൊടുത്ത് വാങ്ങേണ്ടി വരുന്നു.

സാധ്യതകൾ

1. കവുങ്ങിന് രോഗം ബാധിച്ചാൽ നൽകേണ്ട ശുശ്രൂഷകളെ കുറിച്ച് കർഷകന് വിദഗ്ദോപദേശം ലഭ്യമാക്കുക
2. ബോർഡോമിശ്രിതം സബ്സിഡി നിരക്കിൽ അനുവദിക്കുക
3. വാർഡുകൾക്ക് ഓരോ സ്പ്രെയർ വീതം നൽകുക.
4. പഞ്ചായത്തിൽ ഒരു അടക്കാസംഭരണ യൂണിറ്റും അടക്കാസംസ്കരണ ശാലയും ആരംഭിക്കുക.

തെങ്ങുകൃഷി

പഞ്ചായത്തിലെ ഏറിയഭാഗങ്ങളിലും നടത്തിവരുന്ന കൃഷിയാണ് തെങ്ങ്. എന്നാൽ ഉൽപ്പാദനക്ഷമതയുടെ

കാര്യത്തിൽ പിന്നിൽതന്നെയാണ്. ഇതിന് പ്രധാനകാരണം പലരും തെങ്ങുകൃഷി ശാസ്ത്രീയമായ രീതിയിൽ ചെയ്യുന്നില്ല എന്നതാണ്. പല വീടുകളിലും തെങ്ങിന്റെ തലക്കൽ നാല് പട്ടകൾ വാടിനിൽക്കുന്ന കാഴ്ച നമുക്ക് കാണാൻ കഴിയും. തേങ്ങയുടെ വിലയില്ലായ്മയും കൃഷിക്കാരെ ബാധിക്കുന്നുണ്ട്. തേങ്ങക്ക് സ്ഥിരമായി ഒരു വില കിട്ടാനുള്ള സംവിധാനം ഉണ്ടാക്കണം. വെളിച്ചെണ്ണ മില്ലുകൾ സ്വകാര്യ വ്യക്തികളുടെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. വെളിച്ചെണ്ണ ഉപയോഗിച്ച് പഞ്ചായത്തിൽ ഒരു സോപ്പുനിർമ്മാണ യൂണിറ്റ് ആരംഭിക്കാവുന്നതാണ്. ഡ്രിപ് ഇറിഗേഷൻ പദ്ധതിയെ പറ്റി ജനങ്ങളെ ബോധ്യപ്പെടുത്തി ജലനഷ്ടം കുറച്ച് കൃഷി ചെലവ് കുറയ്ക്കുക.

തെങ്ങുകൃഷി ചെയ്യുന്ന വിസ്തീർണ്ണം	604 ഹെക്ടർ
തെങ്ങിന്റെ എണ്ണം	1208001
കായ്ക്കുന്നത്	424 ഹെക്ടർ
കായ്ക്കാത്തത്	180 ഹെക്ടർ
രോഗം ബാധിച്ച തെങ്ങ്	
റൂട്ട് വിൽറ്റ്	ഇല്ല
ലീഫ് റോട്ട്	ഇല്ല
ബഡ് റൂട്ട്	2%
സ്റ്റെം ബ്ലീഡിംഗ്	1%
മറ്റുള്ളവ	ഇല്ല
ആകെ	3%

നേന്ത്രവാഴ

പുഴയോരപ്രദേശങ്ങളിൽ വ്യാപകമായും ഉൾപ്രദേശങ്ങളിൽ ഭാഗികമായും പഞ്ചായത്തിൽ വാഴകൃഷി ഫലപ്രദമായി ചെയ്തുവരുന്നുണ്ട്. പഞ്ചായത്തിലെ മണ്ണിന്റെ ഘടന വാഴക്ക് അനുയോജ്യമായതുകൊണ്ട് ഈ പ്രദേശത്ത് ഉൽപ്പാദിപ്പിക്കുന്ന പഴത്തിന് ഒരു പ്രത്യേക സ്വാദ് തന്നെ ഉണ്ടെന്ന് പറയാതിരിക്കാൻ കഴിയില്ല. ഒരു കുല 10കിലോ ഗ്രാം മുതൽ 16കിലോ ഗ്രാം വരെ തൂക്കം ഉണ്ടാവാറുണ്ട്. ഒരു വാഴക്ക് 60–70 രൂ ചെലവ് വരും. വിപണനസൗകര്യം ഇല്ല എന്ന പ്രശ്നമാണ് കർഷകരെ ഏറെ വിഷമിപ്പിക്കുന്നത്. അതുകൊണ്ടുതന്നെ കുറഞ്ഞ വിലക്ക് കച്ചവടക്കാർക്ക് കൊടുക്കേണ്ടി വരുന്നു. പഞ്ചായത്തിൽ ഒരു സംഭരണ കേന്ദ്രവും സംസ്കരണ കേന്ദ്രവും ആരംഭിച്ചാൽ ഈ പ്രശ്നം പരിഹരിക്കാം. മറ്റൊരു പ്രധാനപ്രശ്നം രാസവള ത്തിന്റെ അമിതമായ വിലയാണ്. വർദ്ധിച്ചുവരുന്ന രോഗബാധയും നിയന്ത്രിക്കേണ്ടതുണ്ട്. മറ്റു കൃഷികളെക്കാളും ലാഭം കിട്ടുന്നതുകൊണ്ട് ഭാരതപ്പുഴയുടെ തീരത്ത് ഇത് വൻതോതിൽ ഉണ്ടാക്കുന്നുണ്ട്. പത്തുമാസം കൊണ്ട് വിളവെടുക്കാൻ കഴിയും. നടീൽ മുതൽ വിളവെടുപ്പുവരെ വളരെയധികം ശ്രദ്ധയോടെ പരിചരിക്കേണ്ട ഒരു കൃഷികൂടിയാണ് നേന്ത്രവാഴ.

പ്രശ്നങ്ങൾ

1. പ്രകൃതിക്ഷോഭം എളുപ്പം ബാധിക്കുന്നു
2. വർദ്ധിച്ചുവരുന്ന രോഗബാധ (കുറുനാമ്പ്, പട്ടകരിച്ചിൽ)
3. രാസവളത്തിന്റെ അമിതവില
4. വിപണന സൗകര്യകുറവ്

സാധ്യതകൾ

1. വിള ഇൻഷൂറൻസ് സൗകര്യം വ്യാപകവും ഫലപ്രദവും ആക്കുക
2. വളം, കീടനാശിനി തുടങ്ങിയവക്ക് സബ്സിഡി അനുവദിക്കുക
3. വിദഗ്ദോപദേശം എളുപ്പം ലഭ്യമാക്കുക
4. ജലസേചന സൗകര്യം വ്യാപകമാക്കുക
5. നിലവിലുള്ള ജലസേചന സൗകര്യങ്ങൾ (എൽ.ഐ.എസ്) വാഴക്ക് കൂടി ലഭിക്കുവാനുള്ള സംവിധാനം ഉണ്ടാക്കുക
6. നേന്ത്രക്കായ സംഭരിച്ച് ചിപ്സ് ഉണ്ടാക്കുന്ന യൂണിറ്റും, പഴം സംഭരിച്ച് ജാമുണ്ടാക്കുന്ന യൂണിറ്റും ആരംഭിച്ചാൽ ഒട്ടേറെ പേർക്ക് തൊഴിൽ ലഭിക്കും
7. പഴം കേടുപാടു വരാതെ പാക്ക് ചെയ്യാനുള്ള സംവിധാനമുണ്ടാക്കി വിദേശ രാജ്യങ്ങളിലേക്കയച്ചാൽ നല്ല വില ലഭിക്കുന്നതാണ്.

മരച്ചീനി, മധുരക്കിഴങ്ങ്

പറമ്പുകളിലും, പാടങ്ങളിലും ഇന്നും ഇവ കൃഷി ചെയ്തു വരുന്നു. താരതമ്യേന രോഗങ്ങൾ ഒന്നും പിടിപെടാറില്ല. ജലസേചന സൗകര്യമില്ല എന്ന പ്രശ്നമാണുള്ളത്. ധാരാളം വിളവുതരുന്ന ഇനങ്ങളൊന്നും കൃഷിക്കാർ ഉപയോഗിക്കുന്നില്ല. പുതിയ ഇനങ്ങൾ ജനങ്ങൾക്ക് പരിചയപ്പെടുത്തി കൊടുക്കണം. മധുരക്കിഴങ്ങും മരച്ചീനിയും സംസ്കരിച്ച് ഭക്ഷണപദാർത്ഥങ്ങൾ ഉണ്ടാക്കാനായി കൂടുതലും തമിഴ്നാടിനെ ആശ്രയിക്കുന്നു. മരച്ചീനി ജനങ്ങൾ ധാരാളമായി ഭക്ഷണാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നുണ്ട്. മരച്ചീനി ഉപയോഗിച്ച് ചിപ്സ് നിർമ്മാണ യൂണിറ്റ് പഞ്ചായത്തിൽ സ്ഥാപിച്ചാൽ അതിലൂടെ നിരവധി പേർക്ക് തൊഴിൽ ലഭിക്കും. മധുരക്കിഴങ്ങിൽ നിന്നും ഒട്ടേറെ ഉപയോഗപ്രദമായ വസ്തുക്കൾ ഉണ്ടാക്കാവുന്നതാണ്.

പ്രശ്നങ്ങൾ

1. വിളവിന് ശരിയായ വില കിട്ടുന്നില്ല
2. ജലസേചനകുറവ്
3. പുതിയ ഇനങ്ങളുടെ ലഭ്യത കുറവ്
4. എലിശല്യം

സാധ്യതകൾ

1. പഞ്ചായത്തിൽ ഒരു സംഭരണകേന്ദ്രവും, സംസ്കരണകേന്ദ്രവും ആരംഭിക്കുക
2. ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തുക
3. പുതിയ ഇനങ്ങളെ പറ്റി കർഷകർക്ക് അറിവു നൽകുക
4. മധുരക്കിഴങ്ങ്, മരച്ചീനി എന്നിവ ഉപയോഗിച്ച് ഭക്ഷണ പദാർത്ഥങ്ങൾ നിർമ്മിക്കുക–ഒട്ടേറെ തൊഴിൽ രഹിതർക്ക് ഇതുവഴി ജോലി ലഭിക്കും.

പച്ചക്കറി കൃഷി

പുഴയോരപ്രദേശങ്ങളിലും, പുഴയിലും സീസൺ കാലങ്ങളിൽ മാത്രമാണ് ഇപ്പോൾ പച്ചക്കറി

കൃഷിചെയ്തു വരുന്നത്. പണ്ടുകാലങ്ങളിൽ പുരയിടങ്ങളിലും പാടങ്ങളിലും വ്യാപകമായി തന്നെ ചെയ്തുവന്നിരുന്ന കൃഷിയായിരുന്നു ഇത്. വെള്ളരി, കയ്പ, കുമ്പളം, മത്തൻ, പടവലം, വെണ്ട, അമര, പയർ, ചിരങ്ങ, തണ്ണിമത്തൻ, വഴുതന എന്നിവയാണ് പ്രധാനമായും കൃഷിചെയ്യുന്നത്. പച്ചക്കറി കൃഷിയിൽ നിന്നും കൃഷിക്കാർ പുറകോട്ടുപോയത് ഇത് കാര്യമായ വരുമാനമുള്ള കൃഷി ആയിരുന്നില്ല എന്നതു കൊണ്ടാണ്. ഇന്ന് ഏറെ സാധ്യതകളുള്ള ഒരു കൃഷിയാണിത്. തമിഴ്നാട്ടിൽ നിന്ന് ആയിരകണക്കിന് ലോറികളിലായി ഇവിടെ എത്തുന്ന പച്ചക്കറി നമുക്ക് തന്നെ നമ്മുടെ കൃഷിയിടങ്ങളിൽ ഉൽപ്പാദിപ്പിച്ചുകൂടെ. പുതിയ ഇനം വിത്തുകളും ശാസ്ത്രീയ കൃഷിരീതികളും ഉപയോഗിച്ച് പച്ചക്കറി കൃഷി സജീവമാക്കി പച്ചക്കറികളുടെ കാര്യത്തിൽ സ്വയം പര്യാപ്തത നേടാവുന്നതാണ്.

പ്രശ്നങ്ങൾ

1. നല്ലയിനം വിത്തുകൾ ലഭിക്കുന്നില്ല.
2. ആവശ്യമുള്ള സമയത്ത് വിത്ത് ലഭിക്കുന്നില്ല
3. വർദ്ധിച്ചു വരുന്ന രോഗ കീടബാധ
4. ഉൽപ്പന്നങ്ങൾക്ക് മതിയായ വില കിട്ടായ്മ
5. സംഭരിച്ചുവെച്ചാൽ എളുപ്പം കേടുവരുന്നു

സാധ്യതകൾ

1. കൃഷിഭവനുകൾ വഴി കൃത്യമായ സമയങ്ങളിൽ നല്ലയിനം വിത്തുകൾ വിതരണം ചെയ്യുക.
2. സ്കൂളുകൾ മുഖേന പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക
3. ഓരോ വീട്ടിലും ഓരോ പച്ചക്കറിതോട്ടം എന്ന ലക്ഷ്യം വെച്ച് പ്രവർത്തിക്കുക
4. ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില കർഷകന് ലഭിക്കാനുള്ള സംവിധാനം ഉണ്ടാക്കുക
5. കേടുകൂടാതെ പച്ചക്കറികൾ സൂക്ഷിക്കുവാനുള്ള സംവിധാനം ഉണ്ടാക്കുക
6. പഞ്ചായത്തിൽ ഒരു പച്ചക്കറി സംഭരണകേന്ദ്രവും, വിൽപ്പനശാലയും ആരംഭിക്കുക

കുരുമുളക്

സമതലങ്ങളിലും കുന്നിൻപ്രദേശങ്ങളിലും ഒരുപോലെ കൃഷിചെയ്തിരുന്ന കുരുമുളക് വിദേശികളെ പോലും കേരളത്തിലേക്ക് ആകർഷിപ്പിച്ചിരുന്നു. ഇന്ന് ഉൽപ്പാദനരംഗത്തെ മാന്ദ്യം കൊണ്ടും, വിലകുറവു കൊണ്ടും ഇത് ചെറുതായി പഞ്ചായത്തിൽ നിന്ന് അപ്രത്യക്ഷമാവുന്നു. കവുങ്ങ്, തെങ്ങ് എന്നിവയോടൊപ്പം ഒരു ഉപവിളയായാണ് കുരുമുളക് കൃഷി ചെയ്തിരുന്നത്. പലരും തോട്ടങ്ങളിൽ നിന്ന് കുരുമുളകിനെ പുറംതള്ളുന്നു. ഗുണനിലവാരകുറവും ഇതിന്റെ വില കുറയാൻ കാരണമായിട്ടുണ്ട്.

പ്രശ്നങ്ങൾ

1. സ്ഥിരമായ വിലനിലവാരം ഇല്ല
2. രോഗ കാരണങ്ങൾ
3. അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങൾ ഉപയോഗിക്കായ്മ
4. ശാസ്ത്രീയ രീതികൾ അവലംബിക്കാതെ പഴയരീതികൾ തുടരുന്നു
5. ശരിയായ രീതിയിൽ സംസ്കരണം നടക്കുന്നില്ല

സാധ്യതകൾ

1. പുതിയ വിത്തിനങ്ങൾ ഉപയോഗിക്കുക
2. കൃഷിരീതി സമ്പ്രദായം നവീനവൽക്കരിക്കുക
3. സംസ്കരണരീതിയെ കുറിച്ച് കർഷകരെ ബോധവാന്മാരാക്കുക
4. കുരുമുളകു കൃഷി പ്രത്യേകപരിഗണന നൽകി പരിപോഷിപ്പിക്കുക

കശുമാവ്

ഇന്ത്യയുടെ ഒരു പ്രധാന നാണ്യവിളയായ കശുമാവ് കൃഷി പഞ്ചായത്തിൽ പ്രതിസന്ധി നേരിട്ടു കൊണ്ടിരിക്കുന്നു. വർഷങ്ങൾക്കു മുൻപ് പറമ്പുകളിലും കുന്നിൻ പ്രദേശങ്ങളിലും കശുമാവ് കൃഷിയുണ്ടായിരുന്നുവെങ്കിലും ഇന്ന് ആ സ്ഥാനം തെങ്ങും റബ്ബറും പിടിച്ചടക്കിയിരിക്കുന്നു. ഉൽപ്പാദന കുറവും രോഗബാധയും കശുമാവ് കൃഷിയിൽ നിന്ന് ആളുകൾ പിന്തിരിയാനിടയായി. അത്യുൽപ്പാദന ശേഷിയുള്ള ഇനങ്ങളുടെ പ്രചാരകുറവും ഒരു പ്രശ്നമാണ്.

പ്രശ്നങ്ങൾ

1. ഉൽപ്പാദനകുറവ്
2. രോഗബാധ
3. ശരിയായ വില കിട്ടായ്മ
4. മികച്ചയിനം കശുമാവിൻ തൈകളുടെ ലഭ്യതകുറവ്

സാധ്യതകൾ

1. അത്യുൽപ്പാദനശേഷിയുള്ള കശുമാവിനങ്ങൾ കൃഷിഭവനിലൂടെ വിതരണം ചെയ്യുക
2. കശുമാവിന് ബാധിക്കുന്ന രോഗങ്ങളെ ഫലപ്രദമായി ചെറുക്കുവാനുള്ള രീതികളെപറ്റി കർഷകനെ ബോധവൽക്കരിക്കുക
3. പഞ്ചായത്തിന്റെ കീഴിൽ ഒരു കശുവണ്ടി സംഭരണകേന്ദ്രം ആരംഭിക്കുക

ഭൂകാണ്ഡങ്ങളും കിഴങ്ങുകളും

ഇഞ്ചി, മഞ്ഞൾ, കൂവ, ചേമ്പ്, ചേന, കാച്ചിൽ, കാവത്ത് തുടങ്ങിയവ പഞ്ചായത്തിൽ ആദ്യകാലങ്ങളിൽ വൻതോതിൽ കൃഷിചെയ്തിരുന്നു. ഇന്ന് വളരെ ചുരുങ്ങിയ തോതിൽ മാത്രമാണ് ഇവ കൃഷി ചെയ്യുന്നത്. ആദ്യകാലങ്ങളിൽ ഈ വിളകൾക്ക് വില കുറവായിരുന്നെങ്കിലും ഇന്ന് തരക്കേടില്ലാത്ത വില ലഭിക്കുന്നുണ്ട്. ഇഞ്ചി, ചേന തുടങ്ങിയവ തമിഴ്നാട്ടിൽ നിന്ന് വൻതോതിൽ കേരളത്തിൽ എത്തുന്നുണ്ട്. മേൽപറഞ്ഞവയെല്ലാം കുറച്ചു സ്ഥലമുണ്ടെങ്കിൽ കൃഷി ചെയ്യാവുന്നവയാണ്. വലിയ രീതിയിലുള്ള പരിചരണമൊന്നും ആവശ്യമില്ലാത്തതിനാൽ ഈ വിളകൾ കൂടുതലായി പുരയിടങ്ങളിൽ ഉൽപ്പാദിപ്പിക്കാൻ ജനങ്ങളെ ബോധവൽക്കരിക്കേണ്ടതുണ്ട്.

മാവ്, പ്ലാവ്

പഴയകാലങ്ങളിൽ ഏതൊരു വീട്ടുവളപ്പിലും ഉണ്ടായിരുന്ന വൃക്ഷങ്ങളാണ് മാവും പ്ലാവും. വീടു നിർമ്മാണത്തിനായി മരം മുറിച്ചതിന്റെ ഭാഗമായി പ്ലാവുകളുടെയും മാവുകളുടെയും എണ്ണത്തിൽ വലിയ കുറവു വന്നിട്ടുണ്ട്. പണ്ട് വേനൽകാലങ്ങളിൽ കുട്ടികൾ മാവിൻ ചുവടുകളിലാണ് അവരുടെ കളികൾ നടത്തിയിരുന്നത്. മാവിലെറിഞ്ഞും മാവിൽ കയറിയും മാങ്ങ തിന്ന് മദിച്ച് നടന്നിരുന്ന കാലം മാവുകൾ അപ്രത്യക്ഷമാവുന്നതോടെ കുട്ടികൾക്ക് നഷ്ടമായി തീരുകയാണ്. വീട്ടുവളപ്പിലെ മാവിൽ നിന്നും കിട്ടുന്ന മാങ്ങ തിന്നാതെ കടലാസ് കൂടുകളിലാക്കി വരുന്ന സിന്തറ്റിക് ജൂസുകളിലാണ് ഇന്ന് കുട്ടികൾക്കും വലിയവർക്കും താത്പര്യം. മറ്റു സംസ്ഥാനങ്ങളിൽ മാവ് കൃഷിചെയ്യുമ്പോൾ ഇവിടെ നാം അവരെ വിറകിനായി മാത്രമാണ് ആശ്രയിക്കുന്നത്. പുരയിടങ്ങളിലുള്ള മാവുകൾ ഇത്തിൾകണ്ണിയുടെ ആക്രമണ ഫലമായി നശിച്ചുകൊണ്ടിരിക്കുന്നു. വലിയ ഫലമായ ചക്കയും ജനങ്ങളുടെ ഇഷ്ടഭോജ്യമല്ലാതായി മാറുന്നു. കേരളത്തിൽ നിന്ന് വൻതോതിൽ ചക്ക ശേഖരിച്ച് അന്യസംസ്ഥാനങ്ങളിലേക്ക് കൊണ്ടുപോയി സംസ്കരിച്ച് ഇവിടെ തന്നെ വിറ്റഴിക്കുന്നുവെന്നതും നാം മനസ്സിലാക്കേണ്ടതുണ്ട്

പുതിയതും, പഴയതുമായ മാവുകൾ നാം നട്ടുവളർത്തേണ്ടതുണ്ട്. പ്ലാവുകൾ നട്ടുപിടിപ്പിച്ചാൽ ചക്കക്കു പുറമെ വിലയേറിയ തടികൂടി നമുക്ക് ലഭിക്കും. ഉള്ള മാവുകളിലെ ഇത്തിൾകണ്ണി പോലുള്ള പരാദ സസ്യങ്ങൾ നശിപ്പിക്കാനും നാം ശ്രദ്ധിക്കേണ്ടതുണ്ട്.

പ്രശ്നങ്ങൾ

1. പുതിയ മാവിനങ്ങളുടെ ലഭ്യതകുറവ്

സാധ്യതകൾ

പുതിയ മാവിനങ്ങൾ കൃഷിഭവനിലൂടെ ലഭ്യമാക്കുക

റബ്ബർ

അടുത്തകാലത്ത് കുന്നിൻ പ്രദേശങ്ങളിൽ റബ്ബർ കൃഷിചെയ്തുവരുവാൻ ആരംഭിച്ചിട്ടുണ്ട്. അടുത്ത കാലത്ത് തുടങ്ങിയതു കൊണ്ടുതന്നെ ഉൽപ്പാദന ക്ഷമതയെ പറ്റി കൃത്യമായി പറയാൻ കഴിയില്ല. ഉൽപ്പാദനം കാര്യക്ഷമമാണെങ്കിൽ കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻ സ്ഥലവും സാഹചര്യവും ഉണ്ട്.

മൾബറി

ചുരുക്കം കർഷകർ കൃഷി ആരംഭിച്ചെങ്കിലും അനുബന്ധ വ്യവസായവും, വിപണനസൗകര്യവും ഇല്ലാത്തതുകൊണ്ടും കൂട്ടായ്മയുടെ കുറവുകൊണ്ടും ഈ മേഖല പാടെ നശിച്ചുകൊണ്ടിരിക്കുകയാണ്. ഈ രംഗത്ത് വായ്പാസൗകര്യങ്ങളും സബ്സിഡികളും ഉണ്ടെങ്കിലും കൃഷിക്കാരന്റെ ശ്രദ്ധ ഈ രംഗത്തേക്ക് തിരിക്കാൻ സാധിച്ചിട്ടില്ല.

ജലസേചനം

കൃഷിയുമായി ബന്ധപ്പെട്ട കുളങ്ങൾ, തോടുകൾ, കിണറുകൾ എന്നിവ വേണ്ട വിധത്തിൽ സംരക്ഷിക്കാത്തതുകൊണ്ട് കാലക്രമേണ ഉപയോഗ ശൂന്യമായി തീരുന്ന കാഴ്ച പഞ്ചായത്തിലുടനീളം ദൃശ്യമാണ്. കോട്ടയിൽ കുളം, ചേറാഞ്ചിറ കുളം തുടങ്ങിയവ ഇതിന് ഉദാഹരണമാണ്. 1 ഏക്കറിലധികം വിസ്തൃതിയുള്ള വലിയ കുളമാണ് ചേറാഞ്ചിറ കുളം. ഭാരതപ്പുഴയെ നാം പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നില്ല. നിലവിലുള്ള പദ്ധതികൾ കുറെകൂടി കാര്യക്ഷമമാക്കുകയും, പുതിയ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യേണ്ടതുണ്ട്.

പട്ടിത്തറ പഞ്ചായത്തിലെ പണി പൂർത്തിയായതോ നടന്നു കൊണ്ടിരിക്കുന്നതോ ആയ ജലസേചന പദ്ധതികളുടെ വിവരങ്ങൾ

Soil and Moisture Conservation

ക്രമ നമ്പർ	പ്രവർത്തിയുടെ പേര്	ആരംഭിച്ച വർഷം	പൂർത്തിയായ വർഷം	എസ്റ്റിമേറ്റ് തുക	ആയക്കെട്ട് വിസ്തീർണം	മറ്റു വിവരങ്ങൾ
1	പറക്കുളം പുനരുദ്ധാരണം	1994	1996	1,75,000	40 ഹെക്ടർ	വാർഡ് 5
2	പനംകുരുകുളം പുനരുദ്ധാരണം	1995	1996	2,00,000	45 ഹെക്ടർ	വാർഡ് 10

നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ചെറുകിട ജലസേചന പദ്ധതികൾ

ക്രമ നമ്പർ	പദ്ധതിയുടെ പേര്	ആയക്കെട്ട് വിസ്തീർണം	എസ്റ്റിമേറ്റ് അടങ്കൽ തുക	ലക്ഷ്യം
1.	പട്ടിക്കായൽ-കൂമാൻ തോട് പരിഷ്കരണ പ്രവർത്തികൾ	350 ഹെക്ടർ	തയ്യാറാക്കിയിട്ടില്ല	യൂറോപ്യൻ എക്കണോമിക്സ് കമ്മ്യൂണിറ്റി പ്രോഗ്രാം ഉൾപ്പെടുത്തിയ ജോലി (കൂമാൻതോടിന് ഭാരതപ്പുഴക്ക് സമീപം വി.സി.ബി. നിർമ്മാണവും കായലിൽ നിന്ന് ഏകദേശം 200മീറ്റർ തോട് നിർമ്മാണം കായലിലേക്കുള്ള വെള്ളം നിയന്ത്രിക്കുന്നതിനുവേണ്ടി)
2.	വെള്ളാര ചോലതോട് പരിഷ്കരണ പ്രവർത്തികൾ	350 ഹെക്ടർ	2,00,000 രൂപയുടെ എസ്റ്റിമേറ്റ്	വി.സി.ബി.നിർമ്മാണവും കനാലിന്റെ 40 മീറ്റർ പരിഷ്കരണ ജോലികളും

പട്ടിത്തറ പഞ്ചായത്ത്-പണിപൂർത്തിയായതോ നടന്നു കൊണ്ടിരിക്കുന്നതോ ആയ ജലസേചന പദ്ധതിയുടെ വിവരങ്ങൾ

ക്രമ നമ്പർ	പ്രവർത്തിയുടെ പേര്	ആരംഭിച്ച വർഷം	പൂർത്തിയായ വർഷം	എസ്റ്റിമേറ്റ് തുക	ആയക്കെട്ട് വിസ്തീർണം	മറ്റു വിവരങ്ങൾ
1.	എൽ. ഐ. സ്കീം തൃത്താല	1958-59	1963	യഥാർത്ഥ എസ്റ്റിമേറ്റ്തുക ഉടനടി കിട്ടില്ല	291 ഹെ. (തൃത്താല പട്ടിത്തറ പഞ്ചായത്തുകൾ കൂടി)	4മോട്ടോർ 40 എച്ച്.പി.വീതം ഇംപല്ലർ കേടു വന്നതും കൊണ്ടും മോട്ടോറുകളുടെ കേട് തീർക്കുവാനും ഏകദേശം 4 ലക്ഷം രൂപയെങ്കിലും ചെലവ് വരും.
2.	എൽ. ഐ. സ്കീം പട്ടിത്തറ	1962-63	1965	ടി	89.47 ഹെ.	30 എച്ച്.പി മോട്ടോറും 25 എച്ച്.പി 2 മോട്ടോറും പഴയ പമ്പുകൾ മാറ്റാനും മോട്ടോർ റിപ്പയർകൾക്കുമായി ഏകദേശം 2 ലക്ഷം രൂപ വേണ്ടിവരും.
3.	വെള്ളാറ ചോല തോട് 1-ാം ഘട്ടം	94-95	1995	1.50 ലക്ഷം	20.4 ഹെക്ടർ	തോട് നിർമ്മാണം
4.	തൃത്താല ലിഫ്റ്റ് ഇറിഗേഷൻ	1967-68	1977-78	—	101.18	—
5.	എം. ഐ. എസ്. ചേറാഞ്ചിറ	1962-63	1988-89	22.65		
6.	എൽ. ഐ. എസ്. പട്ടിത്തറ (പുഞ്ച)	—	—	—	59.68	പട്ടിത്തറ സ്കീമിൽ നിന്ന് പട്ടിക്കായലിലേക്ക്

പട്ടിത്തറ ഗ്രാമ പഞ്ചായത്ത് ജലസേചന സംവിധാനങ്ങൾ

പൊതുജലസേചന കിണർ	കുഴൽ കിണർ	കുളം	ക്രോസ് ബാർ	ആയകെട്ട്
85	26	16	6	39 ഹെക്ടർ

പഞ്ചായത്തിലെ സമഗ്ര കൃഷി വികസനത്തിനായി ഇനിയും ഒട്ടേറെ ജലസേചന സംവിധാനങ്ങൾ ആവശ്യമാണ്. അതിനാവശ്യമായ പദ്ധതികൾ ചുവടെ ചേർക്കുന്നു. പലയിടങ്ങളിലും ട്രാക്ടറിനും ടില്ലറിനും വയലുകളിലേക്കിറങ്ങാനുള്ള സംവിധാനം ഇല്ല. അതിനായി പലയിടങ്ങളിലും റോഡുകളും, റോഡുകളിൽ നിന്ന് വയലുകളിലേക്കിറങ്ങാനുള്ള സംവിധാനങ്ങളും ഉണ്ടാക്കേണ്ടതുണ്ട്. അതുപോലെ പഞ്ചായത്തിൽ നിലവിലുള്ള ഒട്ടേറെ തോടുകൾ മണ്ണുനിറഞ്ഞ്, കാടും പടലും പിടിച്ച് കിടക്കുകയാണ്. ഇവയിലെ മണ്ണെടുത്തും, ആവശ്യമുള്ള മറ്റു പണികൾ പൂർത്തിയാക്കിയും ജലസേചനസൗകര്യങ്ങൾ മെച്ചപ്പെടുത്തിയാൽ കാർഷികരംഗത്ത് ഒരു കുതിച്ചു ചാട്ടം നമുക്ക് നടത്താൻ കഴിയും.

പദ്ധതികളും സാധ്യതകളും

1. നമ്മുടെ പഞ്ചായത്തിലെ ജലദൗർലഭ്യം പരിഹരിക്കുന്നതിന് തൃത്താലയിലെ വെള്ളിയാം കല്ലിൽ കോസ്വേ കം റെഗുലേറ്റർ വരേണ്ടത് പരമപ്രധാനം.

2. ഭാരതപ്പുഴയും തൂതപ്പുഴയും ചേരുന്ന സ്ഥലത്ത് തടയണ നിർമ്മിക്കുക.

3. പട്ടിക്കായൽ താഴ്ത്തി റിസർവോയർ നിർമ്മിക്കുക. ഇതിനെ പുഴയുമായി ബന്ധിപ്പിക്കുന്ന കൂമാൻ തോടുതാഴ്ത്തി, പാർശ്വഭിത്തികെട്ടി തോട് പുഴയുമായി ചേരുന്ന സ്ഥലത്ത് ഷട്ടറും പമ്പ്സെറ്റും സ്ഥാപിക്കുക. ഏകദേശം 200 ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യമുണ്ടാകും. മത്സ്യം വളർത്തുന്നതിനും ജലവിതരണത്തിനും ഇത് ഉപകരിക്കുന്നതാണ്.

4. പുളിയപ്പറ്റക്കായൽ പദ്ധതി : ഭാരതപ്പുഴയിൽ പുളിയപ്പറ്റക്കായൽ കനാൽ വന്നു ചേരുന്ന സ്ഥലത്ത് കിണർകുഴിക്കുകയും പമ്പ്ഹൗസ് സ്ഥാപിച്ച് വേനൽക്കാലത്ത് കനാലിലേക്ക് വെള്ളം പമ്പ് ചെയ്തു കായലിൽ എത്തിക്കുക. പുളിയപ്പറ്റ പാറ എന്ന സ്ഥലത്ത് ഷട്ടർ നിർമ്മിക്കുകയും പമ്പ് സെറ്റ് സ്ഥാപിച്ച് കായലിലെ വെള്ളം പുറത്തേക്കു നീക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തുക. നിലവിലുള്ള തോട് ബണ്ട് കെട്ടി താഴ്ത്തി കായലിലെ കുളങ്ങളുമായി ബന്ധിപ്പിക്കുക.

5. ആറിയിൽ വഴിയിൽ ഒരു ചെറിയ നടപ്പാലം നിർമ്മിച്ച് കാർഷികാവശ്യത്തിനുള്ള സാധനങ്ങൾ കൊണ്ടു പോകുന്നതിനും, കൊണ്ടുവരുന്നതിനുമുള്ള സൗകര്യം ഏർപ്പെടുത്തുക.

6. ചേറാഞ്ചിറ പദ്ധതി : 1 ഏക്കർ 7 സെന്റ് വിസ്തീർണമുള്ള കുളത്തെ സംരക്ഷിക്കുകയും പമ്പ്സെറ്റ് സ്ഥാപിക്കുകയും ചെയ്യുക. 7 ഏക്കർ സ്ഥലത്ത് ജലസേചന സൗകര്യമുണ്ടാവും

7. കോട്ടപ്പാടം പദ്ധതി : ധർമ്മഗിരിക്ക് താഴെ പുളിയപ്പറ്റക്കായലിൽ ട്രാൻസ്ഫോർമറും പമ്പ് സെറ്റും സ്ഥാപിച്ച് വെള്ളം കോടമലക്കുന്ന് വഴി കോട്ടപ്പാടത്ത് എത്തിക്കുകയാണെങ്കിൽ 2-ാംവിള ഉണക്കത്തിൽ നിന്ന് രക്ഷപ്പെടും. 200 ഏക്കർ സ്ഥലത്ത് പ്രയോജനം ലഭിക്കും.

8. ചെർളപ്പാടം പദ്ധതി : കുമ്പത്തോടിൽ ആട്ടയിൽ താഴെ ഒരു മിനിമോട്ടോർ സ്ഥാപിച്ച് കാശാംതോടിലേക്ക് വെള്ളം പമ്പ് ചെയ്ത് ചെർളപ്പാടത്തേക്ക് എത്തിക്കുക. 70 ഏക്കർ സ്ഥലത്ത് പ്രയോജനപ്പെടും.

9. കൊട്ടാരം-പുലേരി ബണ്ട്

നിർമ്മിക്കേണ്ടതും സംരക്ഷിക്കേണ്ടതുമായ തോടുകൾ

1. കരിമ്പില്ലം-എരുമക്കുണ്ട് തോട് താഴ്ത്തി എരുമക്കുണ്ടിൽ ഷട്ടർ ഇടുക
2. തലക്കശ്ശേരി (കിഴക്കേപ്പൊലം)-പട്ടിക്കായൽ തോട്
3. ഒതളൂർ-കരിമ്പില്ലം തോട്
4. പുലേരി പട്ടിക്കായൽ തോട്, പുലേരി-കൊട്ടാരം തോട്.
5. കോട്ടപ്പാടം-തലക്കശ്ശേരി തോട്
6. മനച്ചിക്കോട്-താളിക്കല്ല് തോട്
7. തിരുവാഴക്കോട്-അയിനിക്കുണ്ട് തോട്
8. കുറുങ്കുളം-പട്ടിക്കായൽ തോട്
9. ചുടുകായൽ തോട്
10. ചേറാഞ്ചിറക്കുളം, കോട്ടപ്പാടം തോട്
11. കോക്കാട് തോട്
12. പട്ടിത്തറ-പമ്പ്ഹൗസ് പട്ടിക്കായൽ കനാൽ നിർമ്മിക്കുക
13. കാശാമുക്ക് ചെറുളപ്പാടം തോട്, കുമ്പത്തോടുമായി ബന്ധിപ്പിക്കുക
14. പുഴിത്തുരുത്ത്-പുളിയപ്പറ്റക്കായൽ തോട്.
15. തൃത്താല എൻ.ഐ.എസ്. മങ്ങരപ്പാടം തോട്
16. വട്ടേനാട് പുളിയപ്പറ്റ കായൽ തോട് (കുമ്പത്തോടുമായി ബന്ധിപ്പിക്കുക)
17. പുളിയപ്പറ്റ-പാറ-പറക്കുറപാടം തോട്

കുളങ്ങൾ-താഴ്ത്തേണ്ടവ

1. കോട്ടേക്കുളം, തേൻകുളം, മകൊള്ളപ്പായകുളം, നടുവത്ത് നിലം കുളം
2. അങ്ങാടിക്കുളം
3. തോണിക്കുളം
4. കോട്ടേക്കുളം (വാർഡ് 5)
5. മാനംകുളം
6. ഇഞ്ചിക്കോട് കുളം, ചങ്ങരായി കുളം, മഠത്തിൽ കുളം, ചേന്ദം കുളം.
7. വടക്കീട്ടിൽ പടിക്കുളം, പുതുപ്പള്ളികുളം, മഎയങ്കുറ കുളം,
8. പനങ്കുരു കുളം
9. വളയംകുളം, കല്ലറകുളം, മവങ്കര കുളം, വില്ലുകുളം, തോടുകുളം

ചോലകൾ താഴ്ത്തി ജലസേചനത്തിന് ഉപയുക്തമാക്കുക.

1. മവള്ളറ ചോല, പുച്ചേരി ചോല

കാർഷിക റോഡുകൾ (പുതുതായി നിർമ്മിക്കേണ്ടത്)

1. ഒതളൂർ നിരപ്പറമ്പിൽ നിന്നും തുടങ്ങി പട്ടിക്കായലിന് കുറുകെ പുലേരി-കുണ്ടുകാട് റോഡുമായി ബന്ധിപ്പിക്കുന്ന ബണ്ട് റോഡ് നിർമ്മിക്കുക
2. തലക്കശ്ശേരി-പട്ടിക്കായൽ-റോഡ്
3. മവളർ ചോല-കരിമ്പില്ലം ട്രാക്ടർ റോഡ്
4. തിരുവാഴക്കുളം-അയ്നിക്കുന്ന് റോഡ്
5. തലക്കശ്ശേരി മഹൽത്ത് മസന്റർ-കല്ലാത്ത് കുന്ന് കോളനി
6. ചിറ്റപ്പുറം പുളിയപ്പറ്റ കായൽ റോഡ്
7. കാജാനഗർ-വാഴയിൽ വളപ്പിൽ കോളനി ട്രാക്ടർ റോഡ്
8. ചീരക്കുഴി-കുമ്മറമ്പ് റോഡ്
9. കരിമ്പനക്കുന്ന്-വേങ്ങശ്ശേരി പാടം റോഡ്
10. മലറോഡ്-മചങ്ങോലി ട്രാക്ടർ റോഡ്
11. മഹൽത്ത് മസന്റർ പുളിയപ്പറ്റക്കായൽ റോഡ്
12. നിലമ്പതി-പുളിയപ്പറ്റക്കായൽ റോഡ്
13. ദുരബ റോഡ്
14. ആയത്തട്ട്-പുളിയപ്പറ്റക്കായൽ റോഡ്
15. കുഴിപ്പറമ്പ്-ഇടവഴി കാശാമുക്ക്
16. കാശാമുക്ക്-മചർളപ്പാടം-കക്കാട്ടിരി
17. ഇരിപ്പാഞ്ചേരി ഇടവഴി ട്രാക്ടർ റോഡാക്കുക.

പഞ്ചായത്തിലെ കൃഷികളെ അവലോകനം മചെയ്തതിൽ നിന്നും തെളിഞ്ഞ ചില മപാതുനിർദേശങ്ങൾ ചുവടെ അവതരിപ്പിക്കുന്നു.

1. തരിശുഭൂമിയായി കിടക്കുന്ന കുന്നിൻപ്രദേശങ്ങൾ തട്ടുതട്ടായി തിരിച്ച് കൃഷിയുപയുക്തമാക്കി തെങ്ങ്, കശുമാവ്, ഫലവൃക്ഷങ്ങൾ, മുതലായവ കൃഷി മചെയ്യുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുക. മണ്ണൊലിപ്പ് തടയാനും ഇത് സഹായിക്കും

2. കൃഷിവികസന സേന പഞ്ചായത്തിൽ രജിസ്റ്റർ മചെയ്യുക പഞ്ചായത്തതിർത്തിയിലുള്ള സർക്കാർ തരിശുഭൂമികളും സ്വകാര്യ തരിശുഭൂമികളും കണ്ടെത്തി കൃഷി മചെയ്യുന്നതിനുള്ള മുലധനം സഹകരണ സംഘങ്ങളിൽ നിന്ന് വായ്പയായി നൽകുക. വിത്ത്, വളം എന്നിവ സബ്സിഡി നിരക്കിൽ കൃഷിഭവൻ മുഖേന നൽകുക.

3.നിലവിലുള്ള ജലസേചനപദ്ധതികളുടെ പോരായ്മ പരിഹരിക്കുക. ആവശ്യമുള്ള പുതിയ പദ്ധതികൾ മപരട്ടന്നുതന്നെ നടപ്പിലാക്കുക.

4. പഞ്ചായത്ത് തലത്തിൽ ഒരു കാർഷികവിള സംരക്ഷണ കേന്ദ്രം സ്ഥാപിക്കുകയും കർഷകർക്ക് ന്യായമായ വില ലഭ്യമാക്കുകയും മചെയ്യുക.

5. തനൽകൃഷിക്കും മറ്റ് എല്ലാ കാർഷിക വിളകൾക്കും ജലസേചനസൗകര്യവും കൂടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും വേണ്ടി പഞ്ചായത്തിലെ എല്ലാ വാർഡിൽ നിന്നും വന്ന ഒരു പ്രധാന നിർദേശമായ തൃത്താല മവള്ളിയാം കല്ല്, കോസ്വേ കം റഗുലേറ്റർ ഉടനെ തന്നെ നിർമ്മിക്കണം.

6. തനല്ല്, തെങ്ങ് എന്നിവയുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ഗ്രൂപ്പ് ഫാമിംഗ് നടപ്പിലാക്കുക.

7. പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലെ മണ്ണു പരിശോധന വേണ്ടസമയങ്ങളിൽ നടത്തി വളപ്രയോഗത്തപ്പറ്റി കർഷകർക്ക് ധാരണയുണ്ടാക്കുക.

8. പുതിയ ജലസേചന സമ്പ്രദായങ്ങളായ ഡ്രിപ്പ് ഇറിഗേഷൻ, സ്പ്രിംഗ്ലർ ഇറിഗേഷൻ തുടങ്ങിയവ പ്രചരിപ്പിക്കുക.

9. കർഷകർക്കാവശ്യമായ വിത്തുകളും തൈകളും വിതരണം മചെയ്യാൻ പഞ്ചായത്തിൽ ഒരു നഴ്സറി സ്ഥാപിക്കുക.

10. എല്ലാ കൃഷികൾക്കും ഇൻഷുറൻസ് പദ്ധതി ഏർപ്പെടുത്തുകയും കർഷകരെ അതിൽ അംഗങ്ങളാക്കുകയും മചെയ്യുക.

11. ഓരോ കൃഷിയിലും ഏറ്റവും മികച്ച വിളവുണ്ടാക്കുന്ന കർഷകന് പ്രോത്സാഹന സമ്മാനങ്ങളും അംഗീകാരവും നൽകുക

12. കാർഷിക വിളകൾക്ക് സംഭവിക്കുന്ന കേടുപാടുകളെപറ്റി യഥാസമയം കർഷകരെ ബോധവൽക്കരിക്കുകയും വേണ്ട നിർദേശങ്ങൾ നൽകുകയും മചെയ്യുക.

പട്ടിത്തറയെന്ന കാർഷിക ഗ്രാമത്തിന്റെ നഷ്ടപ്രതാപം വീണ്ടെടുക്കാനുള്ള ഒട്ടേറെ സാധ്യതകളും, നിർദേശങ്ങളും നമ്മുടെ മുന്നിലുണ്ട്. അവയൊക്കെ യാഥാർത്ഥ്യമാക്കാൻ നാം ഒറ്റക്കെട്ടായി പ്രവർത്തിക്കേണ്ട സമയം ഇതാ വന്നണഞ്ഞിയിരിക്കുന്നു. ■

2 മൃഗസംരക്ഷണവും മത്സ്യബന്ധനവും

മൃഗസംരക്ഷണം

ഈ രംഗത്ത് പട്ടിത്തറ പഞ്ചായത്തിൽ വളരെ മുമ്പുതന്നെ കൃഷിക്കും നിത്യവരുമാനത്തിനും വേണ്ടി വളരെയധികമായി പശു, ആട്, പോത്ത്, കാള, എരുമ തുടങ്ങിയ മൃഗങ്ങളേയും കോഴി, താറാവ് തുടങ്ങിയവയെ മുട്ടക്കും മാംസത്തിനും വേണ്ടിയും വളർത്തിയിരുന്നു. കുന്നിൻ പുറങ്ങളിലും പാടങ്ങളിലും വിശാലമായ മേച്ചിൽ പുറങ്ങൾ ഉണ്ടായിരുന്നു. പരിഷ്കാരവും ജീവിതരീതിയും മാറിയതു മൂലം കൃഷിയും കന്നുകാലി വളർത്തലും ഇല്ലാതായി തുടങ്ങി. ഇന്ന് ഇതെല്ലാം നടത്താൻ വളരെ സാധ്യതകൾ ഉണ്ടെങ്കിൽ കൂടി അതിനുള്ള സാഹചര്യങ്ങൾ തീരെ കുറവാണ്. ചെറുകിട കർഷകരും കർഷകത്തൊഴിലാളികളുമാണ് ഇവയെ കൂടുതലും വളർത്തുന്നത്. ഇതിന്റെ പ്രയത്നത്തിന്റെ 60% സ്ത്രീകളിൽനിന്നാണ് എന്നതാണ് ശ്രദ്ധേയമായ വസ്തുത. ഈ മേഖലയിൽ നിന്നുള്ള ഉൽപ്പന്നങ്ങൾ സംസ്ഥാനത്തിനകത്തുതന്നെ ഉപയോഗപ്പെടുത്താമെന്നതിനാൽ മറ്റു പ്രശ്നങ്ങളൊന്നും ഈ വിപണിയെ സാരമായി ബാധിക്കുന്നില്ല. ഗ്രാമീണ ജനതക്ക് കൂടുതൽ തൊഴിൽ ലഭ്യമാക്കിവരുമാനം വർദ്ധിപ്പിക്കുന്നതിന് പുറമെ പോഷകാഹാരങ്ങളായ പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപ്പാദനവും വിതരണവും, തൊഴുവളങ്ങളുടെയും മൃഗശക്തിയുടെയും സംഭാവന എന്നിവ കൂടി ഈ മേഖലയിൽ നിന്ന് ലഭിക്കുന്ന സേവനങ്ങളാണ്.

കാലികൾക്ക് സാധാരണ തരവക്കോലാണ് തീറ്റിയായി കൊടുക്കുന്നത്. തനൽകൃഷി സ്ഥലം ചുരുങ്ങിയത് ഇതിനെ സാരമായി ബാധിച്ചിട്ടുണ്ട്. പണ്ട് കാലികളെ വളർത്തുന്നതിനുള്ള മറ്റൊരു അനുകൂല സാഹചര്യമായിരുന്ന വിശാലമായ മേച്ചിൽ പുറങ്ങൾ ഇന്ന് അപ്രത്യക്ഷമായി. തീറ്റപ്പുൽകൃഷി സമ്പ്രദായം പഞ്ചായത്തിലില്ല. കൂട്ടുകുടുംബ വ്യവസ്ഥിതിയിൽ നിന്ന് അണുകുടുംബ വ്യവസ്ഥിതിയിലേക്ക് സമൂഹം മാറിയതും, പണ്ടത്തേതിൽ നിന്ന് വ്യത്യസ്തമായി പല രോഗങ്ങളും കന്നുകാലി സമ്പത്തിന്റെ ഭീമമായ കുറച്ചിലിന് കാരണമായി.

മൃഗപരിപാലന വിഭാഗത്തിന്റെ വികസനവും, ആധുനികവൽക്കരണവും, രോഗപ്രതിരോധ മേഖലക്കും മൃഗങ്ങളിൽ നിന്നും മനുഷ്യനിലേക്ക് പകരുന്ന പേ വിഷബാധ പോലെയുള്ള മാരക രോഗങ്ങളെ ചെറുക്കാനുള്ള പദ്ധതികൾക്ക് മുൻതൂക്കം കൊടുത്തും മൃഗപരിപരിപാലനരംഗത്ത് നാം ഒരു വൻമുന്നേറ്റം നടത്തേണ്ടിയിരിക്കുന്നു.

സമഗ്ര കന്നുകാലി വികസനത്തിനു വേണ്ടി ഇന്ന് സർക്കാർ പല പദ്ധതികളും ആവിഷ്കരിച്ചു നടപ്പിലാക്കി കൊണ്ടിരിക്കുന്നുണ്ട്. അവയിൽ ചിലത് താഴെ കൊടുക്കുന്നു.

1. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി
2. പേ വിഷ നിർമ്മാർജ്ജന പദ്ധതി
3. കാലിവസന്ത നിർമ്മാർജ്ജന പദ്ധതി
4. ഊർജ്ജിത പന്നിവളർത്തൽ പദ്ധതി
5. ആട് വളർത്തൽ പദ്ധതി
6. കാലി രോഗ വിമുക്തമേഖല പദ്ധതി
7. ബീജസങ്കലന സൗകര്യങ്ങൾ
8. വിജ്ഞാന വ്യാപനവും പരിശീലനവും
9. മൃഗസംരക്ഷണ സേവന പ്രവർത്തനങ്ങൾ
10. മുയൽ വളർത്തൽ വ്യാപകമാക്കുന്ന പദ്ധതി
11. വീട്ടുവളപ്പിലെ കോഴിവളർത്തൽ പദ്ധതി
12. താറാവ് കൃഷി

വളർത്തുപക്ഷി സംഖ്യ

വാർഡ്	പൂവൻകോഴി	പിടക്കോഴി മുട്ട ഇടുന്നത്	പിടക്കോഴി മുട്ട ഇടാത്തത്	താറാവ് ആൺ	താറാവ് പെൺ	മറ്റുള്ളവ
1.	216	666	263	–	–	–
2.	96	470	589	3	6	5
3.	135	632	179	–	8	–
4.	75	328	30	2	5	–
5.	103	358	71	4	4	–
6.	62	322	23	–	1	–
7.	79	406	235	3	7	–
8.	155	483	191	6	1	–
9.	120	466	110	–	–	–
10.	160	420	310	–	4	–
11.	149	398	53	2	3	–

കാലിസമ്പത്ത്

വംശ വർദ്ധനവ് മറ്റുള്ളവ കറവ ഉള്ളത് കറവ ഇല്ലാത്തത് കറവ ഉള്ളത് കറവ ഇല്ലാത്തത്

വാർഡ്	കാള നാടൻ		കാള സങ്കരം		പശു നാടൻ		പശു സങ്കരം		എരുമ		പോത്ത്	ആട്	പട്ടി
	വംശ വർദ്ധനവ്	മറ്റു ഉള്ളവ	വംശ വർദ്ധനവ്	മറ്റു ഉള്ളവ	കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്			
1.	1	21	–	4	85	59	16	30	–	–	8	254	67
2.	–	1	–	16	7	17	40	146	2	2	7	298	55
3.	–	23	–	16	30	117	24	44	–	–	6	230	68
4.	–	3	–	14	6	15	35	89	–	–	14	168	24
5.	–	12	–	12	23	78	33	57	–	–	10	198	36
6.	–	–	–	15	–	–	43	202	–	2	2	80	61
7.	–	6	–	6	16	51	20	65	–	–	–	176	84
8.	–	15	–	4	16	106	21	56	–	–	5	257	26
9.	–	–	–	14	5	18	23	110	–	2	11	109	68
10.	–	8	–	25	17	34	57	171	–	–	26	182	79
11.	1	–	1	13	1	4	50	148	–	–	13	178	74
ആകെ	2	89	1	139	295	499	362	1118	2	6	104	2130	612

ഒരു ചെറുകിട കർഷകന് ഒരു പശുവിന് തീറ്റക്കാവശ്യമായ തൈക്കോൽ അയാളുടെ കൃഷി സ്ഥലത്ത് നിന്ന് തന്നെ ലഭിക്കും. ഒരു മതാഴിലാളിക്ക് പകുതി ദിവസം പശുവിനായി ചെലവഴിക്കേണ്ടിവരും. പശുവിന് തീറ്റക്കാവശ്യമായ തൈക്കോൽ അയാൾ പണം നൽകി വാങ്ങേണ്ടിയും വരുന്നു. വയൽ വരമ്പിൽ നിന്നാണ് കാര്യമായി പുല്ല് ശേഖരിക്കുന്നത്. മനല്ലിനായി പ്രയോഗിക്കുന്ന കീടനാശിനികൾ ഒട്ടും കുറവല്ലാത്ത തരത്തിൽ വയൽ വരമ്പിലെ പുല്ലിലും പതിച്ചിരിക്കും. തൈക്കോലിലും കീടനാശിനികളുടെ അംശമുണ്ടായിരിക്കും. ഇത് രപാതുവെ രോഗ പ്രതിരോധശേഷി കുറഞ്ഞ സങ്കര ഇനങ്ങളുടെ നില കൂടുതൽ അപകടകരമാക്കുന്നു.

ഇന്ന് മാർക്കറ്റിൽ ലഭിക്കുന്ന കാലിത്തീറ്റകളെല്ലാം തന്നെ ഗുണനിലവാരം കുറഞ്ഞതും വളരെ വില കൂടിയതുമാണ്. വൻതോതിലുള്ള പരസ്യങ്ങളിലൂടെയാണല്ലോ ഇവർ ഉപഭോക്താക്കളെ ആകർഷിക്കുന്നത് തന്നെ. ഇത് തന്നെ ഉൽപ്പന്നത്തിന്റെ ഗുണനിലവാരത്തെ കുറക്കുന്നു എന്ന കാര്യം കർഷകരെ സംബന്ധിച്ചിടത്തോളം അജ്ഞാതമാണ്. ബ്ലോക്ക് തലത്തിൽ ഒരു കാലിത്തീറ്റ നിർമ്മാണ യൂണിറ്റ് സഹകരണാടിസ്ഥാനത്തിൽ തുടങ്ങിയോ, ക്ഷീര സഹകരണ സംഘങ്ങളിലൂടെ മിതമായ നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുകയോ വേണം.

രോഗവിവരങ്ങൾ

രോഗങ്ങൾ	പശു	എരുമ	ആട്	കോഴി
ദഹനസംബന്ധമായവ	96	5	68	–
ശ്വാസകോശസംബന്ധം	21	–	29	–
ഉപാപചയ സംബന്ധം	84	2	27	–
ത്വക്ക് രോഗങ്ങൾ	22	1	6	–
ധാതു ലവണങ്ങളുടെ അഭാവം	11	–	8	–
പരാദ രോഗങ്ങൾ	161	3	9	3
പ്രത്യുല്പാദനവ്യവസ്ഥയുമായി ബന്ധപ്പെട്ടവ	43	–	11	–
വന്ധ്യത	46	–	–	–
അകിടു വീക്കം	44	–	5	–
മുടന്തൻ പനി	24	–	8	–
പകർച്ചവ്യാധികൾ	6	–	5	89

ഈ പട്ടികയിൽ നിന്നും ഏറ്റവും കൂടുതൽ പശുക്കൾക്ക് ബാധിച്ചിരിക്കുന്നത് പരാദ രോഗ വിഭാഗത്തിൽപ്പെട്ട രോഗങ്ങളാണെന്ന് കാണാം. ഇത് പരിസര ശുചിത്വത്തിന്റെ ആവശ്യകതയിലേക്ക് വിരൽ ചൂണ്ടുന്നു. രണ്ടാമതായി കാണപ്പെടുന്നത് ദഹന സംബന്ധവും, ഉപാപചയ സംബന്ധവുമായ രോഗങ്ങളാണ്. ഈ രോഗങ്ങൾ ഭൂരിഭാഗവും കഴിക്കുന്ന ഭക്ഷണത്തെയാണ് ആശ്രയിച്ചിരിക്കുന്നത്. കൃഷി സ്ഥലങ്ങളിലെ അമിതമായ കീടനാശിനിപ്രയോഗവും രാസവള പ്രയോഗവും ഇതിന് ഒരു കാരണമാണ്. മറ്റൊരു കാരണം ഇന്ന് മാർക്കറ്റിൽ ലഭിക്കുന്ന കാലിത്തീറ്റകളുടെതാണ്. ഇവയുടെ ഗുണനിലവാരത്തെപ്പറ്റിയും അവ ദീർഘകാലത്തിൽ കാലികളുടെ ശരീരത്തിൽ ഉണ്ടാക്കുന്ന മാറ്റത്തെപ്പറ്റിയും ഒരു ശാസ്ത്രീയ വിശകലനം നടത്തേണ്ടതാണ്. വന്ധ്യത മൂലമുള്ള പ്രശ്നങ്ങളും കന്നുകാലി സമ്പത്തിനെ സാരമായി ബാധിക്കുന്നു.

ഏറ്റവും കൂടുതൽ കോഴികളെ ബാധിക്കുന്നത് പകർച്ചവ്യാധികളാണ്. ഇത് രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ കുറവ് നിമിത്തമാണ്. ഈ പട്ടിക നമുക്ക് നൽകുന്നത് ആധുനിക ശാസ്ത്രത്തിന് മൃഗ പരിപാലനരംഗത്തുണ്ടായ നേട്ടത്തിന്റെ വ്യാപനത്തിലൂടെ മാത്രമേ നമുക്ക് മൃഗപരിപാലനരംഗത്ത് മുന്നോട്ട് പോകാൻ കഴിയൂ എന്ന പാഠമാണ്.

വിപണന–സംസ്കരണ സംവിധാനങ്ങൾ

ഏതൊരു വ്യവസായ, കാർഷിക സംരംഭത്തിന്റെയും വിജയം കുടികൊള്ളുന്നത്, അതിന്റെ ഫലമായുണ്ടാകുന്ന ഉൽപ്പന്നത്തിന് കൃത്യമായ വിപണന സൗകര്യവും ആദായകരമായ വിലയും ലഭിക്കുന്നതിലാണ്. വിപണനരംഗത്ത് ചില സംരംഭങ്ങൾ നമ്മുടെ പഞ്ചായത്തിൽ പുതുതായി തുടങ്ങിയിട്ടുണ്ട്. അവയുടെ പ്രവർത്തനങ്ങളെപ്പറ്റി വിലയിരുത്താൻ സമയമായിട്ടില്ല. കർഷകന് ഗുണകരമായ ഒരു ചുറ്റുപാട് നമുക്ക് ഇതിലൂടെ പ്രത്യാശിക്കാം.

കന്നുകാലികളുടെ വിപണനരംഗം ഇന്ന് കർഷകൻ ഏറ്റവും കൂടുതൽ ചൂഷണം ചെയ്യപ്പെടുന്ന മേഖലയാണ്. ആവശ്യക്കാർ നേരിട്ടല്ലാതെ ഇടനിലക്കാരൻ മുഖേനയുള്ള തരംമാറ്റം അവസാനിച്ചേ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയൂ. കൃഷിക്കാരുടെ ഒരു സഹകരണസംഘം രൂപീകരിച്ച് അവരുടെ കന്നുകാലികളെ നേരിട്ട് ചന്തകളിലെത്തിക്കുന്ന സംവിധാനത്തിലൂടെ മാത്രമേ ഈ പ്രശ്നത്തിന് പൂർണ്ണമായ പരിഹാരം കാണാൻ കഴിയൂ.

മൃഗാശുപത്രി

നമ്മുടെ പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയുണ്ട്. ഇവിടെ ഒരു ഡോക്ടറുടെ സേവനം അനിവാര്യമാണ്. ഇന്ന് കൃത്രിമ ബീജസങ്കലനം നടത്തലാണ് ഇതിന്റെ പ്രധാനജോലി. മൃഗസംരക്ഷണ വകുപ്പിന്റെ പ്രവർത്തനങ്ങളെ കുറിച്ച് ജനങ്ങളെ കൂടുതൽ ബോധവാന്മാരാക്കുകയും, ധനസഹായം ലഭിച്ചവരെകുറിച്ച് ശരിയായ 'മോണിറ്ററിംഗ്' നടത്തുകയും വേണം.

അറവുശാലകൾ

മോശമായ അറവുശാലകളും മാംസവിപണന രീതികളുമാണ് ഇന്ന് പഞ്ചായത്തിലുള്ളത്. ആരോഗ്യ കുറവുള്ളതും രോഗബാധിതവുമായ കന്നുകാലികളെയാണ് ഉപയോഗിക്കുന്നത്.

പ്രശ്നങ്ങൾ

1. ഉൽപ്പന്നങ്ങളുടെ വിപണനസംസ്കരണ സൗകര്യം.
2. കന്നുകാലി രോഗങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മ
3. ചികിത്സ സൗകര്യങ്ങളുടെ അപര്യാപ്തത
4. രോഗ പ്രതിരോധപ്രവർത്തനങ്ങളുടെ

അപര്യാപ്തത

5. ധനസഹായങ്ങളുടെ അപര്യാപ്തത, ആവശ്യമുള്ളവർക്ക് ലഭിക്കുന്നില്ല

6. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളുടെ ഭീഷണി

7. കാലിത്തീറ്റകളുടെ വിലവർദ്ധനവ്

8. രാസവളങ്ങളുടെയും, കീടനാശിനികളുടെയും ഭീഷണി

9. ഗുണനിലവാരം കുറഞ്ഞ കാലിത്തീറ്റ

10. അറവുശാലകളുടെ ഭാഗമായി ഉണ്ടാകുന്ന മാലിന്യപ്രശ്നം

11. സങ്കരവർഗ്ഗങ്ങളെ ലഭിക്കുന്നില്ല

സാധ്യതകൾ

1. ക്ഷീരസഹകരണസംഘങ്ങൾ ഉണ്ടാക്കി എല്ലാ വാർഡുകളിലും പാൽ സംഭരണകേന്ദ്രങ്ങൾ സ്ഥാപിക്കുക

2. മൃഗപരിപാലനത്തെ കുറിച്ചും, രോഗങ്ങളെ ക്കുറിച്ചും ജനങ്ങളെ ബോധവാന്മാരാക്കുക.

3. പഞ്ചായത്തിലെ മൃഗാശുപത്രിയിൽ ഡോക്ടറുടെ സേവനം, ആവശ്യമായ മരുന്നുകളുടെ ലഭ്യത എന്നിവ ഉറപ്പ് വരുത്തുക

4. വാർഡുകളെ കേന്ദ്രീകരിച്ച് ബീജസങ്കലനകേന്ദ്രം തുറക്കുക (ഉള്ള ബീജസങ്കലനകേന്ദ്രത്തിന്റെ പ്രവർത്തനം പഞ്ചായത്തിൽ എല്ലാവർക്കും ഒരു പോലെ ലഭിക്കത്തക്കവിധത്തിൽ ക്രമീകരണം ഏർപ്പെടുത്തുക)

5. ധനസഹായങ്ങൾ പഞ്ചായത്തിലൂടെ വിതരണം ചെയ്യുക.

6. ധനസഹായവ്യവസ്ഥകൾ ലഘൂകരിക്കുക

7. അലഞ്ഞുതിരിയുന്ന നായ്ക്കളെ നശിപ്പിക്കുക. വളർത്തുനായ്ക്കൾക്ക് പ്രതിരോധ കുത്തിവെയ്പ് എടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക

8. സഹകരണ സംഘങ്ങളിലൂടെ കാലിത്തീറ്റ മിതമായ നിരക്കിൽ വിതരണം ചെയ്യുക. കാലിത്തീറ്റ കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുക

9. ബ്ലോക്ക് അടിസ്ഥാനത്തിൽ സംസ്കരണ കേന്ദ്രവും കാലിത്തീറ്റ നിർമ്മാണകേന്ദ്രവും ആരംഭിക്കുക

10. ബ്ലോക്ക് തലത്തിൽ ഒരു 'വന്ധ്യതാ നിവാരണ ക്ലീനിക്' ആരംഭിക്കുക

11. കൃത്രിമ ബീജസങ്കലനം ആട്, എരുമ എന്നിവയിലേക്ക് കൂടി വ്യാപിപ്പിക്കുക

12. അറവ് ശാലകൾക്ക് ലൈസൻസ് നിർബന്ധമാക്കുക. നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക

13. തൃത്താല-ആലൂർ റോട്ടിലെ വട്ടത്താണിയിൽ അനധികൃതമായി എല്ല് സൂക്ഷിക്കുന്നത് നിർത്തലാക്കുക

14. ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റ് തുടങ്ങാനാവശ്യമായ ധനസഹായവും, കുഞ്ഞുങ്ങളെ ലഭിക്കാനുള്ള സംവിധാനവും ഏർപ്പെടുത്തുക

15. ബ്ലോക്ക് തലത്തിൽ ഒരു ഹാച്ചറി സ്ഥാപിക്കുക

16. കാലികർഷകർക്ക് ഗോബർഗ്യാസ് പ്ലാന്റ് നിർമ്മിക്കാനാവശ്യമായ സംവിധാനം ഏർപ്പെടുത്തുക.

മത്സ്യബന്ധനം

ഭാരതപ്പുഴ, കായലുകൾ, തോടുകൾ, കുളങ്ങൾ എന്നിവയെല്ലാം ഉണ്ടെങ്കിലും പഞ്ചായത്ത് മത്സ്യ സമ്പത്തിന്റെ കാര്യത്തിൽ പിറകിലാണ്. പണ്ട്കാലത്ത് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി ധാരാളം മത്സ്യം കിട്ടിയിരുന്നതായി പഴമക്കാർ പറയുന്നു. പണ്ട് കാലത്ത് നമ്മുടെ കായലുകളിൽ നിന്ന് ലഭിച്ചിരുന്ന പല മത്സ്യങ്ങളും ഇന്ന് അപ്രത്യക്ഷമായി. നമ്മുടെ ഉള്ള മത്സ്യസമ്പത്തു തന്നെ മുപ്പതു കൊല്ലം മുമ്പുണ്ടായിരുന്നതിന്റെ 1/20 ആയി കുറഞ്ഞിട്ടുണ്ട്. ആധുനിക കൃഷിരീതികളും, അശാസ്ത്രീയ മത്സ്യ ബന്ധനവും വരൾച്ചയും ഇതിന് കാരണമായിട്ടുണ്ട്. അടുത്ത കാലം വരെ നമുക്ക് സുലഭമായി ലഭിച്ചിരുന്ന രുചിയേറിയ ബ്രാൽ (കണ്ണൻ) പെട്ടെന്നുണ്ടായ വംശനാശം നിമിത്തം അപ്രത്യക്ഷമായി. ഇതിന്റെ കാരണങ്ങളെകുറിച്ച് ശാസ്ത്രീയമായ ഒരു പഠനം പോലും നടത്താൻ കഴിഞ്ഞില്ല എന്നത് ദുഃഖകരമായ സത്യമാണ്. ഇത് നമ്മുടെ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിൽ നമുക്കുള്ള അനാസ്ഥയാണ് കാണിക്കുന്നത്. ജനകീയാസൂത്രണത്തിലൂടെ ഉയർന്നുവന്ന പദ്ധതികൾ സാക്ഷാൽക്കരിക്കുകയാണെങ്കിൽ മത്സ്യകൃഷി രംഗത്ത് നമുക്ക് ഒരു വൻ മുന്നേറ്റം സാധ്യമാണ്.

ഉള്ള കുളങ്ങളെ നാം ശാസ്ത്രീയമായി ഉപയോഗിക്കുകയാണെങ്കിൽ ഇന്നും നമുക്ക് ശാസ്ത്രീയ മത്സ്യകൃഷിരംഗത്ത് സാധ്യതകളുണ്ട്. വർഷകാലം മുതൽ ഏകദേശം ഏഴ് മാസത്തോളം നമ്മുടെ കുളങ്ങളിൽ ധാരാളം വെള്ളമുണ്ടായിരിക്കും. വർഷകാലാരംഭത്തിൽ കൃഷിയിറക്കിയാൽ, വലിയ ചെലവില്ലാതെ ഈ മേഖലയിൽ നിന്ന് നമുക്ക് നല്ല ആദായം പ്രതീക്ഷിക്കാം.

പ്രശ്നങ്ങൾ

1. ശാസ്ത്രീയ മത്സ്യകൃഷിയെക്കുറിച്ചും, കൃഷി രീതിയെക്കുറിച്ചുമുള്ള അറിവില്ലായ്മ

2. മത്സ്യക്കുഞ്ഞുങ്ങളെ യഥാസമയം ലഭിക്കാനുള്ള ബുദ്ധിമുട്ട്

3. ഉദ്യോസ്ഥ കർഷക ബന്ധം

4. മത്സ്യകുഞ്ഞുങ്ങളുടെ വില

സാധ്യതകൾ

1. മത്സ്യകൃഷിയെ ക്കുറിച്ചും സാധ്യതകളെകുറിച്ചും ജനങ്ങളെ ബോധവാന്മാരാക്കുക

2. ആവശ്യമുള്ള കർഷകർക്ക് മത്സ്യക്കുഞ്ഞുങ്ങളെ പഞ്ചായത്ത് മിതമായ നിരക്കിൽ ലഭ്യമാക്കുക

പരസ്പരപൂരകങ്ങളായ കാർഷിക മേഖലയുടെയും മൃഗപരിപാലനമേഖലയുടെയും വികസനത്തിലൂടെ മാത്രമെ നമുടെ സംസ്ഥാനം നേരിട്ടുകൊണ്ടിരിക്കുന്ന രൂക്ഷമായ ഉൽപ്പാദനപ്രതിസന്ധി പരിഹരിക്കുവാൻ കഴിയൂ. ജനകീയാസൂത്രണത്തിലൂടെയുള്ള അനുകൂല സാഹചര്യങ്ങൾ പരമാവധി മുതലാക്കി നമ്മുടെ പഞ്ചായത്തിന്റെയും സംസ്ഥാനത്തിന്റെയും പുരോഗതിക്കുവേണ്ടി നമുക്ക് കൂട്ടായി യത്നിക്കാം. ●

വിദ്യാഭ്യാസം

3

സ്വതന്ത്ര്യ സമരത്തിന്റെ ഭാഗമായി പല സ്ഥലങ്ങളിലും നടന്ന വൻ മുന്നേറ്റമൊന്നും ഈ പഞ്ചായത്തിൽ ദൃശ്യമായിരുന്നില്ല. പ്രത്യേകിച്ചും വിദ്യഭ്യാസരംഗത്ത്. ഒഴുകിൽ പടിഞ്ഞാറെപ്പാട്ട് എന്ന വീട്ടിലാണ് പഞ്ചായത്തിൽ വിദ്യഭ്യാസത്തിന്റെ ആദ്യത്തെ നാമ്പ്മുള പൊട്ടിയതെന്ന് പറയാം. അവിടുത്തെ കുട്ടികൾക്ക് പഠിക്കാനായി വീട്ടിൽ വെച്ച് തന്നെ അവർ ഒരു കുടിപ്പള്ളിക്കൂടം നടത്തിയിരുന്നു. വീട്ടിലെ പെൺകുട്ടികളെയും ഇവിടെ പഠിപ്പിച്ചിരുന്നു. പിന്നീട് കൂടുതൽ കുട്ടികളെ പഠിപ്പിക്കുന്നതിനായി അവർ പട്ടിത്തറയുടെ ഹൃദയഭാഗത്ത് ഒരു എലിമെന്ററി സ്കൂൾ സ്ഥാപിച്ചു. പഞ്ചായത്തിലെ ആദ്യത്തെ അംഗീകൃത സ്കൂളായ എ.ജി.ബി.എസ്. പടിഞ്ഞാറനാടും ഇതിനോടൊപ്പം തന്നെയാണ് സ്ഥാപിക്കപ്പെട്ടത്.

1915ൽ ആണ് പട്ടിത്തറ സ്കൂൾ നിലവിൽ വരുന്നത്. ഇത് പിന്നീട് ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിലായി. പിന്നീട് 1938ൽ തൊഴൂക്കരയിൽ ഒരു എൽ.പി.സ്കൂൾ നിലവിൽ വന്നു. പക്ഷെ പിന്നീട് അത് ഇല്ലാതായി. കോട്ടപ്പാടത്ത് ഒരു എൽ.പി. സ്കൂൾ ഉണ്ടായിരുന്നു. പിന്നീട് ഇത് തലക്കശ്ശേരിയിലേക്ക് മാറ്റി. ഈ സ്കൂൾ ഇന്നും കോട്ടപ്പാടം എ. ജെ. ബി. എസ്. എന്ന പേരിൽ അറിയപ്പെടാൻ കാരണം ഇതാണ്.

പഞ്ചായത്തിലെ ഒരേ ഒരു ഹൈസ്കൂളാണ് വട്ടേനാട് ഹൈസ്കൂൾ. 1960ൽ ആണ് ഇത് നിലവിൽ വന്നത്. ആദ്യകാലങ്ങളിൽ ഹൈസ്കൂൾ വിദ്യഭ്യാസ ത്തിനായി വളരെ ദൂരെയുള്ള പട്ടാമ്പി, കുമരനല്ലൂർ, കുറ്റിപ്പുറം സ്കൂളിലേക്കാണ് എല്ലാവരും പോയിരുന്നത്. 1989ൽ വട്ടേനാട് ഹൈസ്കൂളിൽ വൊക്കേഷണൽ ഹയർ സെക്കന്ററി തുടങ്ങി.

സ്വതന്ത്ര്യം ലഭിച്ചതിനുശേഷമാണ് കൂടുതൽ സ്കൂളുകൾ നിലവിൽ വന്നത്. ഇന്ന് പഞ്ചായത്തിൽ അഞ്ച് സർക്കാർ സ്കൂളുകളും മൂന്ന് എയ്ഡഡ് സ്കൂളുകളും ഉണ്ട്. ഇതിൽ 5 എൽ.പി കളും 2എണ്ണം യു.പി കളുമാണ്. ഈ പഞ്ചായത്തിൽ അൺ എയഡഡ് സ്കൂളുകൾ ഒന്നും തന്നെ ഇല്ല. കഴിഞ്ഞ 20വർഷ ത്തിനുള്ളിൽ സ്കൂളുകളുടെ എണ്ണം കൂടുകയോ കുറയുകയോ ചെയ്തിട്ടില്ല.

പട്ടിക 1 ൽ സ്കൂളുകളുടെ പേരുവിവരം നൽകിയിട്ടുണ്ട്

പഞ്ചായത്തിലെ വിവിധ സ്കൂളുകളിലായി 176 അധ്യാപകരുണ്ട്. ഇതിൽ 65പുരുഷന്മാരും 111 സ്ത്രീകളുമാണ്. അധ്യാപികമാരുടെ എണ്ണമാണ് കൂടുതൽ എന്ന വസ്തുത കുട്ടികളുടെ പാഠ്യേതര പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ടോ എന്ന്

പട്ടിക 1 സ്കൂളുകളുടെ പേരുവിവരം

സ്കൂളിന്റെ പേര്	വിഭാഗം	സർക്കാർ	എയ്ഡഡ്	കുട്ടികളുടെ എണ്ണം			അധ്യാപകർ
				ആൺ	പെൺ	ആകെ	
എ.ജെ.ബി.എസ്.പടിഞ്ഞാറനാട്	എൽ.പി.		✓	141	149	290	10
ജി.എൽ.പി.എസ്. ആലൂർ	എൽ.പി.	✓		122	101	223	8
ജി.എൽ.പി.എസ്.പട്ടിത്തറ	എൽ.പി.	✓		50	78	128	5
എ.ജെ.ബി.എസ്. കോട്ടപ്പാടം	എൽ.പി.		✓	113	114	227	9
ജി.എൽ.പി.എസ്.വട്ടേനാട്	എൽ.പി.	✓		322	290	612	16
എ.എം.യു.പി.എസ്.ആലൂർ	യു.പി		✓	421	426	847	25
ജി.എച്ച്.എസ്.വട്ടേനാട്	ഹൈസ്കൂൾ	✓		1333	1376	2609	81
ജി.യു.പി.എസ്.കക്കാട്ടിരി	യു.പി.	✓		367	350	717	22

പരിശോധിക്കേണ്ടിയിരിക്കുന്നു. ഗവ. സ്കൂളുകളിൽ പലപ്പോഴും അധ്യാപകരുടെ കുറവ് നികത്താൻ താമസം നേരിടാറുണ്ട്. വിദ്യാർത്ഥികൾ 2882ഉം വിദ്യാർത്ഥിനികൾ 2865ഉം ആണ്. ആകെ 5747 കുട്ടികൾ പഞ്ചായത്തിലെ വിവിധ സ്കൂളുകളിലായി പഠിക്കുന്നുണ്ട്. വട്ടേനാട് ഹൈസ്കൂളിൽ പട്ടിത്തറ പഞ്ചായത്തിലെ 30% കുട്ടികൾ മാത്രമേ പഠിക്കുന്നുള്ളൂ. മറ്റു കുട്ടികൾ മറ്റ് പഞ്ചായത്തുകളിലെ സ്കൂളിലാണ് പഠിക്കുന്നത്. അതുകൊണ്ട് ഇത് വളരെ കൃത്യമായ ഒരു കണക്കാണെന്ന് പറയാൻ സാധ്യമല്ല. ഏകദേശം 125പേർ ഓരോ വർഷവും കൊഴിഞ്ഞുപോകുന്നു. ഇതിൽ പെൺകുട്ടികൾ 15പേർ മാത്രമാണ്. നിലവിലുള്ള സാഹചര്യം വച്ചുകൊണ്ട് ഇതിന് കാരണമെന്തെന്ന് പറയാൻ വിഷമമുണ്ട്. ഓരോ ഡിവിഷനിലേയും വിദ്യാർത്ഥികളുടെ രമാത്തം എണ്ണം പട്ടിക 2ൽ കൊടുത്തിട്ടുണ്ട്.

പഞ്ചായത്തിൽ അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ ഒന്നും തന്നെയില്ലെങ്കിലും അയൽ പഞ്ചായത്തുകളിൽ ധാരാളം ഇംഗ്ലീഷ്മീഡിയം സ്കൂളുകളുണ്ട്. പഞ്ചായത്തിലെ നിരവധി വിദ്യാർത്ഥികൾ ഇവിടെ പഠിക്കുന്നുണ്ട്. ഇത് പഞ്ചായത്തിലെ പല സ്കൂളുകളെയും ബാധിക്കുന്നുണ്ട്. ചില സ്കൂളുകളിലെയെങ്കിലും ഡിവിഷൻ നഷ്ടപ്പെടുമെന്ന ഭീതിക്ക് ഇതൊരു കാരണമാകുന്നു. ഇംഗ്ലീഷ്മീഡിയത്തോടുള്ള ഭ്രമം ജനങ്ങളിൽ കൂടി വരുന്നതായാണ് ജനങ്ങളുടെ പ്രതികരണങ്ങൾ തെളിയിക്കുന്നത്.

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ പഞ്ചായത്തിലില്ല. പാലക്കാട്, മലപ്പുറം, തൃശ്ശൂർ ജില്ലകളിലെ വിവിധ കോളേജുകളിലാണ് ഇവിടുത്തെ കുട്ടികൾ ഉപരിപഠനത്തിനായി പോകുന്നത്. പഞ്ചായത്തിലെ ഹൈസ്കൂളിൽ 27% മാത്രമേ വിജയം ഉള്ളൂ. ഇവിടെ സമാന്തര വിദ്യാലയങ്ങൾ നിലവിലില്ല. അതിനും കുട്ടികൾക്ക് പട്ടാമ്പി, കുന്നംകുളം പ്രദേശങ്ങളെ ആശ്രയിക്കേണ്ടി വരുന്നു. മിക്ക സ്കൂളുകളുടെയും സമീപത്ത് ട്യൂഷൻ സെന്റർ ഉണ്ട്. പഞ്ചായത്തിൽ പടിഞ്ഞാറങ്ങാടി മാത്രമാണ് ഒരു ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഉള്ളത്.

അംഗനവാടികൾ ഒഴിച്ച് മറ്റ് പ്രീപ്രൈമറി സ്ഥാപനങ്ങളോ നഴ്സറി സ്കൂളുകളോ ഇവിടെ ഇല്ല. പഞ്ചായത്തിൽ രവറും മുപ്പത്തിരണ്ട് അംഗനവാടികൾ മാത്രമേ ഉള്ളൂ.

മതപഠനരംഗത്ത് മദ്രസകൾ നിലവിലുണ്ട്. ഇതിൽ രാവിലെ 10മണിവരെയും രാത്രി വളരെ രൈകുവോളവും പഠനം ഉണ്ട്. പഞ്ചായത്തിൽ രണ്ട് മുസ്ലീം സ്കൂളുകളാണ് നിലവിലുള്ളത്. ഈ വിദ്യാലയങ്ങളിൽ മധ്യവേനലവധി ഒരു മാസമേ ഉള്ളൂവെന്നതിനാൽ ഏപ്രിൽ മാസത്തെ കൊടുംചൂടിൽ കുട്ടികൾ വല്ലാതെ കഷ്ടപ്പെടുന്നു.

സാക്ഷരതാപ്രസ്ഥാനം ആദ്യഘട്ടത്തിൽ വളരെ സജീവമായിരുന്നു. നിരക്ഷരരുടെയും മറ്റുള്ളവരുടെയും ഇടയിൽ വലിയ ആവേശം ഉളവാക്കാൻ ഇതിന് കഴിഞ്ഞിരുന്നു. എന്നാൽ തുടർസാക്ഷരത ഫലപ്രദമായി നടക്കാത്തതിനാൽ ഇന്ന് ഈ രംഗത്ത് ഒരു മാന്ദ്യം ദൃശ്യമാണ്. ഇതിന്റെ ഫലമായി പഞ്ചായത്തിൽ നിന്ന് നിരക്ഷരത പൂർണ്ണമായും തുടച്ചുനീക്കാൻ കഴിഞ്ഞിട്ടില്ല.

വട്ടേനാട് ഹൈസ്കൂളിൽ നിലനിൽക്കുന്ന ഷിഫ്റ്റ് സമ്പ്രദായം അവിടുത്തെ പഠന നിലവാരത്തെ ബാധിക്കുന്നു. ഇത് മാറ്റിയെടുക്കാൻ ഇവിടെ 30 ക്ലാസ്മുറികൾ കൂടി ആവശ്യമാണ്. ഇവിടെ ഇതിനുള്ള സ്ഥലസൗകര്യവുമുണ്ട്. സ്കൂളുകളിൽ മിക്കവാറും പ്രാഥമികസൗകര്യങ്ങൾ ഇല്ലാത്തതുകൊണ്ട് വളരെ ദയനീയ അവസ്ഥയാണ്. നിലവിലുള്ള സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്കാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഇല്ല. ജി.എൽ.പി.എസ്. പട്ടിത്തറ–1, ജി.യു.പി.എസ്. കക്കാട്ടിരി–7മുറികൾ, എ.ജെ.ബി.എസ്. കോട്ടപ്പാടം – 2മുറികൾ, പടിഞ്ഞാറനാട് – 2മുറികൾ എന്നിവ ഇനിയും ആവശ്യമുണ്ട്. പൊതുവെ എല്ലാ സ്കൂളുകളിലും പ്രത്യേകിച്ച് സർക്കാർ സ്കൂളുകളിൽ ഫർണിച്ചറുകളുടെ കുറവ് അനുഭവപ്പെടുന്നു. ഇവ വിശദമായി പട്ടിക 3ൽ കാണിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും ലൈബ്രറികൾ ഒരുവിധം നന്നായിപ്രവർത്തിക്കുന്നുണ്ട്. എന്നാൽ സയൻസ് കോർണർ എൽ.പി. സ്കൂളുകളിൽ ഇല്ലാത്ത നിലയാണ്. പഠനോപകരണങ്ങളുടെ അവസ്ഥ പരിതാപകരമാണ്. രണ്ടുസ്കൂളിൽ റേഡിയോ ഉള്ളതൊഴിച്ചാൽ മറ്റൊരു സ്കൂളിലും ദൃശ്യ ശ്രാവ്യ ഉപകരണങ്ങൾ ഇല്ല. വട്ടേനാട് ഹൈസ്കൂൾ മാത്രമാണ് ഇതിൽ നിന്ന് വ്യത്യസ്തമായിട്ടുള്ളത്. പഞ്ചായത്തിലെ സ്കൂളുകളിലെ അക്കാദമിക് സൗകര്യങ്ങൾ പട്ടിക 4ൽ നിജപ്പെടുത്തിയിട്ടുണ്ട്.

പാഠ്യേതരപ്രവർത്തനങ്ങളിൽ സ്കൂളുകളിൽ പിന്നോക്കാവസ്ഥയാണ് പൊതുവെ ദൃശ്യമാകുന്നത്. സബ് ജില്ലാ മത്സരങ്ങളിൽ എല്ലാ സ്കൂളുകളും പങ്കെടുക്കാറുണ്ടെങ്കിലും ജില്ലാതല മത്സരങ്ങളിൽ പങ്കാളിത്തം കുറവാണ്. ഇത്തരം കാര്യങ്ങളിലെ ശുഷ്കാന്തിയില്ലായ്മയെയാണ് ഇത് കാണിക്കുന്നത്. സ്കൗട്ടും, ഗൈഡും ജി.എച്ച്.എസ്. വട്ടേനാടിലും എ.എം.യു.പി.എസ്. ആലൂരിലും മാത്രമേ ഉള്ളൂ.

പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും പി.ടി.എ നിലവിലുണ്ട്. മാതൃസംഗമങ്ങളും മിക്ക സ്കൂളിലും ഉണ്ട്. എന്നാൽ പി.ടി.എ വളരെ സജീവമായ സ്കൂളുകൾ കുറവാണ്. പട്ടിത്തറ ജി.എൽ.പി.യിലും ജി.യു.പി.എസ്.കക്കാട്ടിരിയിലും പി.ടി.എ ഓരോ കഞ്ഞിപ്പുര നിർമ്മിച്ചിട്ടുണ്ട്. ജി. എച്ച്.എസ്.വട്ടേനാടിൽ 6 മുറികളുള്ള ഒരു കെട്ടിടവും ഒരു സ്റ്റേജും നിർമ്മിക്കുകയും മറ്റൊരു കെട്ടിടം നന്നാക്കുകയും ചെയ്തിട്ടുണ്ട്. ജി.എൽ.പി.എസ്. വട്ടേനാടിൽ ഒരു വാട്ടർടാങ്ക് ഒരു വ്യക്തിയുടെ വകയായി നിർമ്മിക്കപ്പെട്ടിട്ടുണ്ട്. പി.ടി.എ മറ്റൊരു പ്രവർത്തനവും ചെയ്തിട്ടില്ല. സ്കൂളുകളുടെ പ്രവർത്തനങ്ങളിൽ പി.ടി.എയുടെ യഥോചിതമായ ഇടപെടൽ ഇല്ല എന്നത് സ്പഷ്ടമാണ്. പഞ്ചായത്തിൽ സ്കൂൾ കോംപ്ലക്സിന്റെ പ്രവർത്തനം വിപുലപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. മറ്റ് പല സ്ഥലങ്ങളിലും വളരെ വിപുലമായ തോതിൽ സ്കൂൾ കോപ്ലക്സുകൾ ആരംഭിക്കുകയും പ്രവർത്തനം

പട്ടിക - 2

സ്റ്റാൻഡേർഡ്	ആകെ കുട്ടികൾ			SC/ ST കുട്ടികളുടെ എണ്ണം			തോറ്റുപഠിക്കുന്നവർ						പഠനം നിർത്തിയവർ						
							SC/ ST കുട്ടികൾ			മറ്റുള്ളവർ			SC/ ST കുട്ടികൾ			മറ്റുള്ളവർ			പഠനം നിർത്തിയവർ മൊത്തം എണ്ണം
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20
I	278	292	570	51	54	105	-	-	-	-	-	-	-	-	-	6	1	7	7
II	284	278	562	47	64	11	4	19	16	19	12	31	-	-	-	-	-	-	-
III	286	280	566	62	55	117	8	19	12	19	9	28	-	-	-	2	1	3	3
IV	296	279	575	61	47	108	15	15	18	15	13	28	-	-	-	3	1	4	4
V	266	221	457	71	43	114	14	18	19	18	8	26	6	0	6	5	0	5	11
VI	256	246	502	61	62	123	8	8	13	8	4	12	2	0	2	1	0	1	3
VII	268	234	502	67	62	129	8	21	14	21	16	37	-	-	-	8	1	9	9
VIII	423	392	815	71	66	137	22	61	28	61	25	86	-	-	-	38	5	43	43
IX	307	356	663	71	66	137	9	25	21	25	18	43	-	-	-	38	1	39	39
X	201	304	505	31	65	96	-	-	-	-	-	-	-	-	-	-	-	-	-
ആകെ	2865	2882	5767	593	584	1177	88	63	141	186	105	291	8	0	8	101	10	111	119

പട്ടിക - 3

നമ്പർ	സ്കൂളിന്റെ പേര്	ആകെ ഡിവിഷനുകളുടെ എണ്ണം	ഇനി ആവശ്യമുള്ള മുറികളുടെ എണ്ണം	മുറികൾ നിർമ്മിക്കാനുള്ള കുടി ഉണ്ട്/ ഇല്ല	ആവശ്യമുള്ള മൂത്രപ്പുരകളുടെ എണ്ണം	ആവശ്യമുള്ള കക്കൂസ് സീറ്റിന്റെ എണ്ണം	ഡൈനിംഗ് സൗകര്യം ഉണ്ട്/ ഇല്ല	കുടിവെള്ള സൗകര്യം ഉണ്ട്/ ഇല്ല	പാചകപ്പുര ഉണ്ട്/ ഇല്ല	സ്റ്റാഫ് റൂം ഉണ്ട്/ ഇല്ല	ഇനിയും ആവശ്യമുള്ള ഫർണീച്ചറുകളുടെ എണ്ണം					ആവശ്യമുള്ള ഓഫീസ് ഫർണീച്ചർ		
											ഡസ്ക്	ബെഞ്ച്	മേശ	കസേര	മറ്റുള്ളവ	മേശ	കസേര	അലമാര
1	എ.ജെ.ബി.എസ്. പടിഞ്ഞാറനാട്	8	2	ഇല്ല	2	1	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	-	15	2	2	8	1	2	2
2	ജി.എൽ.പി.എസ്. ആലൂർ	7	-	-	2	1	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	20	10	3	6	2	1	2	-
3	എ.എം.യു.പി.എസ്. ആലൂർ	20	-	-	2	1	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	-	-	-	-	5	-	-	-
4	ജി.എൽ.പി.എസ്. പട്ടിത്തറ	4	1	ഉണ്ട്	-	1	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	20	-	2	4	2	1	-	-
5	ജി.എച്ച്.എസ്. വട്ടേനാട്	56	30	ഉണ്ട്	2	1	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	100	100	30	30	16	5	5	5
6	ജി.എൽ.പി.എസ്. വട്ടേനാട്	16	-	-	1	-	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	60	10	5	5	8	1	-	-
7	എ.ജെ.ബി.എസ്. കോട്ടപ്പാടം	8	2	ഉണ്ട്	3	1	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	30	10	6	8	5	-	1	1
8	ജി.യു.പി.എസ്. കക്കാട്ടിരി	19	7	ഉണ്ട്	2	2	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	50	50	10	12	28	2	-	1

പട്ടിക - 4

നമ്പർ	സ്കൂളിന്റെ പേര്	ലൈബ്രറി	ലബോറട്ടറി സയൻസ് കോർണർ	പഠനോപകരണങ്ങൾ വേണ്ടത്ര	റേഡിയോ	ടേപ്പ് റിക്കോർഡർ	സിനിമാ പ്രൊജക്ടർ	സ്ലൈഡ് പ്രൊജക്ടർ
1	എ.ജെ.ബി.എസ്. പടിഞ്ഞാറനാട്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല
2	ജി.എൽ.പി.എസ്. ആലൂർ	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല
3	എ.എം.യു.പി.എസ്. ആലൂർ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല
4	ജി.എൽ.പി.എസ്. പട്ടിത്തറ	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല
5	ജി.എൽ.പി.എസ്. വട്ടേനാട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല
6	എ.ജെ.ബി.എസ്. കോട്ടപ്പാടം	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
7	ജി.യു.പി.എസ്. കക്കാട്ടിരി	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
8	ജി.എച്ച്.എസ്. വട്ടേനാട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്

പട്ടിക 4

സ്കൂളിന്റെ പേര്	തൈക്വോണ്ടോ	ലാബോറട്ടറി സയൻസ് കോർണർ	പഠനോപകരണങ്ങൾ	റേഡിയോ	ടേപ്പ് റെക്കോർഡർ	സിനിമാ പ്രൊജക്ടർ	സ്ലൈഡ് പ്രൊജക്ടർ
എ.എജ.ബി.എസ്.പടിഞ്ഞാറനാട്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല
ജി.എൽ.പി.എസ്. ആലൂർ	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല
എ.എം.യു.പി.സ്കൂൾ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല
ജി.എൽ.പി.എസ്. പട്ടിത്തറ	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല
ജി.എൽ.പി.എസ്. വട്ടേനാട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല
എ.എജ.ബി.എസ്. കോട്ടപ്പാടം	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
ജി.യു.പി.എസ്.കക്കാട്ടിരി	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല
ജി.എച്ച്.എസ്.വട്ടേനാട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്

സ്കൂൾ കോപ്പുക്സുകൾ ആരംഭിക്കുകയും പ്രവർത്തനം നടത്തുകയും ചെയ്യുമ്പോൾ ഇവിടെ അധ്യാപകർക്കായുള്ള പരിശീലനം എന്ന രീതിയിൽ മാത്രമാണ് കോപ്പുക്സുകൾ നടക്കുന്നത്.

മിടുക്കരായ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നതിനായി പല സ്കൂളുകളിലും എൻഡോവ്മെന്റുകളും ഉണ്ട്. എസ്.എസ്.എൽ.സി.ക്ക് മികച്ച മാർക്ക് വാങ്ങുന്ന വിദ്യാർത്ഥികൾക്കും അവാർഡുകൾ നൽകാറുണ്ട്.

ദ്വിതീയ സ്ഥിതിവിവരക്കണക്കുകളുടെ അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കുന്നത്. അതിനാൽ എല്ലാതലത്തിലുമുള്ള വിവരങ്ങൾ ശേഖരിക്കാൻ കഴിഞ്ഞിട്ടില്ല. എന്നാലും നിലവിലുള്ള സാഹചര്യം വെച്ച് പഠനനിലവാരം പരിശോധിക്കാവുന്നതാണ്. ഇതിനുള്ള പ്രശ്നങ്ങൾ വളരെ അധികമുണ്ട്.

പ്രശ്നങ്ങൾ

1. നിശ്ചിത ശതമാനം കുട്ടികളെ നിർബന്ധമായും ജയിപ്പിക്കണം എന്ന നിബന്ധന
2. പരിഹാരബോധനത്തിന്റെ അഭാവം
3. രക്ഷിതാക്കളുടെ ശ്രദ്ധകുറവ്
4. വീടുകളിലെ പഠനസാഹചര്യങ്ങളിലെ പരിമിതി
5. സാമൂഹ്യമായ പിന്നോക്കാവസ്ഥ
6. പഠനോപകരണങ്ങളുടെ കുറവ്
7. രക്ഷാകർത്താക്കളും അദ്ധ്യാപകരും തമ്മിലുള്ള ബന്ധത്തിന്റെ കുറവ്
8. അധ്യാപകപരിശീലനത്തിന്റെ ഗുണനിലവാരമില്ലായ്മ
9. പഴഞ്ചൻ ബോധനരീതികൾ
10. പാഠ്യ അക്കാദമിക് പ്രവർത്തനങ്ങളോടുള്ള അലംഭാവം
11. പരീക്ഷയെ ലക്ഷ്യമാക്കിയുള്ള വിദ്യാഭ്യാസം

പരിഹാര നിർദേശങ്ങൾ

1. ഒരു നിശ്ചിത ശതമാനം കുട്ടികളെ നിർബന്ധമായും ജയിപ്പിക്കണമെന്ന നിബന്ധന എടുത്തുകളയുക
2. അധ്യാപനരീതി കാലാനുസൃതമായി നവീകരിക്കുക
3. വിദ്യാലയവും സമൂഹവും തമ്മിലുള്ള ബന്ധങ്ങൾ ശക്തിപ്പെടുത്തുക.
4. ആവശ്യമായ പഠനോപകരണങ്ങൾ വിതരണം ചെയ്യുക.
5. സമർത്ഥരായ അധ്യാപകർക്ക് പ്രോത്സാഹനം നൽകുക
6. അപ്പർ പ്രൈമറിയുടെ അവസാനഘട്ടത്തിൽ ഒരു പൊതുപരീക്ഷ നടത്തുക
7. സ്കൂളിൽ അക്കബോധവും അക്ഷരബോധവും ഇല്ലാത്തവരെ കണ്ടെത്തി പരിഹാരബോധനം നടത്തുക
8. സാമൂഹ്യമായ ഇടപെടലോടുകൂടി സ്കൂൾ കോംപ്ലക്സ് സംഘടിപ്പിക്കുക. പി.ടി.എ, പഞ്ചായത്ത് തലസമിതി, അധ്യാപകർ തുടങ്ങിയവർ ഉൾപ്പെടുന്ന ഒരു കമ്മിറ്റി രൂപീകരിക്കുകയും സ്കൂളിലെ പഠനപ്രവർത്തനങ്ങൾ എങ്ങനെയെല്ലാം ശക്തിപ്പെടുത്താമെന്ന് തീരുമാനിക്കുകയും ചെയ്യുക.
9. അധ്യാപക വിദ്യാർത്ഥി അനുപാതം 1:30 ആക്കി കുറക്കുക
10. വർഷാരംഭത്തിൽ തന്നെ അധ്യാപകരുടെ കുറവ് നികത്തുക
11. പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലേയും നിയമനാധികാരം പഞ്ചായത്തിന് നൽകുക

ഗ്രാമസഭകളിൽ ഉണ്ടായ ചർച്ചയുടെ ക്രോഡീകരണമാണ് ഇനി നടത്തുന്നത്.

1. ഒന്നാം വാർഡിൽ നാട്ടുകാർ പഞ്ചായത്തിനെ ഏൽപ്പിച്ച സ്ഥലത്ത് (അരിക്കാട്) സർക്കാർ തലത്തിൽ യു.പി.സ്കൂൾ തുടങ്ങണം.

2. എ.ജെ.ബി.എസ് പടിഞ്ഞാറനാടിൽ കക്കൂസും, മൂത്രപ്പുരയും ഒരു കളിസ്ഥലവും ആവശ്യമുണ്ട്

3. പ്രധാനറോഡിന്റെ പരിസരത്തുള്ള എ.ജെ.ബി.എസ് പടിഞ്ഞാറനാട്, എ.ജെ.ബി.എസ് കോട്ടപ്പാടം എന്നിവയുടെ മുൻവശത്ത് സൈൻബോർഡ് വെക്കണം.

4. 3-ാംവാർഡിലെ ഏക സ്കൂളായ എ.ജെ.ബി.എസ് കോട്ടപ്പാടം അപ്ഗ്രേഡ് ചെയ്യണം

5. എ.ജെ.ബി.എസ് കോട്ടപ്പാടത്ത് കളിസ്ഥലവും മൂത്രപ്പുരയും കക്കൂസും ഉണ്ടാക്കണം.

6. ആലൂർ ജി.എൽ.പി.സ്കൂൾ അപ്ഗ്രേഡ് ചെയ്യണം. കക്കൂസ്, ചുറ്റുമതിൽ എന്നിവ നിർമ്മിക്കുകയും സ്കൂൾ പരിസരത്തുള്ള ട്രാൻസ്ഫോർമർ അവിടെ നിന്ന് മാറ്റി സ്ഥാപിക്കുകയും വേണം.

7. 5,9,10 വാർഡുകളിലെ 800 ഓളം കുട്ടികൾ പഠിക്കുന്ന 9-ാം വാർഡിൽ സ്ഥിതിചെയ്യുന്ന കക്കാട്ടിരി സ്കൂൾ ഹൈസ്കൂളാക്കി ഉയർത്തുകയും കുടിവെള്ള സൗകര്യം സ്കൂളിൽ ഏർപ്പെടുത്തുകയും വേണം

8. പട്ടിത്തറ ജി.എൽ.പി.സ്കൂളിൽ കക്കൂസ് അനുവദിക്കുക. കുടിവെള്ള സൗകര്യത്തിനായി ടാങ്ക് നിർമ്മിക്കുക.

9. 7-ാംവാർഡിലെ എ.എം.യു.പി.സ്കൂൾ അപ്ഗ്രഡ് ചെയ്യണം.കുടിവെള്ള സൗകര്യത്തിനായി പൊതുടാപ്പ് സ്കൂൾവളപ്പിലേക്ക് നീട്ടണം.

10. വട്ടേനാട് ജി.എൽ.പി.സ്കൂൾ കെട്ടിടം ഭീഷണിയുടെ നിഴലിലാണ്. ഇത് പുതുക്കിപണിത് കുട്ടികൾക്ക് സമാധാനത്തോടെ പഠിക്കാനുള്ള അന്തരീക്ഷം സൃഷ്ടിക്കണം.

ഏക ഹൈസ്കൂളായ വട്ടേനാട് ഹൈസ്കൂൾ പഞ്ചായത്തിന്റെ ഒരതിർത്തിയിൽ കിടക്കുന്നതിനാൽ പഞ്ചായത്തിലെ ഭൂരിപക്ഷത്തോളം കുട്ടികളും മറ്റ് രണ്ട് അതിർത്തികളിൽ കിടക്കുന്ന തൃത്താല പഞ്ചായത്തിലെ തൃത്താല ഹൈസ്കൂളിലും കപ്പൂർ പഞ്ചായത്തിലെ ഗോഖലെ സ്കൂളിലുമാണ് പഠിക്കുന്നത്. ഗോഖലെ സ്കൂളിലെ 75% വിദ്യാർത്ഥികളും ഈ പഞ്ചായത്തിലെ ആയതിനാൽ അവിടുത്തെ ഭൗതീക സൗകര്യങ്ങൾ അടിയന്തിരമായി വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ഈ സ്കൂളിന്റെ ഗ്രൗണ്ട് സ്ഥിതി ചെയ്യുന്നത് പട്ടിത്തറ പഞ്ചായത്തിലാണ്. ഇതിനൊരു കോമ്പൗണ്ട് വാൾ പണിയേണ്ടതാണ്. കൂടുതൽ കെട്ടിടങ്ങൾ നിർമ്മിച്ചാൽ മാത്രമെ ഇപ്പോഴുള്ള സെഷണൽ സമ്പ്രദായം അവസാനിപ്പിക്കാൻ കഴിയൂ. കൂടാതെ ഈ വിദ്യലയത്തോടനുബന്ധിച്ച് സാങ്കേതിക വിദ്യഭ്യാസ സൗകര്യവും ഉണ്ടാക്കേണ്ടതാണ്. തൊഴിലധിഷ്ഠിതമായ സാക്ഷരതാകേന്ദ്രം പഞ്ചായത്തിൽ ആരംഭിക്കണം. ടൈപ്പ്റൈറ്റിംഗ്, കംമ്പ്യൂട്ടർ ടെക്നോളജി തുടങ്ങിയ സാങ്കേതിക പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകൾ ആരംഭിക്കുക. വിദ്യാർത്ഥികളുടെ യാത്രാക്ലേശം പരിഹരിക്കാനായി കൂടുതൽ ബസ് സർവ്വീസുകൾ ആരംഭിക്കുകയോ വിദ്യാർത്ഥികൾക്കു മാത്രമായി പ്രത്യേക വാഹനസൗകര്യം ഏർപ്പെടുത്തുകയോ വേണം. എൽ.പി. സ്കൂളിനോട് ചേർന്ന് എല്ലാവിധ സൗകര്യങ്ങളോടും കൂടിയ പ്രീപ്രൈമറി വിദ്യാലയങ്ങൾ ആരംഭിക്കേണ്ടതാണ്. നിലവിലുള്ള അംഗനവാടികളിൽ ആവശ്യമുള്ള പഠനോപകരണങ്ങൾ നൽകുകയും അധ്യാപകർക്ക് ആവശ്യാനുസരണം ട്രെയിനിംഗ് നൽകുകയും വേണം. പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കായി പഞ്ചായത്തിൽ ഒരു സ്റ്റഡിസെന്റർ സ്ഥാപിക്കണം. വിദ്യാലയങ്ങളിലെ ഉച്ചക്കഞ്ഞി വിതരണം പഞ്ചായത്ത് ഏറ്റെടുക്കുകയും കാര്യക്ഷമമായി നടത്തുകയും വേണം.

ഉന്നത വിദ്യഭ്യാസത്തിനായി ഇപ്പോൾ പഞ്ചായത്തിലെ വിദ്യാർത്ഥികൾ ഒരുപാട് ദൂരം സഞ്ചരിക്കേണ്ടി വരുന്നുണ്ട്. ഇതിനൊരു പരിഹാരം സമീപപ്രദേശങ്ങളിലെവിടെയെങ്കിലും ഒരു കോളേജ് സ്ഥാപിക്കുകയാണ്. പട്ടിത്തറ പഞ്ചായത്തിന്റെ അയൽ പഞ്ചായത്തായ ആനക്കരയിലെ പറക്കുളത്ത് നാട്ടുകാർ പണം സമാഹരിച്ച് ഉണ്ടാക്കിയ സ്ഥലത്ത് ഒരു കോളേജ് എത്രയും പെട്ടെന്ന് സ്ഥാപിക്കണം. കലാകായിക രംഗങ്ങളിൽ കുട്ടികൾക്ക് പരിശീലനം നൽകാനായി പഞ്ചായത്തുതലത്തിൽ പരിശീലനകേന്ദ്രങ്ങൾ ഉണ്ടായിരിക്കണം. പരിശീലനം സൗജന്യമാക്കുകയും വേണം. പഞ്ചായത്തിലെ എല്ലാവിദ്യാലയങ്ങൾക്കും പൊതുവായ ഒരു ചോദ്യപേപ്പർ ഉണ്ടാവേണ്ടതുണ്ട്, ഇത് കോംപ്ലക്സിലൂടെ നടപ്പാക്കണം. മത്സരങ്ങൾ പഞ്ചായത്തുതലങ്ങളിലാക്കി മാറ്റണം, ശിശുദിന റാലികൾ സംഘടിപ്പിക്കുകയും ഭരണസമിതി നേതൃത്വത്തിൽ സമുചിതമായി ആഘോഷിക്കുകയും വേണം.

പഞ്ചായത്തിൽ 1-ാം വാർഡിലെ അരിക്കാട് പ്രദേശത്ത് ഒരു സ്കൂൾ വരേണ്ടത് ഏറ്റവും അത്യാവശ്യമായ ഒരു കാര്യമാണ്. ഇതിന് മുൻഗണന നൽകുകതന്നെ വേണം. ഗ്രാമസഭകളിൽ നിന്ന് വെങ്കര, കാശാമുക്ക്, തൊഴുക്കര എന്നീ പ്രദേശങ്ങളിൽ സ്കൂൾ വേണം എന്ന ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. പഞ്ചായത്തിൽ നിലവിലുള്ള സ്കൂളുകളിൽ തന്നെ കുട്ടികളുടെ എണ്ണം കഴിഞ്ഞ 5 വർഷത്തിനുള്ളിൽ കുറഞ്ഞിട്ടുണ്ട്. ഈ സ്ഥിതി കണക്കിലെടുത്ത് ആവശ്യമായ സ്ഥലത്ത് സ്കൂളുകൾ സ്ഥാപിക്കേണ്ടതാണ്.

വിദ്യഭ്യാസത്തിന്റെ വിവിധതലങ്ങൾ ഈ റിപ്പോർട്ടിൽ സ്പർശിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് കരുതുന്നു. ഭരണസമിതിയും, രക്ഷിതാക്കളും അധ്യാപകരും വിദ്യാർത്ഥികളും ഒത്തുചേർന്ന കൂട്ടായ പ്രവർത്തനങ്ങളിലൂടെ പഞ്ചായത്തിലെ വിദ്യഭ്യാസ നിലവാരം ഉയർത്താൻ കഴിയും. മറ്റേതു മേഖലകളിലേയും വികസനത്തേക്കാൾ കൂടുതലായ പ്രാധാന്യം നാം നൽകേണ്ടത് വിദ്യഭ്യാസത്തിനാണെന്നതിനാൽ ഈ മേഖലയിലെ വിവിധ പ്രശ്നങ്ങളെ കൂട്ടായ്മയിലൂടെ പരിഹരിച്ച് നമ്മുടെ കുട്ടികൾക്കായി സന്തോഷപൂർണ്ണമായ ഒരു സ്കൂൾ അന്തരീക്ഷം നമുക്ക് സൃഷ്ടിച്ചെടുക്കാം.●

4 ആരോഗ്യം കുടിവെള്ളം പരിസരശുചിത്വം

ഏതൊരു സമൂഹത്തിന്റെ പുരോഗതിയുടെയും മാനദണ്ഡം ആ സമൂഹത്തിലെ അംഗങ്ങളെ ആശ്രയിച്ചിരിക്കുന്നു. ശരാശരി ആയുർദൈർഘ്യം, മരണനിരക്ക്, ശിശുമരണ നിരക്ക്, മാതൃമരണ നിരക്ക്, ജനന നിരക്ക്, രോഗാതുരത ഇതെല്ലാമാണ് സമൂഹത്തിന്റെ ആരോഗ്യസ്ഥിതി മനസ്സിലാക്കാനുള്ള മാനദണ്ഡങ്ങൾ.

സ്വതന്ത്ര്യത്തിന് ശേഷം 1972 വരെ ആരോഗ്യരംഗത്ത് ഗവൺമെന്റ് സ്ഥാപനങ്ങളൊന്നും പഞ്ചായത്തിൽ നിലവിലുണ്ടായിരുന്നില്ല. രോഗ നിവൃത്തിക്കായി പാരമ്പര്യരീതിയിലുള്ള കുടുംബങ്ങളെയാണ് ജനങ്ങൾ കൂടുതലായി ആശ്രയിച്ചുപോന്നിരുന്നത്. മന്ത്രവാദത്തെ പോലെയുള്ള അന്ധവിശ്വാസത്തിലധിഷ്ഠിതമായ അശാസ്ത്രീയ ചികിത്സാരീതികളാണ് കൂടുതലായി നിലവിലുണ്ടായിരുന്നത്. ഇത്തരത്തിലുള്ള ചികിത്സകൊണ്ടും ജനങ്ങൾ വലിയ ദുരിതങ്ങൾ അനുഭവിച്ചിരുന്നു. ഒറ്റമൂലി ചികിത്സാരീതി പിന്തുടർന്നു വന്നിരുന്ന പ്രഗത്ഭരായ പല വിഷവൈദ്യന്മാരും, ആയുർവേദ ചികിത്സാ വിദഗദ്ന്മാരും നമ്മുടെ പഞ്ചായത്തിലുണ്ടായിരുന്നു. പാരമ്പര്യത്തിൽ അധിഷ്ഠിതവും കാര്യമായ സാമ്പത്തിക ലാഭമില്ലാത്തതുമായതിനാൽ ഇവ കൂടുതൽ ജനകീയമാവാതെ അസ്തമിക്കുകയാണുണ്ടായത്. 1983ലാണ് നമ്മുടെ പഞ്ചായത്തിൽ ആദ്യമായി ഒരു സർക്കാർ ആശുപത്രി നിലവിൽ വന്നത്. 1972ൽ ചാലിശ്ശേരി പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ കീഴിൽ ഒരു എ.എൻ.എം നെ നിയമിച്ചുകൊണ്ട് കക്കാട്ടിരിയിൽ ഒരു സബ്സെന്റർ തുറന്ന് പ്രവർനമാരംഭിച്ചതാണ് സർക്കാർ മേഖലയിൽ ആദ്യത്തെ കാൽവെയ്പ്പ്. ഒരു സർക്കാർ ഹോമിയോ ആശുപത്രി 1983ൽ തലക്കശ്ശേരിയിൽ സ്ഥാപിതമായി. 1991ൽ ഒതളൂരിൽ ഒരു ആയുർവേദ ഡിസ്പെൻസറി കൂടി പ്രവർത്തനമാരംഭിച്ചു.

നമ്മുടെ പഞ്ചായത്തിലെ അലോപ്പതി ആശുപത്രി 1993ൽ കോട്ടപ്പാടത്തേക്ക് പ്രവർത്തനമാരംഭിച്ചതോടുകൂടി വൈദ്യശാസ്ത്രരംഗത്തെ 3 മേഖലയിലുള്ള സ്ഥാപനങ്ങൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തനമാരംഭിച്ചു. ഇന്ന് പഞ്ചായത്തിൽ ആരോഗ്യമേഖലയിൽ 8 സർക്കാർ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

സമൂഹത്തിന്റെ ആരോഗ്യസ്ഥിതിയുടെ സൂചകങ്ങളായ പൊതുമരണ നിരക്ക് കേരളത്തിന്റെത് 5.9 ആകുമ്പോൾ പഞ്ചായത്തയത്തിന്റെത് 3.81 മാത്രമാണ്. കേരള ശിശുമരണ നിരക്കിലും താഴ്ന്നതാണ് പഞ്ചായത്തിലെ ശിശുമരണനിരക്ക്. ഗർഭസംബന്ധമായ രോഗങ്ങളാൽ മരണപ്പെട്ട ഒരമ്മമാരും നമ്മുടെ പഞ്ചായത്തിലില്ല. ഇതെല്ലാം സൂചിപ്പിച്ചത് അമ്മമാർ യഥാസമയം വേണ്ട പ്രതിരോധ നടപടികൾ എടുക്കുന്നുണ്ടെന്നുള്ളതാണ്. ഇതിന് കേരളത്തിലെ സ്ത്രീകളുടെ ഉയർന്ന സാക്ഷരത ഒരു കാരണമാണ്. പഞ്ചായത്തിൽ കുറഞ്ഞ ജനന നിരക്കാണുള്ളത്. ഇത് കുടുംബക്ഷേമ പ്രവർത്തനവുമായി ദമ്പതിമാർ സഹകരിക്കുന്നത് കൊണ്ടാണ്.

പഞ്ചായത്തിലെ ഭൂരിഭാഗം കുട്ടികളും രോഗ പ്രതിരോധ കുത്തിവെയ്പുകൾ യഥാസമയത്ത് എടുക്കുന്നുണ്ട്.

പ്രതിരോധ കുത്തിവെയ്പുകൾ നൽകിയ അമ്മമാരുടെ എണ്ണം.

ഗർഭിണികൾ	1 D	2 D
	192	190

കുട്ടികൾ	ബി.സി.ജി	ഡി. പി. ടി.				പോളിയോ				മീസിൽസ്
		1 D	11 D	111 D	B D	1 D	11 D	111 D	B D	
1 വയസ്സിന് താഴെ	406	341	319	290	226	341	319	290	226	333

5 വയസ്സിന് താഴെയുള്ള കുട്ടികളുടെ മാനസികവും ശാരീരികവുമായ വികസനം, പോഷകാഹാരക്കുറവ് പരിഹരിക്കൽ എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി പ്രവർത്തിക്കുന്ന 32 അംഗൻവാടികൾ പഞ്ചായത്തിലുണ്ട്.

5. എല്ലാ സബ്സെന്ററുകളിലും വെച്ച് ഡോക്ടർ മാസത്തിൽ രണ്ടുതവണ രോഗികളെ പരിശോധിക്കുക.

6. എല്ലാ സബ്സെന്ററുകളിലും വെച്ച് രോഗപ്രതിരോധ കുത്തിവെയ്പ് നൽകുക.

കുട്ടികളുടെ ആരോഗ്യപോഷണനിലവാരം.

പ്രായം	നോർമൽ		1-ാംഗ്രേഡ്		2-ാംഗ്രേഡ്		3-ാംഗ്രേഡ്	
	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ
0 – 1	114	105	80	72	18	16	2	–
1 – 3	193	183	152	152	68	69	1	2
3 – 6	154	240	168	163	58	72	2	2

1-ാംഗ്രേഡ് : ലഘുവായ പോഷണക്കുറവുള്ളവർ
2-ാംഗ്രേഡ് : മിതമായ പോഷണക്കുറവുള്ളവർ
3-ാംഗ്രേഡ് : ഗുരുതരമായ പോഷണക്കുറവുള്ളവർ

അംഗവൈകല്യമുള്ളവരുടെ കണക്ക്

അന്ധർ	17
മൂകർ	24
ബധിരർ	16

ആരോഗ്യസ്ഥാപനങ്ങളുടെ എണ്ണത്തിനനുസൃതമായി പ്രതീക്ഷിക്കപ്പെടുന്ന സേവനം നൽകാൻ കഴിയുന്നില്ല. ജീവനക്കാരുടെയും, മരുന്നുകളുടെയും, ഉപകരണങ്ങളുടെയും കുറവാണ് ഇതിന് കാരണം. ഇക്കാരണങ്ങളാൽ ജനങ്ങൾ ചികിത്സക്കായി സ്വകാര്യആശുപത്രികളെയും, മറ്റു പഞ്ചായത്തുകളിലെ സ്ഥാപനങ്ങളെയും ആശ്രയിക്കേണ്ടി വരുന്നു. കിടത്തി ചികിത്സിക്കാനുള്ള സൗകര്യം പഞ്ചായത്തിലില്ല.

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ ആലോപ്പതി ആസ്പത്രിക്ക് സ്വന്തമായി കെട്ടിടമില്ല.
2. ഡോക്ടറുടെ സേവനം പര്യാപ്തമല്ല.
3. രോഗപ്രതിരോധ കുത്തിവെയ്പുകൾക്കായി കൂടുതൽ ദൂരം യാത്ര ചെയ്യേണ്ടിവരുന്നു.
4. ഹെൽത്ത് സെന്ററുകളിൽ മരുന്നുകൾ ഇല്ല.

സാധ്യതകൾ

1. കോട്ടപ്പാടത്ത് സംഭാവനയായി കിട്ടിയ സ്ഥലത്ത് സ്വന്തമായി കെട്ടിടം പണിയുക.
2. മുഴുവൻ സമയ ഡോക്ടറുടെ സേവനം ലഭ്യമാക്കുക.
3. ആഴ്ചയിലൊരിക്കൽ സ്പെഷലിസ്റ്റ് ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുക.
4. എല്ലാ വാർഡുകളിലും മാതൃകുടുംബക്ഷേമ സ്ഥാപനങ്ങൾ പണിയുക.



7. ലെപ്രസി ഹെൽത്ത് വിസിറ്റർമാരുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

8. ആരോഗ്യ പ്രവർത്തകർ കൃത്യമായി ഗൃഹ സന്ദർശനം നടത്തുകയും വേണ്ട ബോധവൽക്കരണ ക്ലാസ്സുകൾ എടുക്കുകയും ചെയ്യുക.

കുടിവെള്ളം

"വെള്ളം വെള്ളം സർവ്വത്ര
തുള്ളി കുടിപ്പാനില്ലത്ര"

ഇതാണ് കുടിവെള്ളത്തിന്റെ കാര്യത്തിൽ വേനൽ കാലത്ത് പട്ടിത്തറ പഞ്ചായത്തിന്റെ അവസ്ഥ. പഞ്ചായത്തിന്റെ ഒരതിർത്തിയിൽ ഭാരതപ്പുഴയും, മറ്റൊരതിർത്തിയിൽ പുലിയപ്പറ്റകായലും വടക്ക് ഭാഗത്തായി പട്ടിക്കായലും ഉണ്ടെങ്കിലും കുടിവെള്ളത്തിന്റെ കാര്യത്തിൽ ക്ഷാമം തന്നെയാണ്. കേരളത്തിലെ ഏറ്റവും വലിയ ശുദ്ധജല സ്രോതസ്സായ ഭാരതപ്പുഴയിൽ നിന്ന് വിദൂര ദേശങ്ങളിലേക്ക് ജലം പമ്പ് ചെയ്യുന്നതിനാൽ ഈ പ്രദേശങ്ങളിലെ ജല നിരപ്പ് താഴ്ന്നു കൊണ്ടിരിക്കുന്നതാണ് കിണറുകൾ വറ്റിവരളാനും രൂക്ഷമായ ശുദ്ധജലക്ഷാമത്തിനും വഴിവെച്ചത്.

പഞ്ചായത്തിലെ ജനങ്ങൾ കുടിവെള്ളത്തിനായി ആശ്രയിക്കുന്നത് കിണറുകളെയാണ് എങ്കിലും കേവലം 40% വീടുകളിൽ മാത്രമാണ് സ്വന്തമായി കിണറുകളുള്ളത്. പഞ്ചായത്തിൽ 87 പൊതു കിണറുകളാണുള്ളത്. ഇതിൽ 20ഓളം എണ്ണം ഉപയോഗശൂന്യമാണ്. 26 കുഴൽകിണറുകളുണ്ട്. ഉപയോഗയോഗ്യമായ കിണറുകൾ കേടുപാടുകൾ തീർത്തു വൃത്തിയാക്കേണ്ടതാണ്.

പഞ്ചായത്തിലെ ഭൂരിഭാഗം സ്ഥലങ്ങളിലും വെള്ളം എത്തുന്ന കെ. ഡബ്ല്യൂ. എ യുടെ പട്ടിത്തറ ശുദ്ധജല വിതരണ പദ്ധതിയുണ്ട്. ഇതിൽ 132 ടാപ്പുകളുണ്ട്. രണ്ട്

വാർഡുകളിലേക്ക് മാത്രമായി പ്രവർത്തിക്കുന്ന ധർമ്മഗിരി (ജെ.ആർ.ഡെവ പദ്ധതിപ്രകാരം പഞ്ചായത്ത് സ്ഥാപിച്ചത്) മിനി ശുദ്ധജല വിതരണ പദ്ധതിയും പ്രവർത്തിക്കുന്നുണ്ട്, എങ്കിലും കുടിവെള്ള പ്രശ്നത്തിന് പരിഹാരമാകുന്നില്ല. പട്ടിത്തറ ശുദ്ധജല വിതരണ പദ്ധതിയിൽ ഇപ്പോൾ പ്രവർത്തിക്കുന്ന 22 എച്ച്.പി.യുടെ മോട്ടോറുകൾ പര്യാപ്തമല്ലാത്തതിനാൽ, പുതിയതായി അനുവദിച്ചിട്ടുള്ള 40എച്ച്.പി.യുടെ മോട്ടോറുകൾ സ്ഥാപിച്ചാൽ മാത്രമെ 7 ലക്ഷം ലിറ്ററോളം വെള്ളം സംഭരിക്കാവുന്ന ടാങ്ക് നിറഞ്ഞ് ആവശ്യം പോലെ വെള്ളം വിതരണം ചെയ്യാൻ കഴിയുകയുള്ളൂ.

വിശേഷാൽ ഗ്രാമസഭകളിൽ നിന്ന് ഉയർന്നു വന്നിട്ടുള്ള പ്രശ്നങ്ങളും ചർച്ചയിലൂടെ ഉരുത്തിരിഞ്ഞിട്ടുള്ള പരിഹാര നിർദ്ദേശങ്ങളും പഠന വിധേയമാക്കുന്നതിനും നടപ്പിലാക്കേണ്ടതിലേക്കുമായി താഴെ പട്ടികയിൽ വിവരിക്കുന്നു.

കുടിവെള്ള പ്രശ്നപ്രദേശങ്ങളും സാദ്ധ്യതകളും

വാർഡ്	പ്രശ്നമേഖല	സാദ്ധ്യതകൾ. നിർദേശങ്ങൾ
1.	ഒതളൂർ	വെള്ളര ചോലയിൽ ബണ്ട് കെട്ടി അതിന്മേലെയുള്ള കോട്ടയിൽ കുളം നന്നാക്കി ജലം സംഭരിച്ച് അയ്യമ്മാക്ക കുളവും കൂട്ടിചേർത്ത് ഓട്ടുപാറ മുകളിൽ ടാങ്ക് കെട്ടി മോട്ടോർ സ്ഥാപിച്ച് പൈപ്പുകൾ വഴി വെള്ളം വിതരണം ചെയ്യാവുന്നതാണ്. 15ഓളം ടാപ്പുകൾ സ്ഥാപിക്കേണ്ടതാണ്.
2.	വേങ്ങശ്ശേരി അംഗൻവാടി ഭാഗം നെല്ലിപ്പടി ഭാഗം	നിലവിലുള്ള പൈപ്പ് ലൈനിൽ നിന്ന് കോക്കാട് നിന്ന് വേങ്ങശ്ശേരി അമ്പലം വഴി പൈപ്പ് ലൈൻ നീട്ടാവുന്നതാണ്.
	കരിമ്പനക്കുന്ന്	കരിമ്പനക്കുന്നിൽ നിലവിലുള്ള പഞ്ചായത്ത് കിണർ ആഴം കൂട്ടി റിംങ്ങ് ഇറക്കിയാൽ ധാരാളം വെള്ളം കിട്ടും.
	കുനൻമൂച്ചി	പടിഞ്ഞാറങ്ങാടിയിൽ നിന്ന് പൈപ്പ്ലൈൻ നീട്ടാവുന്നതാണ്.
	തിരുത്തമ്മൽ	പടിഞ്ഞാറങ്ങാടിയിൽ നിന്ന് പൈപ്പ്ലൈൻ നീട്ടാവുന്നതാണ്.
3.	എട്ടുകണ്ടം ഹരിജൻ കോളനി	നിലവിലുള്ള ലൈനിൽ കോക്കാട് നിന്ന് എട്ടുകണ്ടം ഭാഗത്തേക്ക് പൈപ്പ് ലൈൻ എത്തിക്കാവുന്നതാണ്.
	നിരപ്പറമ്പ്, മോൻകാട്,ഹരിജൻ കോളനി	ഒതളൂർ ആയുർവേദ ആശുപത്രിക്ക് മുന്നിലുള്ള കുഴൽകിണറിൽ മോട്ടോർ സ്ഥാപിച്ച് മോഴിയാംകുന്നിൽ ടാങ്ക് നിർമ്മിച്ച് വെള്ളം എത്തിച്ച് പൈപ്പ് ലൈൻ മുഖേന വെള്ളം വിതരണം ചെയ്യാവുന്നതാണ്. ആയുർവേദ ആശുപത്രിയിലും ടാപ്പ് സ്ഥാപിക്കാവുന്നതാണ്.
	ഒതളൂർ ബാലവാടി	ബാലവാടിക്ക് സമീപം കിണർ കുഴിക്കാവുന്നതാണ്. വി.പി.കുണ്ട് അംഗൻവാടി, പുലേരി മഹൽത്ത് സെന്ററിന് സമീപം വി.പി.കുണ്ട്, തലക്കശ്ശേരി ആണ്ടയിൽ അമ്പലം റോഡ് എന്നിവടങ്ങളിൽ പൈപ്പ് ലൈനിൽ നിന്ന് പുതിയ ടാപ്പുകൾ സ്ഥാപിച്ച് കുടിവെള്ളം എത്തിക്കാവുന്നതാണ്.
	കറുത്തേടപടി കോളനി	കിണർ കുഴിച്ച് മോട്ടോർ സ്ഥാപിച്ച് എത്തിക്കാവുന്നതാണ്.
	തലക്കശ്ശേരി സ്കൂൾ	നിലവിലുള്ള ലൈനിൽ നിന്ന് കണക്ഷൻ നൽകാവുന്നതാണ്.

4.	തൊഴുക്കര അയിലക്കുന്ന് കോളനി, ചീരക്കുഴി ഭാഗം, കോട്ടപ്പാടം വലിയറപ്രദേശം, തൊഴുക്ക് ചിററോഡ്, തൊഴുക്കര വടക്ക് ഭാഗം, വാഴയിൽ വളപ്പ് കോളനി, ലക്ഷംവീട് കോളനി	ഈ പ്രദേശങ്ങളിൽ നിലവിലുള്ള പൈപ്പിൽ നിന്ന് തൈപ്പറമ്പൻ നീട്ടി പുതിയ ടാപ്പുകൾ സ്ഥാപിക്കാവുന്നതാണ്. കുടിവെള്ളപ്രശ്നം രൂക്ഷമായ പ്രദേശങ്ങളിൽ ഗാർഹിക കണക്ഷനുകൾ നൽകാവുന്നതാണ്.
5.	കൽക്കത്ത് കുന്ന് ഹരിജൻ കോളനി, തിയംപറമ്പ് ഹരിജൻ കോളനി	ഇവിടങ്ങളിലെ കടുത്ത കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണണം.
6.		
7	തേവൻകളത്തിൽ പടി പുലേരി കരിവാൻപടി, ആലിക്കുന്നത്ത് മേപ്പുറം കരണപ്ര വടക്കേ നാല്സെന്റ് കോളനി, പള്ളിക്കുളങ്ങര ഊടുവഴി	ഇവിടങ്ങളിൽ ശുദ്ധജലമെത്തിക്കാനുള്ള നടപടി സ്വീകരിക്കണം.
8.	വെങ്കരകുന്ന്, കാജാനഗർ നൂറൽ ഇസ്ലാം മദ്രസക്കു സമീപം പഞ്ചായത്ത് ഓഫീസിന്റെ കിഴക്ക് ഭാഗം, കുണ്ടുകാട്, പുലേരി, വി.പി.കുണ്ട് ചെന്നിങ്ങാട്ടിൽ പടി, നായാടി കോളനി, പത്തായപ്പുര, താനക്കാട്, കോണിതൈക കോളനി, കള്ളനൂർ ആശാരി കോളനി, ആലൂർ കയറ്റത്തിന് പടിഞ്ഞാറ് ഭാഗം, ആട്ടയിൽ പടി, കുമ്പ ഏരിയ കൃഷിഭവന് പിൻഭാഗം.	ഈ പ്രദേശങ്ങളിലേക്ക് നിലവിലുള്ള പൈപ്പ് ലൈനിൽ നിന്ന് പുതിയ പൈപ്പ് സ്ഥാപിച്ച് ടാപ്പുകൾ അനുവദിച്ച് കുടിവെള്ള ക്ഷാമത്തിന് പരിഹാരം കാണാവുന്നതാണ്.
9.	വാർഡിന്റെ പടിഞ്ഞാറുള്ള അംഗൻവാടി പ്രദേശം, കക്കാട്ടിരി മെയിൻ റോഡ്, പുളിയപ്പറ്റ ഭാഗം കക്കാട്ടിരി ഹരിജൻ കോളനി വേണാട് കുന്ന് ഹരിജൻ കോളന അരികുന്ന് ഹരിജൻ കോളനി, മനച്ചിക്കോട് കോളനി, വലിയപറമ്പ് ഹരിജൻ കോളനി, പത്താലകുന്ന് കോളനി.	ഈ പ്രദേശങ്ങളിലെ കുടിവെള്ളപ്രശ്നത്തിന് പരിഹാരം കാണുന്നതിന് നിലവിലുള്ള പൈനിൽ നിന്ന് പൈപ്പ് ലൈൻ സ്ഥാപിച്ച് പുതിയ പുതിയ ടാപ്പുകൾ അനുവദിക്കാവുന്നതാണ്. സൗകര്യപ്രദമായ സ്ഥലങ്ങളിൽ കുഴൽ കിണറുകളോ പൊതുകിണറുകളോ കുഴിച്ച് കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണാവുന്നതാണ്.
	കാശാമുക്ക് പടിഞ്ഞാറ് ഭാഗം ബാലവാടി ഭാഗം.	കുഴൽക്കിണർ കുഴിക്കാവുന്നതാണ്.
	വേണാട്കുന്ന് തടത്തിപറമ്പ്	ഇവിടങ്ങളിലെ പൊതുകിണറുകൾ ആഴംകൂടി റിപ്പയർ ചെയ്ത് ഉപയോഗപ്രദമാക്കണം.
	പുളിയപ്പറ്റ റോഡിന്റെ അവസാനഭാഗം	കിണറോ, കുഴൽകിണറോ കുഴിച്ച് ശുദ്ധജലക്ഷാമം നേരിടാവുന്നതാണ്.
10.	കൊട്ടിപ്പാറകുന്ന് കോളനി കമ്മങ്ങാട്ടുകുന്ന് കോളനി	ധർമ്മഗിരി കോളനിയിൽ ജെ.ആർ.തൈ പദ്ധതിപ്രകാരം പഞ്ചായത്ത് സ്ഥാപിച്ച ശുദ്ധജലവിതരണ പദ്ധതിയിൽ നിന്ന് പൈപ്പുകൾ സ്ഥാപിച്ച് ടാപ്പ് അനുവദിച്ചാൽ ഈ കോളനികളിലെ ശുദ്ധജലക്ഷാമത്തിന് പരിഹാരം കാണാവുന്നതാണ്.
	പുളക്കപ്പാറമ്പ് കോളനി തോടുംകുന്ന് കോളനി പാതിരിക്കോട് കോളനി	മല സെന്ററിലൂടെ കടന്നുപോകുന്ന KWA പൈപ്പ് ലൈനിൽ നിന്ന് ഈ കോളനികളിലേക്ക് പൈപ്പ് ലൈൻ സ്ഥാപിച്ചാൽ ഇവിടങ്ങളിലെ ശുദ്ധജലക്ഷാമത്തിന് പരിഹാരമാകും. തോടുംകുന്ന്, കൊട്ടിപ്പാറ കുന്ന് എന്നിവടങ്ങളിലെ പൊതുകിണറുകൾ മണ്ണെടുത്ത് വൃത്തിയാക്കേണ്ടതാണ്, കൊട്ടിപ്പാറ ഭാഗത്ത് നിർദേശിക്കപ്പെട്ട കുഴൽകിണർ കുഴിച്ചാൽ ഇവിടെ ധാരാളം വെള്ളം ലഭിക്കുന്നതാണ്.

11. വാർഡിൽ എല്ലാ സ്ഥലങ്ങളിലും	ശുദ്ധജല വിതരണ പദ്ധതി ഒന്നും ഇല്ലാത്ത പ്രദേശമാ ഇവിടെ; അതുകൊണ്ട് തന്നെ വേനൽകാലത്ത് കടുത്ത ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നു.പുലിയപ്പറ്റ കായലിന് സമീപത്തുള്ള ചേരും കുളത്തിനടുത്ത് കുഴൽകിണർ കുഴിച്ച് മോട്ടോർ സ്ഥാപിച്ച് തൊട്ടടു ത്തുള്ള പരുത്തികുന്നത്ത് ടാങ്ക് നിർമ്മിച്ച് അതിലേക്ക് വെള്ളം എത്തിച്ച് വാർഡിന്റെ എല്ലാ ഭാഗങ്ങളിലേക്കും പൈപ്പ് ലൈൻ സ്ഥാപിച്ച് വെള്ളം എത്തിക്കാവുന്ന താണ്. വാർഡിൽ നിലവിലുള്ള കുഴൽകിണറുകളിൽ 1/2 എച്ച്.പി. മോട്ടോർ സ്ഥാപിച്ച് ടാങ്കിൽ വെള്ളം സംഭരിച്ചാൽ ടാപ്പ് ഇട്ടു കൊടുക്കാവുന്നതാണ്.
ആമക്കാവ് റോഡ്-പഞ്ചായത്ത് അതിർത്തി.	ഇവിടെ കുഴൽക്കിണർ കുഴിച്ച് കുടിവെള്ളം ലഭ്യമാക്കാവുന്നതാണ്.
വട്ടേനാട് കോളനി,	ഇവിടെയുള്ള രണ്ട് പൊതുകിണറുകളും ഉപയോഗ ശൂന്യമായി കിടക്കുകയാണ്. ആയത് റിപ്പയർ ചെയ്ത് ഉപയോഗപ്രദമാക്കിയാൽ ധാരാളം വെള്ളം ലഭിക്കുന്ന താണ്.
താമരക്കാട് കുന്ന് അംഗൻവാടി	ഇവിടെ പുതിയ കിണറോ, കുഴൽകിണറോ കുഴിക്കാവുന്നതാണ്.

ചെറുകിട ഇടത്തരം പദ്ധതികൾ

1,9,10,11 വാർഡുകളിൽ നിന്നാണ് പുതിയ പദ്ധതികൾക്കുള്ള നിർദ്ദേശങ്ങൾ വന്നിട്ടുള്ളത്.

1. ഒന്നാം വാർഡിലുള്ള വെങ്കര പോലയിൽ ബണ്ട് കെട്ടിയാൽ ഏതാണ്ട് എല്ലാ കാലങ്ങളിലും വെള്ളമുള്ള ഇവിടെ നിന്ന് വാർഡിലെ ഇതരപ്രദേശങ്ങളിലേക്ക് പൈപ്പുകൾ സ്ഥാപിച്ച് ശുദ്ധജലം എത്തിക്കാൻ കഴിയും.

2. 10-ാം വാർഡിൽ സ്ഥിതിചെയ്യുന്ന ഏതാണ്ട് ഒന്നര ഏക്കർ വിസ്തൃതിയുള്ള ചേറാഞ്ചിറ കുളത്തിൽ എല്ലാ കാലങ്ങളിലും ധാരാളം വെള്ളമുണ്ടാകാറുണ്ട്. പ്രസ്തുത കുളത്തിനോടനുബന്ധിച്ച് ഒരു കിണർ കുഴിച്ച് ഇതിനടുത്തുള്ള അയ്യപ്പൻ കുന്നിന് മുകളിൽ ടാങ്ക് സ്ഥാപിച്ച് പ്രസ്തുത ടാങ്കിലേക്ക് വെള്ളം എത്തിച്ചാൽ 10-ാംവാർഡിലെയും വേനൽകാലത്ത് കടുത്ത വരൾച്ച നേരിടുന്ന 5, 11, 9 എന്നീ വാർഡുകളിലേക്കും വെള്ളം വിതരണം ചെയ്യാൻ കഴിയും. കൃഷിക്കാർക്ക് അസൗകര്യമില്ലാത്ത രീതിയിലാണ് കിണർ കുഴിച്ച് ശുദ്ധജലവിതരണം നടത്തേണ്ടത്.

3. 11-ാംവാർഡിൽ പുളിയപറ്റ കായലിന് സമീപത്തുള്ള ചേരുംകുളത്തിനടുത്ത് കുഴൽകിണർ നിർമ്മിച്ച് ഇതിലേക്ക് വെള്ളം എത്തിച്ച് വാർഡിന്റെ വിവിധഭാഗങ്ങളിലേക്ക് പൈപ്പ് ലൈൻ സ്ഥാപിച്ച് വെള്ളം എത്തിക്കാൻ കഴിയും.

മറ്റു നിർദ്ദശങ്ങൾ, പദ്ധതികൾ

1. ചെറുതും വലുതുമായി ധാരാളം തോടുകളുള്ള ഇവിടെ, ഇവയെ സംരക്ഷിച്ച് ബണ്ടുകൾ കെട്ടിയാൽ മഴക്കാലത്ത് പാഴായിപോകുന്ന ധാരാളം വെള്ളം ശേഖരിക്കാൻ കഴിയും.

2. വാട്ടർ ഷെഡ് പദ്ധതി വിവിധ ഭാഗങ്ങളിൽ നടപ്പിലാക്കുക.

3. ഉയർന്ന പ്രദേശങ്ങളിൽ വരമ്പുകളിലും, കുഴികൾ കുഴിച്ചും വെള്ളം സംഭരിക്കുക.

4. വർഷകാലങ്ങളിലുള്ള രൂക്ഷമായ മണ്ണൊലിപ്പ് തടയുന്നതിന് പദ്ധതി ആവിഷ്ക്കരിക്കുക.

ഇവയെ കുറിച്ച് ബോധവൽക്കരണം നടത്താനും അതുവഴി ജനകീയസഹകരണത്തോടെ പദ്ധതികൾ നടപ്പിലാക്കുക.

വെള്ളം ധാരാളമുള്ള കുഴൽകിണറുകളിൽ1/2 എച്ച്.പി.യുടെ മോട്ടോർ സ്ഥാപിച്ച് അതിനടുത്ത് ടാങ്ക് നിർമ്മിച്ച് വെള്ളം സംഭരിച്ച് ടാങ്കിനടുത്തുതന്നെ ടാപ്പുകൾ സ്ഥാപിച്ച് വെള്ളം നാശമാകാതെ കൂടുതൽ പേർക്ക് ഉപയോഗിക്കാൻ കഴിയും. (ജനപങ്കാളിത്ത ത്തോടെ നടപ്പിലാക്കാവുന്നതാണ്)

ഭാരതപ്പുഴയും തൂതപ്പുഴയും സംഗമിക്കുന്ന ഭാഗത്ത് നിർദേശിക്കപ്പെട്ട തടയണ നിർമ്മിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടത് അത്യാവശ്യമാണ്. ഈ പദ്ധതി നടപ്പിലായാൽ പഞ്ചായത്തിലെ കാർഷിക വശ്യത്തിനും ശുദ്ധജല ആവശ്യത്തിനും ജല ലഭ്യ ഉറപ്പ് വരുത്താൻ കഴിയും.

പാലക്കാട് ജില്ലയുടെ പടിഞ്ഞാറൻ മേഖലയിലെ കാർഷിക, കുടിവെള്ള പ്രശ്നങ്ങൾക്ക് പരിഹാര മാകുന്ന വെള്ളിയാംകല്ല് കോസ്വേ കം റെഗുലേറ്റർ പദ്ധതി നടപ്പിലാക്കുന്നതിന് ജില്ലാ പഞ്ചായത്തും സംസ്ഥാന സർക്കാരും മുന്തിയ പരിഗണന നൽകേണ്ടതാണ്.

പാവറട്ടി ശുദ്ധജല വിതരണ പദ്ധതിയുടെ രണ്ടാംഘട്ടം നടപ്പിലാക്കുമ്പോൾ കടുത്ത കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പട്ടിത്തറ പഞ്ചായത്തിനെയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

പരിസരശുചിത്വം

കാർഷിക മേഖലയ്ക്ക് മുൻതൂക്കമുള്ള പ്രദേശമായതിനാൽ വ്യവസായവൽക്കരണം മൂലമുള്ള മലിനീകരണ പ്രശ്നങ്ങൾ തീരെ ഇല്ല. എങ്കിലും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പരിസര ശുചീകരണത്തിന്റെ കുറവ് മൂലമുള്ള പരാതികൾ ധാരാളമുണ്ട്, പഞ്ചായത്ത് പ്രദേശത്തെ പ്രധാന കച്ചവട കേന്ദ്രങ്ങളിൽ കൂപ്പകളും മറ്റു മലിനവസ്തുക്കളും മൂലമുണ്ടാകുന്ന പ്രശ്നങ്ങളുമുണ്ട്.

പഞ്ചായത്തിലെ പ്രധാന കച്ചവടകേന്ദ്രങ്ങളിൽ കൂപ്പത്തൊട്ടികൾ സ്ഥാപിക്കേണ്ടതും ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് നിലവിൽ പഞ്ചായത്തിൽ "സ്വീപ്പർ" തസ്തിക ഇല്ലാത്തതിനാൽ, സ്വീപ്പർ തസ്തിക അനുവദിച്ച് സ്വീപ്പറെ നിയമിച്ച് ശുചീകരണ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടേണ്ടതാണ്.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പലവിധത്തിലുള്ള മലിനീകരണ പ്രവർത്തനങ്ങളാണ് നിലനിൽക്കുന്നത്.

പ്രശ്നങ്ങളും പരിഹാര നിർദേശങ്ങളും

രണ്ടാം വാർഡിലാണ് പഞ്ചായത്തിലെ പ്രധാന കച്ചവട കേന്ദ്രമായ പടിഞ്ഞാറങ്ങാടി സ്ഥിതി ചെയ്യുന്നത്. ധാരാളം ജനങ്ങൾ വിവിധ ആവശ്യങ്ങൾക്കായി വന്ന് പോയിക്കൊണ്ടിരിക്കുന്ന ഇവിടെ പൊതു കക്കൂസോ, മൂത്രപ്പുരയോ ഇല്ല. സമഗ്രമായ അഴുക്കുചാൽ പദ്ധതിയുടെ അഭാവം മൂലം മലിനജലം റോഡരുകിലും കാവകളിലുമായി കെട്ടിനിൽക്കുന്നത് പൊതുജനാരോഗ്യത്തിന് ഭീഷണിയാണ്. മത്സ്യ-മാംസ വിൽപ്പനയുടെ ഒരു വൻ കേന്ദ്രമായ ഇവിടെ പൊതുമാർക്കറ്റോ അറവുശാലകളോ ഇല്ല. മത്സ്യം വിൽക്കുന്ന ഭാഗത്തുനിന്ന് മലിനവസ്തുക്കളും മലിനജലവും റോഡരികിലൂടെ ഒലിച്ചിറങ്ങി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഇവിടെ പൊതുകക്കൂസും, മൂത്രപ്പുരയും സ്ഥാപിക്കേണ്ടതാണ്. പഞ്ചായത്ത് കേന്ദ്രീകരിച്ച് ആധുനിക രീതിയിലുള്ള ഒരു അറവ്ശാലയും, മത്സ്യമാർക്കറ്റും സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്.

മൂന്നാം വാർഡിൽ തലക്കശ്ശേരി ഭാഗത്ത് നിന്ന് വരുന്ന ജനങ്ങൾ ഉപയോഗിക്കുന്ന തോട്ടിലെ വെള്ളം മൃഗങ്ങളുടെ അവശിഷ്ടങ്ങളും മറ്റും ഇട്ട് മലിനമാക്കുന്നത് നിർത്തലാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

നാലാം വാർഡിൽ റോഡരികിലുള്ള മത്സ്യ വിൽപ്പനയും മാംസവിൽപ്പനയും മൂലമുള്ള പ്രശ്നങ്ങൾ പരിഹരിക്കേണ്ടതാണ്.

ഏഴ്, എട്ട് വാർഡുകളിൽ ഈ പഞ്ചായത്തിലെ മറ്റൊരു പ്രധാന കച്ചവട കേന്ദ്രമായ ആലൂർ സ്ഥിതി ചെയ്യുന്നു. ഇവിടെ കാവകൾ തീരെ ഇല്ലാത്തതിനാൽ ജലം റോഡരുകിൽ കെട്ടിക്കിടന്ന് ഗുരുതരമായ പ്രശ്നങ്ങളുണ്ടാക്കുന്നു. മത്സ്യ-മാംസ വിൽപ്പന റോഡരുകിൽ നടക്കുന്നതിനാൽ അതിൽ നിന്നുള്ള മലിന വസ്തുക്കളും മറ്റും റോഡിലേക്ക് വരുന്നു. ചപ്പുചവറുകളും പച്ചക്കറിയുടെ അവശിഷ്ടങ്ങളും മറ്റും റോഡരികിലിടുന്നതും പ്രശ്നങ്ങളുണ്ടാക്കുന്നു. ഇവിടെ പൊതുമാർക്കറ്റ് സ്ഥാപിക്കേണ്ടതാണ്.

ഒൻപത്, പത്ത്, വാർഡുകളിൽ പരിസരശുചിത്വത്തിന് ഭീഷണിയാകുന്ന പ്രശ്നങ്ങൾ കുറവാണ്.

പതിനൊന്നാം വാർഡ്-തൊട്ടടുത്ത പഞ്ചായത്തിലെ ഈ മേഖലയിലെ പ്രധാന കച്ചവടകേന്ദ്രത്തിനോട് ബന്ധപ്പെട്ട് സ്ഥിതിചെയ്യുന്നതിനാൽ നഗരവൽക്കരണ പ്രവണതകൾ മൂലമുള്ള മലിനീകരണപ്രശ്നങ്ങൾ നേരിടുന്ന മത്സ്യവിൽപ്പനയും മാംസവിൽപ്പനയും റോഡരികിൽ നടക്കുന്നതിനാൽ അതിൽ നിന്നുള്ള മലിനവസ്തുക്കളും മറ്റും കെട്ടിക്കിടന്ന് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. വാർഡിൽ പഞ്ചായത്തതിർത്തിയിലുള്ള പുളിയപ്പറ്റ കായലിലേക്കുള്ള തോട്ടിൽ മൃഗങ്ങളുടെ എല്ലും മറ്റ് അവശിഷ്ടങ്ങളും ഇട്ട് ജലസേചന ആവശ്യത്തിനും ജനങ്ങളുടെ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന വെള്ളം മലിനമാക്കുന്നത് തടയേണ്ടതാണ്. പടിഞ്ഞാറങ്ങാടിയിൽ അഴുക്കുചാൽ സ്ലാബ് ഇട്ട് മൂടണം.

5

വ്യവസായം

ചരിത്രം ഒരു പാർശ്വവീക്ഷണം

പട്ടിത്തറ പഞ്ചായത്തിന്റെ വ്യവസായ ചരിത്രം പരിശോധിക്കുകയാണെങ്കിൽ നമുക്ക് അവകാശപ്പെടാൻ ഏറെയൊന്നുമില്ലെന്ന് കാണാൻ കഴിയും. കാർഷിക,പരമ്പരാഗതമേഖലകളിലെ തൊഴിൽ ദിനങ്ങളെ അടിസ്ഥാനമാക്കിയായിരുന്നു ജനജീവിതം മുന്നോട്ട്പോയിരുന്നത്. ആദ്യകാലങ്ങളിൽ നിലനിന്നിരുന്ന ജന്മിത്വത്തിന്റെ ക്രൂരതകൾക്ക് മുന്നിൽ നടുകുനിച്ച് കുടുംബങ്ങൾക്ക് കഠിനമായ അധ്വാനം പോലും നാഴിനെല്ലിനും ഉരിനെല്ലിനുമല്ലാം വിൽക്കേണ്ട അവസ്ഥയായിരുന്നു. കർഷകതൊഴിലാളികൾക്കും പരമ്പരാഗത മേഖലകളിലെ തൊഴിലാളികൾക്കും മാത്രമല്ല; കർഷകർക്കും ഈ ക്രൂരതകൾക്ക് അടിമപ്പെടേണ്ടിവന്നു. കാർഷികരംഗത്തെ ഇത്തരം പ്രവണതകൾ വ്യാവസായിക രംഗത്തേക്കുള്ള നമ്മുടെ പ്രയാണം തടയുന്ന വിധത്തിലായിരുന്നു.

സമഗ്രഭൂപരിഷ്കരണ നിയമം സമൂഹബന്ധങ്ങളിൽ സമൂലപരിവർത്തനങ്ങൾക്ക് വഴിതെളിയിച്ചു. പാട്ടവ്യവസ്ഥയിൽ നിന്നും മോചിക്കപ്പെട്ട കർഷകൻ, കർഷകതൊഴിലാളി, പരമ്പരാഗതമേഖലയിലെ തൊഴിലാളി എന്നിങ്ങനെ അത് മുന്നോട്ടുപോയി. ഭൂപരിഷ്കരണത്തിന്റെയും രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക രംഗത്തെ പൂർവ്വസൂരികളുടെ പ്രവർത്തനങ്ങളുടെയും ഫലമായി സ്വന്തം അധ്വാനത്തിന്റെ വില നിശ്ചയിക്കാനുള്ള അധികാരം തങ്ങൾക്കാണെന്ന ബോധത്തിലേക്ക് കർഷകരേയും കർഷകതൊഴിലാളികളെയും പരമ്പരാഗതമേഖലിയിലെ തൊഴിലാളികളെയും ഉയർത്തി.

നമ്മുടെ പഞ്ചായത്തിന്റെ ഏതാണ്ടെല്ലാ വാർഡുകളിലും പരമ്പരാഗത തൊഴിലായിരുന്ന കുട്ട, പനമ്പ്, പായ എന്നിവ നിർമ്മിക്കുന്ന തൊഴിലുകളിലേർപ്പെട്ട ജനങ്ങളുണ്ടായിരുന്നു. ആലൂർ, തലക്കശ്ശേരി, പട്ടിത്തറ, പ്രദേശത്ത് മൺപാത്ര നിർമ്മാണത്തെ അടിസ്ഥാനമാക്കി ജീവിച്ചിരുന്ന തൊഴിൽ കുടുംബങ്ങളും ഉണ്ടായിരുന്നു. അക്കാലങ്ങളിൽ നിർമ്മാണത്തിനാവശ്യമായ അസംസ്കൃതവസ്തുക്കൾ സുലഭമായിരുന്നെങ്കിലും ഇവരുടെ ജീവിതം വളരെ മെച്ചപ്പെട്ടതായിരുന്നു എന്നവകാശപ്പെടാൻ കഴിയുമായിരുന്നില്ല. മരച്ചക്കുപയോഗിച്ച് എണ്ണയാട്ടുന്ന ഒരുശാല നമ്മുടെ പഞ്ചായത്തിന്റെ പടിഞ്ഞാറെ അതിർത്തിഗ്രാമമായ ഒതളൂരിൽ ഉണ്ടായിരുന്നു. പിന്നീട് വിവിധകാലങ്ങളിലായി ആലൂരിൽ രണ്ടും പട്ടിത്തറയിൽ ഒന്നും പൂർണ്ണമായി യന്ത്രവത്ക്കരിച്ച എണ്ണമില്ലുകൾ ഉണ്ടായി. ഇവ വ്യവസായിക അടസ്ഥാനത്തിൽ എണ്ണ ഉൽപ്പാദനം നടത്തുന്നവയായിരുന്നു. എന്നാൽ ഇവിടെ തൊഴിലാളികളായി ഒന്നോ രണ്ടോ പേരെ മാത്രമെ ആവശ്യമായിരുന്നുള്ളൂ.

ഖാദിബോർഡിന്റെ നേതൃത്വത്തിൽ ആലൂരിലും വട്ടേനാടും ഒരോ നൂൽനൂൽപ്പ് കേന്ദ്രങ്ങൾ തുടങ്ങിയതിൻ ഫലമായി വനിതകൾക്ക് നാമമാത്ര മാണെങ്കിലും തൊഴിൽ ലഭിക്കുന്ന അവസ്ഥയുണ്ടായി.

100ൽപരം പേർക്ക് തൊഴിൽ ലഭിക്കുന്ന വിധത്തിൽ മലയിൽ എഫർമിന്റ് ടൂത്ത്പേസ്റ്റ് നിർമ്മാണശാല ആരംഭിച്ചത് സംഘടിതവ്യവസായ രംഗത്തേക്കുള്ള നമ്മുടെ പഞ്ചായത്തിലെ ആദ്യകാൽവെപ്പായിരുന്നു. ടൂത്ത്പേസ്റ്റ്, ടൂത്ത് പൗഡർ, ഷാംപൂ തുടങ്ങിയവയായിരുന്നു ഇവിടെ ഉൽപ്പാദിപ്പിച്ചിരുന്നത്.

1987ൽ വട്ടേനാട് ഒരു അലുമിനിയപാത്ര നിർമ്മാണയൂണിറ്റ് ആരംഭിച്ചു. 1989ൽ ഒരു സ്വകാര്യ ട്രസ്റ്റിന്റെ കീഴിൽ മലയിൽ ഗ്രാമശ്രീ എന്നപേരിൽ മറ്റൊരു അലുമിനിയ പാത്ര നിർമ്മാണയൂണിറ്റും ആരംഭിച്ചു. രണ്ടിടങ്ങളിലുമായി 25ൽ പരം തൊഴിലാളികൾ പണിയെടുത്തിരുന്നു.

1985ൽ വട്ടേനാട് വനിതകളുടെതായ ഒരു സഹകരണസംഘം ആരംഭിക്കുകയും കറിപൗഡർ ഉൽപ്പാദനം ആരംഭിക്കുകയും ചെയ്തു. 15ൽപ്പരം വനിതകൾ ഇവിടെ തൊഴിൽ ചെയ്തിരുന്നു.

പൂർണ്ണമായും ഋതുക്കളെ അടിസ്ഥാനമാക്കി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇഷ്ടികകളങ്ങൾ പ്രവർത്തിച്ചിരുന്നു. ചെറിയ കുട്ടികൾ മുതൽ വളരെയധികം പേർ ഇവിടെ പണിയെടുത്തിരുന്നു.

ആലൂരിൽ വനിതകളുടെതായ തികച്ചും സ്വകാര്യ മേഖലയിലുള്ള ഒരു ഗാർമെന്റ് മേക്കിംഗ് സെന്ററും പ്രവർത്തിച്ചിരുന്നു.

പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലായി കരിങ്കൽ, വെട്ടുകൽ ക്വാറികളിലായി 500ൽ പരം പേർ തൊഴിലെടുക്കുന്നുണ്ട്. ഇതിനെല്ലാം പുറമെ സോപ്പ്, കാപ്പിപ്പൊടി, പപ്പടം നിർമ്മാണയൂണിറ്റുകളും 5 മരമില്ലുകളും 10 റൈസ് & ഫ്ളവർമില്ലുകളും ഒരു അവിൽ മില്ലും 3 മരപ്പണികേന്ദ്രങ്ങളും 2 ക്രഷും കല്ലാട

യൂണിറ്റുകളും കരിങ്കല്ലുകൊണ്ടുള്ള ഗൃഹോപകരണങ്ങളും മറ്റ് കൊത്തുശിൽപ്പങ്ങളും നിർമ്മിക്കുന്ന യൂണിറ്റും ഉണ്ടായിരുന്നു.

വട്ടേനാട് ഒരു അലുമിനിയ ഷീറ്റ് നിർമ്മാണ യൂണിറ്റും പ്രവർത്തിക്കുന്നുണ്ട്.

പഞ്ചായത്തിലെ വ്യാപാര/വ്യവസായ സ്ഥാപനങ്ങൾ

തരം	എണ്ണം
ചെറുകിട വ്യവസായം	27
വൻകിട വ്യവസായം	–
കച്ചവടം/വ്യാപാരം	200
മറ്റുള്ളവ	50
ആകെ	277

വ്യവസായ യൂണിറ്റുകളുടെ ഇപ്പോഴത്തെ അവസ്ഥ

ഒരു കാലത്ത് സജീവമായിരുന്ന പരമ്പരാഗത മേഖല അസംസ്കൃതവസ്തുക്കളുടെ ലഭ്യതയില്ലായ്മ മൂലവും കാലത്തിനനുസരിച്ച് യന്ത്രവത്ക്കരണമില്ലായ്മ മൂലവും തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. മൺപാത്രങ്ങൾ വലിയ കമ്പനികളിൽ നിന്നും വാങ്ങി തുച്ഛമായ കമ്മീഷൻ പറ്റികൊണ്ട് വിൽക്കേണ്ട അവസ്ഥയിലേക്ക് ആ രംഗത്തുള്ളവർ എത്തിച്ചേർന്നു. പുതിയ ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ കടന്നുകയറ്റം മൂലം കരിങ്കല്ലുകൊണ്ട് അമ്മി, ആട്ടുകല്ല്, എന്നിവ ഉണ്ടാക്കിയിരുന്നവരുടെ തൊഴിൽ നഷ്ടപ്പെടുന്ന അവസ്ഥയും ഉണ്ടായി. ഏതാണ്ട് മുപ്പത് വർഷങ്ങൾക്ക് മുമ്പ് ഒതളൂരിൽ ഉണ്ടായിരുന്ന എണ്ണയാട്ടു ചക്കിന്റെ പ്രവർത്തനം പൂർണ്ണമായി നിലച്ചു.

വട്ടേനാട്, ആലൂർ നൂൽനൂൽപ്പ് കേന്ദ്രങ്ങളുടെ അവസ്ഥ പുരോഗതി പ്രാപിച്ചതിന്റെ ഫലമായി ഇപ്പോൾ 100ൽപ്പരം സ്ത്രീകൾ ഇവിടെ തൊഴിൽ ചെയ്തുവരുന്നു.

1987ൽ വട്ടേനാട് പ്രവർത്തനമാരംഭിച്ച അലുമിനിയ പാത്ര നിർമ്മാണയൂണിറ്റ് 95ൽ പ്രവർത്തനം നിർത്തിവെച്ചു. 1989ൽ ഒരു സ്വകാര്യ ട്രസ്റ്റിന്റെ കീഴിൽ മലയിൽ പ്രവർത്തനമാരംഭിച്ച ഗ്രാമശ്രീ അലുമിനിയ പാത്രനിർമ്മാണ യൂണിറ്റ് നടത്തിപ്പിന്റെ അപാകതമൂലം 1994ൽ പ്രവർത്തനം നിലക്കുകയാണുണ്ടായത്.

വട്ടേനാട്ടെ 18ലക്ഷം രൂപ മൂലധനമുള്ള അലുമിനിയ ഷീറ്റ് നിർമ്മാണയൂണിറ്റ് നല്ലനിലയിൽ പ്രവർത്തിച്ചിരുന്നുവെങ്കിലും ഇപ്പോൾ പ്രവർത്തനരഹിതമാണ്. വ്യവസായരംഗത്ത് നമ്മുക്ക് ഏറെ പ്രതീക്ഷ നൽകിയിരുന്ന മലയിലെ എഫർമിന്റ് ടൂത്ത്പേസ്റ്റ് നമ്മളിൽ നിന്നും അന്യമായികൊണ്ടിരിക്കുകയാണ്. ആദ്യകാലത്ത് 80ൽപരം പേർ ഇവിടെ ജോലി ചെയ്തിരുന്നു. ടാറ്റാകമ്പനി ഇത് ഏറ്റെടുത്തതിന്ശേഷം ഇവിടെ നിന്നും നല്ലനിലയിൽ ടൂത്ത് പേസ്റ്റ് റഷ്യയിലേക്ക് കയറ്റുമതി ചെയ്തിരുന്നു. റഷ്യയിൽ രാഷ്ട്രീയ അവസ്ഥയിലുണ്ടായ മാറ്റവും മുല്ലർ & മുല്ലർ എന്ന കമ്പനി ഏറ്റെടുത്തതും ഈ കമ്പനിയെകുറിച്ചുള്ള നമ്മുടെ പ്രതീക്ഷകൾ തകർക്കുകയാണുണ്ടായത് എൺപതിൽപരം പേർ ജോലിചെയ്തിരുന്ന ഈ കമ്പനിയിലിപ്പോൾ 12 ദിവസക്കൂലിക്കാർ മാത്രമാണ് ജോലിചെയ്യുന്നത്. ഇവിടെ നിന്നും ഇപ്പോൾ കുട്ടിക്യൂറ പൗഡറും, ടൂത്ത്പേസ്റ്റും മാത്രമാണ് പുറത്തിറക്കുന്നത്.

റബ്ബർ പാൽ ഉപയോഗിച്ച് ബെർബാസ്, നൂൽ എന്നിവ ഉണ്ടാക്കിയിരുന്ന ഒതളൂരിലെ യൂണിറ്റ് 93ൽ മനേജ്മെന്റിന്റെ താത്പര്യമില്ലായ്മ മൂലം അടക്കപ്പെട്ടു. 8 വനിതകൾ ഇവിടെ തൊഴിൽ ചെയ്തിരുന്നു. വട്ടേനാട്ടെ കറിപൗഡർ വ്യവസായ യൂണിറ്റ് നടത്തിപ്പിലെ അപാകതമൂലം അടച്ചിട്ടു. ഇവിടെ തൊഴിൽ ചെയ്തിരുന്ന 15ഓളം വനിതകൾക്ക് തൊഴിൽ നഷ്ടപ്പെട്ടു. ആലൂരിലെ ഗാർമെന്റ് മെയ്ക്കിങ്ങ് സെന്റർ, സോപ്പ്, കാപ്പിപ്പൊടി നിർമ്മാണയൂണിറ്റുകൾ ഹവായ് ചെരിപ്പ് നിർമ്മാണ ശാലകൾ ഓയിൽമിൽ എന്നിവയും പട്ടിത്തറയിലെ റൈസ്മില്ലും പ്രവർത്തനം നിലച്ചവയിൽപ്പെടുന്നു. പൊതുവെ വ്യവസായരംഗത്തുണ്ടായിരുന്ന തൊഴിൽ ദിനങ്ങൾ വൻതോതിൽ നഷ്ടപ്പെട്ടിരിക്കുന്നു.

നിലവിലുള്ളവ മെച്ചപ്പെടുത്തൽ

1. പരമ്പരാഗത വ്യവസായസംരംഭങ്ങൾ മെച്ചപ്പെടുത്താൻ ആവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുകയും കാലത്തിനനുസരിച്ചരീതിയിൽ ചെറിയ തോതിലുള്ള യന്ത്രവത്ക്കരണം സാധ്യമാക്കുകയും വേണം. മൺപാത്രനിർമ്മാണ രംഗത്ത് സീലിങ്ങിനുള്ള ഓടുകൾ, പൂച്ചട്ടി, കരകൗശലവസ്തുക്കൾ എന്നിവയുടെ നിർമ്മാണത്തിനാവശ്യമായ പരിഷ്കരണങ്ങൾ കൂടി കൊണ്ടുവരണം.

2. ആലൂരിലും വട്ടേനാടും പ്രവർത്തിക്കുന്ന ഖാദിബോർഡിന്റെ കീഴിലുള്ള നൂൽനൂൽപ്പ് കേന്ദ്രങ്ങൾ വിപുലീകരിക്കണം. നമ്മുടെ നാട്ടിൽ സുലഭമായ വാഴനാര്, കൈതനാര്, തുടങ്ങിയവ ഉപയോഗിച്ച് സഞ്ചികൾ കരകൗശലവസ്തുക്കൾ എന്നിവയുടെ നിർമ്മാണം തുടങ്ങാവുന്നതാണ്. ഖാദിബോർഡിന് വിറ്റഴിക്കാൻ സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ വിൽപ്പനകേന്ദ്രങ്ങൾ ഉണ്ട് എന്നതിനാൽ വനിതകൾക്ക് വീട്ടിലിരുന്ന് നിർമ്മിച്ച് നൂൽനൂൽപ്പ് കേന്ദ്രത്തിൽ എത്തിക്കാൻ കഴിയും.

3. മലയിലെ അലുമിനിയപാത്ര നിർമ്മാണശാല. സ്വകാര്യട്രസ്റ്റിന്റെ കീഴിലുള്ള ഈ സ്ഥാപനം ഖാദിബോർഡിന്റെ സഹകരണത്തോടുകൂടി സഹകരണ മേഖലയിലേക്ക് മാറ്റുകയാണെങ്കിൽ പ്രവർത്തനം പുനരാരംഭിക്കുവാൻ കഴിയും. കെട്ടിടവും മറ്റ് യന്ത്രസാമഗ്രികളും സ്വന്തമായുണ്ട്.

4. റബ്ബർപാൽ ഉൽപ്പാദന നിർമ്മാണകേന്ദ്രം

ഒതളൂരിലെ പ്ലാത്തോട്ടം എന്ന സ്ഥലത്ത് സ്വകാര്യ വ്യക്തിയുടെ കീഴിലാണ് ഇത് പ്രവർത്തിച്ചിരുന്നത്. ഇത് പുനരാംരംഭിക്കാനുള്ള ശ്രമം നടത്തണം.

5. വട്ടേനാട് കറിപൗഡർ നിർമ്മാണ കേന്ദ്രം

വനിതാ സഹകരണസംഘത്തിന്റെ കീഴിലായിരുന്ന സ്ഥാപനം അതിന്റെ കെട്ടിടവും സ്ഥലവും ഇപ്പോഴുമുണ്ട്. യന്ത്രസാമഗ്രികൾ ലഭ്യമാക്കിയാൽ ഇത് പുനരുദ്ധീകരിക്കാൻ കഴിയും. 30ൽ പരം വനിതകൾക്ക് ഇവിടെ തൊഴിൽ ലഭിക്കും. ഏകദേശം 50,000 രൂപ യൂണിറ്റിനെ പ്രവർത്തനസജ്ജമാക്കാൻ ആവശ്യമായിവരും.

പുതിയ വ്യവസായ സംരംഭങ്ങളുടെ നിർദേശങ്ങൾ

1. ഇഷ്ടിക, മൺപാത്രം, സീലിംഗ് ടൈൽസ്, കരകൗശലവസ്തുക്കൾ മത്സ്യകൃഷി, മിനിടൂറിസം പദ്ധതി

പട്ടിക്കായൽ, പുളിയപ്പറ്റകായൽ എന്നിവടങ്ങളിലെ മണ്ണ് ഭാരതപ്പുഴക്ക് സമീപത്തുള്ള പുറമ്പോക്കിൽ ശേഖരിച്ച് ഇഷ്ടികയും മറ്റ് വസ്തുക്കളും നിർമ്മിക്കുന്ന യൂണിറ്റ് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ആരംഭിക്കണം. മൺപാത്രനിർമ്മാണത്തിന് പരമ്പരാഗതമായി പണിയെടുക്കുന്നവരെ ഉപയോഗപ്പെടുത്തണം. സിലിംഗ് ടൈൽസ്, കരകൗശലവസ്തുക്കൾ എന്നിവ നിർമ്മിക്കാൻ കഴിവുള്ള ആളുകളെ കണ്ടെത്തി താൽപര്യമുള്ളവർക്ക് പരിശീലനം നൽകണം. കമ്പനിഇഷ്ടികയും സാധാരണ ഇഷ്ടികയും ഉണ്ടാക്കാവുന്നതാണ്. ഈ രംഗത്ത് 100ൽ പരം പേർക്ക് തൊഴിൽ നൽകാൻ കഴിയും.

2. മണ്ണ് എടുത്ത് നീക്കുമ്പോൾ കായലുകൾ താഴുകയും സമീപപ്രദേശങ്ങളിലെ ജലം ഇവിടെ സംഭരിക്കാൻ കഴിയുകയും ചെയ്യും. ഇതിന്റെ ഫലമായി സമീപപ്രദേങ്ങളിൽ ഇപ്പോൾ ഒരുപ്പുകൃഷി ചെയ്യുന്നത് രണ്ടും മൂന്നും പൂവലാക്കി മാറ്റാൻ കഴിയും. കർഷക തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കാനും കാർഷികോൽപ്പാദനം വർദ്ധിപ്പിക്കാനും ഇത് സഹായകമാകും. ഈ കായലുകളിൽ വിപുലമായ തോതിൽ മത്സ്യകൃഷി നടത്തുവാൻ കഴിയും.

ഈ പ്രദേശങ്ങളിലെ പ്രത്യേകസാഹചര്യം കണക്കിലെടുത്താൽ ഇവിടെ ഒരു മിനിടൂറിസ്റ്റ് കേന്ദ്രമാക്കിമാറ്റാൻ കഴിയും.

2.നാളികേരം, അടക്ക, നെല്ല് – സംസ്കരണയൂണിറ്റ് സഹകരണമേഖലയിൽ.

നാളികേരം : പച്ചത്തേങ്ങ തൊണ്ടോടുകൂടി കർഷകരിൽനിന്നും ശേഖരിച്ച് റാട്ടുപയോഗിച്ച് ചകിരിയിൽനിന്ന് സംസ്കൃതനാര് ഉൽപ്പാദിപ്പിക്കാം. ചകിരിച്ചോറ് രാസവസ്തുക്കൾ ഉപയോഗിച്ച് ജൈവവളമാക്കി മാറ്റാൻ കഴിയും. ഡ്രയറുപയോഗിച്ച് നാളികേരം ഉണക്കുമ്പോൾ 5%ത്തിൽ താഴെ മാത്രമെ എണ്ണ നഷ്ടമാവുകയുള്ളൂ. (ഒറ്റ ദിവസം കൊണ്ട് ഉണക്കാൻ കഴിയും) കൊപ്രയാട്ടി എണ്ണയെടുക്കുകയും ഡ്രയറുപയോഗം കൊണ്ട് തന്നെ കത്തിവരുന്ന ചിരട്ടക്കരി ആക്ടിവേറ്റഡ് കാർബൺ ഉൽപ്പാദിപ്പിക്കുന്ന ആലപ്പുഴ യൂണിറ്റിലേക്ക് വിൽക്കാനും കഴിയും. അണുശക്തിനിലയങ്ങളിലേക്ക് ഇത് അത്യാവശ്യമാണ്.

അടക്ക : അടക്ക സംസ്കരിച്ച് വിവിധതരത്തിലുള്ള സുഗന്ധപാക്ക് ഉൽപ്പാദിപ്പിക്കുന്ന യൂണിറ്റ് തുടങ്ങാൻ കഴിയും.

നെല്ല് : കർഷകരിൽനിന്നും മൊത്തമായി സംഭരിക്കാനും സംസ്കരിച്ച് വിപണനം നടത്താനും ഉള്ള കേന്ദ്രം ആരംഭിക്കുന്നത് കർഷകർക്ക് സഹായക മാകും.

റബ്ബർ : റബ്ബർ കറ ഉപയോഗപ്പെടുത്തി സ്പോഞ്ച് ഉൽപ്പാദിക്കാൻ കഴിയും.

റെഡിമെയ്ഡ് ഗാർമെന്റ്സ് യൂണിറ്റ് : എല്ലാ വാർഡുകളിൽ നിന്നും ഈ ആവശ്യം ഉയർന്നു വന്നിട്ടുണ്ട്. ഈ രംഗത്ത് പരിശീലനം സിദ്ധിച്ച നിരവധി യുവതീയുവാക്കൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഉൽപ്പാദനത്തിനും വിപണനത്തിനും ഏകീകൃത സ്വഭാവം വേണം.

മെഴുകുതിരി നിർമ്മാണം : മെഴുക് കൃത്യസമയത്ത് ലഭ്യമാക്കുന്നതിന് സൗകര്യം ലഭിച്ചാൽ മെഴുകുതിരി യൂണിറ്റ് തുടങ്ങാൻ തയ്യാറും പരിജ്ഞാനവും ഉള്ളവർ പഞ്ചായത്തിലുണ്ട്. മെഴുകുപയോഗിച്ച് കരകൗശല വസ്തുക്കൾ നിർമ്മിക്കാൻ കഴിയും.

ബുക്ക്ബൈന്റിംഗ്-പേപ്പർ നിർമ്മാണം : സഹകരണസംഘത്തിന്റെ കീഴിൽ ഈ യൂണിറ്റ് തുടങ്ങാം. പുസ്തകനിർമ്മാണത്തിനാവശ്യമായ കടലാസും മറ്റ് വസ്തുക്കളും ലഭ്യമാക്കാൻ പഞ്ചായത്ത് സഹായിക്കണം. വിതരണത്തിന് പഞ്ചായത്തിന്റെ സഹായം ആവശ്യമാണ്.

ജി. ഐ. ബക്കറ്റ് നിർമ്മാണം : ജി. ഐ. ഷീറ്റ് സർക്കാർ കാട്ടയിൽ കിട്ടുന്നതിന് പഞ്ചായത്ത് സഹായിക്കണം. സഹകരണരംഗത്ത് ഈ യൂണിറ്റ് തുടങ്ങാൻ കഴിയും. നിർമ്മാണത്തിന് കഴിവുള്ളവർ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്.

ശീലക്കുട നിർമ്മാണ യൂണിറ്റ്: പരിചയ സമ്പന്നരായ ആളുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. നിർമ്മാണത്തിനാവശ്യമായ വസ്തുക്കൾ പഞ്ചായത്ത് ലഭ്യമാക്കണം.

പൽപ്പൊടി, അച്ചാർ, കറിപൗഡർ, സോപ്പുകൾ, ചിപ്സ്, മിഠായി, പപ്പടം നിർമ്മാണ യൂണിറ്റ്.

വനിതാ സഹകരണസംഘങ്ങളായി തുടങ്ങാൻ കഴിവുള്ള പരിചയസമ്പന്നർ നമ്മുടെ പഞ്ചായത്തിലുണ്ട്.

ചെരിപ്പ്, ബാഗ്, പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ, തുകലുല്പന്നങ്ങൾ : ആവശ്യമായ വസ്തുക്കൾ ലഭ്യമാക്കാൻ പഞ്ചായത്ത് സഹായിക്കണം. പരിചയ സമ്പന്നർ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. സഹകരണ മേഖലയിലും വ്യക്തികൾക്കും ഈ സംരംഭം തുടങ്ങാം.

കരിങ്കല്ല് വെട്ടുകല്ല് ക്വാറികൾ : വെട്ട്കല്ല് കരിങ്കല്ല് ക്വാറികൾ ക്രഷറുകൾ എന്നിവ പഞ്ചായത്തിന്റെ നേതൃത്വത്തിൽ തുടങ്ങണം.

ഗ്രഫൈറ്റ് ഗ്ലാസ് നിർമ്മാണ യൂണിറ്റ് : സാങ്കേതികമായി അറിവുള്ളവർ പഞ്ചായത്തിലുണ്ട്. ആവശ്യമായ വസ്തുക്കൾ ലഭ്യമാക്കാൻ പഞ്ചായത്ത് സഹായിക്കണം.

നേന്ത്രക്കായ, ചേനകായ : നമ്മുടെ പഞ്ചായത്തിൽ സുലഭമായ കായ ഉപയോഗപ്പെടുത്തി ബേബി ഫുഡ്, ചിപ്സ്, ബിസ്ക്കറ്റ് എന്നിവ നിർമ്മിക്കുന്ന യൂണിറ്റ് ചെറുകിട വ്യവസായമായി തുടങ്ങാം.

ഇറച്ചിക്കോഴി, മുട്ടക്കോഴി, പശുവളർത്തൽ, ആടുവളർത്തൽ : ഇതിനാവശ്യമായ സഹായം പഞ്ചായത്ത് വ്യക്തികൾക്ക് ലഭ്യമാക്കണം. പാൽ വിൽക്കാൻ മിൽമയുടെ യൂണിറ്റുകൾ വിപുലമായി തുടങ്ങണം.

പ്ലാസ്റ്റിക് കവർ നിർമ്മാണം : നിർമ്മാണത്തിനാവശ്യമായ സാങ്കേതികവിദ്യ അറിയുന്നവർ നമ്മുടെ പഞ്ചായത്തിലുണ്ട്. പ്ലാസ്റ്റിക് പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കുന്നതിനാൽ മറ്റ് വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിക്കാൻ കഴിയുമെങ്കിൽ തുടങ്ങാവുന്നതാണ്.

കോൺക്രീറ്റ്, കട്ടള, ജനൽ ഹോളോബ്രിക്സ് നിർമ്മാണയൂണിറ്റ്: ചെലവുകുറഞ്ഞ വീടു നിർമ്മാണത്തിന് ഇവ അത്യാവശ്യമാണ്. ആവശ്യമായ അസംസ്കൃതവസ്തുക്കൾ പഞ്ചായത്തിൽ ലഭ്യമാണ്. താൽപ്പര്യമുള്ള വ്യക്തികളെ കണ്ടെത്തി ആവശ്യമായ സഹായം പഞ്ചായത്ത് നൽകണം.

വുഡ്ബെയ്ത്ത് യൂണിറ്റ് : നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട കട്ടിള, ജനൽ എന്നിവയുടെ നിർമ്മാണത്തിനും ആധുനികസൗകര്യമൊരുക്കുന്ന ഈ യൂണിറ്റ് വിജയപ്രദമാണ്. പ്ലാനർ, മെലത്ത്, സാന്റർ എന്നിവയാണ് ആവശ്യമായ യന്ത്രങ്ങൾ. മരപ്പണിക്കാർക്ക് അധ്വാനഭാരം കുറക്കാനും ഉൽപ്പാദനം വർദ്ധിപ്പിക്കാനും കഴിയും.

പ്ലൈവുഡ് നിർമ്മാണ യൂണിറ്റ് : നമ്മുടെ നാട്ടിൽ സുലഭമായ വൈക്കോൽ, വാഴനാര്, കവുങ്ങിൻ പാള എന്നിവ ഉപയോഗിച്ച് പ്ലൈവുഡ് നിർമ്മിക്കാൻ കഴിയും. സീലിംഗ്, മുറികൾ വേർതിരിക്കാനുള്ള സ്ക്രീൻ എന്നിവ ഇതിൽ നിന്നും ഉൽപ്പാദിപ്പിക്കാൻ കഴിയും. യന്ത്രത്തിന് 4 ലക്ഷത്തോളം രൂപ ചിലവു വരും.

പൊതു നിർദേശങ്ങൾ

1. പഞ്ചായത്ത് തലത്തിൽ ചന്ത തുടങ്ങാനും വ്യവസായ കാർഷിക പരമ്പരാഗത ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനും വാങ്ങുന്നതിനും ഉള്ള സൗകര്യം ഉണ്ടാക്കാൻ പഞ്ചായത്ത് നേതൃത്വം കൊടുക്കണം.

2. തൃത്താലയിലുള്ള (ചന്തപ്പടി) ഷെൽട്ടർ ഉപയോഗപ്പെടുത്തി വിപുലമായ ഒരു ചന്ത തുടങ്ങാൻ ബ്ലോക്ക് പഞ്ചായത്ത് നേതൃത്വം കൊടുക്കണം.

3 ഗ്രാമീണ തലങ്ങളിൽ ഉണ്ടാക്കുന്ന കറിപൗഡർ, സോപ്പ്, കാപ്പി എന്നിവയും മറ്റുൽപ്പന്നങ്ങളും വിറ്റഴിക്കാനുള്ള ഒരു ഏകീകൃതരൂപവും വിതരണശൃംഖലയും ജില്ലാ പഞ്ചായത്ത് മുഖേന തുടങ്ങണം.

4 വിദേശ മലയാളികളുടെ സാമ്പത്തിക സഹകരണവും സർക്കാർ ധനസഹായവും വായ്പാ സൗകര്യങ്ങളും കൂട്ടിയിണക്കി ഇടത്തരം വ്യവസായങ്ങൾ ആരംഭിക്കണം.

5. പഞ്ചായത്തിലുള്ള പുറമ്പോക്ക് ഭൂമി ഉപയോഗപ്പെടുത്തി (അഞ്ചോ പത്തോ ഏക്ര) ഇന്റസ്ട്രിയൽ എസ്റ്റേറ്റ് തുടങ്ങണം. വൈദ്യുതി ഗതാഗതസൗകര്യം വെള്ളം എന്നിവ പഞ്ചായത്ത് ലഭ്യമാക്കണം.

ഗതാഗതം ഊർജ്ജം

6

ഗതാഗതം

തൃത്താല നിന്ന് കുമ്പിടി-കാങ്കപ്പുഴവരെ പോകുന്ന റോഡാണ് പഞ്ചായത്തിൽ ആദ്യം നിർമ്മിച്ച റോഡ്. ടിപ്പുസുൽത്താൻ കോഴിക്കോട് സാമൂതിരിയുമായി യുദ്ധം നടത്തിയ കാലത്ത് പാലക്കാട്ടു കോട്ടയിൽ നിന്ന് പടയോട്ടത്തിനായി ഉണ്ടാക്കിയ താണത്രെ ഈ റോഡ്. തുടർന്ന് തൃത്താല പൊന്നാനി, കൂറ്റനാട്-പൊന്നാനി റോഡുകൾ ഉണ്ടായി. പഞ്ചായത്ത് നിലവിൽ വന്നതിന്ശേഷം ആദ്യമുണ്ടായ റോഡാണ് വട്ടത്താണി, കക്കാട്ടിരി-മലറോഡ്. അതുപോലെതന്നെ ആലൂർ ചിറ്റപ്പുറം റോഡും ഇക്കാലത്ത് ഉണ്ടായി. പഞ്ചായത്തിൽ ആദ്യകാലത്തുണ്ടായിരുന്ന ചെറിയ പല റോഡുകളും വ്യക്തികൾ സ്വന്തമായും ജനങ്ങൾ സന്നദ്ധ സേവനത്തിലൂടെയും ഉണ്ടാക്കിയവയാണ്. പഞ്ചായ ത്തിലെ റോഡു നിർമ്മാണത്തിൽ ആദ്യകാലത്തുണ്ടായിരുന്ന സേവനസന്നദ്ധത നമുക്ക് കൈമോശം വന്നു. ഇന്ന് മുൻകാലത്തുണ്ടായിരുന്ന ഈ ജനകീയാ സൂത്രണത്തിന്റെ കൂട്ടായ്മ നാം വീണ്ടെടുക്കണം. റോഡുവെട്ടുക എന്നതിൽ പഞ്ചായത്തിന്റെ പൊതുഫണ്ട് ഉപയോഗിച്ചുണ്ടാക്കിയതാണ് മറ്റു റോഡുകൾ. നമ്മുടെ പഞ്ചായത്തിലെ പ്രധാനറോഡുകളെല്ലാം പി. ഐ. ആർ. ഇ. പി. പദ്ധതിയുടെ ഭാഗമായി നിർമ്മിച്ചവയാണ്. വികസനമെന്നാൽ റോഡുനിർമ്മാണം മാത്രമാണെന്ന ഒരു ചിന്താഗതിയുടെ അനന്തരഫലമായിരുന്നു ഇത്.

റോഡുകളുടെ എണ്ണത്തിന്റെ കാര്യത്തിലും നീളത്തിന്റെ കാര്യത്തിലും നാം വളരെ മുന്നിലാണ്. പഞ്ചായത്തിൽ ഏകദേശം 98-008 കി. മി. നീളം റോഡുണ്ട്. പഞ്ചായത്തിന്റെ ഏതുഭാഗത്തേക്കും റോഡുകളിലൂടെ എത്തിച്ചേരാം എന്ന അവസ്ഥയുണ്ട്. പഞ്ചായത്തിന്റെ മൊത്തം വിസ്തീർണം 27.20 ച.കി.മി. ആണ്. ഒരു ചതുരശ്രകിലോമീറ്ററിന് ശരാശരി 3.60 കി.മി. ഇത് മൊത്തം വിസ്തീർണത്തിന്റെ 1.8% വരും. സംസ്ഥാനശരാശരി 3.2 കി. മി/ച. കി. മി. ആണ്. സംസ്ഥാന ശരാശരിയേക്കാൾ കൂടുതൽ നീളം റോഡ് നമ്മുടെ പഞ്ചായത്തിലുണ്ട്.

പഞ്ചായത്തിൽ ആകെ ടാർ ചെയ്ത റോഡുകളുടെ നീളം 44.155കി. മി ആണ്. ഇത് കണക്കാക്കിയാൽ ഒരു ചതുരശ്രകിലോമീറ്റർ വിസ്തീർണത്തിന് 1.62 കി. മി ടാർ റോഡാണ്. പഞ്ചായത്തിലെ മൊത്തം ജനസംഖ്യയും ആകെ റോഡും കണക്കാക്കിയാൽ ഒരാൾക്ക് 3.62മീറ്റർ റോഡുണ്ട്. പഞ്ചായത്തിൽ മെറ്റൽ ചെയ്ത റോഡുകളുടെ ആകെനീളം 5.590 കി. മി. ബാക്കിയുള്ള റോഡുകൾ മൺറോഡുകളാണ്. മൺറോഡുകളിൽ 22.9 കി. മി റോഡ് മെറ്റൽ ചെയ്ത് ടാർ ചെയ്യണമെന്ന് ഗ്രാമസഭകളിൽനിന്ന് നിർദേശം വന്നിട്ടുണ്ട്. റോഡുകൾ വികസനപ്രക്രിയയുടെ ആദ്യപടിയാണ്. എങ്കിലും റോഡുനിർമ്മാണത്തിൽ മാത്രം കേന്ദ്രീകരിച്ച വികസനരീതി വികലമായതാണ്. ഇനിയും ഗതാഗതസൗകര്യങ്ങൾ എത്തിച്ചേരാത്ത പ്രദേശങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഈ ആവശ്യത്തിലേക്ക് കൂടുതൽ തുക നീക്കിവെക്കേണ്ടതുണ്ട്.

പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള ആകെ റോഡുപട്ടിക. : പട്ടിക .1 പഞ്ചായത്തിലെ ആകെ ടാർറോഡുകളുടെ പട്ടിക : പട്ടിക 2

പട്ടിക 1

പഞ്ചായത്തിൽ ആകെ നിലവിലുള്ള റോഡുകൾ

റോഡിന്റെ പേര്	ഉടമസ്ഥത	ടാർ	മെറ്റൽ	മണ്ണ്	ഏകദേശം നീളം മീ	വീതി മീ
1. കോക്കാട്-ഒതളൂർ-പറക്കുളം	പഞ്ചാ	ടാർ			4000	8
2. ഒതളൂർ-ഗോഖലെ സ്കൂൾ	പഞ്ചാ	ടാർ			700	6
3. അരിക്കോട്-കാങ്കത്ത്മേപ്പറം പട്ടിക്കായൽ	പഞ്ചാ	ടാർ			1125	6
4. തലക്കശ്ശേരി-തണ്ണീർക്കോട്	പഞ്ചാ	ടാർ			4000	8
5. കുണ്ടുകാട്-പുലേരി	പഞ്ചാ	ടാർ			2000	6
6. കരിമ്പ-പന്നിത്തടം	പഞ്ചാ	ടാർ			3000	8
7. ആലൂർ-ചിറ്റപ്പുറം	പഞ്ചാ	ടാർ			2000	6
8. മല-വട്ടത്താണി	പഞ്ചാ	ടാർ			4500	8
9. പാറത്തോട്- കോട്ടപ്പുറം	പഞ്ചാ	ടാർ			1000	6
10. തൃത്താല-പടിഞ്ഞാറങ്ങാടി	പഞ്ചാ	ടാർ			5000	8
11. തൃത്താല-കുമാൻതോട്	പഞ്ചാ	ടാർ			4000	8
12. പടിഞ്ഞാറങ്ങാടി-കൂറ്റനാട്	പഞ്ചാ	ടാർ			7000	8
13. വട്ടേനാട് കോളനിറോഡ്	പഞ്ചാ	ടാർ			1020	6
14. ഒതളൂർ-നിതപറമ്പ് കോളനി	പഞ്ചാ	ടാർ			750	6
15. ആലൂർ-കാശാമുക്ക്-കക്കാട്ടിരി	പഞ്ചാ	ടാർ			1000	6
16. പാതിരിക്കാട് ഹരിജൻ കോളനി	പഞ്ചാ	ടാർ			750	6
17. ആലൂർ-കരണപ്ര ഹരിജൻ കോളനി	പഞ്ചാ	ടാർ			1000	6
18. തൊഴുക്കര-കോട്ടപ്പാടം	പഞ്ചാ		മെറ്റൽ		1000	6
19. പമ്പ്ഹൗസ്-എ.എം.യു.പി. സ്കൂൾ	പഞ്ചാ		മെറ്റൽ		1000	6
20. ആലൂർ-താനക്കാട് റോഡ്	പഞ്ചാ		മെറ്റൽ		1100	6
21. കാശാമുക്ക്-കക്കാട്ടിരി റോഡ്	പഞ്ചാ		മെറ്റൽ		1000	6
22. വട്ടേനാട്-കമ്മങ്ങാട്ടുകുന്ന്	പഞ്ചാ		മെറ്റൽ		1000	6
23. കൂറ്റനാട്-താമരക്കാട്കുന്ന്	പഞ്ചാ		മെറ്റൽ		850	6
24. ഗോഖലെ സ്കൂൾ-കൊമ്മാത്രകുണ്ട്	പഞ്ചാ	ടാർ			1000	6
25. അരിക്കോട്-മലമക്കാവ്	പഞ്ചാ			മണ്ണ്	300	6
26. അരിക്കോട്-കാടാംകുളം	പഞ്ചാ			മണ്ണ	430	6
27. കാടാകുളം-അയിനിക്കുണ്ട്	പഞ്ചാ			മണ്ണ്	240	6
28. വെളരചോല-കൊല്ലയിൽപറമ്പ്	പഞ്ചാ			മണ്ണ്	141	6
29. കാങ്കാത്ത്മേപ്പുറം-പട്ടികയാൽ	പഞ്ചാ			മണ്ണ്	162	6
30. കാങ്കാത്തമേപ്പുറം-അയ്യമ്മക്കാവ്	പഞ്ചാ			മണ്ണ്	280	6
31 .പറക്കുളം-വെളരകോളനി	പഞ്ചാ			മണ്ണ്	407	6
32. കൊമ്മാത്രക്കുണ്ട്-വെളരകോളനി	പഞ്ചാ			മണ്ണ്	410	6
33. കൊമ്മാത്രക്കുണ്ട-്അരിക്കാട് വായനശാല	പഞ്ചാ			മണ്ണ്	390	6
34. കൊമ്മാത്രപറമ്പ്-ചാത്തൻകല്ല് പറക്കുളം	പഞ്ചാ			മണ്ണ്	210	5
35. കൊമ്മാത്രപറമ്പ്-കൊമ്മശ്ശേരി	പഞ്ചാ			മണ്ണ്	253	5
36. പുളിക്കൽപടി-കക്കുനറത്ത്	പഞ്ചാ			മണ്ണ്	240	5
37. കല്ലൻവളപ്പിൽ റോഡ്	പഞ്ചാ			മണ്ണ്	140	6
38. പുളിയത്തോട്-കരിമ്പല്ലൂം റോഡ്	പഞ്ചാ			മണ്ണ്	120	6
39. ഓട്ടുപാറക്കുന്ന്-പട്ടിക്കായൽ	പഞ്ചാ			മണ്ണ്	194	6
40. ഒതളൂർപാടം-കരുവൻപടി	പഞ്ചാ			മണ്ണ്	171	6
41. ഹെൽത്ത്സെന്റർ-ഒതളൂർപാടം	പഞ്ചാ			മണ്ണ്	380	6
42. നിരപറമ്പ് റോഡ്	പഞ്ചാ			മണ്ണ്	226	
43. ഒതളൂർ-അഗ്നിഹോത്രിക്ഷേത്രം	പഞ്ചാ			മണ്ണ്	100	
44. ഒതളൂർ-ഓട്ടിരിപ്പാടം	പഞ്ചാ			മണ്ണ്	150	
45. ഒതളൂർപാടം-കുറ്റിയിൽപടി	പഞ്ചാ			മണ്ണ്	305	
46. ഗോഖലെ സ്കൂൾ-ലക്ഷംവീട്-പറക്കുളം	പഞ്ചാ			മണ്ണ്	180	
47. ഗോഖലെ സ്കൂൾ-വട്ടപറമ്പ്	പഞ്ചാ			മണ്ണ്	100	
48. കുറ്റിയിൽപടി റോഡ്	പഞ്ചാ			മണ്ണ്	100	
49. ഒതളൂർ ശിവക്ഷേത്രം റോഡ് ഗോഖലെ സ്കൂൾ	പഞ്ചാ			മണ്ണ്	69	

റോഡിന്റെ പേര്	ഉടമസ്ഥത	ടാർ	മെറ്റൽ	മണ്ണ്	ഏകദേശം നീളം മീ	വീതി മീ
50. ഗോഖലെ ഉണ്ണിനായർ പടി	പഞ്ചാ			മണ്ണ്	30	
51. തലക്കശ്ശേരി മില്ല്-എട്ടുകണ്ടം-ചോഴിക്കുന്ന്	പഞ്ചാ			മണ്ണ്	1530	
52. കോക്കാട്-കരുവാൻപടി	പഞ്ചാ			മണ്ണ്	141	
53. ഒതളൂർ വായനശാല-എട്ടുകണ്ടം	പഞ്ചാ			മണ്ണ്	460	
54. കോക്കാട് റോഡ്-എട്ടുകണ്ടം റോഡ്	പഞ്ചാ			മണ്ണ്	300	
55. കറുത്തേടത്ത് മേപ്പുറം-കാറി-പാക്കത്ത്പടി	പഞ്ചാ			മണ്ണ്	100	
56. അങ്ങാടി-തിരുത്തിപറമ്പ്-പറക്കുളം	പഞ്ചാ			മണ്ണ്	408	
57. അങ്ങാടിക്കുളം-പണിക്കർപടി	പഞ്ചാ			മണ്ണ്	180	
58. നെല്ലിപ്പടി-യത്തീംഖാന	പഞ്ചാ			മണ്ണ്	100	
59. നെല്ലിപ്പടി-അധികാരിപടി	പഞ്ചാ			മണ്ണ്	533	
60. വെട്ടുകാട്-കരിമ്പനക്കുന്ന്-അങ്ങാടിപാടം	പഞ്ചാ			മണ്ണ്	1213	
61. കരിമ്പനക്കുന്ന് പള്ളി-പൂശാരിപടി	പഞ്ചാ			മണ്ണ്	220	
62. കോക്കാട്-വേങ്ങശ്ശേരിപാടം	പഞ്ചാ			മണ്ണ്	180	
63. തൊഴുക്കര-ചിറ	പഞ്ചാ			മണ്ണ്	520	
64. തൊഴുക്കര ലക്ഷംവീട് കോളനി	പഞ്ചാ			മണ്ണ്	180	
65. തലക്കശ്ശേരി ആണ്ടയിൽ അമ്പലം കുണ്ടുകാട്	പഞ്ചാ			മണ്ണ്	1000	
66. ആണ്ടയിൽ അമ്പലം-വടക്കേക്കുന്ന്	പഞ്ചാ			മണ്ണ്	320	
67. കക്കാട്ടിൽപടി-വി.പി.കുണ്ട് ബാലപടി	പഞ്ചാ			മണ്ണ്	420	
68. വി.പി. കുണ്ട്-നായാടി കോളനി	പഞ്ചാ			മണ്ണ്	242	
69. മുതിരങ്ങാട്ടുപടി-വി.പി.കുണ്ട് ബാലവാടി	പഞ്ചാ			മണ്ണ്	240	
70. വി.പി.കുണ്ട്-പട്ടിക്കായൽ-കപാന്നൻപടി	പഞ്ചാ			മണ്ണ്	294	
71. പരീച്ചിപടി-പട്ടിക്കായൽ	പഞ്ചാ			മണ്ണ്	138	
72. അപ്പത്തുകാട്-പട്ടിക്കായൽ	പഞ്ചാ			മണ്ണ്	131	
73. പുലേരി-പട്ടിത്തറ പമ്പ് ഹൗസ്	പഞ്ചാ			മണ്ണ്	1500	
74. പടാരി- പട്ടിത്തറ പമ്പ്ഹൗസ്	പഞ്ചാ			മണ്ണ്	300	3
75. പട്ടിത്തറപള്ളി-ഒ. കെ.പടി	പഞ്ചാ			മണ്ണ്	120	
76. പട്ടിത്തറപഴയ റേഷൻകട-പോക്കർ	പഞ്ചാ			മണ്ണ്	448	
77. ചിറ്റപ്പുറം-വടക്കേപ്പാട്ട് മുസലിയാർപടി വായനശാല	പഞ്ചാ			മണ്ണ്	450	
78. അഴിവളപ്പിൽ-ചാലിൽപടി	പഞ്ചാ			മണ്ണ്	200	
79. പുലേരി അമ്പലം-പട്ടിക്കായൽ	പഞ്ചാ			മണ്ണ്	500	
80. ആലൂർ-താനക്കാട്-പണ്ടാരപറമ്പ്	പഞ്ചാ			മണ്ണ്	200	
81. പുലേരി അമ്പലം-തേറമ്പത്ത്	പഞ്ചാ			മണ്ണ്	250	
82. താനക്കാട്-പുലേരി-പത്തായപുര	പഞ്ചാ			മണ്ണ്	700	
83. ആലൂർഖാദി-ആലിൻകൂട്ടം-പുലേരി	പഞ്ചാ			മണ്ണ്	700	
84. പട്ടിത്തറവില്ലേജ് ഓഫീസ്-കൊല്ലപ്പറമ്പ്	പഞ്ചാ			മണ്ണ്	700	
85. കൊളനപറമ്പ്-പുലേരിതോട്	പഞ്ചാ			മണ്ണ്	51	
86. ആലൂർ-കരണപ്ര-ചിറ്റപ്പുറം	പഞ്ചാ			മണ്ണ്	650	
87. കരണപ്ര-പറയൻപടി-ചിറ്റപ്പുറം	പഞ്ചാ			മണ്ണ്	1000	
88. കരണപ്ര അമ്പലം-ആലികുന്നത്ത് കുമ്പ്രറോഡ്	പഞ്ചാ			മണ്ണ്	795	
89. ആലേത്തുപടി-കരണപ്രതെക്ക കോളനി	പഞ്ചാ			മണ്ണ്	220	
90. ആലൂർക്കയറ്റം-ചത്തോത്ത്പടി-മൂർക്കത്താഴം	പഞ്ചാ			മണ്ണ്	950	6
91. മൂർക്കത്താഴം-കരുത്ത്മേപ്പുറം	പഞ്ചാ			മണ്ണ്	300	6
92. ആലൂർക്കയറ്റം-ആടയിൽപടി	പഞ്ചാ			മണ്ണ്	350	5
93. പട്ടിത്തറ കൃഷിഭവൻ-കുറുങ്ങാട്ടുകുന്ന്	പഞ്ചാ			മണ്ണ്	280	4
94. വെങ്കര കാറി-കാശാമുക്ക്	പഞ്ചാ			മണ്ണ്	300	4
95. കുമ്പ്രവട്ടക്കുന്ന് പറമ്പ്	പഞ്ചാ			മണ്ണ്	300	4
96. കക്കാട്ടിരി-കാശാമുക്ക്-കോട്ടപ്പാടം	പഞ്ചാ			മണ്ണ്	1900	
97. കാശാമുക്ക്-നെല്ലിക്കുന്ന്-കക്കാട്ടിരിപള്ളി	പഞ്ചാ			മണ്ണ്	1025	
98. കാശാമുക്ക്-പത്താലക്കുന്ന്	പഞ്ചാ			മണ്ണ്	300	

റോഡിന്റെ പേർ	ഉടമസ്ഥത	ടാർ	മെറ്റൽ	മണ്ണ്	ഏകദേശം നീളം മീ	വീതി മീ
99. കാശാമുക്ക്-കുറങ്ങാട്ടുക്കുന്ന്-കാറി	പഞ്ചാ			മണ്ണ്	500	
100. കക്കാട്ടിരി കോളനി-വട്ടപറമ്പ്	പഞ്ചാ			മണ്ണ്	120	
101. കക്കാട്ടിരിപാലം-കുമ്പക്കുന്ന്	പഞ്ചാ			മണ്ണ്	225	
102. കക്കാട്ടിരി ഹെൽത്ത്സെന്റർ പത്താലപള്ളിയാൽ	പഞ്ചാ			മണ്ണ്	200	
103. കക്കാട്ടിരി വിഷ്ണുക്ഷേത്രം ചെറുതുപാടം റോഡ്	പഞ്ചാ			മണ്ണ്	120	
104. കോട്ടപ്പാടം കല്ലാത്തുകുന്ന്	പഞ്ചാ			മണ്ണ്	300	
105. കരിമ്പ-ചുടുകായൽ-കക്കൂത്തുപടി തണ്ണീർക്കോട്	പഞ്ചാ			മണ്ണ്	1050	
106. വെള്ളാറക്കുന്ന്-അയ്യപ്പൻക്കാവ്	പഞ്ചാ			മണ്ണ്	231	
107. കോട്ടമല-കോട്ടപ്പാടം	പഞ്ചാ			മണ്ണ്	700	
108. കാശാമുക്ക്-വേണാട്ടുകുന്ന്	പഞ്ചാ			മണ്ണ്	650	
109. കോട്ടപ്പാടം-കോട്ടയിൽഅമ്പലം	പഞ്ചാ			മണ്ണ്	240	
110. തലശ്ശേരികയറ്റം-കാജാനഗർ കോട്ടപ്പാടം	പഞ്ചാ			മണ്ണ്	1020	
111. കക്കാട്ടിരി തടത്തിപ്പറമ്പ്-പുളിയപ്പറ്റ	പഞ്ചാ			മണ്ണ്	450	
112. കക്കാട്ടിരി മാരിയിൽപടി	പഞ്ചാ			മണ്ണ്	200	
113. കക്കാട്ടിരി ഹെൽത്ത്സെന്റർ-പുളിയപറ്റ	പഞ്ചാ			മണ്ണ്	625	
114. പാറത്തോട്-ദുബായ്	പഞ്ചാ			മണ്ണ്	800	
115. ധർമ്മഗിരി-കൊട്ടിപ്പാറ-കമ്മങ്ങോട്ടുകുന്ന്	പഞ്ചാ			മണ്ണ്	800	
116. കമ്മങ്ങാട്ടുകുന്ന്-വെളുത്തേടത്തുപടി മല	പഞ്ചാ			മണ്ണ്	1125	
117. മല-മുളക്കൽ-കരിമ്പ	പഞ്ചാ			മണ്ണ്	1200	
118. മല-പാതിരക്കാട്-ചാലിശ്ശേരി	പഞ്ചാ			മണ്ണ്	300	
119. പാതിരക്കോട് കോളനി-പെരുമണ്ണൂർ	പഞ്ചാ			മണ്ണ്	400	
120. മല-കൊക്കർണി ഞാലിൽ	പഞ്ചാ			മണ്ണ്	500	
121. വട്ടേനാട്-ആലപറമ്പ്-ഷാരോടിപടി	പഞ്ചാ			മണ്ണ്	300	
122. വട്ടേനാട്-ആലപറമ്പ്-ആമക്കാവ്	പഞ്ചാ			മണ്ണ്	1000	
123. വട്ടേനാട് കുഞ്ഞിരാമൻമാസ്റ്റർ-ആമക്കാവ്	പഞ്ചാ			മണ്ണ്	300	
124. വട്ടേനാട്-ഹരിജൻകോളനി റോഡ്	പഞ്ചാ			മണ്ണ്	1020	
125. വണ്ണേനാട് മെഹ സ്കൂൾ മല-മണപ്പുള്ളി റോഡ്	പഞ്ചാ			മണ്ണ്	1850	
126. വട്ടേനാട് മെഹ സ്കൂൾ ചുറ്റുന്ന റോഡ്	പഞ്ചാ			മണ്ണ്	250	
127. വട്ടേനാട് മെഹ സ്കൂൾ-പാറയിൽമന	പഞ്ചാ			മണ്ണ്	200	
128. കൂറ്റനാട് തിയേറ്റർ-താമരക്കാട് കുന്ന്	പഞ്ചാ			മണ്ണ്	200	
129. താമരക്കാട് കുന്ന്-കറുത്തേടത്ത് റോഡ് അംഗൻവാടി	പഞ്ചാ			മണ്ണ്	300	
130. അയനികുണ്ട്-മനമക്കാവ്	പഞ്ചാ			മണ്ണ്	200	
131. വെളര ഭഗവതി-വെളരകുണ്ട്	പഞ്ചാ			മണ്ണ്	300	
132. തലക്കശ്ശേരി വാഴയിൽവളപ്പ് കോളനി	പഞ്ചാ			മണ്ണ്	288	
133. അങ്ങാടിക്കുളം-കരിമ്പനക്കുന്ന്	പഞ്ചാ			മണ്ണ്	200	
134. വെങ്കര-കാജാനഗർ	പഞ്ചാ			മണ്ണ്	98	
135. കുമ്പവട്ടപ്പറമ്പ്-നാലുവട്ടകോളനി	പഞ്ചാ			മണ്ണ്	302	
136. പൊട്ടിക്കുന്ന് ഹരിജൻ കോളനിറോഡ്	പഞ്ചാ			മണ്ണ്	400	
137. കാശാമുക്ക്, നെച്ചിക്കോട്-കോട്ടപ്പാടം	പഞ്ചാ			മണ്ണ്	700	
138. ചിറ്റപ്പുറം-കരിയിൽപടി-പമ്പ്ഹൗസ്	പഞ്ചാ			മണ്ണ്	1000	
139. കരണപ്ര പമ്പ് ഹൗസ് റോഡ് 900						
140. ആശാരിതസെന്റർ മാരിയമ്മൻകോവിൽ റോഡ്	പഞ്ചാ			മണ്ണ്	100	
141. വെങ്കര-ചോലക്കുന്ന് റോഡ്	പഞ്ചാ			മണ്ണ്	600	

പട്ടിക 2

പഞ്ചായത്തിലെ ടാർ റോഡുകൾ

റോഡ്	ഉടമ സ്ഥത	ദൂരം മി	വീതി മി	ബസ്‌യാത്രാ സൗകര്യം
1. കോക്കാട്-ഒതളൂർ-പറക്കുളം	പഞ്ചാ	4000	8	ഇല്ല
2. ഒതളൂർ-ഗോഖലെ സ്കൂൾ	പഞ്ചാ	1010	6	ഇല്ല
3. അരിക്കോട്-കാങ്കത്ത്മേപ്പുറം-പട്ടിക്കായൽ	പഞ്ചാ	1125	6	ഇല്ല
4. തലക്കശ്ശേരി-തണ്ണീർക്കോട്	പഞ്ചാ	4000	8	ഇല്ല
5. കുണ്ടുകാട്-പുലേരി	പഞ്ചാ	2000	6	ഇല്ല
6. കരിമ്പ-പന്നിത്തടം	പഞ്ചാ	3000	8	ഇല്ല
7. ആലൂർ-ചിറ്റപ്പുറം	പഞ്ചാ	2000	6	ഇല്ല
8. മല-വട്ടത്താണി	പഞ്ചാ	4500	8	ഉണ്ട്
9. പാറത്തോട്-കോട്ടപ്പാടം	പഞ്ചാ	1000	6	ഇല്ല
10. തൃത്താല-പടിഞ്ഞാറങ്ങാടി	PWD	5000	8	ഉണ്ട്
11. തൃത്താല-കൂമാൻതോട്	PWD	4000	8	ഉണ്ട്
12. പടിഞ്ഞാറങ്ങാടി-കൂറ്റനാട്	PWD	7000	8	ഉണ്ട്
13. വട്ടേനാട് കോളനി റോഡ്	പഞ്ചാ	1020	6	ഇല്ല
14. പമ്പ്ഹൗസ്-എ.എം.വി.പി.സ്കൂൾ	പഞ്ചാ	1000	6	ഇല്ല
15. ഒതളൂർ-നിരപ്പറമ്പ് ഹരിജൻ കോളനി	പഞ്ചാ	750	6	ഇല്ല
16. ആലൂർ-കാശാമുക്ക്-കക്കാട്ടിരി	പഞ്ചാ	1100	6	ഇല്ല
17. പാതിരിക്കാട് ഹരിജൻ കോളനി	പഞ്ചാ	750	6	ഇല്ല
18. ആലൂർ-കരണപ്ര റോഡ് ഹരിജൻ കോളനി	പഞ്ചാ	1000	6	ഇല്ല

പട്ടിക 3

പഞ്ചായത്തിലെ മെറ്റൽ ചെയ്തതും ടാർ ചെയ്യേണ്ടതുമായ റോഡുകൾ

റോഡുകൾ ഉടമസ്ഥത ദൂരം വീതി യാത്രാസൗകര്യം റിമാർക്സ്

റോഡ്	ഉടമ സ്ഥത	ദൂരം മി	വീതി മി	ബസ്‌യാത്രാ സൗകര്യം
1. തൊഴുക്കര-കോട്ടപ്പാടം	പഞ്ചാ:	1000	6	ഇല്ല
2. അമ്മത്തിൽപടി-എ.എം.യു.പി.സ്കൂൾ	പഞ്ചാ	1000	6	ഇല്ല
3. ആലൂർ-താനക്കാട് റോഡ്	പഞ്ചാ	1100	6	ഇല്ല
4. കാശാമുക്ക്-കക്കാട്ടിരി	പഞ്ചാ	1000	6	ഇല്ല
5. വട്ടേനാട്-കമ്മങ്ങാട്ടുകുന്ന്	പഞ്ചാ	1000	6	ഇല്ല
6. കൂറ്റനാട്-താമരക്കാട്കുന്ന്	പഞ്ചാ	850	6	ഇല്ല
7. അരിക്കാട്-കാങ്കത്ത് മേപ്പുറം	പഞ്ചാ	300	8	ഇല്ല

പ്രശ്നങ്ങൾ

പഞ്ചായത്തിൽ ആകെ 44.155 കി. മി ടാർ ചെയ്ത റോഡുണ്ട്. ഇതിൽ 16 കി. മി PWD റോഡും ബാക്കി 28.155 കി. മി. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതുമാണ്.

1. ജണഉ റോഡുകളിൽ അധികവും റിപ്പയർ നടക്കാത്തവയാണ്.
2. പഞ്ചായത്തുറോഡുകളിൽ 28.155 കി. മി. പകുതിദൂരവും റീ ടാർ ചെയ്യേണ്ട അവസ്ഥയിലാണ്.
3. ആവശ്യമായ മെയിന്റനസ് വർക്കുകൾ കാലാകാലങ്ങളിൽ നടത്തുന്നില്ല. പലസ്ഥലങ്ങളിലും വേണ്ടത്ര ഓടകൾ ഇല്ലാത്തതിനാൽ മഴക്കാലത്ത് റോഡ് നാശമാകുന്നു.
4. റോഡിൽ നിന്നും 3 മീ വിട്ടുമാത്രമെ കെട്ടിടം നിർമ്മിക്കാവൂ എന്ന വ്യവസ്ഥ ലംഘിക്കുന്നതിനാൽ വാഹന അപകടങ്ങൾ കൂടുന്നു.
5. ഇത്രദൂരം ടാർറോഡുണ്ടെങ്കിലും 16 കി. മി. ദൂരത്തിൽ മാത്രമെ ബസ് സൗകര്യമുള്ളൂ.

സാദ്ധ്യതകൾ

1. PWD റോഡുകൾ കാലാകാലങ്ങളിൽ റിപ്പയർ ചെയ്യുക.
2. കേടുവന്ന പാലങ്ങൾ പുതുക്കിപണിയുക. ഒരുവർഷമായി പഞ്ചായത്ത് റോഡുകൾ റിപ്പയർ നടന്നിട്ടില്ല.
3. റോഡിന്റെ ഇരുവശത്തുമുള്ള ഓടകൾ വൃത്തിയാക്കുക. ഇല്ലാത്ത സ്ഥലങ്ങളിൽ നിർമ്മിക്കുക. ഇത് ജനപങ്കാളിത്തത്തോടെ നടപ്പാക്കുക.
4. പഞ്ചായത്തുറോഡുകൾ റീടാർ ചെയ്യേണ്ടവ ചെയ്യുക. റോഡു നശിക്കാനുള്ള കാരണങ്ങൾ കണ്ടെത്തി പരിഹരിക്കുക.
5. പഞ്ചായത്തിലെ ഓരോ ഭാഗത്തേയും റോഡുകളെ പരിരക്ഷിക്കാൻ റോഡു സംരക്ഷണ സമിതിയുണ്ടാക്കുക. ഇതിന്റെ നേതൃത്വത്തിൽ മഴക്കാലങ്ങളിൽ കാന വൃത്തിയാക്കലും മറ്റു ചെറിയ റിപ്പയർ പ്രവർത്തനങ്ങളും നടത്തുക.
6. റോഡിൽ നിന്ന് 3 മീറ്റർ വിട്ട് മാത്രം കെട്ടിടനിർമ്മാണം നടത്തണമെന്ന നിയമം കർശനമാക്കുക.
7. ബസ് സൗകര്യം തീരെയില്ലാത്തിടത്ത് ബസ് സൗകര്യം ഏർപ്പെടുത്താൻ മുൻകൈയ്യെടുക്കുക.

മെറ്റൽ റോഡ്

പഞ്ചായത്തിലാകെ 8 കി. മി മെറ്റൽ റോഡുണ്ട്. ഇതിൽ പലതും പകുതിവരെ ടാർചെയ്തതിന്റെ ബാക്കിയാണ്.

മെറ്റൽ റോഡ് പട്ടിക 3

1. മെറ്റൽറോഡിൽ പകുതിയും ദീർഘകാലമായി മെറ്റൽ ചെയ്തുകിടക്കുന്നതിനാൽ ഗതാഗതസൗകര്യമില്ലാത്തവയായിട്ടുണ്ട്.
2. മെറ്റൽ ചെയ്ത റോഡുകൾ മുൻഗണന നൽകി ടാർ ചെയ്യണം. അതിനുശേഷം മാത്രമെ പുതിയവ മെറ്റൽ ചെയ്യാൻ പാടുകയുള്ളൂ.

പട്ടിക 4

മൺറോഡ്

പഞ്ചായത്തിലെ മൺറോഡ് ഏകദേശം 50 കി. മി. നീളമുണ്ട്. ഇത് പല വീതിയിലുള്ളവയാണ്. 8മീ മുതൽ 3മീ വരെ വീതിയുള്ള റോഡുകൾ ഉണ്ട്. മൺറോഡു തന്നെ പല രീതിയിലുള്ളവയാണ്. മെസഡുകെട്ടി സംരക്ഷിച്ചവയും കട്ടിയുള്ള കല്ലുകളുള്ളവയും ഉണ്ട്. മറ്റുമെത മണ്ണുതട്ടി നിരപ്പാക്കിയവയുമുണ്ട്. ഈ റോഡുകൾ പലതും ഇടവഴികൾ വീതി കൂട്ടിയവയും വലിയ റോഡുകളിൽ നിന്നു തുടങ്ങുന്ന ശരാശരി 200 മീറ്റർ നീളം കാണുന്നവയുമാണ്. ഈ മൺ റോഡുകളിൽ 35 കി. മി. റോഡ് മെറ്റൽ ചെയ്ത് ടാർ ചെയ്യണമെന്ന് ഗ്രാമസഭകളിൽ ആവശ്യം ഉയർന്നു വന്നിട്ടുണ്ട്.

പ്രശ്നങ്ങൾ

1. മൺറോഡുകൾക്ക് പല റിപ്പയർ ഇല്ലാത്തതിനാൽ ശോചനീയാവസ്ഥയിലാണ്.
2. റോഡ് സംരക്ഷണ പ്രവർത്തനങ്ങൾ കുറവാണ്. മെസഡുകെട്ടിയവയും കുറവാണ്. ഓടകൾ വളരെ കുറവാണ്. മഴക്കാലത്ത് പലതും സഞ്ചാരയോഗ്യമല്ല.
3. പല മൺറോഡുകളും കയറ്റം താഴ്ത്തി ഗതാഗതയോഗ്യമാക്കണം. പാലങ്ങൾ ഇല്ലാത്ത ഭാഗങ്ങൾ ഉണ്ട്.

സാദ്ധ്യതകൾ

1. മൺറോഡുകളുടെ റിപ്പയർ കാലാകാലങ്ങളിൽ അവിടുത്തെ ജനങ്ങളുടെ പങ്കാളിത്തത്തോടെ നടത്തണം.
2. റോഡിന്റെ അരികിൽ വെള്ളം പോകാൻ കാനകൾ നിർമ്മിക്കണം.
3. കാനകൾ മഴക്കാലത്ത് ജനപങ്കാളിത്തത്തോടെ വൃത്തിയാക്കണം.
4. പാലങ്ങൾ ആവശ്യമായ സ്ഥലത്ത് പാലങ്ങളും മെസഡുകെട്ടി സംരക്ഷിക്കേണ്ട സ്ഥലത്ത് അതും ചെയ്യണം.
5. വീതികൂട്ടാൻ സാധ്യതയുള്ള റോഡുകൾ വീതികൂട്ടുക. ഉയരം കുറയ്ക്കേണ്ടവ കുറക്കുക.
6. മൺറോഡുകളുടെ സംരക്ഷണം അവിടുത്തെ ഉപഭോക്താക്കളുടെ ചുമതലയാക്കി മാറ്റണം. റിപ്പയർ ചെയ്യാനുള്ള റോഡുകളുടെ പട്ടിക 4

പട്ടിക 4

മെറ്റൽ ചെയ്ത് ടാർ ചെയ്യേണ്ടതായ റോഡുകൾ

നമ്പർ	കോഡ്	റോഡുകൾ	ദൂരം	വീതി
1.	01.	ഗോഖലെ-കൊമ്മാത്തെ	1000മീ	6മീ
2.	01.	അരീക്കാട്-മനമക്കാവ്	300മീ	6മീ
3.	02.	അങ്ങാടി തിരുത്തുമ്മൽചാണയിൽ അകത്തുറോഡ്	750മീ	6മീ
4.	03.	ഒതളൂർ വായനശാല-എട്ടുക്കണ്ടം	460മീ	6മീ
5.	03.	കോക്കാട്-കരുവൻപടി	171മീ	6മീ
6.	03.	തലക്കശ്ശേരി മിൽ-എറവക്കുഴി എട്ടുക്കണ്ടം	1530മീ	6മീ
7.	03.	കറുത്തേടത്ത് മേപ്പറം-കോറി പാക്കത്തുപ്പടി	100മീ	6മീ
8.	03.	നിരപ്പറമ്പ്-അഗ്നിപ്പുറം റോഡ്	169മീ	6മീ
9.	03.	ഒതളൂർ-ഓടിരിപ്പാടം	150മീ	6മീ
10.	03.	തലക്കശ്ശേരി-അങ്ങയിൽഅമ്പലം റോഡ്, കുണ്ടുകാട്	1000മീ	6മീ
11.	03.	അങ്ങയിൽ അമ്പലം-വടക്കേതിൽകുണ്ട്	320മീ	6മീ
12.	03.	വി.പി.കുണ്ട്-പട്ടിക്കായൽ റോഡ്	330മീ	6മീ
13.	04.	തൊഴുകര-കോട്ടപ്പാടം	1500മീ	6മീ
14.	04.	തണ്ണീർക്കോട്-തൊഴുകര ചിറ	600മീ	6മീ
15.	06.	പുലേരി-പട്ടിത്തറപമ്പ് ഹൗസ്	1500മീ	6മീ
16.	07.	കർണപ്ര സ്റ്റേഡിയം-ചിറ്റപ്പുറം റോഡ്	1000മീ	6മീ
17.	08.	തലക്കശ്ശേരികയറ്റം-കാജനഗർ	1120മീ	6മീ
18.	08.	വെങ്കര-കാജനഗർ	650മീ	6മീ
19.	08.	ആലൂർകയറ്റം-ആട്ടയിൽപ്പടി കോളനി	400മീ	6മീ
20.	08.	താനക്കാട്-പത്തായപ്പുര റോഡ്	720മീ	6മീ
21.	08.	കുമ്പറ-വട്ടപ്പറമ്പ്-കാശാമുക്ക് റോഡ്	606മീ	6മീ
22.	09.	കാശാമുക്ക്-പാറപ്പുറം	1000മീ	6മീ
23.	09.	തടത്തിപ്പറമ്പ്-പുളിയപ്പറ്റ കായൽറോഡ്	450മീ	6മീ
24.	09.	ഹെൽത്ത് സെന്റർ-പുളിയപ്പറ്റ കായൽ	625മീ	6മീ
25.	09.	വടക്കേക്കര കുറുങ്ങാട്ടുകുന്ന് റോഡ്	400മീ	6മീ
26.	04.	തലക്കശ്ശേരികയറ്റം-വാഴയിൽവളപ്പ് കോളനിറോഡ്	500മീ	6മീ
27.	09.	കക്കാട്ടിരി-കാശുമുക്ക്-തെച്ചിക്കോട് കോളനി	500മീ	6മീ
28.	10.	ധർമ്മഗിരി കൊട്ടിപ്പാറ-കൂറ്റനാട്	1500മീ	6മീ
29.	010.	കക്കാട്ടിരി-ദുബായ് റോഡ്	500മീ	6മീ
30.	010.	മല കമ്മങ്ങാട്ട് കുന്ന്-വെളുത്തേടത്തുപ്പടി	900മീ	6മീ
31.	011.	കൂറ്റനാട് തിയേറ്റർ-താമരക്കാട് കുന്ന്	1000മീ	6മീ
32.	011.	വട്ടേനാട്-കമ്മങ്ങാട്ടുകുന്ന്	750മീ	6മീ
33.	011.	ആലപ്പറമ്പ്-ഷാരോടിപ്പടി	400മീ	6മീ
34.		കരിമ്പനക്കുന്ന് റോഡ്	1.200മീ	4മീ
35.		തെല്ലിപ്പടി വേങ്ങശ്ശേരി റോഡ്	1.500മീ	4മീ
36.		കാങ്കാത്ത്മേപ്പുറം പട്ടിക്കായൽ റോഡ്	162മീ	4മീ
37.		കക്കാട്ടിരി-പള്ളി-കാശാമുക്ക്	1.300മീ	4മീ
38.		വട്ടേനാട് ഹൈ സ്കൂൾറോഡ്	200മീ	3മീ
39.		ഒതളൂർ വായനശാല-എട്ടുകണ്ടം റോഡ്	460മീ	4മീ
40.		ആലൂർ കയറ്റം-മൂർക്കത്താഴം റോഡ്	950മീ	6മീ
41.		ഗോഖലെ-വട്ടപ്പറമ്പ് റോഡ്	100മീ	4മീ

റോഡുവികസനം

വിവിധതരം റോഡുകൾ

പഞ്ചായത്തിൽ പ്രധാനമായും മൂന്നുതരത്തിലുള്ള റോഡുകളാണുള്ളത്. ടാർ, മെറ്റൽ, മൺറോഡുകൾ. ഇതുതന്നെ 3 മീ. മുതൽ 10മീ. വരെ വീതിയിലുള്ളതാണ്. റോഡുകളെ അവയുടെ വീതിയനുസരിച്ച് തരം തിരിക്കേണ്ടതാണ്.

റോഡുപട്ടിക

പഞ്ചായത്തിലെ ഇന്ന് നിലവിലുള്ള റോഡ് രജിസ്റ്റർ അപൂർണവും അശാസ്ത്രീയഘടനയുള്ളതുമാണ്.

പഞ്ചായത്തിലെ ഓരോ വാർഡിലും നിലവിലുള്ള റോഡുകളുടെ പേര്, നീളം, വീതി, ഇപ്പോഴത്തെ അവസ്ഥ മുതലായവ ഒരു സർവ്വെ നടത്തി കാലികമാക്കണം. ടാർ ചെയ്ത റോഡ്, മെറ്റൽ ചെയ്തത് മൺറോഡുകൾ എന്നിവക്ക് വെവ്വേറെ പട്ടികയുണ്ടാക്കണം. ഈ പട്ടിക വർഷംതോറും പുതുക്കണം. അതുപോലെ പുതുതായി നിർമ്മിക്കേണ്ട റോഡുകളുടെ പട്ടികയുണ്ടാക്കണം. നിർമ്മാണം പൂർത്തികരിക്കുന്ന മുറക്ക് അത് ആദ്യപട്ടികയിലേക്ക് മാറ്റണം.

പാരിസ്ഥിതിക പ്രശ്നങ്ങൾ

റോഡുകൾ ഉണ്ടാക്കിയ പാരിസ്ഥിതിക പ്രശ്നങ്ങൾ പലതാണ്. നമ്മുടെ പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ കൃഷിയിടങ്ങളുടെ നടുവിലൂടെ വെട്ടുന്ന റോഡുകൾ അവിടുത്തെ ഘടനയെ ബാധിച്ചിട്ടുണ്ട്. മാത്രമല്ല ഇത്തരം റോഡുകൾ വന്നതിന്റെ ഫലമായി നെൽകൃഷി ചെയ്തിരുന്ന പാടങ്ങൾനികത്തി വീടുവെക്കുകയും പറമ്പാക്കുകയും ചെയ്തിരിക്കുകയാണ്. റോഡുകൾ ഉണ്ടാവുന്ന സ്ഥലങ്ങളിലെ മരങ്ങൾ വെട്ടുന്നതാണ് മറ്റൊരു പാരിസ്ഥിതിക പ്രശ്നം.

ഗതാഗത സൗകര്യങ്ങൾ മറ്റുള്ളവ

പഞ്ചായത്തിലൂടെ റെയിൽവേ മെലൻ കടന്നുപോകുന്നില്ലായെങ്കിലും ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന കുറ്റിപ്പുറം – ഗുരുവായൂർ റെയിൽപാത ഉടൻ പണിപൂനരാരംഭിക്കണമെന്നും കൂടുതൽ വണ്ടികൾ അനുവദിക്കണമെന്നും തൃത്താല കോസ്വേ പണി തുടങ്ങി പരുതൂർ പഞ്ചായത്ത് വഴി കോഴിക്കോട് മലപ്പുറം ഭാഗങ്ങളിലേക്ക് വാഹനഗതാഗതം ആരംഭിക്കണമെന്നുള്ള ആവശ്യങ്ങൾ ഗ്രാമസഭകളിൽ വന്നു.

1. പട്ടിത്തറ പമ്പ് ഹൗസ്, തലശ്ശേരി കയറ്റം, ആലൂർ സെന്റർ, കൂനംമൂച്ചി, പണിക്കർ പടി, നെല്ലിപടി, ആശാരി സെന്റർ, ഇവിടങ്ങളിൽ വെയിറ്റിംഗ് ഷെഡ് ഉണ്ടാക്കുക.

2. പട്ടിത്തറങ്ങാടി സെന്ററിൽ ഒരു ട്രാഫിക് ഐലന്റ് നിർമ്മിക്കുക.

3. പട്ടിത്തറങ്ങാടി ആലൂർ സെന്ററുകളിൽ റോഡിനരികിൽ നടത്തുന്ന മത്സ്യവില്പനയും മറ്റു സാധനങ്ങളുടെ വിൽപ്പനയും തടയുക.

4. ഓട്ടോ, ടാക്സി, ജീപ്പ്, ഇവ നിർത്താൻ ആലൂർ പടിഞ്ഞാറങ്ങാടി എന്നിവടങ്ങളിൽ ജംഗഷനുകളിൽ നിന്ന്വിട്ട് സുരക്ഷിതമായ സംവിധാനം ഉണ്ടാക്കുക.

5. തൃശ്ശൂർ – പാലക്കാട് നിന്ന് അങ്ങാടി – പറക്കുളം, കുമ്പിടി – കുറ്റിപ്പുറം വഴി ഗടഞഠഇ ബസ് അനുവദിക്കുക.

6. കോക്കാട് – മലമക്കാവ് റോഡ് പൂർത്തിയാക്കി ബസ് സൗകര്യം ഏർപ്പെടുത്തുക.

7. തണ്ണീർക്കോട് – തലക്കശ്ശേരി റോഡിൽ ഇരുപ്പഞ്ചേരി മൂലയിൽ റോഡുമെസഡുകെട്ടി അപകടസാധ്യത ഇല്ലാതാക്കണം. റിപ്പയർ ചെയ്യേണ്ട റോഡുകളുടെ പട്ടിക കൊടുത്തിരിക്കുന്നു.

പുതിയ റോഡ്

പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലായി 29.121കി.മി. റോഡു കൂടി നിർമ്മിക്കണമെന്നാണ് വിവിധ വാർഡുകളിൽ നിന്നായി ഉയർന്നുവന്നിരിക്കുന്ന ആവശ്യം. ഇതിൽ കുറെ റോഡുകൾ വളരെ ചെറുതും ജനപങ്കാളിത്തത്തോടെ നടപ്പാക്കാൻ കഴിയുന്നവയുമാണ്. ഈ റോഡുകൾ എല്ലാംതന്നെ പഞ്ചായത്തിന്റെഫണ്ട് ഉപയോഗപ്പെടുത്താതെ ജനപങ്കാളിത്തത്തോടെ നടപ്പാക്കാൻ കഴിയണം. എങ്കിൽ മാത്രമെ ജനകീയാസൂത്രണപ്രകിയ പൂർണമാവുകയുള്ളൂ. പുതുതായി വെട്ടാനായി ആവശ്യമുയർന്ന റോഡുകളുടെ ഏകദേശം പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക 5

റിപ്പയർ ചെയ്യേണ്ട റോഡ് വിവരങ്ങൾ

റോഡ്	റീടാർ	മണ്ണ് നികത്തൽ	സൈഡ് കെട്ടൽ	പാലം	നീളം	ജനപങ്കാളിത്തം
കൊമ്മാത്ര-വെള്ളരപറമ്പ്		വേണം			500 mt	വേണം
അരിക്കോട്-കരിമ്പില്ലം റോഡ്		വേണം			1000 mt	
കാടാകുളം-മലമക്കാവ്		വേണം			300 m	വേണം
പട്ടിക്കായൽ-കരിമ്പില്ലംറോഡ്		വേണം			200 m	
ലക്ഷംവീട്-കണച്ചംപറമ്പ്		വേണം			200 m	
ഹെൽത്ത്സെന്റർ-ഒതളൂർപാടം		വേണം	വേണം		380 m	
കാങ്കാത്ത് മേപ്പുറം-അച്ചമ്മക്കാവ്		വേണം			300 m	
അരിക്കോട്-പുളിക്കൽപടി		വേണം			240 m	വേണം
കുയിലപറമ്പ്		വേണം			300 m	
കൊമ്മാത്ര-ഒതളൂർപാടം		വേണം			300 m	
കാങ്കാത്ത്മേപ്പുറം-കൊല്ലത്തുപറമ്പ്		വേണം			330 m	
കൊല്ലയിൽപറമ്പ് റോഡ്				വേണം	120 m	
കോക്കാട്-നെല്ലിപ്പടി		വേണം	വേണം		500 m	
വെട്ടുകാട്-കരിമ്പനകുന്ന്		വേണം			500 m	
മഞ്ചേരിതോട്			വേണം		40 m	
പൊഴിയാകുന്ന് ഹരിജൻകോളനി		വേണം				
അണ്ടയിൽ അമ്പലംറോഡ്			വേണം		300 m	
പരീച്ചിപ്പടി-പട്ടികായൽ		വേണം		വേണം	138 m	
കരിമ്പ-പന്നിത്തടം	വേണം				3000 m	
കോട്ടോപാടംപള്ളി-ലക്ഷംവീട്		വേണം			300 m	
കല്ലാത്തുപറമ്പ്		വേണം			300 m	
താനക്കാട്-വില്ലേജ് ആഫീസ്		വേണം			700 m	
ആലൂർകയറ്റം-വില്ലുകുളം റോഡ്		വേണം			500 m	
ചിറ്റപ്പുറം ഹരിജൻകോളനി						
വായനശാല-കനാൽറോഡ്		വേണം			1000 m	
അഴവളപ്പിൽ മുതൽ-ചാലിപ്പടി		വേണം			300 m	
കൃഷിഭവൻ-പാറപ്പുറം		വേണം			280 m	
കാശാമുക്ക്-ഹരിജൻകോളനി		വേണം	വേണം		500 m	
വേണാടുകുന്ന്-ഹരിജൻകോളനി		വേണം			500 m	
താമരകുന്ന് പാടം റോഡ്				വേണം		
കരണപ്രം സ്റ്റേഡിയം-ചിറ്റപ്പുറം പ്രസ്		വേണം			1000 m	

പട്ടിക 6

പഞ്ചായത്തിൽ പുതുതായി ഉണ്ടാക്കേണ്ട റോഡുകൾ

നമ്പർ	കോഡ്	റോഡുകൾ	നീളം	വീതി	ജന പങ്കാളിത്തം
1.	01.	വെള്ളാരപറമ്പ്-പറക്കുളംറോഡ്	500 Mtrs	5 Mtrs	ഉണ്ട്
2.	01.	കാടാംകുളം-അരിക്കോട് പാടം വഴിമലമക്കാവ് റോഡുവരെ	750 Mtrs	6 Mtrs	ഉണ്ട്
3.	01.	ഹെൽത്ത് സെന്റർ-ഒതളൂർപാടം	500 Mtrs	6 Mtrs	ഇല്ല
4.	01.	കാങ്കാത്തുമേപ്പുറം-നച്ചറകുഴി	500 Mtrs	6 Mtrs	ഇല്ല
5.	01.	കൊമ്മാത്ര-ചാത്തൻകല്ല്	450 Mtrs	6 Mtrs	ഉണ്ട്
6.	01.	നമ്പത്തുമേപ്പുറം-പറക്കുളം	700 Mtrs	6 Mtrs	ഉണ്ട്
7.	01.	കാങ്കാത്തുമപ്പുറം-തറയപറമ്പ്	600 Mtrs	6 Mtrs	ഉണ്ട്
8.	01.	അരിക്കോട്-കാങ്കത്തമേപ്പുറം ബാലവാടി	700 Mtrs	5 Mtrs	ഇല്ല
9.	01.	ചേനവളപ്പ്-ഒതളൂർ റോഡ്	400 Mtrs	6 Mtrs	ഇല്ല
10.	02.	പടിഞ്ഞാറങ്ങാടി-അപ്പത്തുംകുന്ന്	500 Mtrs	6 Mtrs	ഇല്ല
11.	02.	കൂനംമൂച്ചി-അയിലകുന്ന്	500 Mtrs	6 Mtrs	ഇല്ല
12.	02.	അങ്ങാടികുളം-കരിമ്പനക്കുന്ന്	250 Mtrs	6 Mtrs	ഉണ്ട്
13.	03.	എട്ടുകണ്ടം റോഡ്	100 Mtrs	5 Mtrs	ഉണ്ട്
14.	03.	എറവക്കുഴി-കൊല്ലത്ത് ഇടവഴി	100 Mtrs	5 Mtrs	ഉണ്ട്
15.	03.	ചെന്നുകോട്-ഓട്ടിരിപാടം	120 Mtrs	5 Mtrs	ഉണ്ട്
16.	03.	ഒഴുകിൽകൊല്ലത്ത് ഇടവഴി	100 Mtrs	5 Mtrs	ഉണ്ട്
17.	03.	ഒതളൂർ-പട്ടിക്കായൽ	50 Mtrs	5 Mtrs	ഉണ്ട്
18.	03.	പട്ടിക്കായൽ-പാടംവഴി-വി.പി.കുണ്ട്	100 Mtrs	6 Mtrs	ഇല്ല
19.	03.	കോക്കാട്-ഒതളൂർ റോഡിൽ നിന്ന് പാട്ടിക്കുന്ന് കോളനി	100 Mtrs	6 Mtrs	ഉണ്ട്
20.	04.	തണ്ണീർകോട് റോഡ്-ചീരക്കുഴി നെല്ലിപ്പടി	500 Mtrs	5 Mtrs	ഇല്ല
21.	04.	തൊഴുക്കര റോഡ്-പുല്ലാണിക്കാട് കോട്ടപ്പാടം	500 Mtrs	6 Mtrs	ഉണ്ട്
22.	04.	തൊഴുക്കര (എച്ച്.ഡി.പി കോളനി)	1500 Mtrs	6 Mtrs	ഇല്ല
23.	04.	തൊഴുക്കര ലക്ഷംവീട്-വേണ്ടശ്ശേരി ക്ഷേത്രം	600 Mtrs	6 Mtrs	ഇല്ല
24.	04.	തൊഴുക്കര-കവറാടി പാടം	300 Mtrs	6 Mtrs	ഉണ്ട്
25.	04.	തൊഴുക്കര ചിററോഡ്-അമ്പലം നടത്തുകുന്ന്	1000 Mtrs	6 Mtrs	ഇല്ല
26.	05.	കോടമല തുറക്കുളം മേൽഭാഗം	500 Mtrs	6 Mtrs	ഇല്ല
27.	05.	ചേറാ ചിറ കുളം-മല	700 Mtrs	6 Mtrs	ഇല്ല
28.	06.	ശിവന്റെ പീടിക-അംഗൻവാടി കൊപ്രമില്ല്	250 Mtrs	6 Mtrs	ഉണ്ട്
29.	06.	കാളംശേഖരത്ത-തച്ചറസ് കോളനി കനാൽ റോഡ്	200 Mtrs	5 Mtrs	ഉണ്ട്
30.	06.	പൂലേരി കൊടൽ പാലക്കൽ റോഡ്	200 Mtrs	5 Mtrs	ഇല്ല
31.	06.	മീനാനിക്കോട്ടിൻ പടി-കാങ്കാത്ത് ഇടവഴി	200 Mtrs	5 Mtrs	ഉണ്ട്
32.	06.	പുലേരി-കരുവാൻപടി റോഡ്	100 Mtrs	6 Mtrs	ഇല്ല
33.	06.	താനക്കാട്-പധലേരികനാൽ റോഡ്	200 Mtrs	5 Mtrs	ഉണ്ട്
34.	06.	ചിറ്റപ്പുറം മെയിൻറോഡ്-ചിറ്റപ്പുറം ഹരിജൻ കോളനി റോഡ്	500 Mtrs	5 Mtrs	ഇല്ല

പട്ടിക 6
പഞ്ചായത്തിൽ പുതുതായി ഉണ്ടാക്കേണ്ട റോഡുകൾ

നമ്പർ	കോഡ്	റോഡുകൾ	നീളം	വീതി	ജന പങ്കാളിത്തം
35.	07.	ആലൂർ കയറ്റം-ആലീക്കുന്ന്	600 Mtrs	6 Mtrs	ഉണ്ട്
36.	07.	ആലിക്കുന്നത്ത്-ഇടവഴി റോഡ്	300 Mtrs	5 Mtrs	ഇല്ല
37.	07.	കുമ്പ്രതോട് അരിക് റോഡ്	1000 Mtrs	5 Mtrs	ഉണ്ട്
38.	07.	കരണപ്ര അമ്പലം-കിഴക്കുംപാടം	600 Mtrs	6 Mtrs	ഇല്ല
39.	07.	ചിറ്റപ്പുറം മദ്രസ്സ-കരണപ്രറോഡ്	200 Mtrs	5 Mtrs	ഉണ്ട്
40.	07.	പള്ളിക്കുളങ്ങര-വീലുകുളം	250 Mtrs	6 Mtrs	ഉണ്ട്
41.	08.	കുണ്ടുകാട് പള്ളി-താനക്കാട്	700 Mtrs	6 Mtrs	ഉണ്ട്
42.	08.	നീർട്ടിയാം കുന്ന്-വീ.പി. ഗോപാലൻ പടി	400 Mtrs	5 Mtrs	ഉണ്ട്
43.	08.	ആട്ടയിൽ പടി-അത്തിക്കടവ്	600 Mtrs	3 Mtrs	ഇല്ല
44.	08.	വെങ്കര കോണിക്കെ-കാജാനഗർ	750 Mtrs	6 Mtrs	ഉണ്ട്
45.	08.	കാശാമുക്ക്-മേപ്പുറം ഹരിജൻ സ്മശാനം	700 Mtrs	6 Mtrs	ഉണ്ട്
46.	08.	പന്നിത്തടം മുഹമ്മദ്പടി-വെങ്കര	700 Mtrs	6 Mtrs	ഉണ്ട്
47.	08.	കുണ്ടുകാട് യൂസഫ് പടി	500 Mtrs	6 Mtrs	ഉണ്ട്
48.	08.	ആട്ടയിൽപടികോളനി-കാശാമുക്ക്	600 Mtrs	6 Mtrs	ഇല്ല
49.	08.	വെങ്കരറോഡ്-ഹോമിയോ ആസ്പത്രി പുതിയഗേറ്റ്	500 Mtrs	6 Mtrs	ഉണ്ട്
50.	09.	കക്കാട്ടിരി-കുമ്പ്രക്കുന്ന്	200 Mtrs	6 Mtrs	ഉണ്ട്
51.	09.	കക്കാട്ടിരി-ഹരിജൻകോളനി	300 Mtrs	5 Mtrs	ഉണ്ട്
52.	09.	ഹെൽത്ത്സെന്റർ-ചത്താമക്കുന്ന് റോഡ്	600 Mtrs	6 Mtrs	ഇല്ല
53.	09.	കറുത്തപറമ്പ്	300 Mtrs	6 Mtrs	ഉണ്ട്
54.	09.	വട്ടപ്പറമ്പ് കോളനി-കക്കാട്ടിരി റോഡ്	500 Mtrs	5 Mtrs	ഉണ്ട്
55.	10.	കക്കാട്ടിരി പാറത്തോട്-വട്ടേനാട് സ്കൂൾ റോഡ്	500 Mtrs	6 Mtrs	ഉണ്ട്
56.	11.	താമരക്കോട് കുന്ന്-നാഗലശ്ശേരി റോഡ്	500 Mtrs	5 Mtrs	ഉണ്ട്
57.	11.	അന്തിമഹാകാളൻക്ഷേത്രം-പന്താരകാട് കോളനി	500 Mtrs	6 Mtrs	ഉണ്ട്
58.	11.	വട്ടേനാട്-തുരത്തിൽമുകളിലേക്ക്	250 Mtrs	6 Mtrs	ഉണ്ട്
59.	11.	വട്ടേനാട് പറയത്ത്മന-താമരക്കാട് കുന്ന്	200 Mtrs	6 Mtrs	ഇല്ല
60.	11.	പള്ളിപ്പുറം ഇടവഴി-മല	500 Mtrs	6 Mtrs	ഉണ്ട്
61.	11.	പാറയിൽ കുന്ന്-താമരക്കാട്കുന്ന്	500 Mtrs	6 Mtrs	ഇല്ല
62.	11.	പാതിരക്കുന്ന വഴി-വട്ടേനാട് അംഗൻവാടി വരെ	500 Mtrs	6 Mtrs	ഉണ്ട്
63.	11.	വട്ടേനാട് അംഗൻവാടി-പൊന്നത്ത്വഴി	300 Mtrs	6 Mtrs	ഉണ്ട്
64.	2.	കോക്കാട്പള്ളി-കരിമ്പനക്കുന്ന്			
65.	9.	കക്കാട്ടിരിപള്ളി-പത്താലക്കുന്ന്			
66.	7.	പള്ളിക്കുളങ്ങര-വീലുകുളം റോഡ്			
67.	6.	പുലേരി അമ്പലം-എ.എം.യു.പി.സ്കൂൾ			
68.	6.	വെളിച്ചെണ്ണ മിൽ-അംഗൻവാടി			
69.	6.	ഭട്ടിയിൽ അമ്പലം-ഗാന്ധിനഗർകോളനി			
70.	1.	കുമ്പിടി റോഡ്-കരിമ്പില്ലം.			

ഊർജ്ജം

വൈദ്യുതി

1972-ൽ പട്ടിത്തറപ്രദേശത്ത് 19 വീടുകളിലാണ്. പഞ്ചായത്തിൽ ആദ്യമായി വൈദ്യുതി എത്തിയത്. വൈദ്യുതി വന്ന കാലഘട്ടത്തിൽ അത് സമ്പന്നരുടെ മാത്രം സ്വത്തായിരുന്നു. പിന്നീട് വൈദ്യുതി താഴ്ന്ന വരുമാനക്കാരുടെ ഇടയിലേക്ക് വന്ന ചരിത്രമാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. കാർഷികവൃത്തിയുടെ അഭിവൃദ്ധിക്കും ശാസ്ത്രപുരോഗതിയിലൂടെ നേടിയ വൈദ്യുതോപകരണങ്ങൾ ജനകീയമാക്കുന്നതിനും അതിലൂടെ ജീവിതസൗകര്യം ഉയർത്താനും അധ്വാനം ലഘൂകരിക്കുവാനും വൈദ്യുതിയുടെ വരവ് സഹായിച്ചു.

ഇന്ന് നമ്മുടെ പഞ്ചായത്തിലെ എല്ലാഭാഗത്തും വൈദ്യുതി എത്തിയിട്ടുണ്ട്. (75%) വൈദ്യുതി എത്തിയെങ്കിലും എല്ലാവീടുകളിലും എത്തിക്കാൻ ഇനിയും നാം ബഹുദൂരം മുന്നോട്ട് പോകേണ്ടതുണ്ട്. വിവിധമേഖലകളിലായി,ഗാർഹികം (2945), വ്യാപാരം (384), വ്യവസായം (45), കാർഷികം (850) ആകെ 4254 ഉപഭോക്താക്കളാണ് പഞ്ചായത്തിലുള്ളത്. ആകെ പഞ്ചായത്തിൽ വീടുകളാണുള്ളത്. ഇതിൽ 2945 വീടുകളിൽ വൈദ്യുതി എത്തിയിട്ടുണ്ട്. 200പേർ അപേക്ഷ കൊടുത്തവരാണ്. (ഓർഡിനറി 149, ഒ. ടി. പി.20, ഒ. വൈ. സി 31) ഓർഡിനറി വിഭാഗത്തിൽ 30/9/91 വരെ സി.ഡി അടച്ചവർക്കുമാത്രമെ കണക്ഷൻ കൊടുത്തിട്ടുള്ളൂ. മറ്റുവിഭാഗങ്ങൾ 30.9.93 വരെ കണക്ഷൻ കൊടുത്തിട്ടുണ്ട്. കേരളം നേരിടുന്ന വൈദ്യുതി പ്രതിസന്ധിയുടെ ഭാഗമായാണ് ഈ അവസ്ഥ സംജാതമായിരിക്കുന്നത്.

കൂറ്റനാട് 110കെ.വി സബ്സ്റ്റേഷനിൽ നിന്നാണ് നമ്മുടെ പഞ്ചായത്തിലേക്ക് പ്രധാനമായും വൈദ്യുതി എത്തുന്നത്. പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലായി 25 എൽ. ടി. ട്രാൻസ്ഫോർമർ വഴി വൈദ്യുതി വിതരണം നടക്കുന്നു. പഞ്ചായത്ത്പ്രദേശത്തുള്ള ട്രാൻസഫോർമറുകളും അവയുടെ കപ്പാസിറ്റിയും പട്ടികപ്പെടുത്തിയിരിക്കുന്നു. (പട്ടിക 1) ആകെ പഞ്ചായത്തിലുള്ള ഹരിജൻകോളനികളിൽ 11 കോളനികൾ വൈദ്യുതീകരിച്ചവയാണ്. പുതിയ കണക്ഷനുവേണ്ടി സി.ഡി. അടച്ചുകാത്തിരിക്കുന്നവരിൽ ഹരിജൻനിവാസികളുമാണ്. പട്ടിക 1

പഞ്ചായത്തിലാകെ 199 സ്ട്രീറ്റ് ലൈറ്റുകൾ ഉണ്ട്. (40ണ ബൾബ് -183, ട്യൂബ് -8, സോഡിയം വെപ്പർലാംബ് -18) ഈ സ്ട്രീറ്റ് ലൈറ്റിന്റെ കറന്റുചാർജ്ജായി പഞ്ചായത്ത് പ്രതിമാസം 4147 രൂപ അടക്കുന്നുണ്ട്.

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ പൂലേരിമേഖലയിൽ ഇതുവരെയും വൈദ്യുതി എത്തിയിട്ടില്ല.
2. വെളരക്കോട് കോളനി, എട്ടുകണ്ടം കോളനി, വാഴയിൽ കോളനി, വെങ്കര കോളനി, നീർട്ടിയൻ കോളനി, കൊഴിപ്പാറ കോളനി, കരണപ്ര വടക്കേ കോളനി തുടങ്ങിയ ഹരിജൻ കോളനികളിൽ വൈദ്യുതി ഇല്ല.
3. പഞ്ചായത്തിൽ ഉടനീളം വോൾട്ടേജ് പ്രശ്നം നേരിടുന്നു. പടിഞ്ഞാറൻ മേഖലയിൽ ഇത് രൂക്ഷമാണ്.
4. പ്രസരണ-വിതരണ രംഗങ്ങളിൽ കെ. എസ്. ഇ. ബോർഡിന് ശ്രദ്ധക്കുറവുണ്ട്.
5. ടച്ചിങ്ങ് കട്ട് ചെയ്യാത്തതിനാൽ മരങ്ങൾ തട്ടിയുണ്ടാകുന്ന പ്രസരണനഷ്ടവും അപകടങ്ങളും കൂടുതലാണ്.
6. പഴയ പോസ്റ്റുകളും കമ്പികളും കൊണ്ടുള്ള അപകടവും അപകടകരമായ സ്ഥിതിയും ഉണ്ട്.
7. പഞ്ചായത്തിൽ വൈദ്യുതിബോർഡിന്റെ ഓഫീസ് പ്രവർത്തിക്കാത്തതിനാൽ ജനങ്ങൾക്ക് ബുദ്ധിമുട്ടനുഭവപ്പെടുന്നു.
8. ഉള്ള സ്ട്രീറ്റുലൈറ്റുകൾ കാര്യക്ഷമമായി പ്രവർത്തിക്കാറില്ല. ബൾബുകൾ മാറ്റാറില്ല.
9. കെ. എസ്. ഇ. ബി.രജിസ്റ്ററിൽ ഉള്ളതിനേക്കാൾ കൂടുതൽ വൈദ്യുതി ഉപയോഗിക്കപ്പെടുന്നു.
10. കേടുവന്ന മീറ്റർ മാറാത്തതും യഥാസമയം റീഡിംഗ് എടുക്കാത്തതുമായ പ്രശ്നങ്ങൾ കൂടുതലാണ്.

സാധ്യതകൾ

1. വൈദ്യുതി എത്താത്ത മേഖലകളിലും ഹരിജൻ കോളനികളിലും വൈദ്യുതി എത്തിക്കാൻ വേണ്ട പ്രവർത്തനങ്ങൾ നടത്തുക.
2. സാമ്പത്തികവരുമാനം കുറഞ്ഞ കുടുംബങ്ങൾക്ക് വൈദ്യുതീകരിക്കാൻ സാമ്പത്തിക സഹായം നൽകുക.
3. വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ വേണ്ട സ്ഥലങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും വൈദ്യുതിലൈനിലേക്കുള്ള മരങ്ങളുടെ തടസ്സം കാലാകാലം തീർക്കുകയും ചെയ്യുക.
4. പഴയ പോസ്റ്റുകൾ മാറ്റുക, കമ്പികൾ മാറ്റുകയോ, വലിച്ചുകെട്ടുകയോ ചെയ്യുക.
5. പഞ്ചായത്തിലെ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കാനും പ്രവർത്തിപ്പിക്കാനുള്ള അധികാരം പഞ്ചായത്തിന് നൽകുക.
6. പഞ്ചായത്തിലെ സ്ട്രീറ്റുലൈറ്റുകൾ കത്തിക്കാനുള്ള ചുമതല അതതുസ്ഥലത്തെ സന്നദ്ധസംഘടനകളെ ഏൽപ്പിക്കുക.
7. പഞ്ചായത്ത് ഓഫീസിനോട് ബന്ധപ്പെട്ട് കൺട്രോൾ സ്റ്റേഷനും ബില്ലടയ്ക്കാൻ കൗണ്ടറും തുടങ്ങുക.
8. മീറ്റർ റീഡിംഗ് കൃത്യമായി നടത്തുക. പഴയമീറ്റർ മാറ്റുക.
9. പഞ്ചായത്തിലെ പ്രധാനറോഡരികിലുള്ള പോസ്റ്റുകളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.
10. പ്രധാനസെന്ററുകളിൽ ഗ്രാമസഭയിൽ ഉയർന്നുവന്ന നിർദേശപ്രകാരം സോഡിയം വെപ്പർലാംബ് സ്ഥാപിക്കുക.
11. വൈദ്യുതോപകരണങ്ങൾ കാലാനുസൃതമായി മാറ്റുക.
12. വൈദ്യുതിമിച്ചം വെക്കാനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവാൻമാരാക്കുക.
13. സ്റ്റെപ്പ്-അപ്പ് അനധികൃതമായി വെച്ച് വോൾട്ടേജ് ക്ഷാമം രൂക്ഷമാക്കുന്നതുവരെ കണ്ടെത്തി നടപടി സ്വീകരിക്കുക.
14. കുറഞ്ഞവോൾട്ടേജിൽ കത്തുന്ന കോംപാക്ട് ഉള്ളത്

ഫ്ളൂറസന്റ് ബൾബുകൾ അനെർട്ടുമായി ബന്ധപ്പെട്ട് സ്ഥാപിക്കുക. ഇതുവഴി വൈദ്യുതി ലാഭിക്കാൻ കഴിയും.

മറ്റ് ഊർജ്ജരൂപങ്ങൾ

വൈദ്യുതി കഴിഞ്ഞാൽ പഞ്ചായത്തിൽ ഉപയോഗിക്കുന്ന വേറൊരു ഊർജ്ജമാണ് വിറകിൽ നിന്നുള്ള താപോർജ്ജം. പഞ്ചായത്തിലെ 90% വീടുകളിലും പാചകത്തിനായി വിറകാണ് ഉപയോഗിക്കുന്നത്. വളരെകുറച്ച് വീടുകളിൽ മാത്രമെ ഗ്യാസ് കണക്ഷൻ ലഭിച്ചിട്ടുള്ളൂ. വിറക് കൂടുതലായും ലഭിക്കുന്നത് തെങ്ങുല്പന്നങ്ങളിൽ നിന്ന് ബാക്കി മറ്റുമരങ്ങളിൽ നിന്നുമാണ്. പഞ്ചായത്തിൽ ആകെയുള്ള 6785 വീടുകളിൽ ഏകദേശം 250 വീടുകളിൽ മാത്രമാണ് പരിഷത്തടുപ്പുകൾ ഉള്ളത്. ശാസ്ത്രസാഹിത്യപരിഷത്ത് പട്ടിത്തറ, അരിക്കോട്, യൂണിറ്റുകളുടെ പരിധിയിലുള്ളവയാണ് ഈ വീടുകൾ. ഇന്ന് നാം ഉപയോഗിക്കുന്ന പരമ്പരാഗത വിറകെടുപ്പിന്റെ ഭക്ഷത വളരെ കൂറവാണ്. ഭക്ഷത കൂടിയ പരിഷത്തടുപ്പുകൾക്ക് ഇത് ഇരട്ടിയാക്കാൻ കഴിയും. അതിനാൽ ഓരോ വീട്ടിലും ഇവ പ്രചരിപ്പിച്ചാൽ ഇന്നുപയോഗിക്കുന്ന വിറകിന്റെ പകുതിമാത്രമെ ഉപയോഗിക്കേണ്ടിവരൂ. ഇന്നത്തെ അടുപ്പുകകൾ വീട്ടമ്മക്ക് പുകവലിക്കാതെതന്നെ രോഗങ്ങൾ ഉണ്ടാക്കുന്നവയാണ്. വീട്ടമ്മയുടെ ആരോഗ്യത്തിനും മരങ്ങളുടെ രക്ഷക്കും, കുടുംബത്തിന്റെ സാമ്പത്തികലാഭത്തിനും ഇവ പ്രചരിപ്പിക്കണം.

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ എല്ലാ കുടുംബങ്ങൾക്കും കത്തിക്കാനാവശ്യമായ വിറക് പഞ്ചായത്തിൽ ഉത്പാദിപ്പിക്കുന്നില്ല.
2. ഗ്യാസടുപ്പുപയോഗിക്കുന്നവരേക്കാൾ ചിലവ് വിറകടുപ്പുപയോഗിക്കുന്നവർക്ക് വരുന്നു.
3. പരമ്പരാഗതമായ അടുപ്പ് ഉപയോഗിക്കുന്ന തിനാൽ വീട്ടമ്മക്ക് പുകവലിയിൽ നിന്നുണ്ടാകുന്ന അസുഖങ്ങൾ ഉണ്ടാകുന്നു.
4. അടുക്കളകൾ പുക മൂലം വൃത്തിഹീനമാണ്.
5. വേണ്ടത്ര മണ്ണെണ്ണ ജനങ്ങൾക്ക് കിട്ടുന്നില്ല.
6. ഗ്യാസ് കണക്ഷൻ എളുപ്പത്തിൽ കിട്ടാൻ സൗകര്യമില്ല.

സാദ്ധ്യതകൾ

പഞ്ചായത്തിൽ ഏകദേശം കുടുംബങ്ങൾക്ക് പരിഷത്തടുപ്പുകൾ വെക്കാൻ സാധിക്കും. അനെർട്ട് വൈ. ആർ. ഇ. പി. പദ്ധതിയിലൂടെ പരിഷത്തടുപ്പുകൾക്ക് സബ്സിഡി നൽകുന്നുണ്ട്. 40 ഇഷ്ടിക മാത്രം നൽകിയാൽ 345 രൂ വില വരുന്ന അടുപ്പ് സൗജന്യമായി നൽകുതാണ്. ഈ പദ്ധതി പ്രയോജനപ്പെടുത്തി പഞ്ചായത്തിലാകെ നിശ്ചിത സമയത്തിനുള്ളിൽ അടുപ്പ് സ്ഥാപിക്കുക. അടുപ്പുഫിറ്റിംഗിന് നമ്മുടെ പഞ്ചായത്തിലെ തൊഴിൽരഹിതമായ ചെറുപ്പക്കാർക്ക് പരിശീലനം നൽകി ഉപയോഗിച്ചാൽ അവർക്ക് കുറെ തൊഴിൽദിനങ്ങൾ നൽകാൻ കഴിയും.

1. പഞ്ചായത്തിലാകെ അടുപ്പുസർവെ നടത്തി ആവശ്യക്കാരെ കണ്ടെത്തി ഭക്ഷതകൂടിയ അടുപ്പുവ്യാപനം നടത്തുക.
2. പഞ്ചായത്തിലുള്ള പറമ്പോക്കിലും റോഡരികിലും വൃക്ഷവൽക്കരണം നടത്തുക. വീടുകളി വൃക്ഷവൽക്കരണം നടത്താൻ വൃക്ഷതൈകൾ നൽകുന്നു.
3. ആവശ്യക്കാർക്ക് മണ്ണെണ്ണ സ്റ്റൗവ് വൈ.ആർ.ഇ.പി.പദ്ധതിപ്രകാരം സബ്സിഡി നിരക്കിൽ നൽകുന്നു.
5. പ്രഷർകുക്കർ വൈ.ആർ.ഇ.പി. പദ്ധതിയിലൂടെ വിതരണം ചെയ്യുക.
6. വീടുകളിൽ കച്ചിപ്പെട്ടി നിർമ്മിച്ച് ഊർജ്ജം ലാഭിക്കാമെന്ന കാര്യം ബോധവൽക്കരണം നടത്തി അതിനുള്ള പരിശീലനം നൽകുക.
7. സൗരോർജ്ജറാന്തൽ, സൗരോർജ്ജഹീറ്റർ മുതലായ ഉപകരണങ്ങൾ വൈ.ആർ.ഇ.പി.വഴി എത്തിക്കുക.

പഞ്ചായത്തിൽ കാറ്റിൽ നിന്ന് വൈദ്യുതി ലഭ്യമാക്കാൻ പറ്റിയ സ്ഥലങ്ങൾ ഉണ്ടോ എന്ന് വിദഗ്ധരെക്കൊണ്ട് പരിശോധിപ്പിക്കുക. ചെറുകിട ജലവൈദ്യുത സ്രോതസ്സുകൾ പഞ്ചായത്തിലില്ല. ബയോഗ്യാസ് വഴിയും പാഴ്വസ്തുക്കൾ കത്തിച്ചും വൈദ്യുതി ഉണ്ടാക്കാനുള്ള സാധ്യതയും ആരായേണ്ടതാണ്.

പഞ്ചായത്ത് പ്രദേശത്തുള്ള ട്രാൻസ്ഫോർമറുകൾ

നമ്പർ	പേര്	കപ്പാസിറ്റി
1.	ചിറ്റപ്പുറം - 1	160 കെ. വി
2.	ചിറ്റപ്പുറം - 2 (കുടിവെള്ളം)	100 കെ. വി.
3.	പട്ടിത്തറ (ഇറിഗേഷൻ)	250 കെ. വി
4.	കുമ്പപാലം	63 കെ. വി
5.	ഒതളൂർ	100 കെ. വി
6.	അരിക്കോട്	100 കെ. വി
7.	അങ്ങാടി ടൗൺ	100 കെ. വി
8.	സുലൈഖ ഇൻഡസ്ട്രീസ്	63 കെ.വി
9.	അയിലക്കുന്ന് ഹരിജൻകോളനി	100 കെ. വി
10.	വേങ്ങശ്ശേരി കാവ്	100 കെ. വി
11.	നെല്ലിപ്പടി (തണ്ണീർക്കോട്)	100 കെ. വി
12.	തലക്കശ്ശേരി - 1	160 കെ. വി
13.	തലക്കശ്ശേരി - 2 (എസ്.എസ്.ഐ)	100 കെ. വി
14.	ആലൂർ - 2	100 കെ. വി
15.	പുലേരി	160 കെ. വി
16.	ആലൂർ - 1	160 കെ. വി
17.	കാശാമുക്ക്	63 കെ. വി
18.	വട്ടത്താണി	100 കെ. വി
19.	കക്കാട്ടിരി - 1	100 കെ. വി
20.	കക്കാട്ടിരി - 2	100 കെ. വി
21.	മല-ധർമ്മഗിരി	160 കെ. വി
22.	മല-പേ സ്റ്റ്കമ്പനി - 1	100 കെ. വി
23.	മല-പേ സ്റ്റ്കമ്പനി - 2	250 കെ. വി
24.	വള്ളേനാട്	50 കെ. വി
25.	കൂറ്റനാട് തണ്ണീർകോട് റോഡ് - 2	100 കെ. വി.

ഭവനനിർമ്മാണം സാമൂഹ്യക്ഷേമം

7

ഭവനനിർമ്മാണം

ചരിത്രം

ഏകദേശം 19980ന്റെ അവസാനം വരേയ്ക്കും പഞ്ചായത്തിൽ ഭൂരിഭാഗം വീടുകളും ഓല/ വൈക്കോൽ മേഞ്ഞവയായിരുന്നു. അന്നൊരുവീട്ടിൽ 3ഉം 4ഉം കുടുംബങ്ങൾ താമസിച്ചിരുന്നു. വീടുപണിയ്ക്ക് ധാരാളം മരങ്ങൾ ഉപയോഗിച്ചിരുന്നു. ഇവയുടെ വാതിലുകളും കട്ടിലകളും മറ്റും ഇന്നത്തേതിനേക്കാൾ പതിൻമടങ്ങ് മരം ഉപയോഗിച്ചിരുന്നു. വാതിലുകളിലും മറ്റും പുരാണരീതിയിലുള്ളകൊത്തുപണികൾകാണാം ധനികരുടെയും ഇടത്തരം വരുമാനക്കാരുടെയും വീടുകൾ നിർമ്മിച്ചിരുന്നത് ചെങ്കല്ലുപയോഗിച്ചായിരുന്നു. ഇവ പടുത്തിരുന്നത് മണ്ണ് നന്നായി പാകപ്പെടുത്തി ഒരുതരം കുമ്മായക്കൂട്ട് ഉപയോഗിച്ചായിരുന്നു. വീടുകളുടെ തറയ്ക്കും ചെങ്കല്ലാണ്പ്രയോഗിച്ചിരുന്നത്.ഏറ്റവുംതാഴ്ന്ന വരുമാനക്കാരുടെ വീടുകൾ അപരിഷ്കൃതമായിരുന്നു. ഇവർ വീടുണ്ടാക്കിയത് മണ്ണുപയോഗിച്ചായിരുന്നു. തറ കെട്ടിയിരുന്നില്ല.പകരം പട്ട കൊണ്ടുള്ള വാതിലുകൾ ആണ്ഉപയോഗിച്ചിരുന്നത്. ജനലുകൾക്ക്പകരം ഓരോ ദ്വാരങ്ങൾ ഇടുകയാണ് ചെയ്തിരുന്നത്. മേഞ്ഞിരുന്നത് മുളകളും പട്ടയും വൈക്കോലും ഉപയോഗിച്ചായിരുന്നു. തറ വെറും ചാണകം മെഴുകുകയാണ്ചെയ്തിരുന്നത്.

പണ്ട് വീട് നിർമ്മാണത്തിനാവശ്യമായ കല്ല് മരം എന്നിവയെല്ലാം ധാരാളമായി സ്വന്തം വീട്ടുവളപ്പിൽ നിന്ന് ലഭിക്കുമായിരുന്നു.

ഇപ്പോഴത്തെ അവസ്ഥ

പഞ്ചായത്തിലെ ജനസംഖ്യ ഏകദേശം 30,000 ആണ്. മൊത്തം വീടുകൾ ഏകദേശം 4527 ആണ്. ജനസംഖ്യയുടെയും വീടുകളുടേയും അനുപാതം നോക്കിയാൽ 6 ആളുകൾക്ക് 1 വീട് എന്നതാണ്. ഇന്ന് ഭൂരിപക്ഷം വീടുകളും ഓട് മേഞ്ഞവയാണ്. പ്രധാനമായും വീട് നിർമ്മാണം കേന്ദ്രീകരിച്ചിരിക്കുന്നത് പ്രധാനറോഡുകൾക്കിരുവശവുമാണ്. അവയിൽ ഭൂരിഭാഗം വീടുകളും ടെറസ്സുവീടുകളാണ്. ഇവ തന്നെ വേണ്ടതിലെത്രയോഇരട്ടിവലുപ്പവുമുള്ളവയാണ്. ഇത്തരം വീടുകളിൽ ധാരാളം വൈദ്യുതി ഉപകരണങ്ങൾ ഉപയോഗിക്കുന്നു. ഇവ നിർമ്മിക്കുന്നത്ധാരാളംകരിങ്കല്ല്ഇഷ്ടികസിമൻറ് കമ്പി എന്നിവ ഉപയോഗിച്ചാണ്. ചുരുക്കിപ്പറഞ്ഞാൽ ഈ രംഗം വളരെ ആർഭാടവും ദൂർത്തും നിറഞ്ഞതാണ്. ഇത്തരം പ്രവണത കൂടുതലുള്ളത് ഗൾഫ് നാടുകളിൽ ജോലിചെയ്യുന്നവരിലാണ്. ഭവന നിർമ്മാണ രംഗത്ത് ഏറ്റവും കൂടുതൽ കഷ്ടപ്പെടുന്നത് താഴ്ന്ന വരുമാനക്കാരും ഇടത്തരക്കാരുമാണ്.

ഗവൺമെൻറിന്റെ വിവിധ സാമ്പത്തിക ഏജൻസികൾ മുഖേന നിർമ്മിച്ച താഴ്ന്ന വരുമാനക്കാരുടെ വീടുകളെല്ലാം തന്നെ വളരെ ശോചനീയാവസ്ഥയിലാണ്. ഇവയുടെ ചുമർ ചെങ്കല്ലും മണ്ണും ഉപയോഗിച്ചാണ് കെട്ടിയിരിക്കുന്നത്. ധനസഹായത്തിന്റെ തോത് കുറവായതിനാൽ ചുമരോ നിലമോ തേയ്ക്കാൻ കഴിയാറില്ല. പഞ്ചായത്തിലുള്ള മൊത്തം ലക്ഷം വീട് കോളനികൾ വളരെ ശോചനീയാവസ്ഥയിലാണ്. വർഷക്കാലത്ത് വീടുകൾ ചോർന്നൊലിക്കുന്നു. കോളനികളിൽ പ്രാഥമികാവശ്യങ്ങൾ നിറവേറ്റാൻ പോലും സൗകര്യമില്ല.

ഇടത്തരം വരുമാനക്കാർക്ക് വീട് വയ്ക്കുന്നതിന് ധനസഹായം ലഭിക്കുക എന്നത്

മരീചികയാണ്. ഒരു ലോണിന് വേണ്ടി കുറേ ദിനങ്ങൾ നടന്ന് ആ ശ്രമം ഉപേക്ഷിക്കേണ്ടി വരുന്നു. ലഭിക്കുന്ന ലോണിന്റെ പലിശനിരക്ക് വളരെ ഉയർന്നതാണ്.

ബ്ലോക്ക് തലത്തിലുള്ള ഭവനനിർമ്മാണസഹകരണ സംഘം പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും അതിന്റെ പ്രവർത്തനം ആവശ്യത്തിനേക്കാൾ എത്രയോ തുച്ഛമാണ്. ഇന്ന് ചുരുങ്ങിയ തോതിലുള്ള ഒരു വീട് വയ്ക്കണമെങ്കിൽ50,000രൂപയെങ്കിലുംചെലവ് വരും. അതുപോലെ പഞ്ചായത്തിലെ ഹരിജൻ സഹകരണസംഘത്തിന്റെ പ്രവർത്തനവും തൃപ്തികരമല്ല.

പ്രശ്നങ്ങൾ

1. കെട്ടി നിർമ്മാണ സാമഗ്രികളുടേയും ഭൂമിയുടേയും വിലക്കയറ്റം.
2. ഭവനവായ്പകൾ കിട്ടാനുള്ള വിഷമതകൾ.
3. വായ്പത്തുകയുടെ അപര്യാപ്തത.
4. ഭവനനിർമ്മാണത്തിൽ ആഡംഭരച്ചെലവ് കൂടുന്നു.
5. ചെലവ് കുറഞ്ഞ വീടുകളുടെ നിർമ്മാണത്തിൽ താത്പര്യമില്ലായ്മ.
6. കെട്ടിടനിർമ്മാണത്തൊഴിലാളികളുടെ ദൗർലഭ്യവും വർദ്ധിച്ച കൂലിനിരക്കും.
7. വിദഗ്ദ്ധതൊഴിലാളികളുടെഅപര്യാപ്തത.

നിർദ്ദേശങ്ങൾ

1. ഭവനനിർമ്മാണത്തിനുള്ള ധനസഹായം ഉദാരവും സാർവ്വത്രികവുമാക്കുക.
2. പഞ്ചായത്ത് തലത്തിൽ ഒരു നിർമ്മിതികേന്ദ്രം സ്ഥാപിക്കുകയും പഞ്ചായത്തിലെ എല്ലാ കെട്ടിടപണികളും ഈ ഏജൻസി മുഖേന നടത്തുനയും ചെയ്യുക.
3. പഞ്ചായത്തിലെ എല്ലാ ലക്ഷം വീട് കോളനികളും അറ്റകുറ്റപ്പണികൾ തീർക്കുക.
4. ഹരിജൻ വിഭാഗത്തിന് ഇന്ന് വരെ അനുവദിച്ചവീടുകളുടെ ഒരു അവലോകനം നടത്തി അറ്റകുറ്റപ്പണികൾ നടത്താൻ വേണ്ട നടപടികൾ എടുക്കുക.
5. ഭവനനിർമ്മാണത്തിനുള്ള സഹായം ചുരുങ്ങിയത് 50,000 രൂപയെങ്കിലുമായി ഉയർത്തുക.
6. വീടുകളുടെ നിർമ്മാണച്ചെലവ് ശരിയായ വിധത്തിൽ നിർണ്ണയിച്ച് നികുതി പുതുക്കി നിശ്ചയിക്കുക.
7. ചെലവ് കുറഞ്ഞ വീട് നിർമ്മാണരീതി തിരഞ്ഞെടുത്ത കുറച്ചാളുകൾക്ക് പരിശീലനം നൽകി അവരുടെ ഒരു കേന്ദ്രം സ്ഥാപിക്കുക.
8. പഞ്ചായത്തിൽ ഓട്, ഇഷ്ടിക, കോൺക്രീറ്റ് കട്ടില, ജനൽ എന്നിവ നിർമ്മാണത്തിനുള്ള ഒരു യൂണിറ്റ് സഹകരണ മേഖലയിൽ നിർമ്മിക്കുക.
9. കെട്ടിട നിർമ്മാണസാമഗ്രികളുടെ വിതരണത്തിന് പഞ്ചായത്ത്തലത്തിൽ ഒരു ഏജൻസി രൂപീകരിക്കുക.
10. സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകാനുള്ള അവകാശം പഞ്ചായത്ത് മെമ്പർമാരെ ഏൽപ്പിക്കുക.
11. ഇന്ദിരാ ആവാസ്യോജന, ജെ. ആർ. വൈ., ആർ. എൽ. ഇ. ജി. പി. എന്നീ പദ്ധതികളിലൂടെയുള്ള വായ്പാസംഖ്യ വർദ്ധിപ്പിക്കുക.
12. ചെലവ് കുറഞ്ഞ വീടുകളുടെ നിർമ്മാണത്തിന് ജനങ്ങളെ പ്രേരിപ്പിക്കുന്നതിനായി ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കുക.

സാമൂഹ്യക്ഷേമം

ജനസംഖ്യയിൽ 75% മറ്റ് വർഗ്ഗങ്ങളിൽപ്പെടുമ്പോൾ 25% പട്ടികജാതി പട്ടികവർഗ്ഗത്തിൽപെടുന്നവരാണ്. ജനസംഖ്യയിൽ പകുതിയോളം സ്ത്രീകളാണ്. പൊതുവെ സ്ത്രീകളും പുരുഷൻമാരും അദ്ധ്വാനശീലരാണ്. പുരുഷന് ഒരുദിവസം പണിയെടുത്താൽ 65 രൂപ ലഭിക്കുമ്പോൾ സ്ത്രീക്ക് 35 രൂപയേ ലഭിക്കുന്നുള്ളൂ. ഏകദേശം 10വർഷങ്ങൾക്ക്മുമ്പ് ജനങ്ങളുടെ ജീവിതനിലവാരം വളരെ മോശമായിരുന്നു. പ്രാഥമികവിദ്യാഭ്യാസം പോലും ലഭിക്കാതിരുന്ന പഴയ തലമുറയിൽപെട്ട ഭൂരിപക്ഷം പേരിലും പല വിശ്വാസങ്ങളും നിലനിന്നിരുന്നു. സമൂഹത്തിൽ പല അനാചാരങ്ങളും നിലനിന്നിരുന്നു. എന്നാൽ വിവിധമതക്കാർ തമ്മിൽ സഹവർത്തിത്വത്തോടുകൂടിയാണ് കഴിഞ്ഞിരുന്നത്. ജനസംഖ്യയിൽ ഭൂരിപക്ഷവും കാർഷികമേഖലയിൽ പണിയെടുത്തിരുന്നവരാണ്. സാമൂഹ്യപ്രവർത്തനരംഗങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം

നാമമാത്രമായിരുന്നു. അടുത്തകാലത്ത് നടപ്പാക്കിയ സാക്ഷരതാ പരിപാടികൾ പഴയതലമുറയിൽ വിപ്ലവകരമായ പല മാറ്റങ്ങളും ഉണ്ടാക്കിയിട്ടുണ്ട്.

ഇന്നത്തെ അവസ്ഥ

ഇന്നത്തെ തലമുറ വിദ്യാസമ്പന്നരാണ്. ധാരാളം ആളുകൾ ഉന്നതവിദ്യാഭ്യാസം പൂർത്തിയാക്കിയവരും തൊഴിലിനുവേണ്ടി അലയുന്നവരുമാണ്. ഇവർ പൊതുവെ കൃഷിപ്പണിയിൽ വിമുഖരാണ്. ഇന്ന് പുരുഷന് ശരാശരി 100 രൂപ കൂലി ലഭിക്കുമ്പോൾ സ്ത്രീക്ക് ശരാശരി 60 രൂപയുമാണ് ലഭിക്കുന്നത്.

താരതമ്യേന ജനങ്ങളുടെ ജീവിതനിലവാരം വളരെ മെച്ചപ്പെട്ടതാണ്. യുവാക്കൾ പൊതുവെ ആഡംബരശീലരും വിനോദപ്രിയരുമാണ്. യുവാക്കളിൽ അധികം പേരും എന്തെങ്കിലും സംഘടനയുമായി ബന്ധമുള്ളവരായിരിക്കും. വിദ്യാഭ്യാസത്തിന്റേയും തൊഴിൽ സമ്പാദനത്തിന്റേയും കാര്യത്തിൽ സ്ത്രീകൾ ഒട്ടും പിന്നിലല്ല. ഇന്നും കുടുംബത്തിലെ പ്രധാനകണ്ണികൾ സ്ത്രീകളാണ്. സ്ത്രീകളെ ആശ്രയിച്ചുകഴിയുന്ന കുടുംബങ്ങളും പഞ്ചായത്തിൽ ധാരാളമുണ്ട്.

കാർഷികരംഗത്തും നിർമ്മാണ രംഗത്തും തൊഴിലെടുക്കുന്നവർ അസംഘടിതരാണ്. ഇവരുടെ ജീവിതനിലവാരം മോശമാണ്. ഇവർ വർഷത്തിൽ 2 മാസമെങ്കിലും തൊഴിൽ രഹിതരാണ്.

കലാസാംസ്കാരികരംഗങ്ങളിൽ സ്ത്രീകളുടെ പങ്ക് തള്ളിക്കളയാവുന്നതല്ല. സഹകരണ സ്ഥാപനങ്ങൾ തുടങ്ങിയവയിൽ അപ്രധാനമല്ലാത്ത സ്ഥാനങ്ങളും അവർ കൈകാര്യം ചെയ്യുന്നു.

സമൂഹത്തിന്റെ അടിത്തട്ടിൽ കിടക്കുന്നവരാണ് പട്ടികജാതി പട്ടികവർഗ്ഗം. ഇവർക്കായി ഗവൺമെൻറിന്റെ വിവിധ ഏജൻസികൾ മുഖേന പല സാമ്പത്തികാനുകൂല്യങ്ങളും വിതരണം ചെയ്യുന്നുണ്ട്. എന്നിരുന്നാലും ഇവ വേണ്ടതോതിൽ ഇവർക്ക് ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. ഇതിന്റെ പ്രധാന കാരണം ഇവർക്കായുള്ള കോർപ്പറേഷൻ പാലക്കാടാണ് എന്നതിനാലാണ്. പഞ്ചായത്തിൽ ആകെ 487 അംഗങ്ങളുള്ള ഒരു ഹരിജൻ സഹകരണസംഘം പ്രവർത്തിക്കുന്നുണ്ടെങ്കിലും കഴിഞ്ഞകാലത്ത് വെറും 78 പേർക്കായി വായ്പയായി 69,200 രൂപയേ വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുള്ളൂ. അതുപോലെ പട്ടികജാതി കൈത്തറി നെയ്ത്ത് വ്യവസായ സഹകരണസംഘവും പഞ്ചായത്തിൽ വരാൻ പോകുന്നുണ്ട്.

വനിതകളുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന വനിതാവികസന കോർപ്പറേഷൻ തിരുവനന്തപുരത്തായതിനാൽ ഇതിന്റെ ആനുകൂല്യങ്ങൾ ഇവർക്ക് തക്കസമയത്ത് പ്രയോജനപ്പെടുത്താൻകഴിയുന്നില്ല. പഞ്ചായത്തിൽയൂണിറ്റുകൾ രേഖയിലുണ്ടെങ്കിലും സജീവമല്ല. പഞ്ചായത്തിൽ പായ, പനമ്പ് നെയ്യുന്നതിൽ വൈദഗ്ദ്യമുള്ള വനിതകളുണ്ടെങ്കിലും ഇതിനായി പഞ്ചായത്തടിസ്ഥാനത്തിൽ നിർമ്മാണയൂണിറ്റോ വിപണന സൗകര്യമോ ഇല്ല.

പഞ്ചായത്തിൽ മഹിളാസമാജങ്ങളുണ്ട്. ഇതിൽ രജിസ്ട്രേഷനുള്ളവയും ഇല്ലാത്തവയുമുണ്ട്. ഇപ്പോൾ നിർജ്ജീവമായ ഇവയിലൂടെ രണ്ട് വർഷങ്ങൾക്ക്മുമ്പ് കൃഷിഭവൻമുഖേന പച്ചക്കറിവിത്തുകൾ വിതരണം ചെയ്തിരുന്നു. ഇവയ്ക്ക് ബ്ലോക്ക് മുഖേന നഴ്സറി ഉണ്ടാക്കുന്നതിന് ധനസഹായം നൽകിയിരുന്നു. അതുപോലെ ഇതിലൂടെ കുട്ടികൾക്ക് പോഷകാഹാരങ്ങളും വിതരണം ചെയ്തിരുന്നു. പഞ്ചായത്തിൽ നിലവിൽ ക്രഷുകളൊന്നുമില്ല.

പഞ്ചായത്ത് മുഖേന അഗതി/ വികലാംഗർ/ കർഷകത്തൊഴിലാളി പെൻഷനുകൾ ചുരുങ്ങിയതോതിൽ വിതരണം നടത്തുന്നുണ്ട്. എന്നാൽ ഈ ആനുകൂല്യങ്ങൾ ലഭിക്കാത്ത എത്രയോ ആളുകളുണ്ട്. ഇതിൽത്തന്നെ വൈകല്യം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനുള്ള അധികാരം ഡി. എം. ഒ. വിനായത് ഇത്തരക്കാർക്ക് വളരെ പ്രയാസമുണ്ടാക്കുന്നു. നിലവിൽ പഞ്ചായത്തിൽ 32 അംഗൻവാടികളുണ്ട്. ഇതിൽ സ്വന്തമായി കെട്ടിടമുള്ളത് 10 എണ്ണവും കെട്ടിടമില്ലാത്തത് 22 എണ്ണവുമാണ്. പഞ്ചായത്തിൽ 1വയസ്സിന് താഴെയുള്ള കുട്ടികൾ

ഏകദേശം 500 - 600 ആണ്. അതുപോലെ 5 വയസ്സിനുതാഴെയുള്ളവർ 1000-1500നും ഇടയിലാണ്. ഇതുകൊണ്ടുതന്നെ ഈ സ്ഥാപനങ്ങൾക്ക് അതിപ്രധാനമായ ഒരു പങ്ക് വഹിക്കാനുണ്ട്. ഇതിൽ വരുന്ന അധിക കുട്ടികളും താഴ്ന്ന വരുമാനക്കാരുടെ കുട്ടികളാണ്. ഈ സ്ഥാപനങ്ങൾ വിതരണം ചെയ്യുന്ന ആഹാരപദാർത്ഥങ്ങൾ പലപ്പോഴും ഉപയോഗിക്കാൻ കൊള്ളാത്തതാണ്. ഇത് അടിയന്തിരശ്രദ്ധപതിയേണ്ടകാര്യമാണ്. അംഗൻവാടികളിൽ ജോലിചെയ്യുന്ന അധികപേരും താത്ക്കാലിക ജീവനക്കാരാണ്. ഇതിലെ ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിച്ചിട്ടില്ല എന്ന പ്രശ്നം നിലനിൽക്കുന്നു. പ്രതിമാസവേദനവും തുച്ഛമാണ്.

പഞ്ചായത്തിൽ ജനസംഖ്യയിൽ ഭൂരിഭാഗവും ഐ. ആർ. ഡി. പി./ ലിസ്റ്റിൽ പെടുന്നവരെങ്കിലും ഇതിലൂടെയുള്ള സഹായം തീരെ അപര്യാപ്തമാണ്. പഞ്ചായത്ത തീർത്തിയിൽപ്പെടുന്ന ദേശസാൽകൃത ബാങ്കിലേക്ക് ഈ ധനസഹായമെത്തിയാൽ അനുവദിച്ചുകിട്ടുക വളരെ പ്രയാസകരമാണ്. ഇതുപോലെത്തന്നെ ഇപ്പോഴുള്ള ഐ. ആർ. ഡി. പി./ ലിസ്റ്റ് ഉടനെ പുതുക്കി നിശ്ചയിക്കേണ്ടിയിരിക്കുന്നു.

യുവാക്കളിൽ ധാനാളം പേർ ട്രൈസം പദ്ധതിപ്രകാരം പരിശീലനം നേടിയവരാണ്. എന്നാൽ ഇവർക്ക് സ്വന്തമായി ഒരു തൊഴിൽ മേഖല കണ്ടെത്തുന്നതിന് പഞ്ചായത്ത് തലത്തിൽ ശ്രമം നടത്തുന്നില്ലെങ്കിൽ ഈ സ്കീം പ്രകാരം ചെലവഴിക്കുന്ന ഫണ്ട് വെറുതെയായിരിക്കും. ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിച്ചുനൽകുന്നതിനുള്ള സി. ആർ. എസ്. പി. പദ്ധതികൂടുതൽ വിപുലീകരിക്കേണ്ടതാണ്. ഈ പദ്ധതിപ്രകാരം അനുവദിച്ചിട്ടുള്ള കക്കൂസുകളുടെഎണ്ണം 179 ആണ്. കക്കൂസിന്റെ പ്രാധാന്യം കണക്കിലെടുത്ത് പഞ്ചായത്തടിസ്ഥാനത്തിൽ ആവശ്യമായ കക്കൂസുകൾ നിർമ്മിച്ച് നൽകുന്നതിനുള്ള ശ്രമങ്ങൾ നടത്തേണ്ടതാണ്. പഞ്ചായത്തിന്റെ ഭൂരിഭാഗം ജനങ്ങൾക്കും ശുദ്ധജലവിതരണത്തിന്റെഗുണംലഭിക്കുന്നില്ല. ഇതിന്റെ പ്രധാനകാരണം മെയിൻ ടാങ്കിന്റെ സംഭരണശേഷിക്കുറവാണ്. ഇതു പരിഹരിച്ച് എല്ലാ സ്ഥലങ്ങളിലും കുടിവെള്ളം എത്തിക്കേണ്ടതാണ്.

പഞ്ചായത്തിൽ 9 റേഷൻ കടകളുണ്ട്. പൊതുവിപണിയിലെ വർദ്ധിച്ച വിലയിൽനിന്ന് സാധാരണക്കാർക്ക് ആശ്വാസം നൽകുന്ന സ്ഥാപനങ്ങളാണ് റേഷൻകടകളും മാവേലി സ്റ്റോറുകളും. എന്നാൽ ഇവയുടെ പ്രവർത്തനത്തിൽ ജനങ്ങൾക്ക് ധാരാളം പരാതികളുണ്ട്. പ്രധാനപരാതി ഇവിടേക്ക് വരുന്ന സാധനങ്ങൾ പൊതുവിപണിയിലേക്കൊഴുകുന്നു എന്നാണ്. പഞ്ചായത്തിൽ പടിഞ്ഞാറങ്ങാടിയിൽ ഒരു മാവേലി സ്റ്റോർ ഉദ്ഘാടനം കഴിഞ്ഞുവെങ്കിലും പ്രവർത്തിക്കുന്നില്ല.

പഞ്ചായത്തിൽ 8 വായനശാലകളും 1 പഞ്ചായത്ത് ലൈബ്രറിയുമുണ്ട്. ഇവയ്ക്ക് പഞ്ചായത്തിൽനിന്നുള്ള ധനസഹായം വളരെ തുച്ഛമാണ്. സാമൂഹ്യരംഗത്ത് ഇവയെ ഉപയോഗപ്പെടുത്തിയാൽ ഒരു കുതിച്ചുചാട്ടം തന്നെ ഉണ്ടാകും. പഞ്ചായത്തിൽ ധാരാളം ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ ക്ലബ്ബുകളിൽ മിക്കതും കേന്ദ്രമാനവശേഷി മന്ത്രാലയത്തിൻ കീഴിലുള്ള നഹ്റു യുവ കേന്ദ്രത്തിൽ അംഗത്വമുള്ളവയാണ്. വായനശാലകൾ ധാരാളം ആളുകൾ ഉപയോഗപ്പെടുത്തുന്നു. ഇവയുടെയെല്ലാം നേതൃസ്ഥാനത്ത് വിദ്യാ സമ്പന്നരും തൊഴിൽ രഹിതരുമായ യുവതീയുവാക്കളാണ്. അസംഖ്യം ജനങ്ങൾ ഇതിൽ അംഗത്വമുള്ളവരാണ്. കലാസാംസ്കാരികരംഗത്ത് ഇവയുടെ സംഭാവന വിലമതിക്കാനാവാത്തതാണ്. ഇവയിലധികവും സ്വന്തമായികെട്ടിടമോസ്ഥലമോ ഇല്ലാത്തവയാണ്.

നിർദേശങ്ങൾ

1. പട്ടികജാതി പട്ടികവർഗ്ഗ വികസനകോർപ്പറേഷന്റെ ആനുകൂല്യങ്ങളും വനിതാവികസന കോർപ്പറേഷന്റെ ആനുകൂല്യങ്ങളും അപേക്ഷകളും മറ്റും പഞ്ചായത്ത് തലത്തിൽ സ്വീകരിക്കുകയും മേൽനടപടികൾ സ്വീകരിക്കുവാനുള്ള സൗകര്യവുമുണ്ടാക്കുക.

2. ദാരിദ്ര്യരേഖക്ക് താഴെയുള്ളവരെ കണ്ടെത്താനുള്ള പരിതി 25,000 രൂപയായി ഉയർത്തുക.

3. റെഡിമെയ്ഡ് വസ്ത്രനിർമ്മാണയൂണിറ്റ് ആരംഭിക്കുകയും അംഗൻവാടി കുട്ടികൾക്കുള്ള

വസ്ത്രങ്ങൾ ഈ യൂണിറ്റ് മുഖേന കൊടുക്കുകയും ചെയ്യുക.

4. ട്രൈസം പദ്ധതിപ്രകാരം തൊഴിൽ പരിശീലനം ലഭിച്ചവർക്ക് തൊഴിൽ കൊടുക്കുന്നതിന് പഞ്ചായത്ത് തലത്തിൽ സംവിധാനമുണ്ടാക്കുക.

5. പഞ്ചായത്തിന്റെ ദുർബല വിഭാഗങ്ങൾക്ക് പ്രാഥമികസൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് സമഗ്രമായ പദ്ധതിനടപ്പിലാക്കുക.

6. എല്ലാ പെൻഷനുകളും പഞ്ചായത്ത്മുഖേന പ്രതിമാസം വിതരണം ചെയ്യുക.

7. വികലാംഗപെൻഷനുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് നൽകുന്നത് ജില്ലാ ആശുപത്രിയിൽനിന്നും താലൂക്ക് ആശുപത്രി മുഖേനയാക്കുക.

8. എല്ലാ അംഗൻവാടി ജീവനക്കാരെയും സർക്കാർ ജീവനക്കാരായി അംഗീകരിക്കുകയും താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുകയും ചെയ്യുക.

9. സ്ഥലമില്ലാത്ത അംഗൻവാടികൾക്ക് പഞ്ചായത്ത് പുറംപോക്ക് ഭൂമിനൽകുകയും കെട്ടിടമില്ലാത്തവർക്ക് കെട്ടിടം പണിയുകയും അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യുക.

10. അംഗൻവാടി കുട്ടികൾക്ക് പോഷകാഹാരത്തിനുള്ള സംഖ്യ വർദ്ധിപ്പിക്കുക.

11. 11-ാം വാർഡിലെ ആലപ്പറമ്പ് പഞ്ചായത്തിൽ ലയിക്കേണ്ടതാണ്. പ്രസ്തുത സ്ഥലത്ത് കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുന്നതിന് നടപടിസ്വീകരിക്കുക.

12. അനർട്ട് അടുപ്പുകളുടെ പ്രചരണം വർദ്ധിപ്പിക്കുകയും ആവശ്യക്കാർക്ക് നിർമ്മിച്ച് കൊടുക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുകയും ചെയ്യുക.

13. സാമൂഹ്യക്ഷേമവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിനും അർഹരായവരെ കണ്ടെത്തുന്നതിനും പഞ്ചായത്ത് തലത്തിൽ ഒരു സെൽ രൂപീകരിക്കുകയും ചെയ്യുക.

14. പടിഞ്ഞാറങ്ങാടിയിൽ മാവേലി സ്റ്റോർ പുനഃസ്ഥാപിക്കുക.

15. റേഷൻഷാപ്പുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട പരാതികൾ പരിശോധിക്കുന്നതിന് ഒരു ജനകീയ കമ്മിറ്റി രൂപീകരിക്കുക.

16. റേഷൻകാർഡിനുള്ള അപേക്ഷ പഞ്ചായത്ത് തലത്തിൽ സ്വീകരിച്ച് കാർഡ് വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കുക.

17. ഉപഭോക്തൃമേഖല കാര്യക്ഷമമാക്കി ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയും പഞ്ചായത്തിൽ ഒരു ഉപഭോക്തൃ സംരക്ഷണസമിതി രൂപീകരിക്കുകയും ചെയ്യുക.

18. നിർദ്ധനരായവരുടെ കുട്ടികൾക്കുള്ള സാമ്പത്തികസഹായം വർദ്ധിപ്പിക്കുകയും ഇതിനുള്ള അപേക്ഷ പഞ്ചായത്ത് തലത്തിൽ സ്വീകരിച്ച് പരിഹാരം കാണുകയും ചെയ്യുക.

19. സ്ത്രീധനത്തിനെതിരെ ബോധവൽക്കരണം നടത്തുന്നതിനും കർശന നടപടികളെടുക്കുന്നതിനും പഞ്ചായത്ത് തലത്തിൽ ഒരു സമിതി രൂപീകരിക്കുക.

20. പുകവലി ലഹരിപദാർത്ഥങ്ങൾ ഇവയുടെ ഉപയോഗത്തിനെതിരെ വ്യാപകമായ പ്രചരണം നടത്തുക.

സംസ്കാരം

8

സാംസ്കാരിക പൈതൃകം

ഭാരതപ്പുഴയുടെ തീരത്ത് സ്ഥിതിചെയ്യുന്ന പട്ടിത്തറ എന്ന ഈ വള്ളുവനാടൻ ഗ്രാമത്തിന് ഭട്ടിത്തറ എന്നായിരുന്നു മുൻപ് പറഞ്ഞിരുന്നത്. പണ്ട് വിജ്ഞാനികളായ ഭട്ടിമാർ മതസൈദ്ധാന്തിക ചർച്ചകൾക്കായി ഭാരതപ്പുഴയുടെ തീരത്ത് കൂടുമായിരുന്നു. അവർ ഇരുന്നിരുന്ന ആ സ്ഥലമാണ് ആദ്യം ഭട്ടിത്തറയായതും പിന്നീട് പട്ടിത്തറയായതും. പറയിപെറ്റ പന്തിരുകുലവുമായി അഭേദ്യമായ ഒരു ബന്ധം ഈ പട്ടിത്തറയ്ക്കുണ്ട്. മേളത്തോൾ അഗ്നിഹോത്രിക്ക് ഭാഗമായി കിട്ടിയ വേമുഞ്ചേരി മനയും പാക്കനാരുമായി ബന്ധമുണ്ടെന്ന് പറയപ്പെടുന്ന കയ്ക്കാത്ത കാഞ്ഞിരവും സ്ഥിതി ചെയ്തിരുന്നത് പട്ടിത്തറയുടെ കിഴക്കേ അതിർത്തിയിലായിരുന്നു. ഇപ്പോളവ തൃത്താല പഞ്ചായത്തിന്റെ ഭാഗമാണ്. ടിപ്പുസുൽത്താന്റെ പടയോട്ടത്തിനും ഈ പഞ്ചായത്ത് സാക്ഷ്യം വഹിച്ചിട്ടുണ്ട്.

ഏതാനും പ്രശസ്തങ്ങളായ ചാമുണ്ഡിക്കാവ്, വേണ്ടശ്ശേരിക്കാവ്, ധർമ്മഗിരിക്ഷേത്രം, കുണ്ടുകാട് പള്ളി എന്നിവയും പട്ടിത്തറയുടെ സംസ്കാരികമായ പുരോഗതിയിൽ നിർണായകമായ ഒരു പങ്കു വഹിച്ചിട്ടുണ്ട്. മലയാള സാഹിത്യത്തിലെ കെടാവിളക്കായ, സാമൂഹ്യ പരിഷ്കരണ പ്രവർത്തനങ്ങളുടെ തലതൊട്ടപ്പനായിരുന്ന വി. ടി. ഭട്ടതിരിപ്പാടിന്റെ രസികസദനം ഈ പഞ്ചായത്തിലെ ആലൂരിലായിരുന്നു. അയിത്താചാരങ്ങൾക്കെതിരെ വി. ടി. നടത്തിയ പ്രവൃത്തനങ്ങൾ കേരളക്കരക്കാകെ തന്നെ മാതൃകയായിട്ടുണ്ട്.

ജാതിമത ഘടന

ഹിന്ദുക്കളും, മുസ്ലീങ്ങളും അമ്മയുടെ മക്കളെന്നപോലെ സാഹോദര്യത്തോടെ കഴിയുന്ന ഗ്രാമമാണ് പട്ടിത്തറ. പരസ്പരം ആഘോഷങ്ങളിൽ പങ്കെടുക്കുന്ന ഈ നാട് മതസൗഹാർദ്ദത്തിന് ഒരു ഉത്തമ മാതൃകയാണ്. ഇരു മതങ്ങളിലുമായി നൂറോളം ആരാധനാലയങ്ങൾ ഈ പഞ്ചായത്തിലുണ്ട്. കേരളത്തിലെ മറ്റാരു പ്രധാന മതമായ ക്രൈസ്തുമതം ഈ പഞ്ചായത്തിൽ ഇതല്ലെന്നുതന്നെ പറയാം. ഹിന്ദുമതത്തിലെ ഒരുവിധം എല്ലാ ജാതിയിലുള്ളവരും ഈ നാട്ടിലുണ്ട്. പഴയകാലത്ത് ജാതിവ്യവസ്ഥയും, അയിത്താചാരങ്ങളും നിലനിന്നിരുന്നുവെങ്കിലും ഇന്ന് അതെല്ലാം തീർത്തും ഇല്ലാതായിരിക്കുന്നു.

ഉത്സവങ്ങൾ ആഘോഷങ്ങൾ പെരുന്നാളുകൾ

ആരാധനാലയങ്ങൾ ധാരാളമുള്ളതുകൊണ്ടുതന്നെ പട്ടിത്തറക്കാർക്ക് എന്നും ഉത്സവകാലമാണ്. പ്രസിദ്ധങ്ങളായ ഒട്ടേറെ പൂരങ്ങൾ ഇവിടെ നടക്കുന്നുണ്ട്. വെടിക്കെട്ടിന് കേൾവികേട്ട ചാമുണ്ഡിക്കാവ്, പഞ്ചവാദ്യപ്രേമികൾ ഒന്നിക്കുന്ന വേണ്ടശ്ശേരി, തോൽപാവക്കൂത്തിന് പ്രശസ്തമായ ആര്യമ്പാടം എന്നിവ അവയിൽ ചിലവ മാത്രം. മലയിലെ ധർമ്മഗിരി ക്ഷേത്രത്തിലെ മതപൂയാഘോഷവും, പൂലേരി ക്ഷേത്രത്തിലെ തുലാം സംക്രാന്തിയും ഏതാനും ആളുകൾ ആഘോഷിക്കുന്നുണ്ട്.

സമീപപ്രദേശങ്ങളിലെ നേർച്ചകളിൽനിന്ന് തികച്ചും വ്യത്യസ്തമായ ഒരു ആണ്ടുനേർച്ച കുണ്ടുകാട് പള്ളിയിൽ വെച്ചുണ്ടാക്കുന്നു. ആയിരങ്ങൾക്ക് അന്നദാനം നൽകുന്ന ഈ നേർച്ചയും വളരെ പ്രസിദ്ധമാണ്. അയൽജില്ലയിൽ നിന്നുപോലും ആളുകൾ ഈ അന്നദാനത്തിൽ പങ്കെടുക്കാറുണ്ട്.

നാടൻകലകളും പാട്ടുകളും

ക്ഷേത്രങ്ങളിലെ ഉത്സവങ്ങളോടനുബന്ധിച്ച് തിറ, ദാരികനും കാളിയും, കാളവേല, കുംഭക്കളി, കളരിപയറ്റ്, കോൽക്കളി, ചവിട്ടുകളി തുടങ്ങിയ നാടൻ കലകൾ അരങ്ങേറാറുണ്ടായിരുന്നു. പലപ്രശ്നങ്ങളാലും ഇവയോരോന്നും വർഷം തോറും കുറഞ്ഞുവരുന്നതായിട്ടാണ് കാണപ്പെടുന്നത്. തിറയും, പൂതനും ഇന്നും നിലനിൽക്കുന്നുണ്ട്.

നാടൻപാട്ടുകളാൽ സമ്പുഷ്ടമാണ് ഇവിടുത്തെ കാർഷികമേഖല. ഞാറുനടീൽ സമയത്ത് സ്ത്രീതൊഴിലാളികൾ പാടാറുള്ള പാട്ടുകൾ പലയിടത്തുനിന്നും അപ്രത്യക്ഷമായെങ്കിലും പട്ടിത്തറയുടെ വിവിധ ഭാഗങ്ങളിൽ ഇപ്പോഴും മുഴങ്ങാറുണ്ട്. ഓണക്കാലത്ത് ഓരോ ഗൃഹവും സന്ദർശിച്ച് പാണസമുദായക്കാർ നടത്തിയിരുന്ന ഓണപാട്ടുകഘൾ പേരിന് മാത്രമെ നടക്കുന്നുള്ളു. ഈ വിധം മൺമറഞ്ഞുകൊണ്ടിരിക്കുന്ന നിരവധി നാടൻ പാട്ടുകളും അനുഷ്ഠാനകലകളും നമ്മുടെ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരാൻ സാംസ്കാരിക വകുപ്പിന്റെ ഫോൾക്ക് ലോർ അക്കാദമിയുടെ സത്വരശ്രദ്ധ പതിയേണ്ടതുണ്ട്.

കലാസാംസ്കാരിക സ്ഥാപനങ്ങൾ

30,000ത്തോളം ജനങ്ങൾ താമസിക്കുന്ന ഈ പഞ്ചായത്തിൽ സാംസ്കാരികസംഘടനകൾ നിരവധിയാണ്. വളരെകാലം മുൻപുതന്നെ കലാസംഘങ്ങളും, നാടകസംഘങ്ങളും പട്ടിത്തറയുടെ വിവിധഭാഗങ്ങിൽ രൂപം കൊണ്ടിരുന്നു. താഴത്തുവളപ്പിൽ കോമൻ നായരുടെ നേതൃത്വത്തിലുള്ള നാടകസംഘം ഇവയിലൊന്നുമാത്രം. ഇവർ മറ്റു പല പ്രദേശങ്ങളിലും നാടകങ്ങൾ അവതരിപ്പിച്ച് പ്രശസ്തിനേടിയിട്ടുണ്ട്. ഭൂപരിഷ്കരണ നിയമം നിലവിൽ വന്നതിനെ തുടർന്ന്

ഇതിനെപുറമേ മുപ്പതോളം കലാകായിക സംഘടനകളും പഞ്ചായത്തിലുണ്ടെന്ന് കണക്കുകൾ കാണിക്കുന്നത്. ഇവയിൽ പ്രവൃത്തനക്ഷമമായവ വിരലിലെണ്ണാവുന്നവായാണെന്നതും ശ്രദ്ധിക്കേണ്ട

താണ്. പല സംഘടനകളും രൂപീകൃതമാകുന്ന ഒന്നോ രണ്ടോ വർഷക്കാലം പ്രവർത്തിച്ച് നിർജീവമാവുകയാണ് ചെയ്യുന്നത്. ഇലക്ട്രോണിക് മാധ്യമങ്ങളുടെ അതിപ്രസരം ജനങ്ങളുടെ വായനാശീലത്തെയും, സാംസ്കാരിക പ്രവർത്തനങ്ങളിലെ പങ്കാളിത്തത്തെയും ഗണ്യമായി കുറച്ചിട്ടുണ്ട്. ഈ രംഗത്ത് കഴിവ് തെളിയിച്ച പല കുട്ടികളും പിന്നീട് ആ രംഗത്തുനിന്ന് അപ്രത്യക്ഷരാവുന്നു. സ്കൂളുകളിലെ കലാമത്സരങ്ങൾ കൂടുതൽ പങ്കാളിത്തത്തോടെ നടത്താൻ നാം ശ്രമിക്കേണ്ടതുണ്ട്. കലാരംഗത്ത് സ്ത്രീകളുടെ പിന്മാറ്റവും നാം കാണാതിരുന്നു കൂടാ. ഒരു കാലത്ത് സ്ത്രീകളെല്ലാം സാംസ്കാരികപ്രവർത്തനങ്ങളിൽ വളരെ താത്പര്യത്തോടെ പങ്കെടുത്തിരുന്നു. ഈ രംഗത്തുനിന്ന് അവർ പിന്മാറാനിടയായ സാഹചര്യത്തെ കുറിച്ചും നാം ചിന്തിക്കേണ്ടതുണ്ട്.

കായികരംഗം

ഫുട്ബോൾ, വോളിബോൾ, കാരംകൊട്ട്, കാളപൂട്ട്, പകിടകളി, കമ്പവലി എന്നിവക്കെല്ലാം വളരെ മുൻപുമുതലെ പഞ്ചായത്തിൽ നല്ല പ്രചാരം ഉണ്ടായിരുന്നു. പഴയകാലങ്ങളിൽ പ്രായഭേദമന്യേ ആളുകളെല്ലാം വൈകുന്നേരങ്ങളിൽ പല കളികളിലും പങ്കെടുക്കുമായിരുന്നു. ഇന്ന് പലരും വൈകുന്നേരങ്ങൾ ടെലിവിഷൻ സെറ്റുകൾക്കായി സമർപ്പിക്കുകയാണെന്നത് നമ്മുടെ കായികവളർച്ചയെ വല്ലാതെ തളർത്തുന്നുണ്ട്. ഗോട്ടികളി, അണ്ടിക്കുഴി, കുട്ടിയും കോലും, തലപന്ത്, കാരംകൊട്ട്, ഒളിവുകളി, ചട്ടിപന്ത്, സൂചിപന്ത് എന്നീ കളികളിൽ കുട്ടികൾക്കുണ്ടായിരുന്ന താത്പര്യം തീർത്തും ഇല്ലാതായിരിക്കുന്നു. ഫുട്ബോൾ, ക്രിക്കറ്റ് എന്നീ കളികളിൽ മാത്രമാണ് കുട്ടികൾ ഇപ്പോൾ താത്പര്യം കാണിക്കുന്നത്. സ്കൂൾ കായികമേളകളിൽ മികവു കാട്ടുന്ന കുട്ടികൾ ജില്ലാതലത്തിൽ വരെ എത്തുന്നുണ്ടെങ്കിലും തുടർന്ന് പ്രോത്സാഹനം ലഭിക്കാത്തതിനെ തുടർന്ന് ആ രംഗത്ത് ശോഭിക്കുന്നില്ല. ജി. വി. എച്ച്. എസ്. വട്ടേനാട്, ജി. യു. പി. എസ്. കക്കാട്ടിരി, എ. എം. യു. പി. എസ്. ആലൂർ, ജി. എൽ. പി. എസ്. പട്ടിത്തറ എന്നീ വിദ്യാലയങ്ങളിലെ കുട്ടികളിൽ കായികരംഗത്ത ജനങ്ങളിലുണ്ടായ വിദ്യാഭ്യാസപൂരോഗതി സാംസ്കാരികപ്രവർത്തനങ്ങളെ ഏറെ സഹായിച്ചിട്ടുണ്ട്. പഞ്ചായത്തിൽ ഇന്ന് നിലവിലുള്ള ഒൻപത് അംഗീകൃത വായനശാലകൾതന്നെ ഇതിന് തെളിവാണ്. 1949ൽ ആദ്യം സ്ഥാപിതമായത് ആലൂർ യുവജനവായനശാലയാണ്. സംസ്ഥാനലൈബ്രറി കൗൺസിലിന്റെ അംഗീകാരം ഒൻപതിൽ ഏഴെണ്ണത്തിനുമുണ്ട്. ഇതിന് ഒരു മാറ്റം വരേണ്ടതുണ്ട്. അതുപോലെ ഇവയിൽ മൂന്നെണ്ണത്തിന് സ്വന്തമായി കെട്ടിടമില്ല. പഞ്ചായത്തിലെ വട്ടേനാടിന്റെ പടിഞ്ഞാറെ അറ്റം, കോട്ടപ്പാടം, തൊഴുക്കര എന്നിവിടങ്ങളിൽ വായനശാലകൾ ഇല്ല എന്നത് വേദനകരമായ ഒരു വസ്തുതയാണ്. ഗതാഗതം മികവുതെളിയിച്ചവരുണ്ട്. കായികാദ്ധ്യാപകരുടെ അപര്യാപ്തതയും കുട്ടികളുടെ കായികരംഗത്ത വളർച്ചയെ ബാധിക്കുന്നുണ്ട്. പല സ്കൂളുകൾക്കും ഗ്രൗണ്ടില്ല എന്നത് നാം ചർച്ചചെയ്യണം.

നിലവിലുള്ള 30-ളം കായികസംഘടനകളിൽ പലതിന്റേയും പ്രവർത്തനം നിലച്ചിരിക്കയാണ്. പഞ്ചായത്ത് കായികമേളകളിലൊക്കെ നാമമാത്രമായ പങ്കാളിത്തമെ ഉണ്ടാവാറുള്ളൂ. കായിക സംഘടനകൾക്കൊന്നും സ്പോർട്സ് സാമഗ്രികൾ ലഭിക്കുന്നില്ല എന്നതും ഒരു പ്രശ്നമാണ്. ജിംനേഷ്യങ്ങളും കരാട്ടെ പരിശീലനസ്ഥാപനങ്ങളും ഉണ്ടാകാറുണ്ടെങ്കിലും തുടർച്ചയായി അവ പ്രവർത്തിക്കുന്നില്ല എന്നതും ഒരു ന്യൂനതയാണ്.

പാലക്കാട് ജില്ലയിലെ സ്വന്തമായി ഗ്രൗണ്ടുകളുള്ള പഞ്ചായത്തുകളിലൊന്നാണ് ഈ പട്ടിത്തറ. കരണപ്ര എന്ന സ്ഥലത്തുള്ള കളിക്കളത്തിന് ന്യൂനതകൾ ഒട്ടേറയാണ്. ഫുട്ബോൾ, വോളിബോൾ, ബാസ്കറ്റ് ബോൾ എന്നീ കളികൾക്ക് പ്രത്യേകം പ്രത്യേകം കളിക്കളങ്ങൾ നിർമ്മിക്കുവാൻ മാത്രം വിസ്തൃതമാണീ സ്ഥലം. ഇതിന്റെ പണികൾ വളരെ പെട്ടെന്നുതന്നെ നാം ചെയ്തുതീർക്കേണ്ടതുണ്ട്. കാശാമാക്കിനടുത്തുള്ള മനച്ചിക്കോടും പഞ്ചായത്തിന് ഒരു കളിസ്ഥലമുണ്ട്. ഇതും ഇന്ന് കളികൾക്ക് ഉപയുക്തമല്ല. വോളിബോൾ, ഫുട്ബോൾാ ബാസ്കറ്റ് ബോൾ എന്നീ കളികൾക്ക് ഉപയുക്തമായ രീതിയിൽ ഈ ഗ്രൗണ്ടിനെ മാറ്റേണ്ടതുണ്ട്. പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലകളിൽ താമസിക്കുന്നവർക്ക് കായികപരിശീലനം നടത്താനായി പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലയിൽ ഒരു കളിക്കളം അത്യാവശ്യമാണ്.

പത്രങ്ങൾ, മാസികകൾ, ആഴ്ചപതിപ്പുകൾ

മലയാള മനോരമ, മാതൃഭൂമി, ദേശാഭിമാനി, മാധ്യമം, ചന്ദ്രിക, വീക്ഷണം തുടങ്ങിയ പത്രങ്ങൾ പഞ്ചായത്തിൽ പ്രചാരത്തിലുണ്ട്. 80% ജനങ്ങളും പത്രം വായിക്കുന്നവരാണ്. വർഷംതോറും പഞ്ചായത്തിൽ വിതരണംചെയ്യുന്ന പത്രങ്ങളുടെ എണ്ണത്തിൽ ചെറിയൊരു പുരോഗതി ഉണ്ടാകുന്നുണ്ട്. മലയാള മനോരമ, മാതൃഭൂമി, മംഗളം, ദേശാഭിമാനി തുടങ്ങിയ വാരികകളും പ്രചാരത്തിലുണ്ട്. സ്ഥലപരിമിതിമൂലം ഒട്ടേറെ പ്രസിദ്ധീകരണങ്ങളുടെ പേരുകൾ ഇതിൽ ചേർക്കാൻ കഴിഞ്ഞിട്ടില്ല. വിജ്ഞാനപ്രദമായ പല പ്രസിദ്ധീകരണങ്ങളുടെയും പ്രചാരം നമ്മുടെ പഞ്ചായത്തിലുണ്ടാകേണ്ടതുണ്ട്.

ഇലക്ട്രാണിക്സ് മാധ്യമങ്ങൾ

റേഡിയോ, ടെലിവിഷൻ, കേബിൾ ടി വി എന്നിവക്കെല്ലാം പഞ്ചായത്തിൽ പ്രചാരം ഉണ്ട്. ഏറെകുറെ എല്ലാ വീടുകളിലും റേഡിയോ ഉണ്ട്. ടെലിവിഷന്റെ സ്വാധീനം റേഡിയോ കേൾവിക്കാരുടെ എണ്ണത്തെ കുറച്ചിട്ടുണ്ട്. ഓരോ 100 മീറ്ററിനുള്ളിലും ഒന്ന് എന്ന നിലയിൽ ടെലിവിഷൻ പ്രചാരമുണ്ട്. ടെലിവിഷൻ ഉടമകൾ ഓരോരുത്തരായി കേബിൾ ടി വിയുടെ പ്രേക്ഷകരാവാൻ ശ്രമിക്കുന്നത് സമൂഹത്തിന് ദോഷം വരുത്തുന്ന ഒന്നാണ്. ടെലിവിഷന്റെ പ്രചാരം ജനങ്ങളുടെ വായനാശീലത്തെയും പ്രവർത്തന ശേഷിയേയും ബാധിക്കുന്നുണ്ട്. ടെലിവിഷനിൽ ഇന്ന്

സംപ്രേഷണം ചെയ്യുന്ന പല പരിപാടികളുടെയും ഉള്ളടക്കം ചോദ്യംചെയ്യപ്പെടേണ്ടതുണ്ട്. തലംഗീക അരാജകത്വത്തിലേക്കും, അക്രമവാസനകളിലേക്കും പ്രേക്ഷകരെ നയിക്കുന്ന ഇത്തരം പരിപാടികൾക്ക് കടിഞ്ഞാണിടേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

പഞ്ചായത്തിലെ വലിയൊരു ഭാഗം ആളുകളും സിനിമാപ്രേക്ഷകരാണ്. പഞ്ചായത്തിൽ സ്വകാര്യ വ്യക്തിയുടെ മേൽനോട്ടം ഉണ്ടായിരുന്ന സിനിമാതിയേറ്റർ ഒരുവർഷം മുൻപ് കത്തിനശിച്ചത് സിനിമാപ്രേക്ഷകരുടെ എണ്ണത്തെ ബാധിച്ചിട്ടുണ്ട്. സമീപപ്രദേശങ്ങളിലെ മറ്റു തിയ്യേറ്ററുകളിൽ പ്രദർശിപ്പിക്കപ്പെടുന്ന സിനിമകളിൽ അന്യഭാഷാചിത്രങ്ങൾക്കും പ്രാധാന്യമുണ്ട്. ഹിന്ദി, തമിഴ് സിനിമകളിലെ നിയന്ത്രണമില്ലാത്ത തലംഗീക പ്രകടനങ്ങൾ സമൂഹത്തെ വഴിപിഴപ്പിക്കുന്നവയാണ്.

പ്രശ്നങ്ങളും സാധ്യതകളും

1. പഞ്ചായത്തിലെ ഒമ്പത് വായനാശാലകളിൽ ആറെണ്ണത്തിനെ സ്വന്തമായി കെട്ടിടമുള്ളൂ. മറ്റുള്ളവ വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇവക്ക് കെട്ടിടനിർമ്മാണത്തിനായി കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ രാജാറാം മോഹൻ റോയി ഫൗണ്ടേഷൻ തുടങ്ങിയവയുടെ ഗ്രാന്റ് ഉപയോഗിക്കാവുന്നതാണ്.

2. വട്ടേനാട്, കോട്ടപ്പാടം, തൊഴൂക്കര എന്നീ പ്രദേശങ്ങളിലെ ജനങ്ങൾക്ക് വായനാശാലകൾ അടുത്തില്ലാത്തത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഇതിലേക്കായി ഈ സ്ഥലങ്ങളിൽ പുതിയ വായനാശാലകൾ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നിർമ്മിക്കേണ്ടതുണ്ട്.

3. പല വായനാശാലകളിലും ഇന്ന് ലഭിച്ചുകൊണ്ടിരിക്കുന്ന പത്രങ്ങളുടെയും, മറ്റു പ്രസിദ്ധീകരണങ്ങളുടെയും എണ്ണം കുറവാണ്. ഇവക്കെല്ലാം 3 പത്രങ്ങളും 4 ആഴ്ചപതിപ്പുകളും വരുത്തുവാനുള്ള ധനസഹായം പഞ്ചായത്ത് നൽകണം.

4. പഞ്ചായത്തിന്റെ എല്ലാ ഭാഗത്തുമുള്ള ജനങ്ങൾക്കും ടെലിവിഷൻ കാണുവാനുള്ള സൗകര്യം ഇന്നില്ല. ഇതിനായി എല്ലാ അംഗീകൃത വായനശാലകൾക്കും പഞ്ചായത്തിന്റെ ചിലവിൽ ടെലിവിഷൻ സെറ്റ് നൽകാവുന്നതാണ്.

5. വായനശാലകൾക്കൊന്നിനും ആവശ്യമുള്ളത്ര ഫർണിച്ചറുകൾ ഇല്ല. ആവശ്യമുള്ള ഫർണിച്ചറുകൾ പഞ്ചായത്ത് നൽകണം.

6. മുപ്പതോളം കായികസമിതികൾ പഞ്ചായത്തിലുണ്ടെങ്കിലും ഒന്നിന്റെയും പ്രവർത്തനം ആശ്വാസമല്ല. ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി പഞ്ചായത്തിൽ കായികപ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും, പരിശീലനം നൽകുന്നതിനുമായി ഒരു കേന്ദ്രം ആരംഭിക്കണം.

7. കായികരംഗത്ത് നിലനിന്നിരുന്ന പഴയ കളികൾ ഇല്ലാതായിരിക്കുന്നു. അവയെ പുനരുജ്ജീവിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള നടപടികൾ എടുക്കണം.

8. സ്കൂളുകളിൽ കായികപരിശീലനം നൽകാൻ അധ്യാപകരില്ലാത്തത് ആ രംഗത്ത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഇത് പരിഹരിക്കാൻ സ്കൂളുകളിൽ കായികാധ്യാപകരെ നിർബന്ധമായും നിയമിക്കാൻ സർക്കാരിനോടാവശ്യപ്പെടാം. ഈ അധ്യാപകരെ പഞ്ചായത്തിലെ ഇതര കായികപരിശീലനങ്ങൾക്കും ഉപയോഗിക്കാം.

9. കായികരംഗത്തെ വളർച്ചക്ക് നിലവിലുള്ള ഗ്രൗണ്ടുകൾ പര്യാപ്തമല്ല. അവയുടെ പണി പെട്ടന്ന് പൂർത്തിയാക്കാൻ ശ്രമിക്കണം. പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലയിൽ ഒരു ഗ്രൗണ്ട് ഉണ്ടാക്കാവുന്നതാണ്.

10. കരണപ്ര സ്റ്റേഡിയത്തിന്റെ പണി അപൂർണമാണ്. ഫുട്ബോൾ, വോളിബോൾ, ബാസ്കറ്റ്ബോൾ എന്നീ കളികൾ നടത്താൻ പ്രത്യേകം സ്ഥലങ്ങൾ ഒരുക്കുകയും അത്‌ലറ്റുകൾക്ക് ഉപയോഗിക്കാൻ കഴിയുന്ന രീതിയിൽ ഗ്രൗണ്ടിനെ രൂപപ്പെടുത്തുകയും വേണം. അതിയായ ഉഷ്ണം കുറയ്ക്കാൻ ഗ്രൗണ്ടിന് ചുറ്റും തണൽ മരങ്ങൾ വെച്ചുപിടിപ്പിക്കണം. ഇതിനായി സന്നദ്ധ സംഘടനകളുടെയും, ക്ലബുകളുടെയും പങ്കാളിത്തം തേടാവുന്നതാണ്.

11. കരണപ്ര സ്റ്റേഡിയം–ചിറ്റപ്പുറം പമ്പ് ഹൗസ് റോഡ് ടാർചെയ്ത് ഗതാഗതയോഗ്യമാക്കണം.

12. മനച്ചിക്കോട് ഗ്രൗണ്ടിന്റെ പണി പൂർത്തിയാക്കി ഫുട്ബോൾ, വോളിബോൾ, ബാസ്കറ്റ്ബോൾ എന്നീ കളികൾക്ക് ഉപയുക്തമാക്കണം.

13. കലാസമിതികളുടെ പ്രവർത്തനം മെച്ചപ്പെടേണ്ടതുണ്ട്. ഓരോ സംഘടനയും വാർഷികാഘോഷങ്ങൾ കൃത്യമായി സംഘടിപ്പിക്കണം. തുടർന്ന് പഞ്ചായത്തടിസ്ഥാനത്തിലും ആഘോഷങ്ങൾ സംഘടിപ്പിക്കണം.

14. പഞ്ചായത്തിലെ വിവിധ ഉത്സവങ്ങൾക്ക് മറ്റു പലയിടങ്ങളിലേയും പ്രൊഫഷണൽ ട്രൂപ്പുകളാണ് കലാപരിപാടികൾ അവതരിപ്പിക്കുന്നത്. പഞ്ചായത്തിലുള്ള കലാകാരന്മാരെ ഒത്തുചേർത്ത് നാടക സംഘടങ്ങളും ഗാനമേള ട്രൂപ്പുകളും രൂപീകരിക്കണം.

15. പഞ്ചായത്തിലൊരു കേന്ദ്രത്തിലും, സ്കൂളുകളിലും വാദ്യസംഗീതം പഠിപ്പിക്കുവാനുള്ള സംവിധാനം ഉണ്ടാക്കണം.

16. പരമ്പരാഗതകലകളായ നാഗപാട്ട്, പാമ്പുതുള്ളൽ ആട്ട്, കെട്ടിയാട്ടം, പൂതൻ, നിറ, പറപ്പൂതൻ തുടങ്ങിയവയെ പ്രോത്സാഹിപ്പിക്കുക. ഇവ അവതരിപ്പിക്കുന്ന കലാകാരന്മാർക്ക് വേണ്ട സഹായങ്ങൾ നൽകുക.

17. നാടൻകലകളുടെയും, പാട്ടുകളുടെയും സംരക്ഷണത്തിന് ഒരു സമിതി രൂപികരിച്ച് ആവശ്യമുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കണം.

18. തലംഗീകാതിപ്രസരമുള്ള സിനിമകളെയും പോസ്റ്ററുകളെയും നിയന്ത്രിക്കുക. ഇതിനെതിരെ ബോധവൽക്കരണ പരിപാടികൾ പഞ്ചായത്തടിസ്ഥാനത്തിൽ നടത്തുക.

19. വർദ്ധിച്ചുവരുന്ന വിവാഹാർഭാടങ്ങൾ നിയന്ത്രിക്കേണ്ടതുണ്ട്. സ്ത്രീധനം വാങ്ങുന്നതും, കൊടുക്കുന്നതും നിർത്തുവാൻ ഏവരും ഒറ്റക്കെട്ടായി ശ്രമിക്കുക.

പഞ്ചായത്തിലെ കലാകായിക സംഘടനകൾ

1. വോൾഗ ആർട്സ് & സപോർടസ് ക്ലബ്, ഒതളൂർ
2. ആലൂർ യൂത്ത് ക്ലബ്, ആലൂർ
3. ഗ്രാമദീപം കലാകായികസാംസ്കാരിക സംഘടന, പട്ടിത്തറ
4. ഉദയ ആർട്സ് & സ്പോർട്സ് ക്ലബ്, അങ്ങാടി
5. യുവഭാവന ആർട്സ് & സപോർട്സ് ക്ലബ്, അരിക്കോട്
6. നവധാര ആർട്സ് & സ്പോർട്സ് ക്ലബ്, 7. വികാസ് ആർട്സ് & സ്പോർട്സ് ക്ലബ്, അരിക്കോട്
8. റെയിൻബോ ആർട്സ് & സ്പോർട്സ് ക്ലബ്, ഒതളൂർ
9. പ്രിയദർശിനി ആർട്സ് & സ്പോർട്സ് ക്ലബ്, അരിക്കോട്
10. ശ്രുതി ആർട്സ് & സ്പോർട്സ് ക്ലബ്, ഒതളൂർ
11. ഡീഗേആർട്സ & സ്പോർട്സ് ക്ലബ്,ാ കരിമ്പനക്കുന്ന്
12. എവർഗ്രഷൻ ആർട്സ് & സ്പോർട്സ് ക്ലബ്, അങ്ങാടി
13. സ്വരരാഗ ആർട്സ് & സ്പോർട്സ് ക്ലബ്, കോക്കാട്
14. പൂങ്ങോല ആർട്സ് & സ്പോർട്സ് ക്ലബ്, പൂലേരി
15. കൈരളിആർട്സ് & സ്പോർട്സ് ക്ലബ്, തലക്കശ്ശേരി
16. ധന്യ ആർട്സ് & സ്പോർട്സ് ക്ലബ്,കക്കാട്ടിരി
17. പ്രിയദർശിനി ആർട്സ് & സ്പോർട്സ് ക്ലബ്, ആലൂർകയറ്റം
18. യുവതരംഗം ആർട്സ് & സ്പോർട്സ് ക്ലബ്, ആലൂർ
19. നവരസ ആർട്സ് & സ്പോർട്സ് ക്ലബ്, താനക്കാട്
20. താളം ആർട്സ് & സ്പോർട്സ് ക്ലബ്, മല
21. കലാതിലകംആർട്സ് & സ്പോർട്സ് ക്ലബ്, മലമക്കാവ്
22. കലാവേദി ആർട്സ് & സ്പോർട്സ് ക്ലബ്, ആലൂർ
23. ചിറ്റപ്പുറം യൂത്ത് ക്ലബ്, ചിറ്റപ്പുറം
24. പിറവി, കുണ്ടുകാട്
25 മാസ്ക് ആർട്സ് & സ്പോർട്സ് ക്ലബ്, മല
26. ടൗൺ യൂത്ത് ക്ലബ്, കൂറ്റനാട്
27. പ്രിയദർശിനി ആർട്സ് & സ്പോർട്സ് ക്ലബ്, മല
28. പട്ടിത്തറ സ്പോർട്സ് ക്ലബ്, പട്ടിത്തറ

പഞ്ചായത്തിലെ വായനശാലകൾ

	പേര്	സ്ഥാപിച്ച വർഷം	പുസ്തക എണ്ണം	പ്രതിമാസ വിതരണം	അംഗങ്ങൾ	കെട്ടിടം	അഫിലിയേഷൻ
1.	ഗ്രാമീണവായനശാലാ ഗ്രന്ഥാലയം, ഒതളൂർ	1970	1600	210	82	സ്വന്തം	KSLC
2.	അരിക്കോട് പബ്ലിക് തലെബ്രറി, അരിക്കോട്	1975	3172	600	50	വാടക	KSLC
3.	ജ്ഞാനോദയം വായനശാല, അങ്ങാടി	1969	5390	922	532	സ്വന്തം	KSLC
4.	ആലൂർ യുവജന വായനശാല	1949	4457	860	175	സ്വന്തം	KSLC
5.	ബ്രദേഴ്സ് തലെബ്രറി, പട്ടിത്തറ	1970	4564	600	49	സ്വന്തം	KSLC
6.	പഞ്ചായത്ത് സാംസ്കാരികനിലയം, മല	1990	2815	300	85	സ്വന്തം	ഇല്ല
7.	ജ്ഞാനോദയം വായനശാല, കക്കാട്ടിരി	1970	3013	548	36	വാടക	KSLC
8.	ഗ്രാമീണവായനശാല തലക്കശ്ശേരി	1969	1215		60	വാടക	ഗ്രന്ഥശാലാ
9.	പുലരി ഗ്രന്ഥാലയം, പൂലേരി		1567	460			സംഘം

വനിത

9

പട്ടിത്തറ പഞ്ചായത്തിൽ പകുതിയിലധികം സ്ത്രീകളാണ്. തൊഴിലെടുക്കുന്ന സ്ത്രീകൾ കുറവായിരുന്നു. താഴെകിടയിലുള്ളവർ കാർഷികവൃത്തികളിലാണ് ഏർപ്പെട്ടിരുന്നത്. സ്ത്രീകൾ അടിച്ചമർത്തപ്പെട്ട അവസ്ഥയിലായിരുന്നു. സ്വാതന്ത്ര്യം ലഭിക്കുന്നതിന് മുമ്പുള്ള ഇന്ത്യയിലെ അതസ്ഥിത വർഗ്ഗക്കാരെക്കാൾ പരിതാപകരമായിരുന്നു അന്നത്തെ സ്ത്രീകളുടെ അവസ്ഥ. പരമ്പരാഗത തൊഴിലുകളിലാണ് സ്ത്രീകൾ അധികവും ഏർപ്പെട്ടിരുന്നത്. ജാതിയുടെ അടിസ്ഥാനത്തിലാണ് പണ്ട് തൊഴിലുകളുടെ വർഗീകരണം നടന്നിരുന്നത്.

വിദ്യാഭ്യാസ കാര്യങ്ങളിൽ ഏറ്റവും പിൻനിരയിലായിരുന്നു സ്ത്രീകളുടെ സ്ഥാനം. എന്നാൽ സമൂഹത്തിലെ മാറ്റമനുസരിച്ച് കുടി പള്ളിക്കൂടങ്ങളിൽ സവർണ്ണരുടെ വീടുകളിലെ പെൺകുട്ടികൾ പഠിച്ചിരുന്നു. അപ്പോഴും പിന്നോക്കവിഭാഗക്കാരും മുസ്ലീം പെൺകുട്ടികളും വിദ്യാഭ്യാസം ചെയ്തിരുന്നില്ല. പിന്നീട് സ്വാതന്ത്ര്യലബ്ധിക്കുശേഷം മാത്രമാണ് എല്ലാവിഭാഗങ്ങളിലുംപെട്ട സ്ത്രീകൾ സ്കൂളിലേക്കെത്തിയത്. അധ്യാപനരംഗത്തും മറ്റ് സർവ്വീസ് മേഖലകളിലും സ്ത്രീകൾ എത്തിച്ചേരാൻ വീണ്ടും സമയമെടുത്തു.

ഇരുണ്ടമുറികൾക്കുള്ളിൽ ഒതുങ്ങികൂടിയിരുന്ന സ്ത്രീകൾ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും കീഴടങ്ങിപ്പോയെങ്കിൽ അത്ഭുതപ്പെടാനില്ല. അവരെ ഒരിക്കലും വെളിച്ചത്തിലേക്കെത്തിക്കാതിരിക്കാനായിരിക്കും ഇത്തരം ആചാരങ്ങളും വിശ്വാസങ്ങളും അവരിൽ അടിച്ചേല്പിച്ചിരുന്നത്. സ്ത്രീകളുടെ ആരോഗ്യത്തെക്കുറിച്ച് ആരും തന്നെ ചിന്തിച്ചിരുന്നില്ല. നാടൻ ചികിത്സാരീതിയും പാരമ്പര്യ വൈദ്യന്മാരെയുമാണ് അവർ പ്രധാനമായും ആശ്രയിച്ചിരുന്നത്. പുരുഷന്മാരുടെ വരുമാനത്തെ ആശ്രയിച്ചാണ് ജീവിച്ചിരുന്നത് എന്നതുകൊണ്ട് സാമ്പത്തികസ്വാതന്ത്ര്യവും ഉണ്ടായിരുന്നില്ല.

മറ്റെല്ലാ വിഭാഗക്കാരെക്കാളും അസ്വാതന്ത്ര്യം അനുഭവിച്ചവരായിരുന്നു നമ്പൂതിരി സ്ത്രീകൾ. ഇവർക്ക് വാതായനങ്ങൾ തുറന്നുകൊടുക്കാൻ അവിരാമം യത്നിച്ച മഹാനായിരുന്ന വി. ടി. ഭട്ടതിരിപ്പാട് പട്ടിത്തറ പഞ്ചായത്തിലെ ആലൂരിൽ താമസിച്ചിരുന്നു. അപൂർവ്വമായ ഈ ഭാഗ്യം ലഭിച്ചത് പട്ടിത്തറയിലെ രസികസദനം എന്ന വീടിനായിരുന്നു. ഇവിടെ വെച്ചാണ് ആദ്യമായി വിധവാവിവാഹവും മിശ്രവിവാഹവും നടന്നത്. കസ്തൂർബാ ഗാന്ധി ഈ വീട് സന്ദർശിച്ചിട്ടുണ്ട്. സ്ത്രീ ജീവിതത്തിലെ കറുത്തിരുണ്ട അധ്യായങ്ങളിലേക്ക് ഒരു പുലരിവെട്ടമായി ഇത് മാറി.

പഞ്ചായത്തിലെ ജനസംഖ്യ 26,963 ആണ്. ഇതിൽ സ്ത്രീകൾ 14,104. പുരുഷന്മാരേക്കാൾ 1,240 പേർ കൂടുതലാണ്. ഇന്ന് സ്തീകളുടെ അവസ്ഥയിൽ കുറച്ചെങ്കിലും മാറ്റം വന്നുകഴിഞ്ഞിട്ടുണ്ട്. വിദ്യഭ്യാസരംഗത്ത് ആശാവഹമായ ഒരു മുന്നേറ്റം ഉണ്ടായിട്ടുണ്ട്. വിവിധ തൊഴിൽ മേഖലകളിൽ കൂടുതലായി സ്ത്രീകൾ ഇന്ന് രംഗത്തുണ്ട്. എങ്കിലും സ്ത്രീകൾ ഇന്ന് മറ്റുപല പ്രശ്നങ്ങളേയും അഭിമുഖീകരിച്ചുകൊണ്ടിരിക്കയാണ്.

സ്ത്രീ-പുരുഷവ്യത്യാസം എല്ലാ തലങ്ങളിലും ദൃശ്യമാണ്. വ്യക്തി എന്ന നിലക്ക് സമൂഹത്തിൽ തുല്യസ്ഥാനം ഇനിയും സ്ത്രീകൾക്ക് ലഭിച്ചിട്ടില്ല. വിദ്യാലയങ്ങളിൽ ഇന്ന് ആൺകുട്ടികളേക്കാൾ കൂടുതൽ പെൺകുട്ടികളാണ്.

സ്ത്രീകളുടെ ആരോഗ്യപ്രശ്നങ്ങളിൽ ഇന്നും വേണ്ടവിധത്തിൽ ചർച്ചചെയ്യപ്പെടുകയോ പരിഗണിക്കപ്പെടുകയോ ചെയ്യുന്നില്ല. അടുക്കളയിലെ പുക ശ്വസിച്ച് മുഴുവൻ ജോലിയും രാപകലില്ലാതെ പേറുന്ന അവർക്ക് തീർച്ചയായും ആരോഗ്യപ്രശ്നങ്ങൾ കൂടുതലായിരിക്കും. എന്നാൽ ഇത് അവർപോലും ശ്രദ്ധിക്കുന്നില്ല.

വിദ്യഭ്യാസകാര്യത്തിൽ മുന്നിലാണെങ്കിലും വരുമാനമുണ്ടാക്കുന്ന തൊഴിലെടുക്കുന്ന സ്ത്രീകളുടെ എണ്ണം കുറവാണ്. പ്രത്യേകിച്ച് സർവ്വീസ് മേഖലകളിൽ, കാർഷികമേഖല ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്ന തകർച്ച കർഷകതൊഴിലാളി സ്ത്രീകളേയും ബാധിച്ചിരിക്കുന്നു. പഞ്ചായത്തിലിന്ന് ഇവരിൽ ഭൂരിഭാഗവും നിർമ്മാണ പ്രവർത്തനങ്ങളേയാണ് ആശ്രയിക്കുന്നത്. ഇവിടെ പ്രധാനമായി കാണുന്ന മറ്റൊരുപണി ക്വാറികളിലേതാണ്. കന്നുകാലിവളർത്തൽ ലാഭകരമല്ലാതായത് സ്ത്രീകളുടെ വരുമാനമാർഗ്ഗം കുറയാൻ കാരണമായിട്ടുണ്ട്. പഞ്ചായത്തിൽ തൊഴിലില്ലാത്ത പുരുഷന്മാരുടെ എണ്ണം 7,194 ആണെങ്കിൽ സ്ത്രീകളുടേത് 12,237 ആണ്. വിവിധങ്ങളായ തൊഴിൽ

മേഖലകളിൽ നമ്മുടെ പഞ്ചായത്തിലെ 1,569-ാം ളം സ്ത്രീകൾ ജോലി ചെയ്തുവരുന്നുണ്ട്.

മൺപാത്രം, കുട്ട, പനമ്പ്നെയ്ത്ത് എന്നിങ്ങനെയുള്ള പരമ്പരാഗത തൊഴിൽ ചെയ്തുജീവിക്കുന്ന നിരവധി സ്ത്രീകളുണ്ട്. എന്നാൽ ഇവരുടെ സ്ഥിതി ഇന്ന് വളരെ ദയനീയമാണ്. നിർമ്മിക്കാനാവശ്യമായ അസംസ്കൃതവസ്തുക്കൾ ആവശ്യാനുസരണം ലഭിക്കായ്ക, ഉല്പന്നങ്ങൾക്ക് ശരിയായ വില കിട്ടായ്ക, ഇത്തരം സാധനങ്ങളുടെ ഉപയോഗത്തിൽ വന്ന കുറവ് എന്നിവ മൂലം അവരുടെ തൊഴിൽദിനങ്ങൾ വളരെയധികം ചുരുങ്ങിയിരിക്കുന്നു. 'DWCRA' പദ്ധതിപ്രകാരം പഞ്ചായത്തിലെ ചില വാർഡുകളിൽ ആരംഭിച്ച തൊഴിൽ സംരംഭങ്ങളും പ്രവർത്തനക്ഷമമല്ല.

തൊഴിലില്ലാത്ത സ്ത്രീകൾ പഞ്ചായത്തിലുണ്ട്. എന്നാൽ ഇവർ ജോലിയൊന്നും ചെയ്യാത്തവരാണോ? കൃത്യമായ പരിശോധനയിൽ അതല്ലെന്ന് നമുക്ക് വെളിപ്പെടും കാണാപ്പണികളിൽ കുരുങ്ങിക്കിടക്കുന്നവരാണ് ഇവരിലധികവും. വരുമാനമുണ്ടാക്കുന്ന ജോലികൾ മാത്രമാണ് തൊഴിൽ എന്ന വിഭാഗത്തിൽ നമ്മൾ ഉൾപ്പെടുത്തിയിട്ടുള്ളൂ എന്നതിനാൽ ഇവരുടെ ജോലിക്ക് മൂല്യമില്ലാതാവുന്നു.

സ്ത്രീകളുടെ സാമൂഹ്യപദവിക്ക് കോട്ടം സംഭവിച്ചിരിക്കയാണ് ഇന്ന്. ചാരായനിരോധനം നിലവിലുണ്ടെങ്കിലും വ്യാജമദ്യവാറ്റ് ചില പ്രദേശങ്ങളിൽ നടക്കുന്നുണ്ട്. മദ്യപാനം ഏറ്റവും ദോഷമായി ബാധിക്കുന്നത് സ്ത്രീകളെയാണ്. പല കുടുംബങ്ങളും ഇതുമൂലം തകർന്നചരിത്രം ഇവിടെയുണ്ട്. നമ്മുടെ പഞ്ചായത്തിൽ അടുത്തകാലത്തുണ്ടായ ചില സ്ത്രീമരണങ്ങൾ ഇത്തരത്തിൽപ്പെട്ടതാണോ എന്ന് സംശയിക്കാൻ ഇടനൽകുന്നുണ്ട്.

സ്ത്രീകളുടെ വായനാശീലം ഇന്ന് വളരെ കുറവാണ്. ഇതിന് പ്രത്യേകസമയം കണ്ടെത്താനും വായനശാലയിലേക്കും മറ്റും കടന്നുചെല്ലാനും ശ്രമിക്കാത്തതാണ് ഇതിന് കാരണം. നമ്മുടെ പഞ്ചായത്തിൽ 32 അംഗൻവാടികളുണ്ട്. ഇവയിൽ നിന്നും ലഭിച്ചവിവരം പ്രകാരം 218 ഗർഭിണികളും 346 മുലയൂട്ടുന്ന അമ്മമാരുമുണ്ട്.

പൊതുരംഗത്ത് വനിതകളുടെ പുറകോട്ടടി ദൃശ്യമാണ്. ഇതിന് പ്രധാനകാരണം കുടുംബത്തിന്റെ പ്രധാനചുമതല സ്ത്രീകൾക്കാണ് എന്നതുതന്നെയാണ്. ഇന്നത്തെ 'ന്യൂക്ലിയർ' കുടുംബങ്ങൾ തങ്ങളുടെ ജോലിയെല്ലാം തീർത്ത് പൊതുപ്രവർത്തനരംഗത്തേക്ക് എത്താൻ സ്ത്രീകൾക്ക് കഴിയുന്നില്ല. പുരുഷന്മാരുടെ താല്പര്യമില്ലായ്മയും മറ്റൊരു കാരണമാണ്. ഒരു സംഘടനയിലും തന്നെ സ്ത്രീകളുടെ ശരിയായ പ്രാതിനിധ്യം കാണപ്പെടുന്നില്ല. മഹിളാസമാജങ്ങളുടെ പ്രവർത്തനം ഒട്ടുംതന്നെ തൃപ്തിപ്പെടുത്തുന്നതല്ല. വനിതകളെ പൊതുപ്രവർത്തനരംഗത്തേക്ക് അടുപ്പിക്കാൻ ഇവയുടെപ്രവർത്തനം ശാസ്ത്രീയ രീതിയിലാക്കിയാൽ സാധിക്കുന്നതാണ്.

ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന പ്രശ്നങ്ങൾ

1. 'DWCRA' പദ്ധതിപ്രകാരം പട്ടിത്തറ പഞ്ചായത്തിലുണ്ടായിരുന്ന തൊഴിൽ സംരംഭങ്ങൾ പ്രവർത്തനക്ഷമമാക്കണം. ഇതുമൂലം 100-ൽ പരം പേർക്ക് തൊഴിൽ ലഭിക്കും.

2. പഞ്ചായത്തിലെ 9-ാം വാർഡിൽ നഴ്സറിക്കായി പഞ്ചായത്ത് വാങ്ങിയ സ്ഥലം വെറുതെ കിടക്കുന്നു. ഇവിടെ ഒരു അടക്ക സംസ്കരണ യൂണിറ്റ് തുടങ്ങണം. കുറെ സ്ത്രീകൾക്ക് ഇതിലൂടെ തൊഴിൽ ലഭ്യമാകും.

3. സ്ത്രീധന നിരോധന നിയമം പഞ്ചായത്ത് തലത്തിൽ കർശനമാക്കണം. പഞ്ചായത്തിലെ എല്ലാ വിഭാഗത്തിലുംപെട്ട നിർധനരായ പെൺകുട്ടികൾക്ക് വിവാഹത്തിനായി സാമ്പത്തികസഹായം അനുവദിക്കണം.

4. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും 'ക്രെഷ്' സൗകര്യം ഉണ്ടാക്കണം. കുഞ്ഞുങ്ങളെ നോക്കാൻ ആളില്ലാത്തതിനാൽ ഒരുപറ്റം സ്ത്രീകൾക്ക് തൊഴിൽ രംഗത്ത്നിന്ന് വിട്ടുനിൽക്കേണ്ടിവരുന്ന അവസ്ഥയുണ്ട്.

5. സ്ത്രീകളുടെ സാക്ഷരതാ നിരക്ക് വർദ്ധിപ്പിക്കുന്നതിനായി സാക്ഷരതാപ്രസ്ഥാനം കൂടുതൽ ജനകീയവത്കരിക്കണം.

6. വായനാശീലം വർദ്ധിപ്പിക്കുന്നതിനായി പഞ്ചായത്തിലെ വിവിധസ്ഥലങ്ങളിൽ വനിതകൾക്കായി പ്രത്യേകഗ്രന്ഥാലയങ്ങൾ തുടങ്ങണം.

7. തുല്യജോലിക്ക് തുല്യവേതനമെന്ന വ്യവസ്ഥ നടപ്പിലാക്കുക.

8. വിധവാ, അഗതിപെൻഷൻ, മാതൃസഹായപദ്ധതി വിവാഹാനുകൂല്യം എന്നിവയിലെ ആനുകൂല്യങ്ങൾ അർഹതപ്പെട്ട മുഴുവൻ സ്ത്രീകൾക്കും യഥാസമയം ലഭ്യമാക്കണം.

9. സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങൾക്കും വിവേചനങ്ങൾക്കും സ്ത്രീധനപീഡനങ്ങൾക്കും എതിരെ നടപടിയെടുക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നിയമവിഭാഗം ആരംഭിക്കണം.

10. മദ്യനിരോധനം എല്ലാ അർത്ഥത്തിലും സമ്പൂർണമാക്കണം. ഇതിൻ ഫലമായി തൊഴിൽ നഷ്ടപ്പെടുന്നവർക്ക് സർക്കാർ തൊഴിൽ ലഭ്യമാക്കണം.

11. ചെറുകിടവ്യവസായങ്ങളായ റെഡിമെയ്ഡ് വസ്ത്രനിർമ്മാണം ഖാദിവ്യവസായം അച്ചാർ നിർമ്മാണം തുടങ്ങിയ രംഗങ്ങളിൽ നിരവധി സ്ത്രീകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഇവരുടെ ഉൽപന്നങ്ങൾക്ക് വിപണിയില്ലാത്തതാണ് പ്രധാനപ്രശ്നം. പഞ്ചായത്ത് തല വിപണനസൗകര്യം ഉണ്ടാക്കുന്നതോടൊപ്പം തന്നെ ഈ രംഗത്തേക്ക് ഇനിയും വരാനിരിക്കുന്നവർക്കാവശ്യമായ സഹായ സഹകരണങ്ങളും

ലഭ്യമാക്കണം.

12. ഔട്ട് വർക്കർ സമ്പ്രദായപ്രകാരം സ്ത്രീകൾക്കായുള്ള ബുക്ക് ബൈൻറിംഗ് യൂണിറ്റ് ആരംഭിക്കണം.

13. പഞ്ചായത്തിലെ എല്ലാവാർഡുകളിലും പച്ചക്കറി, ഔഷധസസ്യങ്ങൾ എന്നിവ വെച്ചുപിടിപ്പിക്കാനുള്ള പരിപാടി ആസൂത്രണം ചെയ്യണം.

14. വീടുകളിൽ വെച്ച് ചെയ്യാവുന്ന ചിപ്പിക്കൂൺ കൃഷിക്കാവശ്യമായ വിത്ത് ലഭ്യമാക്കാൻ ശ്രമിക്കണം.

15. പഞ്ചായത്തിൽ അശ്ലീല സിനിമ, പോസ്റ്ററുകൾ എന്നിവ പ്രദർശിപ്പിക്കുന്നത് കർശനമായി തടയണം.

16. അംഗൻവാടി ജീവനക്കാർക്ക് ന്യായമായ വേതനം ലഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

17. ബസ്സുകളിലും മറ്റും സ്ത്രീകൾക്ക് അർഹതപ്പെട്ട സ്ഥാനം ലഭ്യമാക്കാനുള്ള അവസ്ഥ ഉണ്ടാക്കാൻ ശ്രദ്ധിക്കണം.

സ്ത്രീകളുടെ ആരോഗ്യപ്രശ്നങ്ങൾ പഠിക്കുകയും അവർക്കുവേണ്ടി സ്ത്രീരോഗവിദഗ്ധരെ പി. എച്ച്. സി കളിൽ നിർബന്ധമായും നിയമിക്കുകയും വേണം. സ്ത്രീകൾക്കുണ്ടാകുന്ന അസുഖങ്ങളെപ്പറ്റി പഞ്ചായത്തുതല സെമിനാറുകൾ നടത്തണം. ഇതിലെല്ലാം തലങ്ങളിലും പെട്ട സ്ത്രീകളെ പങ്കെടുപ്പിക്കേണ്ടതാണ്. മരുന്നുകളുടെ അശാസ്ത്രീയമായ പ്രയോഗത്തിനെതിരായി നടപടിയെടുക്കണം. നിരോധിച്ച മരുന്നുകൾ പഞ്ചായത്തിൽ വിൽക്കുന്നത് തടയണം. സ്ത്രീകളുടെ മൊത്തം തൊഴിൽ കണക്കാക്കാൻ വേണ്ട നടപടി സ്വീകരിക്കണം.

സ്ത്രീകളെ ഇന്നത്തെ അവസ്ഥയിൽ നിന്നും ഇനിയും ഉയർത്തിക്കൊണ്ടുവരേണ്ടതുണ്ട്. സമൂഹത്തിൽ പകുതിയിലേറെ വരുന്ന സ്ത്രീകളെ അവഗണിച്ച്കൊണ്ട് യാതൊരു തരത്തിലുള്ള മുന്നേറ്റവും സാധ്യമാവുകയില്ല. സ്ത്രീകൾക്ക് എല്ലാതലങ്ങളിലുമുള്ള അഭിവൃദ്ധിയാണ് നമ്മുടെ പ്രഥമ കർത്തവ്യം എന്ന് അറിഞ്ഞുകൊണ്ട് ഏറ്റവും ശ്രദ്ധയൂന്നേണ്ടത് ഈ മേഖലയിലാണെന്ന് നമ്മൾ തിരിച്ചറിയണം. മാനസികമായും ശാരീരികമായും പൂർണ്ണ ആരോഗ്യമുള്ള ഒരു ജനതക്കുമാത്രമെ ഐശ്വര്യപൂർണ്ണമായ ഒരു നാടിന്റെ സമ്പത്താകാൻ കഴിയൂ എന്ന ബോധം മനസ്സിലുറപ്പിച്ചുകൊണ്ട് വനിതകളുടെ ക്ഷേമത്തിനായി കൂട്ടായ പ്രവർത്തനം നമുക്ക് നടത്താം.

സഹകരണമേഖല

10

വിവിധ ഉദ്ദേശ ഐക്യനാണയ സംഘം എന്ന പേരിലാണ് പട്ടിത്തറ പഞ്ചായത്തിലെ സഹകരണപ്രസ്ഥാനത്തിന്റെ തുടക്കം. പട്ടിത്തറ മല റവന്യൂജില്ലകൾ ഉൾപ്പെടുന്ന രൂപത്തിൽ മലസർവ്വീസ് സഹകരണബാങ്ക് എന്ന പേരിൽ കക്കാട്ടിരിയിൽ പ്രവർത്തിക്കുകയും 1974-ൽ ഈ പേരിൽത്തന്നെ ആലൂർ സെന്ററിലേക്ക് മാറ്റപ്പെടുകയും ചെയ്തു. ഒതളൂർ, അരിക്കാട്, അങ്ങാടി, കൊക്കാട്, തൊഴൂക്കരയുടെ പകുതിദേശം എന്നിങ്ങനെയുള്ള ഈ പഞ്ചായത്തിലെ തന്നെ പ്രദേശങ്ങൾ കുമരനെല്ലൂർ, സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ കീഴിലാണ്.

വിവിധോദ്ദേശ ഐക്യനാണയ സംഘം രൂപീകരിക്കപ്പെട്ടത് സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ജനകീയ ഗവൺമെന്റുകൾ വന്നതിനു ശേഷമാണ്. അന്ന് വളരെ പരിമിതമായ പ്രദേശങ്ങളിൽ മാത്രമേ അതിന് പ്രവർത്തിക്കാൻ കഴിഞ്ഞുള്ളൂ. ഇപ്പോഴത് വിപുലീകരിക്കപ്പെട്ടിട്ടുണ്ട്. നിലവിൽ പഞ്ചായത്തിലുള്ള സഹകരണ സ്ഥാപനങ്ങൾ പട്ടിത്തറ സഹകരണ ബാങ്ക്, പട്ടിത്തറ പട്ടികജാതി കൈത്തറി നെയ്ത്ത് സഹകരണസംഘം ആലൂർ ക്ഷീരോൽപ്പാദന സഹകരണസംഘം കക്കാട്ടിരി ക്ഷീരോൽപ്പാദന സഹകരണസംഘം എന്നിവ ഈ പഞ്ചായത്തിൽ മാത്രമായി പ്രവർത്തിക്കുന്നു. എന്നാൽ കാർഷിക വികസന ബാങ്ക്, പാലക്കാട് ജില്ലാ സഹകരണ ബാങ്ക്, ഹരിജന സഹകരണസംഘം, തൃത്താല ബ്ലോക്ക് സഹകരണസംഘം, എന്നിവയും നമ്മുടെ പഞ്ചായത്തിൽ വായ്പാ വിതരണം നടത്തുന്നുണ്ട്

പട്ടിക - 1

സംഘത്തിന്റെ പേര്	:	പട്ടിത്തറ സർവ്വീസ് സഹകരണ ബാങ്ക്
പ്രവർത്തനമാരംഭിച്ച വർഷം	:	1964
പ്രവർത്തന പരിധി	:	പട്ടിത്തറ മല അംശം
അംഗത്വം	:	16149
ഓഹരി മൂലധനം	:	12,00,000
കാർഷിക വായ്പ	:	10,00,000
കാർഷികേതര വായ്പ	:	1,33,20,000

പട്ടിത്തറ സർവ്വീസ് സഹകരണ ബാങ്ക് കാർഷികരംഗം, സ്വർണ്ണപ്പണയം, ഐ. ആർ. ഡി. പി. എന്നീ മേഖലകളിൽ വായ്പ കൊടുക്കുന്നു. കാർഷികവികസന ബാങ്ക് കാർഷികവായ്പയ്ക്ക് പുറമെ ഭവനനിർമ്മാണവായ്പകൾ കാർഷികേതരവായ്പകൾ പദ്ധതിവായ്പകൾ സാധാരണ വായ്പകൾ എന്നിവ നൽകുന്നു.

കാർഷിക വികസന ബാങ്ക്

പട്ടിക - 2

എത്ര പേർ	ഏതുതരം	വായ്പ നൽകിയ തുക
44	ജനറൽ	17,53,000
13	ദുർബല വിഭാഗം	2,20,500
19	ഭവനനിർമ്മാണം	6,32,920
21	സാധാരണവായ്പ	2,81,800
7	കാർഷികേതരവായ്പ	7,05,900
61	പദ്ധതി വായ്പ	12,25,792

തൃത്താല ബ്ലോക്ക് ഭവനനിർമ്മാണ സഹകരണസംഘം ഭവനനിർമ്മാണവായ്പകൾ മാത്രമാണ് നൽകിയിരുന്നത്.

ഭവനനിർമ്മാണ സഹകരണസംഘം

പട്ടിക - 3

എത്ര പേർ	ഏതുതരം	വായ്പ നൽകിയ തുക
44	ജനറൽ	17,53,000
13	ദുർബല വിഭാഗം	2,20,500

ഹരിജൻ സഹകരണസംഘം ദുർബലജന വിഭാഗങ്ങൾക്ക് കാർഷികവും കാർഷികേതര വുമായ വായ്പകൾ നൽകിവരുന്നു.

ഹരിജൻ സഹകരണസംഘം

പട്ടിക - 4

എത്ര പേർ	ഏതുതരം	വായ്പ നൽകിയ തുക
78	ഹ്രസ്വകാലം	12,300
	ദീർഘകാലം	56,900

പട്ടിത്തറ പട്ടിക ഹരിജൻ സഹകരണ സംഘം പട്ടികജാതി കൈത്തറി നെയ്ത്ത് സഹകരണ സംഘം ക്ഷീരവ്യവസായ സഹകരണസംഘങ്ങൾ പട്ടിത്തറ മാർക്കറ്റിംഗ് സൊസൈറ്റി എന്നിവ രൂപീകരിക്കപ്പെട്ടിട്ടുള്ളൂ.

പട്ടികജാതി കൈത്തറി - നെയ്ത്ത് വ്യവസായ സഹകരണസംഘം

പട്ടിക - 5

ആകെ മെമ്പർ	:	29
മെമ്പർഷിപ്പ്	:	50
ഗ്രാൻറ് ലോണായി സർക്കാർ അനുവദിച്ച സംഖ്യ	:	2,53,000
ആകെ നെയ്ത്ത് തറികൾ	:	20 എണ്ണം (ഉൽപ്പാദനം തുടങ്ങിയിട്ടില്ല.)

ക്ഷീര സഹകരണ മേഖല

നിലവിൽ മൂന്ന് സഹകരണ സംഘങ്ങളാണ് റജിസ്റ്റർ ചെയ്തിട്ടുള്ളത്. ആലൂർ പട്ടിത്തറ കക്കാട്ടിരി ഭാഗങ്ങളിലാണ് ഇത്. പഞ്ചായത്തിലെ മറ്റുഭാഗങ്ങളിൽ രണ്ട് വാർഡുകൾക്ക് 1 എന്ന ക്രമത്തിൽ ക്ഷീരസഹകരണസംഘങ്ങൾ രൂപീകരിക്കണം. ഇതിനനുബന്ധമായി കാലിത്തീറ്റ വിതരണത്തിനുള്ള സംവിധാനം മുണ്ടാക്കണം. അത്യുൽപാദനശേഷിയുള്ള നല്ലയിനം പശുക്കളെ വായ്പയായി നൽകുകയും കാലിത്തീറ്റ ലഭിക്കുകയും ചെയ്താൽ പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ കഴിയും.

മത്സ്യസഹകരണസംഘങ്ങം

ശുദ്ധജല മത്സ്യങ്ങളെ വളർത്താൻ ആവശ്യമായ സൗകര്യങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. അതുപയോഗിച്ച് മത്സ്യബന്ധനം നടത്തുകയും സഹകരണസംഘം രൂപീകരിക്കുകയും വേണം. ഗവൺമെൻറിൽനിന്ന് ലഭിക്കുന്ന ഉൾനാടൻ മത്സ്യവികസന ഫണ്ട് ലഭ്യമാക്കണം.

സഹകരണമേഖലയിലേക്കുള്ള പുതിയ നിർദ്ദേശങ്ങം

1. വിവിധ മേഖലയിൽ നടപ്പിലാക്കേണ്ട പദ്ധതിയിൽ എല്ലാ കർഷകരേയും അംഗങ്ങളാക്കി ഓഹരി മൂലധനം വർദ്ധിപ്പിക്കുക.

2. സഹകരണസംഘത്തിൻറെ പ്രവർത്തനപരിധി പഞ്ചായത്ത് മുഴുവനും വ്യാപിപ്പിക്കുക.

3. സഹകരണബാങ്കിന്റെ കീഴിൽ ഒരു ചിട്ടി നടത്തുക.

4. കൂടുതൽ കർഷകർക്ക് കൃഷിയിറക്കുന്നതിന്റെ മുമ്പായി വായ്പ ലഭ്യമാക്കുക. സർക്കാരിൽ നിന്നുള്ള സബ്സിഡി അതാതുസമയത്ത് ലഭ്യമാക്കുക.

5. വളവും കാർഷിക ഉപകരണങ്ങളും വിതരണം ചെയ്യാനും കാർഷിക ഉൽപ്പന്നങ്ങൾ സംഭരിക്കാനും ബാങ്കിൽ സംവിധാന മുണ്ടാക്കുക.

6. സഹകരണബാങ്കിന് ബ്രാഞ്ചുകൾ കക്കാട്ടിരിയിലും കൊക്കാട്ടും സ്ഥാപിക്കുക.

7. പച്ചക്കറി കൃഷി പ്രോത്സാഹനത്തിന് കൃഷിക്കാവശ്യമായ വിത്തും വളവും വായ്പയും നൽകുക.

8. നെൽകൃഷി, തെങ്ങ്, കവുങ്ങ്, വാഴ എന്നീ കൃഷിക്കാർക്ക് സഹകരണസംഘം ഉണ്ടാക്കി ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിനും വിപണന ത്തിനും സൗകര്യമുണ്ടാക്കുക.

9. സഹകരണ മേഖലയിൽ ബുക്ക് ബൈൻറിംഗ്, സോപ്പ് നിർമ്മാണം, മിഠായി നിർമ്മാണം, പ്ലാസ്റ്റിക് - ലെതർ ബാഗുകൾ, ചെരിപ്പുകൾ, കറിപൗഡർ, ഇഷ്ടിക നിർമ്മാണം, മലച്ചരക്ക് സംസ്കരണ കേന്ദ്രം എന്നിവ ആരംഭിക്കുക.

10. റെഡിമെയ്ഡ് ഗാർമെൻറ്സ്, ടെയ്ലറിങ്ങ്, കൊപ്ര സംഭരണം, തേങ്ങാവെള്ളം സംസ്കരിച്ച് ശീതളപാനീയ നിർമ്മാണം എന്നിവ സഹകരണമേഖലയിൽ ആരംഭിക്കുക.

11. മാർക്കറ്റിങ്ങ് സൊസൈറ്റിയുടെ കീഴിൽ കൊപ്ര, അടക്ക, മുട്ട, നെല്ല്, ചക്കരക്കിഴങ്ങ്, മരച്ചീനി എന്നിവ സംഭരിക്കാനും കർഷകർക്ക് ന്യായവില ലഭിക്കുവാനും സംവിധാനമുണ്ടാക്കുക.

12. കോഴിവളർത്തൽ, മത്സ്യം വളർത്തൽ സഹകരണസംഘം രൂപീകരിക്കുക.

13. നശിച്ചുകൊണ്ടിരിക്കുന്ന പരമ്പരാഗത തൊഴിലായ കൊട്ട, വട്ടി, പരമ്പ്, പായ തുടങ്ങിയവയുടെ നിർമ്മാണത്തിനും വിപണനത്തിനും സഹകരണസംഘങ്ങൾ രൂപീകരിക്കുക.

14. ഖാദി സഹകരണസംഘം രൂപീകരിക്കുക.

15. പഞ്ചായത്തിലാകെ അടുപ്പ് വ്യാപനം നടത്താൻ വേണ്ട സഹായസഹകരണം ബാങ്ക് നൽകണം.

11

പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം

കാർഷികരാജ്യമായ ഇന്ത്യയുടെ പുരോഗതിയിൽ പട്ടികജാതി പട്ടികവർങ്ങക്കാരുടെ പങ്ക് മഹത്തായതാണ്. പഴയകാലത്ത അടിമത്വത്തിലും കൂടിയായ്മയിലും സാമൂഹ്യഉച്ചനീചത്വത്തിന്റെ ബലിയാടുകളായി പീഡനങ്ങളനുഭവിച്ചവരാണ്. പട്ടകജാതിക്കാർ അടിമത്വവും കുടിയായ്മയും സാമൂഹ്യഉച്ചനീചത്വവും പട്ടികജാതി ക്കാരുടെ ഉന്നമനത്ത തടയുന്നതിൽ മുഖ്യപങ്ക് വഹിച്ചിട്ടുണ്ട്. നിരക്ഷരതയും അനാചാരങ്ങളും അന്ധവിശ്വാസങ്ങളും പട്ടികജാതിക്കാരെ പുരോഗതിയുടെ മുഖ്യധാരയിൽ നിന്ന് പുറകോട്ടു തള്ളുന്നതിന് കാരണമായിരുന്നു. ഇന്ന് പട്ടികജാതിക്കാർ മേൽപ റഞ്ഞതിൽ നിന്നെല്ലാം ഒരു പരിധി വരെ വിമുക്തരാണെങ്കിലും സമൂഹത്തിന്റെ അടിത്തട്ടിൽ തന്നെയാണ്.

സാമൂഹ്യമായ പിന്നോക്കാവസ്ഥയും സാമ്പത്തികപ രാധീനതകളും വിദ്യഭ്യാസ നിലവാരത്തിന്റെ കുറവും ഇപ്പോഴും പട്ടികജാതിക്കാരെ പുരോഗതിയുടെ പാതയിൽ നിന്നു പുറകോട്ടു വലിക്കുന്നു. പട്ടികജാതിക്കാരുടെ തനതായ നാടൻ പാട്ടുകളും ശീലുകളും കലകളും ചികിത്സാരീതികളും പാരമ്പര്യത്തൊഴിലുകളും ഇന്നന്യമായിക്കൊണ്ടിരിക്കുന്നു. സാമൂഹ്യമായ അംഗീകാരവും സംരക്ഷണവും പ്രോത്സാഹനവും ലഭിക്കാത്തതാണ് ഇതിന് പ്രധാനകാരണം. സാമൂഹ്യമായും സാമ്പത്തികമായും ഉള്ള ചൂഷണങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗക്കാർ ഇന്നും വിധേയരായി കൊണ്ടിരിക്കുന്നു. പട്ടികജാതിക്കാരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി വകകൊള്ളിച്ചിരിക്കുന്ന കോടിക്കണക്കിന് രൂപ കേരള സംസ്ഥാനത്ത് ചിലവഴിക്കപ്പെടാതെ പാഴായിപ്പോയത് ഈ സമയം പരിശോധനക്ക് വിധേയമാക്കേണ്ടതാണ്. പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ഉന്നമനം ലക്ഷ്യമാക്കി തയ്യാറാക്കുപ്പ പദ്ധതികളുടെ ഫണ്ടും ആനുകൂല്യങ്ങളും കൃത്രിമം ചെയ്യുന്നതിനും ചൂഷണം ചെയ്യുന്നതിനും പട്ടികജാതിയിൽപ്പെട്ടവരെ തന്നെ കരുക്കളാക്കുന്നു എന്നതാണ് ഏറെ വിചിത്രം. പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായി ഉള്ള പല ഡിപ്പാർമെന്റുകളുടെ പരസ്യങ്ങളിലും ഒതുങ്ങിനിൽക്കുന്നു. പട്ടികജാതിക്കാരുടെ ജനസംഖ്യക്ക് ആനുപാതികമായി പദ്ധതികൾക്ക് അടങ്കൽ തുക വകംകൊള്ളിക്കാതെ കുറെ പദ്ധതികൾക്ക് പരസ്യത്തിൽ മാത്രം ഊന്നൽ നൽകിവരുന്നതായിട്ടാണ് കാണുന്നത്.

പട്ടികജാതിക്കാരുടെ പദ്ധതികളും ആനുകൂല്യങ്ങളും അവർക്ക്തന്നെ നീതിപൂർവ്വം ലഭിക്കുന്നുണ്ടോ എന്ന് പരിശോധിക്കുപ്പതിനും ഉറപ്പുവരുത്തുന്നതിനും മൂന്നിൽ രണ്ട് ഭാഗമെങ്കിലും പട്ടികജാതിക്കാർ അംഗങ്ങളായിട്ടുള്ള അവലോകനസമിതികൾ രൂപീകരിച്ച് പ്രവർത്തിക്കേണ്ടതാണ്. പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ തനതായ പദ്ധതികളും ആനുകൂല്യങ്ങളും നടപ്പിലാക്കിവരുന്ന പല ഡിപ്പാർട്ട്മെന്റുകളിലും പട്ടികജാതിക്കാരായവരുടെ പ്രാധിനിത്യകുറവ്, പദ്ധതികളുടെ ഫണ്ട് യഥാസമയം ചിലവഴിക്കപ്പെടാതെ പോകുന്നതിന് ഒരു കാരണമാവുന്നുണ്ട് എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

പട്ടിത്തറ പഞ്ചായത്തിൽ പതിനൊന്നു വാർഡുകളിലായി 1148 കുടുംബങ്ങളിലായി 6785 പട്ടികജാതിക്കാരുണ്ട്. പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾ പഞ്ചായത്തിലില്ല. പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 22% പട്ടികജാതിക്കാരാണ്. വിവിധ കോളനികളിലായി താമസിക്കുന്ന പട്ടികജാതിക്കാർക്ക് പ്രാഥമികസൗകര്യങ്ങൾ ഒന്നും തന്നെയില്ലാത്ത അവസ്ഥയാണ്. അമ്പത്തേഴു കോളനികൾ പഞ്ചായത്തിലുണ്ടെങ്കിലും

നാലുകോളനികൾ മാത്രമാണ് സമഗ്രവികസനത്തിന് പരിഗണിച്ചിട്ടുള്ളത്. അതിൽ രണ്ട് കോളനികളിലാണ് വികസനപ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത്.

ഭവനം

സുരക്ഷിതമായി അന്തിയുറങ്ങാനുള്ള ഒരുവീട് ഇന്ന് പലർക്കും ഒരു സ്വപ്നം മാത്രമായി അവശേഷിക്കുകയാണ്. സ്വന്തമായി ഭൂമി ഉള്ളവരും ഇല്ലാത്തവരും വീടില്ലാത്തവരിലുണ്ട്. സ്വന്തമായി വീടുകൾ ഉള്ളവർക്ക് തന്നെ കക്കൂസ്, കുളിമുറി, വൈദ്യുതി, യാത്രാസൗകര്യം എന്നിവയില്ല. ഗൃഹനിർമ്മാണസാമഗ്രികളുടെ വിലക്കൂടുതൽ നിർമ്മാണത്തെ സാരമായി ബാധിക്കുന്നുണ്ട്. മറ്റുള്ളവരുടെ ആശ്രയത്തിലും ഓലക്കൂടിലുകളിലും വാടക വീടുകളിലും താമസിക്കുന്നവരുണ്ട്.

വിദ്യഭ്യാസം

ആദ്യകാലങ്ങളിൽ ജന്മിഗൃഹങ്ങളിൽ അടിമകളെപ്പോലെ കഴിഞ്ഞിരുന്ന പട്ടികജാതിക്കാർക്ക് വിദ്യഭ്യാസം ലഭിച്ചിരുന്നില്ല. കുട്ടികൾ കന്നുകാലി പരിപാലനത്തിനായി വിധിക്കപ്പെട്ടവരായിരുന്നു. (1957ലെ) സമഗ്രഭൂപരിഷ്കരണ നിയമമാണ് ഈ നിലക്ക് മാറ്റം വരുത്തിയത്. തുടർന്ന് നടന്ന സാമൂഹ്യപരിഷ്കരണങ്ങളുടെയും സർക്കാരിന്റെ ധനസഹായങ്ങളുടെയും ഭാഗമായി പട്ടികജാതിക്കാർ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് വരികയും വിദ്യഭ്യാസനിലവാരം ഉയരുകയും ചെയ്യാൻ തുടങ്ങി. ഇന്ന് എല്ലാ പട്ടികജാതിക്കാരും തങ്ങളുടെ മക്കളുകളെ സ്കൂളുകളിലും കോളേജുകളിലും പറഞ്ഞയക്കുന്നതിൽ തത്പരരാണ്. ഈ രീതിയിൽ പഞ്ചായത്തിലെ പട്ടികജാതിക്കാർക്കിടയിലെ നിരക്ഷരത ഏറെക്കുറെ പരിഹരിക്കപ്പെട്ടെങ്കിലും വിദ്യഭ്യാസപരമായി ഉന്നതസ്ഥാനമലങ്കരിക്കുന്ന പട്ടികജാതിക്കാർ വിരളമാണ്. ട.ട.ഘ.ഇ. ക്കും ജ.ഉ.ഇ ക്കും ശേഷം 95% വിദ്യഭ്യാസരംഗത്ത് നിന്നും പിന്തള്ളപ്പെടുന്ന അവസ്ഥയാണുള്ളത്. S.S.L.C.ക്കും P.D.C ക്കും പരാജയപ്പെടുന്നവർ വീണ്ടും പരീക്ഷക്കിരിക്കാൻ പല കാരണങ്ങളാൽ തയ്യാറാവുന്നില്ല. പ്രസ്തുത പരീക്ഷകളിൽ പരാജയപ്പെടുന്നവർക്ക് വീണ്ടും പരീക്ഷക്ക് തയ്യാറാവുന്നതിന് ട്യൂട്ടോറിയൽ സ്ഥാപനങ്ങളിൽ പഠിക്കുന്നതിന് ഫീസ് ആനുകൂല്യം ലഭ്യമാക്കി ഈ പ്രശ്നം പരിഹരിക്കപ്പെടേണ്ടതാണ്. ഇന്ന് മാർക്കറ്റിന്റെ അടിസ്ഥാനത്തിൽ വിരലിലെണ്ണാവുന്നവർക്ക് മാത്രമാണ് ഈ ആനുകൂല്യം ലഭിക്കുന്നത്. കുടുംബത്തിലെ സാമൂഹ്യ സമ്പത്തിക ഭദ്രതയിലായ്മയും യുവതീയുവാക്കളെ തുടർന്നു പഠിക്കാൻ കഴിയാതെ ഏതെങ്കിലും കൂലിവേലയിലേക്ക് നയിക്കുന്നതായിട്ടാണ് കണ്ടുവരുന്നത്. വിദ്യഭ്യാസരംഗത്ത് നിന്ന് ഏറ്റവും കൂടുതൽ പിന്തള്ളപ്പെടുന്നതും പട്ടികജാതിക്കാരായ പെൺകുട്ടികളാണ്.

തൊഴിൽ

കാർഷികമേഖലയിലെ തൊഴിലിനെ മാത്രം ആശ്രയിച്ചിരുന്നു ഭൂരിപക്ഷം വരുന്ന പട്ടികജാതിക്കാരിലെ യുവതലമുക്കാർ കാർഷികതൊഴിൽമേഖലയോട് ഇന്ന് വിടപറഞ്ഞുകൊണ്ടിരിക്കുകയാണ്. കാർഷികമേഖലയിലെ തൊഴിൽ സ്ഥിരതയില്ലായ്മയും തെറ്റിദ്ധരിക്കപ്പെട്ട തൊഴിൽ സംസ്കാരവും ഇതിന് പ്രേരകഘടകങ്ങളാണ്. ഇന്ന് നിർമ്മാണരംഗത്താണ് ഭൂരിപക്ഷം പട്ടികജാതിക്കാർ ജോലിചെയ്യുന്നത്. പരമ്പരാഗത തൊഴിലുകളിൽ നിന്നുള്ള വരുമാനക്കുറവും യന്ത്രവത്കൃത ഉൽപ്പന്നങ്ങളുമായി മത്സരിക്കാൻ കഴിയാത്തതും നിമിത്തം ആ രംഗത്ത് നിന്നും പിൻതിരിയാൻ ഇടയായിരിക്കുന്നു.

കൃഷി

പട്ടികജാതിക്കാരുടെ കൈവശമുള്ള ഭൂമിയിൽ യഥാസമയം ശാസ്ത്രീയമായ രീതിയിൽ കൃഷി ചെയ്യുന്നതിനും ഭൂമി നൂറുശതമാനം കൃഷിയുക്തമാക്കി തീർക്കുന്നതിനും കഴിയുന്നില്ല. അന്യന്റെ മണ്ണിൽ കനകം വിളയിക്കുന്നവരുടെ ഭൂമി ഭാഗികമായി മാത്രം എന്തെങ്കിലും കൃഷികൾ ഉള്ള ഭൂമികളായി നിലനിൽക്കുകയാണ്. കൃഷി വകുപ്പുകളിൽ നിന്നും മറ്റു വികസന ഡിപ്പാർട്ടുമെന്റുകളിൽ നിന്നും സമയബന്ധിതമില്ലാതെ നാമമാത്രമായി ലഭിക്കുന്ന ആനുകൂല്യങ്ങളും സഹായങ്ങളും വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല എന്നുമാത്രമല്ല പ്രസ്തുത ആനുകൂല്യങ്ങൾ പര്യാപ്തവുമല്ല . സാമ്പത്തികപരാധീനതകൾ കാരണം തക്കസമയത്ത് കൃഷികൾ ചെയ്യുന്നതിനും ശാസ്ത്രീയരീതികൾ അവലംബിക്കുന്നതിനും കഴിയാതെ വരുന്നു. അതുപോലെ നല്ലയിനം വിത്തുകൾ, തൈകൾ എന്നിവ വാങ്ങിക്കുന്നതിനും കഴിയാതെ വരുന്നു. വീടുകളുടെ കണക്കനുസരിച്ച് അശാസ്ത്രീയമായ രീതിയിൽ കൃഷിഭവൻ മുഖേന തൈകളും മറ്റും വിതരണം ചെയ്യുന്നതുകൊണ്ട് പദ്ധതിയുടെ ലക്ഷ്യം കൈവരിക്കാൻ കഴിയാതെ പോകുന്നു.

സാമൂഹ്യക്ഷേമം

വിവിധ വകുപ്പുകൾ മുഖേന വിവിധ പെൻഷൻ ആനുകൂല്യങ്ങൾ നിലവിലുണ്ടെങ്കിലും അറിവില്ലായ്മകൊണ്ടും സാങ്കേതിക ബുദ്ധിമുട്ടുകൾ നിലവിലുണ്ടെങ്കിലും അർഹതയുള്ള പെൻഷനുകൾ ലഭിക്കാത്ത പട്ടികജാതിക്കാർ ധാരാളമുണ്ട്. വിവിധ വകുപ്പുകളുടെ പെൻഷൻ പദ്ധതികൾക്ക് അർഹതപ്പെട്ടവരെ തിരഞ്ഞെടുക്കുന്നതിന് പഞ്ചായത്ത് തല സമിതി രൂപീകരിക്കുകയും സർട്ടിഫിക്കറ്റുകളുടെ സാങ്കേതിക ത്വത്തിന് അയവുവരുത്തി. യഥാർത്ഥത്തിൽ അർഹതപ്പെട്ട എല്ലാവർക്കും പെൻഷൻ ലഭിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുകയും ചെയ്യേണ്ടതാണ്.

പഞ്ചായത്തിലെ കോളനികൾ

1. വെള്ളരപ്പറമ്പ് അരിക്കോട് കോളനി
2. കാങ്കാത്ത്മേപ്പറം കോളനി
3. പരപ്പിൽ ചേനവളപ്പു കോളനി
4. നിരപ്പറമ്പ് കോളനി
5. നമ്പത്ത് കോളനി
6. കൊമ്മാത്രപറമ്പ് കോളനി
7. കണ്ണച്ചംപറമ്പ് കോളനി
8. കരിങ്കനക്കുന്ന് അത്താണ്പറമ്പ് കോളനി
9. എട്ടുകണ്ടം കോളനി
10. മോടൻകാട്ടുപറമ്പ് കോളനി
11. ചോഴിയാം കുന്ന് കോളനി
12. കറുത്തേടത്ത് പടി കോളനി
13. വി.പി.കുണ്ട് കോളനി
14. തൊഴുക്കര കോളനി
15. ചീരക്കുഴി കോളനി
16. നായാടി കോളനി
17. ആലിക്കപ്പറമ്പ് കോളനി
18. കുമ്പകോളനി കോളനി
19. വടക്കേപ്പാട്ട് കോളനി
20. കൊള്ളാനപറമ്പ് കോളനി
21. കരണപ്ര കോളനി
22.കമ്മങ്ങാട്ടുകുന്ന്
23. കൊട്ടിപ്പാറ കോളനി
24. കക്കാട്ടിരി കോളനി
25. കാങ്കാത്ത് കോളനി
26. കൊലവർക്കുന്ന് കോളനി
27. പാലക്കപ്പറമ്പ് കോളനി
28.കുണ്ടൻകോട് കോളനി
29. ആട്ടയിൽപ്പടി കോളനി
30.കോണിക്കപ്പറമ്പ് കോളനി
31. കുറവ കോളനി
32.തടത്തിൽപറമ്പ് കോളനി
33. വട്ടേനാട് കോളനി
34. അയിലക്കുന്ന് കോളനി (കഒഉജ)
35. പട്ടിത്തറ കോളനി കോളനി
36. പാതിരിക്കാട് കോളനി (കഒഉജ)
37.ധർമ്മഗിരി കോളനി (കഒഉജ)
38. പൂളക്കപറമ്പ് കോളനികോളനി
39. വട്ടത്തുവളച്ചിൽ കോളനി
40. ഞെടുംകുന്ന് കോളനി
41. വെങ്കരകുന്ന് കോളനി
42. വേണാടുകുന്ന് കോളനി
43. നീർട്ട്യാൻകുന്ന് കോളനി
44. തെമലിപ്പറമ്പ് കോളനി
45. പത്തായകുന്ന് കോളനി
46. കുറുമണ്ണിൽ കോളനി
47. തടത്തിൽപ്പറമ്പ് കോളനി
48. നെച്ചികോട് കോളനി
49. കുണ്ടുകാട് കോളനി
50. മേനോത്ത് ചാലിൽ കോളനി
51. കോടമലകുന്ന് കോളനി
52. പൂലേരികുന്ന് കോളനി
53. വാഴയിൽവളപ്പ് കോളനി
54. കൊളക്കോട്ട്പടി കോളനി
55. താമരക്കോട്കുന്ന് കോളനി
56. ചോനോത്ത് ഞാലിൽ കോളനി
57. വടക്കെക്കര കോളനി

പ്രശ്നങ്ങളും സാധ്യതകളും

1. പട്ടിത്തറ പഞ്ചായത്തിൽ 1148ഓളം വരുന്ന പട്ടികജാതി വീടുകളിൽ കൂട്ടുകുടുംബവ്യവസ്ഥയിൽ(വീടില്ലാത്തതു കാരണം) ഒരു വീട്ടിൽ ശരാശരി 3 കുടുംബങ്ങളെന്ന നിലയിൽ താമസിക്കുന്നു. ഒരു വാർഡിൽ ശരാശരി 25 വീടുകൾ എന്ന നിലയിൽ പതിനൊന്നു വാർഡുകളിലായി ഒരു വർഷം 275 വീടുകൾ നിർമ്മിക്കേണ്ടതായുണ്ട്. അടുത്ത അഞ്ചു വർഷത്തിനുള്ളിൽ പഞ്ചായത്തിൽ 1375 വീടുകൾ ഒരു കുടുംബത്തിന് ഒരു വീടെന്ന നിലയിൽ നിർമ്മിക്കണം. വീടൊന്നിന് 30000 രൂപാ വീതം സൗജന്യമായി വാർഡുതലത്തിലെ ജനസംഖ്യ ആനുപാതികമായി അനുവദിക്കണം.

2. സ്വന്തമായി ഭൂമിയുള്ളവർക്ക് വീടിന് ധനസഹായവും ഭൂമിയില്ലാത്തവർക്ക് അവരവരുടെ പ്രദേശത്ത് ഭൂമി വാങ്ങിക്കുന്നതിന് 20000 രൂപയും വീടിന് 30000 രൂപയും ധനസഹായം ലഭ്യമാക്കണം.

3. മേർക്കൂര പുതുക്കി ഓടുമേയൽ യോഗ്യമായ പട്ടികജാതിക്കാരുടെ വീടുകൾക്ക് മേൽക്കൂര പുതുക്കി ഓടു മേയുന്നതിന് 10000 രൂപവരെ ഗ്രാൻഡ് അനുവദിക്കണം.

4. ലക്ഷംവീട് പോലുള്ള കോളനിവീടുകൾ സമയബന്ധിതമായ അറ്റകുറ്റപ്പണികൾ ചെയ്തു കൊടുക്കണം.

5. എല്ലാ പട്ടികജാതിക്കാരുടെ വീടുകൾക്കും കുളിമുറി, കക്കൂസ്, എന്നിവ ചിലവുകുറഞ്ഞ രീതിയിൽ നിർമ്മിക്കുന്നതിന് സഹായമനുവദിക്കണം. ഒരു വർഷം 250 എന്ന നിരക്കിൽ അഞ്ചുവർഷം കൊണ്ട് 125ഓളം കക്കൂസുകളും അത്രതന്നെ കുളിമുറികളും നിർമ്മിക്കണം.

6. പഞ്ചായത്തിലെ വൈദ്യുതി ലഭിക്കാത്ത എല്ലാ കോളനികളും വൈദ്യുതീകരിക്കുകയും എല്ലാ പട്ടികജാതിക്കാരുടെ വീടുകൾക്കും സൗജന്യമായി വൈദ്യുതി ലഭ്യമാക്കുകയും വേണം. എല്ലാ കോളനികളും സെറ്റിൽമെന്റുകളിലും കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് വേണ്ട സംവിധാനങ്ങളേർപ്പെടുത്തണം. എല്ലാ കോളനികളിലും ടി.വി.സെറ്റ് സ്ഥാപിക്കണം.

7. പട്ടികജാതിക്കാരുടെ സ്വകാര്യഉടമസ്ഥതയിലുള്ള കിണറുകളും കുളങ്ങളും മണ്ണെടുത്ത് ആഴംകൂട്ടുന്നതിനും റിപ്പയർചെയ്യുന്നതിനും ധനസഹായം അനുവദിക്കണം. മില്യൺമൽ സ്കീമിൽ ഈ പദ്ധതി കൂടി ഉൾപ്പെടുത്തി പദ്ധതി വിപുലീകരിക്കേണ്ടതാണ്.

8. പല കോളനികളിലും പഞ്ചായത്തിലെ പ്രധാനറോഡുകളുമായി ബന്ധിക്കുന്ന റോഡുകളില്ലാത്തതിനാൽ കോളനി നിവാസികൾ യാത്രാസൗകര്യമില്ലാതെ ബുദ്ധിമുട്ടുന്നു. സ്ഥലപരിമിതിയുള്ളതുകൊണ്ട് റോഡിന്റെ വീതി മൂന്നര മീറ്ററാക്കി ചുരുക്കി റോഡുകൾ നിർമ്മിക്കണം.

II

1. കൈവശഭൂമിക്ക് പട്ടയം ലഭിക്കാത്ത എല്ലാ പട്ടികജാതിക്കാർക്കും പട്ടയം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ച് എത്രയും പെട്ടന്ന് പട്ടയം ലഭ്യമാക്കണം.

2. പട്ടികജാതിക്കാരുടെ ഭൂമിയിൽ സമഗ്രമായ കൃഷി വികസനത്തിന് നല്ലയിനം വിത്തുകളും തൈകളും പട്ടികജാതിക്കാരായ, കൃഷിക്കാരെ സംഘടിപ്പിച്ച് നഴ്സറികൾ രൂപീകരിച്ച് ഭൂമിയുടെ വിസ്തീർണത്തിനനുപാതികമായി വിതരണം ചെയ്യുക.

3. പട്ടികജാതിക്കാരായ കൃഷിക്കാർക്ക് പമ്പുസെറ്റുകൾ കാർഷികോപകരണങ്ങൾ വളം, കീടനാശിനി, പണിയായുധങ്ങൾ, എന്നിവ വാങ്ങിക്കുന്നതിന് ധനസഹായം അനുവദിക്കുക.

4.കൃഷിവകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന, ഒരു ലക്ഷം യുവാക്കൾക്ക് തൊഴിലവസരം എന്ന പദ്ധതി പ്രകാരം നൂറുരൂപ അടച്ച് 20പേർക്ക് അംഗത്വം നൽകുന്നുള്ളൂ. ഇത് 50 പേർ ആക്കി മാറ്റണം.

5. മണ്ണൊലിപ്പ് തടയുന്നതിന് ബണ്ടുകെട്ടി ഭൂമി തട്ടുകളാക്കി, നിരപ്പാക്കി കൃഷിയോഗ്യമാക്കുന്നതിനും മറ്റു മണ്ണു സംരക്ഷണ പരിപാടികൾ നടപ്പിലാക്കുന്നതിനും ധനസഹായം ലഭ്യമാക്കുക.

6. പട്ടികജാതി വിദ്യാർത്ഥികൾക്ക് അവരവരുടെ പ്രദേശത്ത് സൗജന്യമായി ട്യൂഷൻ ലഭിക്കാൻ സംവിധാനമുണ്ടാക്കണം. പൊതുപരീക്ഷകളിൽ പരാജയപ്പെടുന്ന പട്ടികജാതിക്കാർക്ക് എല്ലാവർക്കും പരീക്ഷയെഴുതുന്നതിന് ട്യൂട്ടോറിയൽ കോളേജിൽ പഠിക്കുവാനുള്ള ധനസഹായം ലഭ്യമാക്കണം.

7. നിർമ്മാണരംഗത്തെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിന് പഞ്ചായത്തിൽ പരിശീലനം നൽകുന്നതിന് നിർമ്മിതികേന്ദ്രയൂണിറ്റും നിർമ്മാണ സാമഗ്രികൾ കുറഞ്ഞചെലവിൽ നിർമ്മിക്കുവാനുള്ള യൂണിറ്റും ആരംഭിക്കണം.

8. പട്ടികജാതിക്കാർക്ക് തൊഴിൽ ലഭ്യതക്കായി സഹകരണാടിസ്ഥാനത്തിൽ സോപ്പു നിർമ്മാണ യൂണിറ്റ്. ഖാദിയൂണിറ്റ്, ചെറുകിട വ്യവസായ യൂണിറ്റ്, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റ് കൈത്തറി നെയ്ത്ത് യൂണിറ്റ് പരമ്പരാഗത കുടിൽ വ്യവസായ യൂണിറ്റ് എന്നിവ തുടങ്ങുന്നതിന് ധനസഹായം അനുവദിക്കുക.

9. ബേക്കയാർഡ് സിസ്റ്റ പ്രകാരം ഒരോ വാർഡിലും മുട്ടക്കോഴി വളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കുക.

10. സർക്കാർ സ്ഥാപനങ്ങൾ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ സഹകരണസംഘങ്ങൾ എന്നിവയിൽ പട്ടികജാതിക്കാരുടെ സംവരണം കൃത്യമായി നടപ്പാക്കുക.

11. പട്ടികജാതിക്കാരായ സ്ത്രീകൾക്ക് ആട്, പശു എന്നിവ വളർത്തുന്നതിനും തൊഴുത്ത് നിർമ്മിക്കാനും ധനസഹായം അനുവദിക്കുക.

12. പട്ടികജാതി യുവാക്കൾക്ക് തൊഴിൽ തേടി വിദേശത്ത് പോകാൻ പട്ടികജാതി വികസനകോർപ്പറേഷൻ നൽകുന്ന വായ്പ 25000 രൂപയാക്കി ഉയർത്തുക. ഉദ്യോഗസ്ഥ ജാമ്യത്തിനും പകരം സ്ഥലം ഈട് നൽകിയാലും മതി എന്ന് വ്യവസ്ഥ ചെയ്യുക.

13.പട്ടികജാതി കോളനികൾക്കുള്ളിലോ സമീപ പ്രദേശങ്ങളിലോ പോലും കള്ളുഷോപ്പുകൾ പ്രവർത്തിക്കരുത്.

14. വാർഡ് തലത്തിൽ പട്ടികജാതിക്കാരെ പങ്കെടുപ്പിച്ച് നീതിനിയമ സഹായം സാമൂഹ്യക്ഷേമ പദ്ധതികൾ, ആരോഗ്യ പരിപാലനം, മൃഗസംരക്ഷണം, കുടുംബസമ്പാദ്യ പദ്ധതി തുടങ്ങിയ വിഷയങ്ങളിൽ ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

15. പട്ടികജാതിക്കാരായ നിർദ്ധനർക്ക് ചികിത്സാ സഹായം ലഭ്യമാക്കണം. അടിയന്തിരഘട്ടങ്ങളിൽ ധനസഹായം ലഭിക്കുന്നതിന് പഞ്ചായത്ത് പ്രസിഡണ്ടിന്റെ ദുരിതശ്വാസ നിധി സ്വരൂപിക്കണം.

16. പട്ടികജാതിക്കാരിലെ സ്ത്രീ പുരുഷന്മാർക്ക് തുല്യജോലിക്ക് തുല്യവേതനം നൽകുക.

12

വിഭവസമാഹരണം

ഏതൊരു പഞ്ചായത്തിന്റെയും പുരോഗതി പഞ്ചായത്തിന്റെ വരുമാനത്തേയും, വരുമാനം കാര്യക്ഷമമായി ഉപയോഗിക്കുന്നതിനെയും ആശ്രയിച്ചിരിക്കുന്നു. ഇതിന് പഞ്ചായത്തിന്റെ തനതായ വരുമാനം കൃത്യമായി പരിച്ചെടുക്കുകയും സർക്കാരിൽ നിന്ന് ലഭിക്കാനുള്ള നികുതിവിഹിതങ്ങളും, ധനസഹായങ്ങളും യഥാസമയത്ത് ലഭിക്കുകയും വേണം.

ഉൽപ്പാദനരംഗത്തുള്ള മുരടിപ്പ് ഒട്ടും കുറവല്ലാത്ത രീതിയിൽ ബാധിച്ച പഞ്ചായത്താണ് നമ്മുടെ പഞ്ചായത്ത്. കാർഷികമേഖലയിലാണെങ്കിൽ ഉൽപ്പാദനക്ഷമതകുറവ്, നിരന്തരമായ രാസവള പ്രയോഗം കൊണ്ടും മണ്ണൊലിപ്പ് കൊണ്ടും നഷ്ടപ്പെട്ട മണ്ണിന്റെ ഫലഭൂയിഷ്ഠത, ജലസേചനപ്രശ്നം, കാർഷികത്തൊഴിലാളി ക്ഷാമം, യന്ത്രോപകരണങ്ങളുടെ ദൗർലഭ്യം, കൃഷിഭൂമിയുടെ ചുരുങ്ങൽ എന്നിവയെല്ലാം ഈ മുരടിപ്പിന് കാരണമാകുന്നു. വ്യവസായങ്ങളെ യെടുത്താൽ വിരലിലെണ്ണാവുന്ന വ്യവസായ സ്ഥാപനങ്ങളെ പഞ്ചായത്തിലുള്ളൂ. ഇത്തരം കാരണങ്ങൾ കൊണ്ടല്ലാംതന്നെ പഞ്ചായത്തിന്റെ വരുമാനവും, പുതിയതായി കണ്ടെത്താവുന്ന വരുമാനമാർഗ്ഗവും കുറവാണ്. ആദ്യമായി പഞ്ചായത്തിന്റെ വരുമാനമാർഗ്ഗങ്ങളെ നമ്മുക്ക് വിലയിരുത്താം.

പഞ്ചായത്തിലെ സ്ഥാപനങ്ങളുടെ പട്ടിക (12–1)

വിദ്യഭ്യാസം	8
ആരോഗ്യം	8
ചെറുകിടവ്യവസായം	27
വൻകിടവ്യവസായം	–
കച്ചവടം/വ്യാപാരം	200
മറ്റുള്ളവ	50

കെട്ടിടനികുതി

നിലവിലുള്ള സംവിധാനത്തിൽ പഞ്ചായത്തിന്റെ തനതായ ഒരു പ്രധാന വരുമാനമാർഗ്ഗമാണ് കെട്ടിട നികുതി. പഞ്ചായത്ത് നേരിട്ടാണ് ഈ നികുതി പിരിച്ചെടുക്കുന്നത്. പല കാരണങ്ങൾ കൊണ്ടും പഞ്ചായത്തിന് കെട്ടിട നികുതി മുഴുവനായി പിരിച്ചെടുക്കാൻ കഴിയാറില്ല. നികുതി കൃത്യമായി അടക്കണം എന്ന ബോധം നികുതിദായകനിൽ ഉണ്ടായാൽ മാത്രമെ ഈ പ്രശ്നത്തിന് പൂർണ്ണമായി പരിഹാരം കാണാൻ കഴിയൂ. ഇതിന് നികുതിയായി നൽകുന്ന സംഖ്യ ചിലവഴിക്കുന്ന രീതിയെപ്പറ്റി കൃത്യമായി ജനങ്ങളെ അറിയിക്കുന്നതിനുള്ള സംവിധാനം അത്യാവശ്യമാണ്.

ഇപ്പോൾ തന്നെ പരമാവധിയുള്ള നികുതി നിരക്കാണുള്ളത്. അതുകൊണ്ടു നികുതിനിരക്ക് വർദ്ധിൽക്കുക എന്നത് ചിന്തിക്കാൻ കൂടി കഴിയാത്തതാണ്. നിലവിലുള്ള നികുതി നിരക്കുകൾ യുക്തി സഹമായി പുനഃസംവിധാനം ചെയ്യുന്നതിലൂടെ മാത്രമെ ഈ രംഗത്തെ വരുമാനം വർദ്ധിപ്പിക്കാൻ കഴിയൂ. വീടുകളുടെ വലുപ്പത്തിലുള്ള നികുതിനിരക്കിന് പുറമെ, ആഡംബര രീതിക്കനുസരിച്ചും നികുതി ചുമത്തേണ്ടതാണ്. ഇത് ഉയർന്ന തോതിലാകാവുന്നതുമാണ്. ഇത് ജനങ്ങളെ വീട് താമസിക്കാനുള്ളതാണ് എന്ന തലത്തിലേക്ക് ചിന്തിക്കുവാൻ സഹായിക്കും. വാടകക്കെട്ടിടങ്ങളിൽ നിന്ന് വാടക അടിസ്ഥാനത്തിലും, കച്ചവടസ്ഥാപനങ്ങളിൽ നിന്ന് വിറ്റുവരവിന്റെ അടിസ്ഥാനത്തിലും നികുതി ഈടാക്കേണ്ടതാണ്.

(12–2) കെട്ടിടങ്ങളെ സംബന്ധിച്ച വിവരം (1995–96)

വാർഡ്	കെട്ടിടങ്ങളുടെ എണ്ണം
1	553
2	823
3	569
4	615
5	613
6	891
7	541
8	792
9	660
10	599

തൊഴിൽ നികുതി

പഞ്ചായത്തിന് കൃത്യമായി പിരിച്ചെടുക്കാൻ കഴിയുന്ന തനതായ ഒരു പ്രധാന നികുതിയാണ് തൊഴിൽ നികുതി. പഞ്ചായത്ത് പരിധിയിലുള്ള സർക്കാർ, അർദ്ധസർക്കാർ, എയ്ഡഡ് സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരിൽ നിന്ന്, വർഷത്തിൽ രണ്ട് തവണയായി ഈ നികുതിപിരിച്ചെടുക്കുന്നു. ശമ്പളം നൽകുന്ന സമയത്ത് പിരിച്ചെടുക്കുക എന്ന സംവിധാനമായതുകൊണ്ട് ഇത് കൃത്യമായി പിരിച്ചെടുക്കാൻ കഴിയുന്നു. ഈ നികുതി നിരക്ക് വർദ്ധിപ്പിക്കേണ്ടതാണ്.

വിപുലീകരിക്കാവുന്ന ഒരു പ്രധാന നികുതി മേഖലയാണ് തൊഴിൽ നികുതിമേഖല. അംഗീകൃത ട്രെയിഡ് യൂണിയനുകളിലൂടെ ജോലിചെയ്യുന്ന കയറ്റിറക്ക് തൊഴിലാളികൾ, മണൽ തൊഴിലാളികൾ ബസ്സ്, ലോറി ഡ്രൈവർമാർ, കണ്ടക്ടർമാർ, കച്ചവടക്കാർ, തുടങ്ങിയവരിൽ നിന്നുകൂടി തൊഴിൽ നികുതി പിരിച്ചെടുക്കേണ്ടതാണ്. നികുതിയെകുറിച്ചും അതിന്റെ പ്രാധാന്യത്തെകുറിച്ചുമുള്ള ഒരു ബോധവൽക്കരണത്തിലൂടെ ഇത് ഒരു പരിധിവരെ കഴിയുന്നതുമാണ്.

വിനോദനികുതി

ഈ മേഖലയിൽ പഞ്ചായത്തിന് നല്ലനിലയിൽ കിട്ടികൊണ്ടിരുന്ന വിഹിതം, ടാക്കീസ് കത്തിയതോടെ ലഭിക്കാതായി. ഇതുകൊണ്ട് പഞ്ചായത്തിന് വിനോദ നികുതി, പ്രദർശന നികുതി എന്നീ രണ്ടിനങ്ങളിലായി നികുതി നഷ്ടമുണ്ട്. മറ്റു വിനോദനികുതി മാർഗ്ഗങ്ങളൊന്നും പഞ്ചായത്തിലില്ല.

ലൈസൻസ് ഫീസ്

പഞ്ചായത്തിലെ വ്യവസായ വാണിജ്യസ്ഥാപനങ്ങളിൽ നിന്നാണ് ഈ നികുതി പിരിച്ചെടുക്കുന്നത്. ഈ ഇനത്തിൽ ഒരു ചെറിയ തുകയാണ് പഞ്ചായത്തിന് വർഷംതോറും ലഭിക്കുന്നത്. പഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നില്ല. അവരെകൊണ്ട് നിർബന്ധിച്ച് ലൈസൻസ് എടുപ്പിക്കാൻ പഞ്ചായത്തുകൾക്ക് കഴിയുന്നില്ല. ലൈസൻസ് ഫീസ് വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ പുനഃക്രമീകരിക്കാനും കൃത്യമായി പിരിച്ചെടുക്കാനും പഞ്ചായത്തിന് കഴിയണം.

ലൈസൻസ് ഫീസ് സംബന്ധിച്ച വിവരം

സ്ഥാപനം	വരുമാനം (രൂപ)
വ്യവസായം	1146
ഹോട്ടൽ	130
കടകൾ	593
മറ്റുള്ളവ	1046.50
ആകെ	2913.50

വസ്തുകൈമാറ്റ നികുതി

പഞ്ചായത്തിലെ വസ്തുവകകൾ കൈമാറ്റം ചെയ്യുമ്പോൾ പിരിച്ചെടുക്കുന്ന പണത്തിന്റെ 75% പഞ്ചായത്തിന് സർക്കാർ നൽകണം. പഞ്ചായത്തിന്റെ ഒരു വരുമാനമാർഗ്ഗമാണിത്. പക്ഷെ സ്ഥലങ്ങൾക്ക് യഥാർത്ഥ വിലയെക്കാൾ വളരെ കുറഞ്ഞവിലയാണ് കൈമാറ്റം ചെയ്യുമ്പോൾ ആധാരത്തിൽ കാണിക്കുന്നത്. ഈ പ്രവണത ഈ രംഗത്തെ ഒരു വൻ ചോർച്ചക്ക് കാരണമാകുന്നു. ഇത് പരിഹരിക്കുന്നതിന് പഞ്ചായത്തിലെ സ്ഥലങ്ങൾക്ക് അവിടത്തെ സൗകര്യങ്ങൾക്കനുസരിച്ച് ഒരു നിശ്ചിതവില തറവിലയായി പ്രഖ്യാപിക്കണം. ഈ നികുതിവിഹിതം പഞ്ചായത്തുകൾക്ക് യഥാസമയം സർക്കാറിൽ നിന്ന് ലഭിക്കാറില്ല എന്നത് ഒരു ന്യൂനതയാണ്.

നികുതിയേതരവരുമാനം

മണൽഖനനം

ഒട്ടേറെ പരിസ്ഥിതിപ്രശ്നം ഉണ്ടാക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ ഒരു പ്രധാന വരുമാനമാർഗ്ഗമാണ് മണൽഖനനം. അശാസ്ത്രീയ മണൽ വാരൽ നിമിത്തം പുഴയിലെ ജലനിരപ്പ് താഴുന്നതിനും, പ്രകൃതിയുമായുള്ള സംതുലനാവസ്ഥ തെറ്റുന്നതിനും കാരണമാകുന്നു. ഇത് പുഴയുടെ തീരപ്രദേശത്തുപോലും ജലദൗർലഭ്യം അനുഭവപ്പെടുന്നതിന് കാരണമാകുന്നു.

വർഷം	തുക
1991–92	8,66,000
92–93	10,63,000
93–94	5,00,000
94–95	5,76,000
95–96	3,20,000
ആകെ 96–97	16,6666/60

അൺടൈഡ് ഫണ്ടുകൾ, ഗ്രാന്റുകൾ

പഞ്ചായത്തിന്റെ മറ്റൊരുപ്രധാന വരുമാന മാർഗ്ഗമാണ് വിവിധ പേരുകളിൽ പഞ്ചായത്തിന് ലഭിക്കുന്ന ധനസഹായങ്ങൾ. ഇത് പഞ്ചായത്തിന് ലഭിക്കുന്നതിനു വേണ്ട സംവിധാനം അത്യാവശ്യമാണ്. പുതിയ പഞ്ചായത്ത് രാജ് സംവിധാനത്തിലൂടെ ഈ പ്രശ്നത്തിന് പരിഹാരം കാണാനാകും എന്ന് നമുക്ക് പ്രത്യാശിക്കാം. പഞ്ചായത്തിന്റെ ഒരു വർഷത്തെ പ്രവർത്തനങ്ങളെ നിശ്ചയിക്കുന്നത് പ്രധാനമായും ഈ ധനസഹായങ്ങളാണ്.

9-ാംപദ്ധതി വിഹിതത്തിന്റെ 35–40% തുക പഞ്ചായത്തുകൾക്ക് നൽകുന്നതിലൂടെ പഞ്ചായത്തിന്റെ സാമ്പത്തികരംഗത്ത് ഒരു വൻമാറ്റം നമുക്ക് പ്രതീക്ഷിക്കാം.

ഇത് ഒരു കാരണവശാലും പഞ്ചായത്തിന്റെ തനത് വരുമാനം ശരിയായി ശേഖരിക്കാതിരിക്കാൻ

കാരണമാകരുത്.

ഗ്രാന്റ് വിവരങ്ങൾ

വി. ആർ.എം.		12577	രൂപ
എം.എ		3691	രൂപ
വി.ടി.സി.		89539	രൂപ
അടിസ്ഥാന നികുതി	25%	–	
അടിസ്ഥാന നികുതി	75%	–	
സ്പെഷൽ ഗ്രാന്റ്		–	
ജെ. ആർ.തെവ		482700	രൂപ
അൺടൈഡ്		362000	രൂപ

പഞ്ചായത്തിലെ വിവിധ പോസ്റ്റോഫീസ് നിക്ഷേപത്തിൽ നിന്നായി പഞ്ചായത്തിന് വർഷത്തിൽ 3,703/–ലഭിക്കുന്നു.

പഞ്ചായത്തിന് പുതുതായി ആശ്രയിക്കാവുന്ന മേഖലകൾ

കരിങ്കൽ ഖനനം

പഞ്ചായത്തിന് തൊട്ടടുത്ത പ്രദേശങ്ങൾ കരിങ്കല്ലിന് വേണ്ടി പ്രധാനമായി ആശ്രയിക്കുന്നത് പട്ടിത്തറ പഞ്ചായത്തിനേയാണ്. ഈ മേഖലയിൽ പ്രത്യക്ഷമായും പരോക്ഷമായും ആയിരക്കണക്കി നാളുകൾ പണിതെയടുക്കുന്നു. നൂറുകണക്കിന് ലോറികളാണ് ഒരു ദിവസം കരിങ്കല്ലുമായി പോകുന്നത്.

ഇത്ര വലിയ മേഖലയാതെണെങ്കിലും പഞ്ചായത്തിന് പ്രത്യക്ഷമായി ഈ മേഖലയിൽ നിന്ന് വരുമാനമുണ്ടാക്കുന്നതിന് കഴിഞ്ഞിട്ടില്ല. ഒരു റോഡ് കരിങ്കല്ലിന് ഒരു നിശ്ചിത തുക നികുതിയായി പിരിക്കാൻ പഞ്ചായത്തിന് കഴിയാവുന്ന തരത്തിലുള്ള ക്രമീകരണം ഏർപ്പെടുത്തണം. കാറിഭാഗത്തേക്കുള്ള റോഡുകളുടെ നാശത്തിന് ഈ ലോറികൾ ഒരു പരിധിവരെ കാരണമാകുന്നുണ്ട്, ഈ നികുതിയുടെ ആവശ്യകത ജനങ്ങളെ ബോധ്യപ്പെടുത്താൻ പഞ്ചായത്തിന് കഴിയണം.

മണൽ

മണൽലേലം വഴി ഒരു നല്ലതുക പഞ്ചായത്തിന് വർഷംതോറും ലഭിക്കുന്നുണ്ട്.

സംസ്ഥാനത്തിന്റെ പുറത്തേക്ക് കൊണ്ടുപോകുന്ന മണലിന് കൂടുതൽ തുക നികുതിയായി ഈടാക്കണം.

മറ്റുമേഖലകൾ

1. പഞ്ചായത്തിന്റെ മിനിസ്റ്റേഡിയത്തിൽ (കരണപ്ര) ഒരു സ്റ്റേജ് നിർമ്മിക്കുക. ഇവിടെ നടത്തുന്ന പരിപാടികൾക്ക് പഞ്ചായത്തിന് ഒരു ചെറിയ തുക ഈടാക്കാം.
2. ആലൂരിൽ ഒരു കല്യാണമണ്ഡപം പണിയുക
3. പടിഞ്ഞാറങ്ങാടിയിൽ പഞ്ചായത്തിന്റെ സ്ഥലത്ത് ഒരു ഷോപ്പിംഗ് കോംപ്ലക്സ് പണിയുക

പുതിയ പഞ്ചായത്തരാജ് സംവിധാനമനുസരിച്ച് തെകമാറിയ വകുപ്പുകൾക്കായി, പല ഡിപ്പാർട്ട്മെന്റുകളിൽ നിന്നുമായി പഞ്ചായത്തിന് പണം തെകമാറിയിട്ടുണ്ട്.

വകുപ്പ്	വിഹിതം (രൂപ)
മൃഗസംരക്ഷണം	1050
ആരോഗ്യം	186
കൃഷി	3,11,800
പി. ഡബ്ലു. ഡി	–
ഹരിജനക്ഷേമം	190
മറ്റുള്ളവ	–
ആതക	3,13,226

വരവ് സംബന്ധിച്ച വിവരം

ഇനം	ധനാഭ്യർത്ഥന രൂപ	പിരിച്ചത് രൂപ	ബാക്കി രൂപ
തെട്ടിട നികുതി	2,08,453	1,49,252.35	
തൊഴിൽ നികുതി	1,00,000	34,440	
വിനോദ നികുതി		19,254.75	
അധിവിനോദ നികുതി		11,632.25	
പ്രദർശന നികുതി		834	
പ്രദർശന നികുതി സർചാർജ്ജ്		473	
ചന്തവരവ്		80	
തെലസൻസ് വരവ്		2975	
തെട്ടിടനികുതി സർചാർജ്ജ്	10309.55	7325.65	
വസ്തുതെകമാറ്റ നികുതി		1,63,976	
സർക്കാർ ഗ്രാന്റ് ഒഴികെ മറ്റു വരുമാനം		68,38,826.45	
തെഡപ്പോസിറ്റ്		3703.95	
ആതക		96 മാർച്ചിന് ശേഷമുള്ള കണക്കുകൾ ഉൾപ്പെട്ടിട്ടില്ല	

ചെലവുകൾ

എസ്റ്റാബ്ലിഷ്മെന്റ് ചിലവ്

പഞ്ചായത്തിലെ ജീവനക്കാരുടെ ശമ്പളം മറ്റാനുകൂല്യങ്ങൾ എന്നിവയാണ് ഈ വിഭാഗത്തിൽ പെടുന്നത്. ഈ മേഖലയിൽ 3,61,748 രൂപ ചിലവ് വന്നതായി 95-96 കണക്കുകൾ കാണിക്കുന്നു.

വർഷം	ഉദ്യോഗം എണ്ണം	ചിലവ്(രൂപ)
1991-92	9	1,50,000
92-93	9	1,57,000
93-94	9	2,01,600
94-95	9	4,16,000
95-96	9	3,66,748

പൊതുമരാമത്ത്

പഞ്ചായത്തിന്റെ ഏറ്റവും വലിയ ചിലവ് മേഖലയാണിത്. ഈ മേഖലയിലെ ചിലവ് രണ്ട് വിധത്തിലാണ്.

1. പുതുതായി നിർമ്മിക്കൽ
2. പഴയതിന്റെ അറ്റകുറ്റപ്പണി

ഇതിൽ ഏറ്റവും കൂടുതൽ റോഡുകൾക്കായി തന്നെയാണ് ചിലവഴിക്കുന്നത്. പഞ്ചായത്ത് പുതുതായി ഒരു റോഡ് നിർമ്മിച്ചാൽ റോഡിന്റെ ഇരുവശവും മണ്ണിട്ട് ഉയർത്തി വീടും കെട്ടിടവും നിർമ്മിക്കുക എന്നത് ഇന്ന് കേരള സംസ്കാരത്തിന്റെ ഭാഗമാണ്. തന്മൂലം ഈ റോഡ് സ്ഥലത്തിന്റെ വില ഉയർത്തുന്നതിന് സഹായിക്കുന്നു. വസ്തുതകൈമാറ്റം ചെയ്യുമ്പോൾ പഞ്ചായത്ത് കബളിപ്പിക്കപ്പെടുന്നു.

പഴയതിന്റെ അറ്റകുറ്റപ്പണികൾക്കായുള്ള ചിലവും വർദ്ധിച്ചുകൊണ്ടിരിക്കയാണ്. ഈ ചിലവ് പഞ്ചായത്തിന് പുതിയ വികസനപ്രവർത്തനങ്ങൾ തുടങ്ങുന്നതിന് തടസ്സമാവുന്നു. പദ്ധതി പ്രവർത്തനങ്ങളുടെ കാര്യക്ഷമതകുറവും, ജനങ്ങളുടെ മനോഭാവവും അറ്റകുറ്റപ്പണികളുടെ ആക്കം കൂട്ടുന്നു.

റോഡ് 1 കിലോമീറ്റർ ടാർ ചെയ്യുന്നതിന് 4 1/2 ലക്ഷത്തോളം രൂപ ചിലവ് വരും. അത്രത്തോളം രൂപതന്നെ വേണ്ടിവരും ആ റോഡിന്റെ റീ ടാറിങ്ങിന്. ഇക്കാരണം കൊണ്ട് ടാറിങ്ങിന്റെ ജോലി യഥാസമയം നടത്താൻ കഴിയാറില്ല. ഇത് ടാർ ചെയ്യുന്ന റോഡിലൂടെ യാത്ര ചെയ്യുക എന്നത് ടാർ ചെയ്യുന്നതിന് മുൻപത്തേതിലും ദുഃസഹമാക്കുന്നു. ഇത് ഈ രംഗത്ത് ഒരു വിചിന്തനത്തിലേക്ക് വിരൽ ചൂണ്ടുന്നു.

ഓരോ റോഡിനോടും അനുബന്ധിച്ച് , അതാത് പ്രദേശത്തുള്ള വാർഡ് മെമ്പർ, രാഷ്ട്രീയ, യുവജനപ്രവർത്തകൾ, സന്നദ്ധപ്രവർത്തകൾ എന്നിവരുൾകൊള്ളുന്ന ഒരു റോഡുസംരക്ഷണസമിതി ഉണ്ടാക്കേണ്ടതാണ്. ഇവർ റോഡിന്റെ കേടുകൾ എത്രയും നേരത്തെ കണ്ടെത്തുകയും വേണ്ട പരിഹാര നടപടികൾ യഥാസമയം സ്വീകരിക്കുകയും വേണം. ഇതിനാവശ്യമായ വസ്തുക്കൾ പഞ്ചായത്ത് എത്തിച്ചുകൊടുക്കുകയും കായികവിഭവം സമിതി സംഭാവന ചെയ്യേണ്ടതുമാണ്.

ഈ രീതിയിൽ റോഡ് സംരക്ഷണസമിതി കാര്യക്ഷമമായി പ്രവർത്തിക്കുകയാണെങ്കിൽ അറ്റകുറ്റപ്പണികൾക്കായുള്ള പഞ്ചായത്തിന്റെ ചിലവിൽ സാരമായ ഒരു കുറവുണ്ടാക്കാവുന്നതാണ്.

മറ്റു വികസനച്ചിലവുകൾ

വിദ്യഭ്യാസം, ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം,തെരുവ് വിളക്ക് കത്തിക്കൽ തൈലബ്രറി ഗ്രാന്റ് എന്നിവ ഈ വിഭാഗത്തിൽപ്പെടുന്നു.

വിദ്യഭ്യാസം

സ്കൂളുകൾക്ക് കെട്ടിടം പണികൾക്കും മറ്റുമായി നൽകുന്ന ഗ്രാന്റുകൾ ഈ വിഭാഗത്തിൽപ്പെടുന്നു. പഞ്ചായത്തിലെ ഓരോ സ്കൂളുകളിലും ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന വിദ്യാർത്ഥികൾക്ക് പഞ്ചായത്ത് കാഷ് അവാർഡ് നൽകുന്നു.

ജലവിതരണം

പഞ്ചായത്തിന്റെ 55% വരെ ഭാഗങ്ങളിൽ കുടിവെള്ളമെത്തിക്കാൻ നമുക്ക് കഴിഞ്ഞിഞ്ഞുണ്ട്. വാട്ടർ ടാപ്പ് ഒന്നിന് 1000 രൂപ നിരക്കിൽ വർഷംതോറും ഒരു നല്ല തുക പഞ്ചായത്ത് 'ജല അതോറിറ്റിക്ക് നൽകണം. വാട്ടർ ടാപ്പിന്റെ കേടുപാടാണ് മറ്റൊരു പ്രധാനകാരണമാണ്. ഓരോ ടാപ്പും ഉപയോഗിക്കുന്നവരുടെ അയൽകൂട്ടം ചേർന്ന് ഈ പ്രശ്നത്തിന് പരിഹാരം കാണേണ്ടതാണ്. പൊതുകിണർ കുഴൽക്കിണർ എന്നിവ കുഴിക്കുന്നതിന് അറ്റകുറ്റപ്പണി ചെയ്യുന്നതിനും പണം ചിലവ് വരുന്നു.

മലിനജലം കെട്ടിനിൽക്കുന്നത് ഒഴിവാക്കുക, ജലനിർഗ്ഗമനത്തിന് ഓടകൾ നിർമ്മിക്കുക, കെട്ടിനിൽക്കുന്ന ജലത്തിലും മറ്റും അണു നശീകരണപ്രവർത്തനം നടത്തുക അലഞ്ഞുതിരിയുന്ന നായ്ക്കളെ പിടിച്ച് നശിപ്പിക്കുക എന്നിവ പഞ്ചായത്തിന്റെ കർത്തവ്യമാണ്.

പഞ്ചായത്തിലെ 8 തൈലബ്രറികൾക്ക് പ്രസിദ്ധീകരണങ്ങൾക്കും ശമ്പളത്തിനുമായി പഞ്ചായത്ത് വർഷം 41833 രൂപ ചിലവഴിക്കുന്നു. പഞ്ചായത്ത് പീഡിത വിഭാഗങ്ങൾക്ക് ധനസഹായം നൽകുന്നു.

പഞ്ചായത്തിൽ തെരുവ് വിളക്കുകൾ കത്തിക്കുന്നതിന് വർഷംതോറും ഒരു തൈവദ്യുതി ബോർഡിന് നൽകണം.

ചെലവ് സംബന്ധിച്ച വിവരങ്ങൾ

ഇനം	ചിലവ്(രൂപ)
ഭരണം	3,61,748
പൊതുമരാമത്ത്	8,12,016
വിദ്യാഭ്യാസം	70,675/25
ജലവിതരണം ഓടകൾ-പൊതുജനാരോഗ്യം	14,681
തെരുവ് വിളക്കുകൾ കത്തിക്കുന്നത്	58,488
മറ്റുള്ളവ	3,577
ആകെ	

ഐ. ആർ. ഡബ്ല്യു.പണികൾ സംബന്ധിച്ച വിവരങ്ങൾ

പണിയുടെ പേര്	ജനറൽ		പട്ടികജാതി പട്ടികവർഗ്ഗം	
	എസ്റ്റിമേറ്റ	നൽകിയത്	എസ്റ്റിമേറ്റ്	നൽകിയത്
1993 -94ഗോഖലെ ഒതളൂർ റോഡ് (ടാറിംഗ്)	4,00,000	3,98,212		
മല-വട്ടത്താണി റോഡ് (റീ ടാറിംഗ്)	2,50,0,000	2,04,02		
1994-95 ഇല്ല	–	–		
1995-96 മല-വട്ടത്താണി റോഡ് (റീ ടാറിംഗ്)	1,75,000	1,75,000		
കരിമ്പ-പന്നിത്തടം റോഡ്	2,48,401	2,48,401		
മേൽക്കൂര ഓട് മേയൽ	–	–		
1993-94			1,65,000	1,65,000
94-95			45,000	45,000
95-96			60,000	60,000
ഭവനനിർമ്മാണം				
1993-94	ഇല്ല			
94-95			15,800	15,800
കക്കൂസ് നിർമ്മാണം				
1993-94			19,500	19,500
94-95			37,500	37,500
95-96			44,000	44,000

പ്രശ്നങ്ങൾ

1. കാർഷിക വ്യവസായ രംഗത്തെ മുരടിപ്പ്
2. നികുതി അടക്കാതിരിക്കുന്ന പ്രവണത
3. നികുതി പിരിച്ചെടുക്കാൻ കഴിയാത്ത അവസ്ഥ
4. നികുതിഘടനയുടെ അശാസ്ത്രീയത
5. സർക്കാർ നികുതിവിഹിതവും ഗ്രാന്റും യഥാസമയത്ത് ലഭിക്കുന്നില്ല
6. എസ്റ്റാബ്ലിഷ്മെന്റ് ചിലവ്
7. വർദ്ധിച്ചുവരുന്ന അറ്റകുറ്റപണികൾ
8. ഭൂമിയുടെ തരംമാറ്റവിലകുറച്ച് കാണിക്കുന്നത്

സാധ്യതകൾ

1. നികുതിപ്രാധാന്യത്തെകുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുക (പഞ്ചായത്ത് ഭരണസമിതി ജീവനക്കാർ എന്നിവരുടെ നേതൃത്വത്തിൽ നികുതിയെപ്പറ്റി ജനങ്ങൾക്ക് ബോധവൽക്കരണക്ലാസ് എടുക്കുക)
2. നികുതിപ്പണം ചിലവഴിക്കുന്ന രീതി ജനങ്ങളെ അറിയിക്കുക. (പദ്ധതി പ്രവർത്തനത്തിന് മുമ്പും ശേഷവും പദ്ധതിയുടെ ചിലവ്(കൂലി-സാധനങ്ങൾ-അളവ്)എന്നിവ പഞ്ചായത്തോഫീസിൽ പ്രദർശിപ്പിക്കുകയും ഗ്രാമസഭയിൽ അറിയിക്കുകയും ചെയ്യുക

3. ഓരോ പ്രദേശത്തേയും നികുതി പിരിച്ചെടുക്കുന്ന സ്ഥലം, സമയം എന്നിവ മുൻകൂട്ടി അറിയിക്കുക (തമെക്ക്,നോട്ടീസ്)

4. നികുതിഘടനയുടെ അശാസ്ത്രീയത പരിഹരിക്കുക

5.സർക്കാർവിഹിതം യഥാസമയത്ത് കൃത്യമായി നൽകുക

ജനങ്ങളുടെ വിഭവസമാഹരണവും വിനിയോഗവും

ഒരു കാർഷികഗ്രാമമാണ് പട്ടിത്തറ പഞ്ചായത്ത്. പക്ഷെ ജനങ്ങൾക്ക് മുഖ്യവരുമാനമാർഗ്ഗമായി കൃഷിയെ ആശ്രയിക്കാൻ കഴിയാത്ത അവസ്ഥയാണ് ഇന്നുള്ള ഗൾഫ് പണത്തിന്റെ സ്വാധീനം പരോക്ഷമായെങ്കിലും അനുഭവപ്പെടാത്ത കുടുംബം പഞ്ചായത്തിലില്ല, കൃഷിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കർഷകരും കർഷക തൊഴിലാളികളുമാണ് പഞ്ചായത്തിൽ ഭൂരിഭാഗവും. ചുരുക്കം ആളുകളെ സർക്കാർ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നുള്ളൂ. പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന കരിങ്കൽ ക്വാറികളാണ് ഒരു പ്രധാന തൊഴിൽമേഖല. രണ്ട് ഇടത്തരം ഇടങ്ങളിലായി മണൽവാരലുമായി ബന്ധപ്പെട്ട് തൊഴിൽമേഖല കയറ്റിറക്ക് നിർമ്മാണം തുടങ്ങിയില്ല. മേഖലകളിൽ പണിയെടുക്കുന്ന നല്ലൊരു വിഭാഗമാളുകളുമുണ്ട്. ഇതൊക്കെയാണെങ്കിലും പ്രധാന വരുമാനമാർഗ്ഗം ഗൾഫ്പണം തന്നെയാണ്.

പണമിടപാട് സ്ഥാപനങ്ങൾ

പഞ്ചായത്തിലെ എല്ലാവിഭാഗം ആളുകളും ഒരുപോലെ തങ്ങളുടെ ആവശ്യങ്ങൾക്കായി സമീപിക്കുന്ന സ്ഥാപനമാണ് പട്ടിത്തറ സർവ്വീസ് സഹകരണ ബാങ്കും കുമരനല്ലൂർ സർവ്വീസ് ബാങ്കും. പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന ദേശസാൽകൃത ബാങ്കിൽ നിന്ന് ഗുണം ലഭിക്കുന്ന സാധാരണക്കാർ വിരളമാണ്. "ബ്ലേഡ്" എന്ന പേരിൽ തന്നെ സ്വഭാവം അറിയിക്കുന്ന അനൗപചാരിക സ്ഥാപനങ്ങളും പഞ്ചായത്തിൽ നിരവധിയാണ്. പാവപ്പെട്ടവനെ വളരെയേറെ ചൂഷണം ചെയ്യുന്ന ഈ സ്ഥാപനങ്ങളുടെ ശക്തമായ നിയന്ത്രണമേർപ്പെടുത്തേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. സഹകരണ ബാങ്കുകളുടെയും, വാണിജ്യബാങ്കിലും പ്രവർത്തനമേഖല വിപുലീകരിക്കുകയും മാത്രമാണ് ഇതിന് പരിഹാരമാർഗ്ഗം.

ഒൻപതാംപദ്ധതി ജനകീയപദ്ധതി



പട്ടിത്തറ ഗ്രാമപഞ്ചായത്ത്

ഒൻപതാംപദ്ധതി ജനകീയപദ്ധതി



പട്ടിത്തറ ഗ്രാമപഞ്ചായത്ത്